سورة المجادلة

58. സൂറതുൽ മുജാദലഃ

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 22 - വിഭാഗം (റുകൂഉ്) 3

ഇസ്‌ലാമിന്മുമ്പ് 'ജാഹിലിയ്യാ' അറബികൾക്കിടയിൽ ഭാര്യമാരെ വിവാഹമോചനം ചെയ്യുന്നതിന് ഉപയോഗിച്ചിരുന്ന ഒരു സമ്പ്രദായമായിരുന്നു 'ളിഹാർ'. انت على كظهر أمي (നീ എന്റെ മേൽ എന്റെ മാതാവിന്റെ മുതുക്പോലെയാകുന്നു) എന്ന് അവർ പറയും. മാതാവുമായി ഭാര്യാഭർതൃബന്ധം പാടില്ലാത്തത്പോലെ നാം തമ്മിലും പാടില്ല എന്ന് സാരം. ഒരാൾ തന്റെ ഭാര്യയോട് ഇങ്ങനെ പറഞ്ഞുകഴിഞ്ഞാൽ പിന്നീട് അവൾ അവന് നിഷിദ്ധമാണെന്നാണ് അവരുടെ വെപ്പ്. ഇസ്‌ലാമിൽ ഇങ്ങനെ ഒരു സംഭവം ഉണ്ടായ സന്ദർഭത്തിലായിരുന്നു ഈ സൂറത്തിലെ ആദ്യത്തെ ചില വചനങ്ങൾ അവതരിച്ചത്. ഈ സംഭവത്തെക്കുറിച്ച് ഹദീഥ് ഗ്രന്ഥങ്ങളിൽ പല രിവായത്തുകൾ കാണാവുന്നതാണ്. അവയിൽ പ്രസക്തമായ ഭാഗം ഇപ്രകാരമാകുന്നു:-

ഔസുബ്നു സ്വാമിത്ത് (اوس بن صامت) ഒരു വൃദ്ധനായിരുന്നു. വാർദ്ധക്യം വന്നപ്പോൾ അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ചില മാറ്റങ്ങൾ വന്നു. ഒരിക്കൽ വീട്ടിൽ വന്നപ്പോൾ ഭാര്യയുടെ സംസാരം തനിക്കുപിടിച്ചില്ല. അദ്ദേഹം ഭാര്യയെ 'ളിഹാർ' ചെയ്തു. ഭാര്യയുടെ പേർ ഖൗലഃ (خولة بنت ثعلب–رض) എന്നാണ്. താമസിയാതെത്തന്നെ ഈ അവിവേകത്തിൽ അദ്ദേഹത്തിന് ഖേദമായി. പറഞ്ഞുപോയ വാക്ക് മടക്കിയെടുത്തു എന്ന നിലക്ക് അദ്ദേഹം ഭാര്യയെ സമീപിച്ചു. ഭാര്യ കൂട്ടാക്കിയില്ല. ളിഹാർ നടന്നുകഴിഞ്ഞ സ്ഥിതിക്ക് അതിൽ അല്ലാഹുവിന്റെയും റസൂലിന്റെയും വിധി എന്താണെന്നറിയണം എന്നായി. അവർ നബി ﷺ യുടെ അടുക്കൽചെന്ന് ഇങ്ങനെ പറഞ്ഞു: 'റസൂലേ, ഔസ് എന്നെ വിവാഹം ചെയ്യുമ്പോൾ (ഞാനൊരു യുവതിയായിരുന്നു.) ഇപ്പോൾ എനിക്ക് വയസ്സായി. മക്കളും അധികമുണ്ട്. എന്നിട്ട് ഇപ്പോഴിതാ അദ്ദേഹം എന്നെ ളിഹാർ ചെയ്തിരിക്കുന്നു! അതുകൊണ്ട് എന്നെ സംബന്ധിച്ചു വല്ല ഒഴികഴിവും ഉണ്ടെങ്കിൽ, അത് എനിക്കും അദ്ദേഹത്തിനും ആശ്വാസകരമായിരുന്നു'.....

തിരുമേനി മറുപടി പറഞ്ഞു: 'നിങ്ങളുടെ കാര്യത്തിൽ (ഒരു തീരുമാനം

നിശ്ചയിക്കുമാറ്) ഇതുവരെ ഒരു കല്പനയും വന്ന് കിട്ടിയിട്ടില്ല. നിങ്ങൾ അദ്ദേഹത്തിന് ഹറാമാ(നിഷിദ്ധമാ)ണെന്നല്ലാതെ ഞാൻ കാണുന്നില്ല'. അദ്ദേഹം എന്നെ വിവാഹമോചനം (തലാക്വ്) ചെയ്തിട്ടില്ലല്ലോ എന്നും മറ്റും പറഞ്ഞ് അവർ നബി ﷺയോട് തർക്കിച്ചു. പിന്നീട് ഇങ്ങനെ പരാതി പറയുവാൻ തുടങ്ങി: 'അല്ലാഹുവേ, ഞാൻ ഒറ്റപ്പെടുന്നതിലുള്ള കഷ്ടപ്പാടും, ഞാൻ പിരിഞ്ഞുപോകുന്നതിലുള്ള വിഷമതയും നിന്നോട് സങ്കടപ്പെടുന്നു. എനിക്ക് കുറെ ചെറുകുട്ടികളുണ്ട്. അവരെ അദ്ദേഹത്തിന്റെ ഒന്നിച്ച് ചേർത്താൽ അവർ പാഴായിത്തീരും. എന്റെ കൂടെ ചേർത്താൽ വിശക്കേണ്ടിവരികയും ചെയ്യും! (ആകാശത്തേക്ക് നോക്കിക്കൊണ്ട്) അല്ലാഹുവേ, ഞാൻ നിന്നോട് സങ്കടം ബോധിപ്പിക്കുന്നു. അല്ലാഹുവേ, നിന്റെ പ്രവാചകന് എന്നെപ്പറ്റി (വഹ്‌യ്) അവതരിപ്പിച്ചു കൊടുക്കേണമേ!' അധികം താമസിച്ചില്ല. തിരുമേനിക്ക് ക്വുർആൻ വാക്യങ്ങൾ അവതരിച്ചു. 'ഖൗലാ, സന്തോഷിച്ചുകൊള്ളുക!'എന്ന് പറഞ്ഞുകൊണ്ട് തിരുമേനി ഇ ൗ സൂറത്തിലെ ആദ്യവചനങ്ങൾ ഓതിക്കേൾപ്പിച്ചു. ഈ വനിതാസ്വഹാബിയാണ് ആദ്യത്തെ വചനത്തിൽ കാണുന്ന തർക്കിക്കുന്ന സ്ത്രീ.

ജുസ്ഉ് - 28

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

قَدۡ سَمِعَ ٱللَّهُ قَوۡلَ ٱلَّتِي تُجَٰدِلُكَ فِي زَوۡجِهَا وَتَشۡتَكِيٓ إِلَى ٱللَّهِ وَٱللَّهُ يَسۡمَعُ تَحَاوُرَكُمَآۚ إِنَّ ٱللَّهَ سَمِيعُۢ بَصِيرٌ ۝١

﴾1﴿ (നബിയേ,) തന്റെ ഭർത്താവിന്റെ കാര്യത്തിൽ നിന്നോട് തർക്കിക്കുകയും, അല്ലാഹുവിങ്കലേക്ക് സങ്കടം ബോധിപ്പിക്കുകയും ചെയ്യുന്നവളുടെ വാക്ക് അല്ലാഹു കേട്ടിട്ടുണ്ട് [സ്വീകരിച്ചിരിക്കുന്നു]. നിങ്ങൾ രണ്ടുപേർ സംഭാഷണം നടത്തുന്നത് അല്ലാഹു കേൾക്കുന്നുമുണ്ടായിരുന്നു. നിശ്ചയമായും, അല്ലാഹു കേൾക്കുന്നവനാണ്, കാണുന്നവനാണ്.

﴾1﴿ قَدۡ سَمِعَ കേട്ടിട്ടുണ്ട്, തീർച്ചയായും കേട്ടു ٱللَّهُ അല്ലാഹു قَوۡلَ വാക്ക് ٱلَّتِي تُجَٰدِلُكَ നിന്നോട് തർക്കിക്കുന്നവളുടെ فِي زَوۡجِهَا അവളുടെ ഇണയുടെ (ഭർത്താവിന്റെ) കാര്യത്തിൽ وَتَشۡتَكِيٓ പരാതി (സങ്കടം) ബോധിപ്പിക്കയും ചെയ്യുന്നു إِلَى ٱللَّهِ അല്ലാ

ഹുവിങ്കലേക്ക് وَٱللَّهُ يَسۡمَعُ അല്ലാഹു കേൾക്കും, കേട്ടിരുന്നു تَحَاوُرَكُمَآۚ നിങ്ങൾ രണ്ടു പേരുടെയും സംഭാഷണം إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു سَمِيعٌ കേൾക്കുന്നവനാണ് بَصِيرٌ കാണുന്നവനാണ്.

'തർക്കിക്കുന്നവൾ'എന്ന് പറഞ്ഞത് 'ഖൗലഃ(റ)'യെക്കുറിച്ചാണെന്നും, തർക്ക വിഷയം ളിഹാറാണെന്നും പ്രാരംഭത്തിലെ പ്രസ്താവനയിൽ നിന്ന് വ്യക്തമാണല്ലോ. ആഇശഃ (റ) ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: എല്ലാ ശബ്ദങ്ങളും കേൾക്കുമാറ് വിശാല കേൾവിയുള്ളവനായ അല്ലാഹുവിന് സ്തുതി; ആ തർക്കം നടത്തിയ സ്ത്രീ റസൂൽ തിരുമേനി ﷺയുടെ അടുക്കൽ വന്ന് സംസാരിക്കുമ്പോൾ, ഞാൻ വീട്ടിന്റെ ഒരു ഭാഗത്തുണ്ടായിരുന്നു. അവൾ പറയുന്നതെന്താണെന്ന് ഞാൻ (വ്യക്തമായി) കേൾക്കുമായിരുന്നില്ല. അങ്ങനെ അല്ലാഹു قَدْ سَمِعَ اللَّهُ قَوْلَ الَّتِي تُجَادِلُكَ الخ എന്ന (ഈ) വചനം ഇറക്കി.(رواه البخاري تعليقا) ഒരവസരത്തിൽ ഒരു കിഴവി ഉമർ (റ)നെ വിളിച്ച് വളരെനേരം സംസാരിച്ചു. ഇത് കണ്ട ചിലർ അതിനെപ്പറ്റി ചോദിച്ചപ്പോൾ ഉമർ (റ) ഇങ്ങനെ പറയുകയുണ്ടായി: ച്ഛെ! ഈ സ്ത്രീ ആരാണെന്നറിയാമോ? ഏഴാകാശങ്ങൾക്കുമീതെ നിന്ന് അല്ലാഹു പരാതികേട്ട് ഉത്തരം നൽകിയ ആ സ്ത്രീ ഇതാണ്. അതെ, ഥഅ്ലബത്തിന്റെ മകൾ ഖൗലത്ത്. (البيهقي والبخاري في التاريخ) അടുത്ത വചനങ്ങളിൽ 'ളിഹാറി'ന്റെ വിധി പ്രസ്താവിക്കുന്നു:-

ٱلَّذِينَ يُظَـٰهِرُونَ مِنكُم مِّن نِّسَآئِهِم مَّا هُنَّ أُمَّهَـٰتِهِمۡۖ إِنۡ أُمَّهَـٰتُهُمۡ إِلَّا ٱلَّـٰٓـِٔي وَلَدۡنَهُمۡۚ

﴾2﴿ നിങ്ങളിൽനിന്ന് തങ്ങളുടെ സ്ത്രീകളോട് [ഭാര്യമാരോട്] ളിഹാർ ചെയ്യുന്നവർ..........! [അവർ അബദ്ധമാണ് പ്രവർത്തിക്കുന്നത്.] അവർ അവരുടെ മാതാക്കളല്ല; അവരുടെ മാതാക്കൾ അവരെ പ്രസവിച്ച സ്ത്രീകളല്ലാതെ (മറ്റാരും) അല്ല.

وَإِنَّهُمۡ لَيَقُولُونَ مُنكَرًا مِّنَ ٱلۡقَوۡلِ وَزُورًاۚ وَإِنَّ ٱللَّهَ لَعَفُوٌّ غَفُورٌ ﴿٢﴾

നിശ്ചയമായും, ആക്ഷേപകരമായ (അഥവാ ദുരാചാരമായ) ഒരു വാക്കും കള്ളവുംതന്നെയാണ് അവർ പറയുന്നത്. അല്ലാഹു വളരെ മാപ്പുനൽകുന്നവനും പൊറുക്കുന്നവനും തന്നെ.

وَٱلَّذِينَ يُظَـٰهِرُونَ مِن نِّسَآئِهِمْ
ثُمَّ يَعُودُونَ لِمَا قَالُوا۟ فَتَحْرِيرُ
رَقَبَةٍ مِّن قَبْلِ أَن يَتَمَآسَّا ۚ
ذَٰلِكُمْ تُوعَظُونَ بِهِۦ ۚ وَٱللَّهُ
بِمَا تَعْمَلُونَ خَبِيرٌ ﴿٣﴾

﴾3﴿ തങ്ങളുടെ സ്ത്രീകളെ [ഭാര്യമാരെ] 'ളിഹാർ' ചെയ്യുകയും, പിന്നീട് തങ്ങൾ പറഞ്ഞതിൽ മടങ്ങുകയും ചെയ്യുന്നവർ, അവർ രണ്ടുപേരും അന്യോന്യം സ്പർശിക്കുന്നതിന്മുമ്പായി ഒരു അടിമയെ സ്വതന്ത്രമാക്കുകയാണ് (വേണ്ടത്). ഇപ്പറഞ്ഞത് മുഖേന നിങ്ങൾക്ക് സദുപദേശം നൽകപ്പെടുകയാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

فَمَن لَّمْ يَجِدْ فَصِيَامُ شَهْرَيْنِ
مُتَتَابِعَيْنِ مِن قَبْلِ أَن يَتَمَآسَّا ۖ

﴾4﴿ എനി, ആർക്കെങ്കിലും (അത്) എത്തപ്പെടാത്ത [സാധ്യമാവാത്ത] പക്ഷം, അവർ അന്യോന്യം സ്പർശിക്കുന്നതിന് മുമ്പായി തുടർച്ചയായ രണ്ട് മാസത്തെ നോമ്പ് (പിടിക്കുക).

فَمَن لَّمْ يَسْتَطِعْ فَإِطْعَامُ سِتِّينَ
مِسْكِينًا ۚ ذَٰلِكَ لِتُؤْمِنُوا۟ بِٱللَّهِ
وَرَسُولِهِۦ ۚ وَتِلْكَ حُدُودُ ٱللَّهِ ۗ
وَلِلْكَـٰفِرِينَ عَذَابٌ أَلِيمٌ ﴿٤﴾

എനി, ആർക്കെങ്കിലും (അതിനും) സാധിക്കാതെ വരുന്നപക്ഷം, അറുപത് സാധുക്കൾക്ക് ഭക്ഷണം നൽകുക. അത്, അല്ലാഹുവിലും, അവന്റെ റസൂലിലും നിങ്ങൾ വിശ്വസിക്കുവാൻ വേണ്ടിയത്രെ. അവ (യൊക്കെ) അല്ലാഹുവിന്റെ (നിയമപരമായ) അതിർത്തികളാകുന്നു. അവിശ്വാസികൾക്ക് വേദനയേറിയ ശിക്ഷയുമുണ്ട്.

﴾2﴿ ٱلَّذِينَ يُظَـٰهِرُونَ ളിഹാർ ചെയ്യുന്നവർ مِنكُم നിങ്ങളിൽനിന്ന് مِّن نِّسَآئِهِم അവരുടെ സ്ത്രീ (ഭാര്യ)കളോട്, സ്ത്രീകളെ مَّا هُنَّ അവരല്ല أُمَّهَـٰتِهِمْ ۖ അവരുടെ ഉമ്മമാർ, മാതാക്കൾ إِنْ أُمَّهَـٰتُهُمْ അവരുടെ ഉമ്മമാരല്ല إِلَّا ٱلَّـٰٓـِٔى യാതൊരു സ്ത്രീക

ഉല്ലാതെ وَلَدْنَهُمْ അവരെ പ്രസവിച്ച وَإِنَّهُمْ لَيَقُولُونَ നിശ്ചയമായും അവർ പറയുക യാണ് مُنكَرًا ആക്ഷേപകരമായത്, ദുരാചാരം, നിഷിദ്ധം, വെറുക്കപ്പെട്ടത് مِّنَ ٱلْقَوْلِ വാക്കിൽനിന്ന് وَزُورًا കള്ള(കൃത്രിമ-വ്യാജ)വും وَإِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു لَعَفُوٌّ മാപ്പ് ചെയ്യുന്നവൻ തന്നെ غَفُورٌ വളരെ പൊറുക്കുന്നവനും ﴿3﴾ وَٱلَّذِينَ يُظَـٰهِرُونَ ളിഹാർ ചെയ്യുന്നവർ مِن نِّسَآئِهِمْ തങ്ങളുടെ സ്ത്രീകളോട് ثُمَّ يَعُودُونَ പിന്നെ മട ങ്ങുന്ന, മടക്കിയെടുക്കുന്ന لِمَا قَالُوا۟ തങ്ങൾ പറഞ്ഞതിൽ, പറഞ്ഞതിനെ فَتَحْرِيرُ എന്നാൽ സ്വതന്ത്രമാക്കുക رَقَبَةٍ ഒരു പിരടിയെ (അടിമയെ) مِّن قَبْلِ മുമ്പായി أَن يَتَمَآسَّا രണ്ടുപേരും അന്യോന്യം സ്പർശിക്കുന്നതിന്റെ ذَٰلِكُمْ അത് (ഇപ്പറഞ്ഞ ത്) تُوعَظُونَ بِهِۦ അത് മുഖേന നിങ്ങൾക്ക് സദുപദേശം ചെയ്യപ്പെടുന്നു وَٱللَّهُ അല്ലാഹു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി خَبِيرٌ സൂക്ഷ്മമായി അറി യുന്നവനാണ്. ﴿4﴾ فَمَن لَّمْ يَجِدْ എനി (എന്നാൽ) ആർക്ക് എത്തപ്പെട്ടില്ല, കിട്ടിയി ട്ടില്ലയോ فَصِيَامُ എന്നാൽ നോമ്പുകൾ (പിടിക്കുക) شَهْرَيْنِ രണ്ടു മാസത്തെ مُتَتَابِعَيْنِ തുടർച്ചയായ രണ്ട് مِن قَبْلِ أَن يَتَمَآسَّا രണ്ടുപേരും അന്യോന്യം സ്പർശിക്കും മുമ്പ് فَمَن لَّمْ يَسْتَطِعْ എനി ആർക്ക് സാധിച്ചില്ലയോ فَإِطْعَامُ എന്നാൽ ഭക്ഷണം കൊടുക്ക ലാണ് سِتِّينَ അറുപത് مِسْكِينًا സാധുവിന് ذَٰلِكَ അത് لِتُؤْمِنُوا۟ നിങ്ങൾ വിശ്വസിക്കു വാൻ വേണ്ടിയാണ് بِٱللَّهِ അല്ലാഹുവിൽ وَرَسُولِهِۦ അവന്റെ റസൂലിലും وَتِلْكَ അവ, അവയാകട്ടെ حُدُودُ ٱللَّهِ അല്ലാഹുവിന്റെ അതിര് (നിയമാതിർത്തി)കളാണ് وَلِلْكَـٰفِرِينَ അവിശ്വാസികൾക്കുണ്ട് عَذَابٌ أَلِيمٌ വേദനയേറിയ ശിക്ഷ

ആയത്തുകളുടെ സാരം: ളിഹാർ- നീ എന്റെ മാതാവിനെപ്പോലെയാണ് -എന്ന് പറയുമ്പോഴൊക്കെ ഭാര്യമാർ മാതാക്കളാകുന്നില്ല. ആ വാക്ക് കേവലം പൊള്ളയും ദുരാചാരവുമായ ഒരു തെറ്റ് വാക്കാകുന്നു. മുൻകാലത്ത് അങ്ങനെ ചെയ്തുപോയതിനെക്കുറിച്ച് അല്ലാഹു പൊറുത്തേക്കും. ളിഹാർ ചെയ്തശേഷം അതിൽനിന്ന് വല്ലവരും മടങ്ങാൻ ഉദ്ദേശിക്കുന്നപക്ഷം, ഭാര്യയുമായി സ്പർശനം ഉണ്ടാകുന്നതിന്മുമ്പുതന്നെ പ്രായശ്ചിത്തം (الْكَفَّارَة) ചെയ്യേണ്ടതുണ്ട്. അതിന്ശേഷമേ അവളുമായി സ്പർശനം പാടുള്ളൂ. പ്രായശ്ചിത്തം ഇതാണ്: ഒരു അടിമയെ മോചിപ്പിക്കുക. അത് കിട്ടാത്തവർ രണ്ടുമാസം തുടർച്ചയായി നോമ്പ് പിടിക്കുക, അതിനും കഴിയാത്തപക്ഷം അറുപത് സാധുക്കൾക്ക് ഭക്ഷണം നൽകുക.

ഈ വചനങ്ങളുടെ വിശദ വ്യാഖ്യാനങ്ങളും, ളിഹാറിനെ സംബന്ധിച്ച

വിശദവിവരങ്ങളും പല കുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളിലും, ഫിക്വ്ഹ് ഗ്രന്ഥങ്ങളിലും കാണാം. മുൻകാലത്ത് അറബികളിൽ നടപ്പുണ്ടായിരുന്ന ആ സമ്പ്രദായം ഇന്ന് നിലവിലില്ലാത്തതുകൊണ്ട് ഇവിടെ കൂടുതൽ വിവരിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല. ഏതായാലും, ളിഹാർ ചെയ്യൽ തെറ്റായ കാര്യമാണെന്നും, അത് ചെയ്താൽ പിന്നീട് ഭാര്യയിലേക്ക് മടങ്ങുവാൻ ഉദ്ദേശിക്കുന്നപക്ഷം, മേൽപറഞ്ഞ പ്രായശ്ചിത്തം ചെയ്യൽ കർശനമായ നിർബന്ധമാണെന്നുമാണ് ഇസ്‌ലാമിന്റെ വിധി. അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നവർ ഈ നിയമത്തെ ലംഘിക്കുവാൻ പാടില്ലെന്നും, അത് വമ്പിച്ച തെറ്റാണെന്നും ഈ വചനത്തിൽ നിന്ന് മനസ്സിലാക്കാം.

إِنَّ ٱلَّذِينَ يُحَآدُّونَ ٱللَّهَ وَرَسُولَهُۥ كُبِتُوا۟ كَمَا كُبِتَ ٱلَّذِينَ مِن قَبْلِهِمْ ۚ وَقَدْ أَنزَلْنَآ ءَايَٰتٍۭ بَيِّنَٰتٍ ۚ وَلِلْكَٰفِرِينَ عَذَابٌ مُّهِينٌ ﴿٥﴾

﴿5﴾ നിശ്ചയമായും, അല്ലാഹുവിനോടും അവന്റെ റസൂലിനോടും കിടമൽസരം നടത്തുന്നവർ, അവരുടെ മുമ്പുള്ളവർ വഷളാക്കപ്പെട്ടതുപോലെ വഷളാക്കപ്പെടുന്നതാണ്. സുവ്യക്തമായ പല ലക്ഷ്യങ്ങളും നാം അവതരിപ്പിച്ചിട്ടുണ്ടുതാനും. അവിശ്വാസികൾക്ക് നിന്ദ്യമായ ശിക്ഷയുമുണ്ട്.

يَوْمَ يَبْعَثُهُمُ ٱللَّهُ جَمِيعًا فَيُنَبِّئُهُم بِمَا عَمِلُوٓا۟ ۚ أَحْصَىٰهُ ٱللَّهُ وَنَسُوهُ ۚ وَٱللَّهُ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٦﴾

﴿6﴾ അവരെ മുഴുവനും അല്ലാഹു എഴുന്നേല്പിക്കുന്ന ദിവസം, അപ്പോൾ തങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി അവർക്ക് അവൻ വിവരമറിയിച്ചുകൊടുക്കുന്നതാണ്. അല്ലാഹു അത് കണക്കാക്കി [ക്ലിപ്തപ്പെടുത്തി] വെച്ചിരിക്കുന്നു; അവരത് മറന്നുകളയുകയും ചെയ്തിരിക്കുന്നു. അല്ലാഹു എല്ലാ കാര്യത്തിന്റെ മേലും (ദൃക്ക്)സാക്ഷിയാകുന്നു.

﴿5﴾ إِنَّ ٱلَّذِينَ നിശ്ചയമായും യാതൊരുവർ يُحَآدُّونَ അതിർത്തിലംഘിച്ചു കടക്കുന്ന, കിടമൽസരം നടത്തുന്ന, കക്ഷിത്തം കാണിക്കുന്ന, എതിർക്കുന്ന

وَرَسُولَهُۥ ٱللَّهَ അല്ലാഹുവിനോടും അവന്റെ റസൂലിനോടും كُبِتُوا۟ അവർ വഷളാക്കപ്പെടും, നിന്ദിക്കപ്പെടും, അപമാനിക്കപ്പെടും كَمَا كُبِتَ ٱلَّذِينَ യാതൊരുകൂട്ടർ വഷളാക്കപ്പെട്ടപോലെ مِن قَبْلِهِمْ അവരുടെ മുമ്പുള്ള وَقَدْ أَنزَلْنَآ നാം അവതരിപ്പിച്ചിട്ടുമുണ്ട്. ഇറക്കുകയും ചെയ്തിരിക്കുന്നു ءَايَٰتٍۭ പല ലക്ഷ്യങ്ങളെ بَيِّنَٰتٍ സുവ്യക്തങ്ങളായ, തെളിവുകളായ وَلِلْكَٰفِرِينَ അവിശ്വാസികൾക്കുണ്ട്താനും عَذَابٌ ശിക്ഷ مُّهِينٌ നിന്ദിക്കുന്ന, നിന്ദ്യമായ ﴾6﴿ يَوْمَ يَبْعَثُهُمُ അവരെ എഴുന്നേൽപിക്കുന്ന (പുനരുജ്ജീവിപ്പിക്കുന്ന)ദിവസം ٱللَّهُ അല്ലാഹു جَمِيعًا മുഴുവനും, എല്ലാവരുമായി فَيُنَبِّئُهُم അപ്പോൾ അവൻ അവരെ വിവരമറിയിക്കും, ബോധ്യപ്പെടുത്തും بِمَا عَمِلُوٓا۟ അവർ പ്രവർത്തിച്ചതിനെപ്പറ്റി أَحْصَىٰهُ ٱللَّهُ അല്ലാഹു അതിനെ ക്ലിപ്തപ്പെടുത്തി (കണക്കാക്കിയിരിക്കുന്നു) وَنَسُوهُ അവരതിനെ മറക്കുകയും ചെയ്തിരിക്കുന്നു وَٱللَّهُ അല്ലാഹു عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിന്റെ മേലും, കാര്യത്തിനും شَهِيدٌ ദൃക്ക്സാക്ഷിയാണ്, ഹാജറുള്ളവനാണ്

അല്ലാഹുവും അവന്റെ റസൂലും നിശ്ചയിച്ചുകൊടുത്തിട്ടുള്ള നിയമാതിർത്തികളെ അതിലംഘിച്ചുകൊണ്ട് കിടമത്സരം നടത്തുന്നവരെ അല്ലാഹു കഠിനമായി താക്കീത് ചെയ്യുകയാണ്. അല്ലാഹുവിന്റെ നിയമങ്ങളെ ലംഘിച്ച് പകരം മറ്റ് നിയമങ്ങൾ ഉണ്ടാക്കുകയും, സ്വീകരിക്കുകയും ചെയ്യുന്ന നേതാക്കളും, പരിഷ്കരണവാദികളും ഈ താക്കീത് പ്രത്യേകം ശ്രദ്ധിച്ചിരിക്കട്ടെ.

വിഭാഗം- 2

أَلَمْ تَرَ أَنَّ ٱللَّهَ يَعْلَمُ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۖ

﴾7﴿ നീ കാണുന്നില്ലേ, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അല്ലാഹു അറിയുന്നുവെന്ന്?!

مَا يَكُونُ مِن نَّجْوَىٰ ثَلَٰثَةٍ إِلَّا هُوَ رَابِعُهُمْ وَلَا خَمْسَةٍ إِلَّا هُوَ سَادِسُهُمْ

ഒരു മൂന്നാളുടെ രഹസ്യഭാഷണവും അവൻ അവരിൽ നാലാമനായിക്കൊണ്ടല്ലാതെ ഉണ്ടാകുകയില്ല. അഞ്ചാളുടേതും തന്നെ, അവൻ അവരിൽ ആറാമനായിക്കൊണ്ടില്ലാതെ (ഉണ്ടാകുക)യില്ല; അതിനെ

وَلَآ أَدْنَىٰ مِن ذَٰلِكَ وَلَآ أَكْثَرَ
إِلَّا هُوَ مَعَهُمْ أَيْنَ مَا كَانُوا۟
ثُمَّ يُنَبِّئُهُم بِمَا عَمِلُوا۟ يَوْمَ
ٱلْقِيَـٰمَةِ ۚ إِنَّ ٱللَّهَ بِكُلِّ شَىْءٍ
عَلِيمٌ ﴿٧﴾

ക്കാൾ താഴെയുള്ളതാകട്ടെ, അധിക രിച്ചതാകട്ടെ, അവൻ അവരോടൊപ്പ മില്ലാതില്ല- അവർ എവിടെയായിരു ന്നാലും ശരി.

പിന്നീട് അവർ പ്രവർത്തിച്ച തിനെപ്പറ്റി ക്വിയാമത്ത്നാളിൽ അവൻ അവരെ വിവരമറിയിക്കുന്ന താണ്. നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും അറിയു ന്നവനാകുന്നു.

﴾7﴿ أَلَمْ تَرَ നീ കണ്ടില്ലേ, നിനക്ക് കണ്ടുകൂടേ أَنَّ ٱللَّهَ നിശ്ചയമായും അല്ലാഹു يَعْلَمُ അറിയും (എന്ന്) مَا فِى ٱلسَّمَـٰوَٰتِ ആകാശങ്ങളിലുള്ളത് وَمَا فِى ٱلْأَرْضِ ഭൂമിയിലുള്ളതും مَا يَكُونُ ഉണ്ടാകുകയില്ല مِن نَّجْوَىٰ ഒരു രഹസ്യ സംഭാഷണ(ഗൂഢ സംസാര)വും, സ്വകാര്യാലോചനയും ثَلَـٰثَةٍ മൂന്നാളുടെ إِلَّا هُوَ അവനായിട്ടില്ലാതെ رَابِعُهُمْ അവരിൽ നാലാമൻ وَلَا خَمْسَةٍ അഞ്ചാളുടേതുമില്ല إِلَّا هُوَ അവൻ ഇല്ലാതെ سَادِسُهُمْ അവരിൽ ആറാമൻ وَلَآ أَدْنَىٰ താണതും (കുറഞ്ഞതും)ഇല്ല مِن ذَٰلِكَ അതിനെക്കാൾ وَلَآ أَكْثَرَ അധികമായതുമില്ല إِلَّا هُوَ അവൻ ഇല്ലാതെ مَعَهُمْ അവരോടൊപ്പം أَيْنَ مَا كَانُوا۟ അവർ എവിടെയായിരുന്നാലും ثُمَّ يُنَبِّئُهُم പിന്നെ അവൻ അവരെ വിവരമറിയിക്കും, ബോധ്യപ്പെടുത്തും بِمَا عَمِلُوا۟ അവർ പ്രവർത്തിച്ചതിനെപ്പറ്റി يَوْمَ ٱلْقِيَـٰمَةِ ക്വിയാമത്തുനാളിൽ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു بِكُلِّ شَىْءٍ എല്ലാ കാര്യത്തെക്കുറിച്ചും عَلِيمٌ അറിയുന്നവനാണ്.

ഏത് രഹസ്യസംസാരവും- ആർ, എവിടെ, എങ്ങനെ നടത്തപ്പെട്ടാലും ശരി- അല്ലാഹു അതെല്ലാം കണ്ടും കേട്ടും അറിയുന്നതാണ്. ക്വിയാമത്ത് നാളിൽ അത് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യും എന്ന് സാരം. ആകാ ശത്തിലാകട്ടെ, ഭൂമിയിലാകട്ടെ ഒരു അണു അളവിലുള്ള കാര്യവും അല്ലാ ഹുവിന് അറിയാതെ പോകുന്നതല്ല. لا يعزب عنه مثقال ذرة في السماوات ولا في الأرض الخ

أَلَمْ تَرَ إِلَى ٱلَّذِينَ نُهُوا۟ عَنِ ٱلنَّجْوَىٰ ثُمَّ يَعُودُونَ لِمَا نُهُوا۟ عَنْهُ وَيَتَنَـٰجَوْنَ بِٱلْإِثْمِ وَٱلْعُدْوَٰنِ وَمَعْصِيَتِ ٱلرَّسُولِ وَإِذَا جَآءُوكَ حَيَّوْكَ بِمَا لَمْ يُحَيِّكَ بِهِ ٱللَّهُ وَيَقُولُونَ فِىٓ أَنفُسِهِمْ لَوْلَا يُعَذِّبُنَا ٱللَّهُ بِمَا نَقُولُ ۚ حَسْبُهُمْ جَهَنَّمُ يَصْلَوْنَهَا ۖ فَبِئْسَ ٱلْمَصِيرُ ﴿٨﴾

﴿8﴾ രഹസ്യസംസാരത്തെപ്പറ്റി വിലക്കം ചെയ്യപ്പെട്ടിട്ടുള്ളവരെ നീ കാണുന്നില്ലേ? പിന്നെയും, തങ്ങളോട് വിലക്കപ്പെട്ടിട്ടുള്ളതിലേക്ക് അവർ മടങ്ങുന്നു [വീണ്ടും അതാവർത്തിക്കുന്നു:] പാപവും, അതിക്രമവും, റസൂലിനോടുള്ള അനുസരണക്കേടും സംബന്ധിച്ച് അവർ പരസ്പരം രഹസ്യസംസാരം നടത്തുകയും ചെയ്യുന്നു!

അവർ നിന്റെ അടുക്കൽ വന്നാലോ, അല്ലാഹു നിന്നെ അഭിവാദ്യം ചെയ്തിട്ടില്ലാത്തതുകൊണ്ട് അവർ നിന്നെ അഭിവാദ്യം ചെയ്കയും ചെയ്യും. അവർ തങ്ങളിൽ (തമ്മതമ്മിൽ) പറയുകയും ചെയ്യും: 'നാം (ഈ) പറയുന്നതിന് അല്ലാഹു നമ്മെ ശിക്ഷിക്കാത്തതെന്ത്' എന്ന്.

അവർക്ക് ജഹന്നം [നരകം] മതി; അതിലവർ കടന്നെരിയും! അപ്പോൾ (ആ) പര്യവസാനസ്ഥലം എത്ര ചീത്ത!!

﴿8﴾ أَلَمْ تَرَ നീ കണ്ടില്ലേ, കണ്ടു മനസ്സിലാക്കുന്നില്ലേ إِلَى ٱلَّذِينَ യാതൊരുകൂട്ടരെ نُهُوا۟ അവർ വിരോധിക്കപ്പെട്ടു عَنِ ٱلنَّجْوَىٰ രഹസ്യസംസാരത്തെക്കുറിച്ച് ثُمَّ يَعُودُونَ പിന്നെ അവർ മടങ്ങുന്നു (ആവർത്തിക്കുന്നു) لِمَا نُهُوا۟ അവർ വിലക്കപ്പെട്ടതിലേക്ക് عَنْهُ അതിനെപ്പറ്റി وَيَتَنَـٰجَوْنَ അവർ പരസ്പരം രഹസ്യസംസാരം നടത്തുകയും ചെയ്യുന്നു بِٱلْإِثْمِ പാപംകൊണ്ട്, കുറ്റമായതിനെപ്പറ്റി وَٱلْعُدْوَٰنِ അതിക്രമവും وَمَعْصِيَتِ ٱلرَّسُولِ റസൂലിനോട് അനുസരണക്കേടും وَإِذَا جَآءُوكَ അവർ നിന്റെ അടുക്കൽ വന്നാൽ حَيَّوْكَ അവർ നിന്നെ അഭിവാദ്യം ചെയ്യുന്നു, കാഴ്ചവെക്കുന്നു بِمَا യാതൊന്നിനെ, (ഒരു അഭിവാദ്യംകൊണ്ട്) لَمْ يُحَيِّكَ بِهِ അതുകൊണ്ട് നിനക്ക്

അഭിവാദ്യം ചെയ്തിട്ടില്ല ٱللَّهُ അല്ലാഹു وَيَقُولُونَ അവർ പറയുകയും ചെയ്യുന്നു فِيٓ أَنفُسِهِمۡ അവർ തങ്ങളിൽ (തമ്മിൽ, സ്വയം) തങ്ങളുടെ മനസ്സിൽ لَوۡلَا يُعَذِّبُنَا നമ്മെ ശിക്ഷിക്കാത്തതെന്താണ്, ശിക്ഷിച്ചുകൂടേ ٱللَّهُ അല്ലാഹു بِمَا نَقُولُۚ നാം പറയുന്നതുകൊണ്ട് حَسۡبُهُمۡ അവർക്കുമതി جَهَنَّمُ ജഹന്നം (നരകം) يَصۡلَوۡنَهَاۖ അതിലവർ കടക്കും, എരിയും فَبِئۡسَ വളരെ ചീത്ത ٱلۡمَصِيرُ (ആ) പര്യവസാന സ്ഥലം, മടക്കം, തിരിച്ചെത്തൽ

നബി ﷺ മദീനയിൽ ചെന്നശേഷം യഹൂദികളുമായി സമാധാന സന്ധിയിൽ ഏർപ്പെട്ടിരുന്നുവല്ലോ. എന്നാൽ മുസ്‌ലിംകൾ അവരുടെ ഇടയിൽകൂടി നടക്കുമ്പോൾ അവർ തമ്മതമ്മിൽ ചില രഹസ്യ സംസാരങ്ങൾ നടത്തുക പതിവുണ്ടായിരുന്നു. തങ്ങൾ മുസ്‌ലിംകൾക്കെതിരിൽ വല്ല ഗൂഢസംസാരവും നടത്തുകയാണെന്ന് മുസ്‌ലിംകൾക്ക് തോന്നിപ്പിക്കുകയും, അവരെ പരിഹസിക്കുകയുമായിരുന്നു അവരുടെ ഉദ്ദേശ്യം. ഇത് മുസ്‌ലിംകൾക്ക് സംശയവും ശങ്കയും ജനിപ്പിക്കുമല്ലോ. അതിനാൽ, അത്തരം ഗൂഢസംസാരങ്ങൾ നടത്തരുതെന്ന് നബി ﷺ അവരോട് വിരോധിച്ചിരുന്നു. പക്ഷേ, അവർ വീണ്ടും അതാവർത്തിച്ചു വന്നു. ഇതിൽ കപടവിശ്വാസികളായ മുസ്‌ലിം വേഷധാരികളും അവരുടെ പങ്കുവഹിക്കാതിരുന്നില്ല. യഹൂദികളുടെയും കപടവിശ്വാസികളുടെയും, ഗൂഢസംസാരവിഷയം പാപവും, അതിക്രമവും, റസൂലിനോടുള്ള അനുസരണക്കേടുമായിരിക്കുമെന്ന് പറയേണ്ടതില്ല. ഇതിനെപ്പറ്റിയാണ് ഈ വചനത്തിന്റെ ആദ്യഭാഗം പ്രസ്താവിക്കുന്നത്.

യഹൂദികളുടെ മറ്റൊരു തോന്നിയവാസത്തെക്കുറിച്ചാണ് അവസാനഭാഗം ചൂണ്ടിക്കാട്ടുന്നത്. അവർ നബി ﷺ യുടെ അടുക്കൽ വരുമ്പോൾ, പ്രത്യക്ഷത്തിൽ السلام عليكم (അസ്സലാമു അലൈക്കും) എന്നുള്ള ഇസ്‌ലാമിന്റെ ഉപചാരവാക്യമാണെന്ന് തോന്നത്തക്കവിധം അക്ഷരവ്യത്യാസം ശരിക്ക് സ്പഷ്ടമാക്കാതെ أسام عليكم (അസ്സാമു അലൈക്കും) എന്ന് സലാം പറയും. ഒന്നാമത്തേതിന്റെ അർത്ഥം, 'നിങ്ങൾക്ക് സമാധാനശാന്തി ഉണ്ടാവട്ടെ' എന്നാണല്ലോ. രണ്ടാമത്തേതിനാകട്ടെ 'നിങ്ങൾക്ക് മരണം ഉണ്ടാകട്ടെ' എന്നാണർത്ഥം. ഇതാണ് അല്ലാഹു ഉപചാരം ചെയ്തിട്ടില്ലാത്ത ഉപചാരം കൊണ്ട് വിവക്ഷ. ആഇശഃ (റ) പറഞ്ഞിരിക്കുന്നു: ഒരിക്കൽ കുറെ യഹൂദികൾ വന്ന് നബിക്ക് 'അസ്സാമു അലൈക' എന്ന് സലാം പറയുന്നത് ഞാൻ കേട്ടു മനസ്സിലാക്കി. ഞാൻ ഇങ്ങനെ പറഞ്ഞു: وعليكم السام واللعنة (നിങ്ങൾക്ക് മരണവും ശാപവും ഭവിക്കട്ടെ.) തിരുമേനി എന്നോടുപറഞ്ഞു: 'ആഇശാ ക്ഷമിക്കൂ, എല്ലാം കാര്യത്തിലും മയം പ്രവർത്തിക്കുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു'. ആഇശഃ (റ) പറഞ്ഞു: 'അവർ പറഞ്ഞത് അങ്ങുന്ന് കേട്ടില്ലേ?' തിരുമേനി പറഞ്ഞു: 'ഞാൻ عليكم (അലൈകും) എന്ന് പറഞ്ഞുവല്ലോ' (ബു; മു.)'അലൈകും'എന്നാൽ 'നിങ്ങൾക്കുണ്ടാകട്ടെ' എന്നർത്ഥമാകുന്നു.

അതായത് എനിക്കല്ല- നിങ്ങൾക്കുണ്ടാവട്ടെ മരണം- എന്ന് സാരം. മുഹമ്മദ് പ്രവാചകനാണെങ്കിൽ ഇങ്ങനെ സലാം പറയുന്നത് നിമിത്തം നമുക്ക് വല്ല ശിക്ഷയും അല്ലാഹുവിൽനിന്നുണ്ടായിക്കാണേണ്ടതല്ലേ? ഒന്നും, സംഭവിച്ചു കാണാത്തതെന്താണ്?! എന്ന് യഹൂദികൾ സ്വയം ദുരഭിമാനം നടിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഇതിനുള്ള മറുപടിയാണ് അവസാനത്തെ രണ്ട് വാക്യങ്ങൾ. അതെ, അവർക്ക് ജഹന്നം തന്നെ മതി ശിക്ഷക്ക്! അതിലേറെ ദുഷിച്ച പര്യവസാനം മറ്റെന്താണുള്ളത്?!

അല്ലാഹു അഭിവാദ്യമാക്കിയിട്ടില്ലാത്തതുകൊണ്ട് അവർ അഭിവാദ്യം ചെയ്യും (حيوك بما لم يحيك به الله) എന്ന വാക്യം പരിശോധിച്ചാൽ, ഒരു കാര്യം അതിൽനിന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. അതായത്, മുസ്ലിംകൾ തമ്മിൽ സലാം പറയുമ്പോൾ അത് ഇസ്ലാമിക സലാംതന്നെ ആയിരിക്കേണ്ടതും, മുസ്ലിംകൾ അനിസ്ലാമികമായ അഭിവാദ്യവാക്യങ്ങൾ സ്വീകരിക്കാതിരിക്കേണ്ടതുമാകുന്നു. അടുത്ത വചനത്തിൽ അല്ലാഹു സത്യവിശ്വാസികളെ വിളിച്ചു ഉപദേശിക്കുന്നു:-

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا تَنَـٰجَيْتُمْ فَلَا تَتَنَـٰجَوْا۟ بِٱلْإِثْمِ وَٱلْعُدْوَٰنِ وَمَعْصِيَتِ ٱلرَّسُولِ وَتَنَـٰجَوْا۟ بِٱلْبِرِّ وَٱلتَّقْوَىٰ ۖ وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ إِلَيْهِ تُحْشَرُونَ ﴿٩﴾

﴿9﴾ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ പരസ്പരം രഹസ്യസംസാരം നടത്തുന്നതായാൽ, പാപവും, അതിക്രമവും, റസൂലിനോട് അനുസരണക്കേടും സംബന്ധിച്ച് രഹസ്യസംസാരം നടത്തരുത്; പുണ്യവും, ഭയഭക്തിയും സംബന്ധിച്ച് രഹസ്യസംസാരം നടത്തുകയും ചെയ്തുകൊള്ളുവിൻ. നിങ്ങൾ യാതൊരുവനിലേക്ക് ഒരുമിച്ചു കൂട്ടപ്പെടുമോ ആ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ.

إِنَّمَا ٱلنَّجْوَىٰ مِنَ ٱلشَّيْطَـٰنِ لِيَحْزُنَ ٱلَّذِينَ ءَامَنُوا۟

﴿10﴾ നിശ്ചയമായും (ആ) രഹസ്യസംസാരം പിശാചിൽ നിന്ന് തന്നെയുള്ളതാണ്; വിശ്വസിച്ചവരെ വ്യസനിപ്പിക്കുവാൻ വേണ്ടി.

وَلَيْسَ بِضَآرِّهِمْ شَيْـًٔا إِلَّا بِإِذْنِ ٱللَّهِ ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ⁽١٠⁾

അല്ലാഹുവിന്റെ അനുമതിയോടെയല്ലാതെ, അവർക്കത് ഒട്ടും ഉപദ്രവം ചെയ്യുന്നതല്ലതാനും. അല്ലാഹുവിന്റെമേൽ ഭരമേല്പിച്ചുകൊള്ളട്ടെ, സത്യവിശ്വാസികൾ.

《9》 يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ ഹേ, വിശ്വസിച്ചവരേ إِذَا تَنَٰجَيْتُمْ നിങ്ങൾ രഹസ്യ സംസാരം നടത്തുന്നതായാൽ فَلَا تَتَنَٰجَوْاْ എന്നാൽ നിങ്ങൾ രഹസ്യ സംസാരം ചെയ്യരുത് بِٱلْإِثْمِ പാപം സംബന്ധിച്ച് وَٱلْعُدْوَٰنِ അതിക്രമവും وَمَعْصِيَتِ ٱلرَّسُولِ റസൂലിനോട് അനുസരണക്കേടും وَتَنَٰجَوْاْ നിങ്ങൾ രഹസ്യസംസാരം ചെയ്തുകൊള്ളുവിൻ بِٱلْبِرِّ പുണ്യം (സൽകാര്യം) സംബന്ധിച്ചു وَٱلتَّقْوَىٰ സൂക്ഷ്മത (ഭയഭക്തി)യും وَٱتَّقُواْ സൂക്ഷിക്കുകയും ചെയ്യുവിൻ ٱللَّهَ ٱلَّذِىٓ യാതൊരു അല്ലാഹുവിനെ إِلَيْهِ تُحْشَرُونَ അവനിലേക്ക് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടും 《10》 إِنَّمَا ٱلنَّجْوَىٰ നിശ്ചയമായും രഹസ്യഭാഷണം, ഗൂഢാലോചന مِنَ ٱلشَّيْطَٰنِ പിശാചിൽ നിന്നുതന്നെ (മാത്രം) ആകുന്നു لِيَحْزُنَ അത് വ്യസനിപ്പിക്കുവാൻ വേണ്ടി ٱلَّذِينَ ءَامَنُواْ വിശ്വസിച്ചവരെ وَلَيْسَ അതല്ലതാനും بِضَآرِّهِمْ അവർക്ക് ഉപദ്രവമുണ്ടാക്കുന്നത്, ദോഷം ചെയ്യുന്നത് شَيْـًٔا യാതൊന്നും, ഒട്ടും إِلَّا بِإِذْنِ ٱللَّهِ അല്ലാഹുവിന്റെ അനുമതിയില്ലാതെ وَعَلَى ٱللَّهِ അല്ലാഹുവിന്റെ മേൽ فَلْيَتَوَكَّلِ എന്നാൽ ഭരമേൽപിച്ചുകൊള്ളട്ടെ ٱلْمُؤْمِنُونَ സത്യവിശ്വാസികൾ

രഹസ്യമായോ ഗൂഢമായോ സംസാരിക്കുകയും, കൂടിയാലോചന നടത്തുകയും ചെയ്യുന്നതിന് വിരോധമില്ല. പക്ഷേ, അത് നല്ല കാര്യത്തിലും, വേണ്ടപ്പെട്ട വിഷയത്തിലുമായിരിക്കണം. യഹൂദികളും, കപടവിശ്വാസികളും ചെയ്യുന്നത് പോലെ ചീത്തകാര്യങ്ങളിലും, ദുരുദ്ദേശ്യത്തോടുകൂടിയും ആകരുത്. എല്ലാം അല്ലാഹുവിനെ സൂക്ഷിച്ചുകൊണ്ടായിരിക്കണം. എന്നൊക്കെ അല്ലാഹു സത്യവിശ്വാസികളെ ഉപദേശിക്കുന്നു. അവരുടെ ഗൂഢാലോചനകൊണ്ട് വല്ല ആപത്തും വന്നേക്കുമെന്ന് സത്യവിശ്വാസികൾ ഭയപ്പെടേണ്ടതില്ലെന്നും ഉണർത്തുന്നു.

'സത്യവിശ്വാസികളെ വ്യസനിപ്പിക്കുവാൻവേണ്ടി' (ليحزن الذين آمنوا) എന്ന വാക്യം ശ്രദ്ധേയമാകുന്നു. സത്യവിശ്വാസികൾ തമ്മതമ്മിലായിരുന്നാലും ഒരു

കൂട്ടരുടെ രഹസ്യസംസാരം മുഖേന മറ്റൊരു കൂട്ടർക്ക് അനിഷ്ടംവരാതെ സൂക്ഷിക്കേണ്ടതുണ്ടെന്ന് ഇതിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. നബി ﷺ പറയുന്നത് നോക്കുക: 'നിങ്ങൾ മൂന്നുപേരായിരുന്നാൽ, രണ്ടുപേർ തങ്ങളുടെ സ്നേഹിതനെക്കൂടാതെ തമ്മിൽ രഹസ്യസംസാരം നടത്തരുത്. കാരണം അതവനെ വ്യസനിപ്പിക്കുന്നതാണ്'. (അ; ബു; മു.)

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا قِيلَ لَكُمْ تَفَسَّحُوا۟ فِى ٱلْمَجَـٰلِسِ فَٱفْسَحُوا۟ يَفْسَحِ ٱللَّهُ لَكُمْ

﴾11﴿ ഹേ, വിശ്വസിച്ചവരേ, 'ഇരിപ്പിടങ്ങളിൽ വിശാലത [സൗകര്യം] ചെയ്യുവിൻ' എന്ന് നിങ്ങളോട് പറയപ്പെട്ടാൽ, നിങ്ങൾ വിശാലത നൽകുവിൻ, (എന്നാൽ) അല്ലാഹു നിങ്ങൾക്ക് വിശാലത നൽകുന്നതാണ്.

وَإِذَا قِيلَ ٱنشُزُوا۟ فَٱنشُزُوا۟ يَرْفَعِ ٱللَّهُ ٱلَّذِينَ ءَامَنُوا۟ مِنكُمْ وَٱلَّذِينَ أُوتُوا۟ ٱلْعِلْمَ دَرَجَـٰتٍ ۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١١﴾

നിങ്ങളോട് 'എഴുന്നേൽക്കുവിൻ' എന്ന് പറയപ്പെട്ടാൽ, നിങ്ങൾ എഴുന്നേൽക്കുകയും ചെയ്യുവിൻ; നിങ്ങളിൽനിന്ന് വിശ്വസിച്ചവരെയും, അറിവ് നൽകപ്പെട്ടിട്ടുള്ളവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായറിയുന്നവനാകുന്നു.

﴾11﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ ഹേ, വിശ്വസിച്ചവരേ إِذَا قِيلَ لَكُمْ നിങ്ങളോട് പറയപ്പെട്ടാൽ تَفَسَّحُوا۟ വിശാലത (സൗകര്യം- ഒഴിവ്) ചെയ്യുവിൻ എന്ന് فِى ٱلْمَجَـٰلِسِ ഇരിപ്പിടങ്ങളിൽ, സദസ്സുകളിൽ فَٱفْسَحُوا۟ എന്നാൽ നിങ്ങൾ വിശാലത നൽകുവിൻ يَفْسَحِ ٱللَّهُ അല്ലാഹു വിശാലത നൽകും لَكُمْ നിങ്ങൾക്ക് وَإِذَا قِيلَ പറയപ്പെട്ടാൽ ٱنشُزُوا۟ നിങ്ങൾ എഴുന്നേൽക്കുവിൻ എന്ന് فَٱنشُزُوا۟ എന്നാൽ നിങ്ങൾ എഴുന്നേൽക്കുവിൻ يَرْفَعِ ٱللَّهُ അല്ലാഹു ഉയർത്തും ٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരെ مِنكُمْ നിങ്ങളിൽനിന്ന്

وَٱلَّذِينَ أُوتُوا۟നൽകപ്പെട്ടവരെയും ٱلْعِلْمَ അറിവ്, ജ്ഞാനം دَرَجَٰتٍ പല പടികൾ, പദവികൾ وَٱللَّهُഅല്ലാഹു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി خَبِيرٌ സൂക്ഷ്മമായറിയുന്നവനാണ്

ജനങ്ങൾ സമ്മേളിക്കുന്ന സദസ്സുകളിൽ അനുവർത്തിക്കപ്പെടേണ്ടുന്ന ചില മര്യാദകളും കടമകളുമാണ് ഈ വചനത്തിൽ കാണുന്നത്. മറ്റുള്ളവർക്ക് വന്നിരിക്കുവാൻ ഇടം പോരാതെ വരികയും, അവർക്ക് സ്ഥലത്തിനാവശ്യം നേരിടുകയും ചെയ്താൽ സ്ഥലസൗകര്യം കൊടുക്കണമെന്നും ഒരു കൂട്ടർ ഇരുന്ന് കഴിഞ്ഞ സ്ഥലത്തുനിന്ന് എഴുന്നേൽക്കേണ്ടുന്ന ആവശ്യം വന്നാൽ എഴുന്നേറ്റ് കൊടുക്കേണ്ടതാണെന്നും അല്ലാഹു കൽപിക്കുന്നു. ഇക്കാലത്ത് എന്നത്തെക്കാളും ജനങ്ങൾ ഈ കല്പന ഓർമിക്കേണ്ടതായിട്ടാണിരിക്കുന്നത്. വാഹനങ്ങളിലും, പൊതുസ്ഥലങ്ങളിലുമെല്ലാംതന്നെ, ഒരു കൂട്ടർ മറ്റൊരു കൂട്ടരുടെ സൗകര്യം ഗൗനിക്കുകയോ, മറ്റൊരാൾക്ക് സ്ഥലസൗകര്യം മുതലായ സഹായസഹകരണം ചെയ്തുകൊടുക്കുകയോ ചെയ്യുന്നത് ഇന്ന് വിരളമാകുന്നു. അൽപമൊന്ന് ഞെരുങ്ങിയിട്ടെങ്കിലും അന്ന്യനുകൂടി സൗകര്യമുണ്ടാക്കികൊടുക്കുന്നതിനുപകരം നാലഞ്ചുപേർക്കിരിക്കാവുന്ന സ്ഥലം അത്രയും മുടക്കിക്കൊണ്ട് കാലുനീട്ടി സുഖം കൊള്ളുന്നവരെയും, നിൽക്കുവാൻപോലും വയ്യാത്ത രോഗികളും വയോധികൻമാരും നിന്ന് വിഷമിക്കുന്നത് കാണുമ്പോൾ കാലൊന്ന് ചുരുക്കുവാൻപോലും സൻമനസ്സ് കാണിക്കാത്തവരെയും ഇന്ന് ധാരാളം കാണുകയും ചെയ്യാം. മറ്റുള്ളവർ കഷ്ടപ്പെട്ട് കാണുന്നതിൽ ഇവർക്ക് സന്തോഷമാണെന്നുപോലും തോന്നിപ്പോകും! അന്യരുടെ ആവശ്യം കണ്ടറിഞ്ഞ് അവർ ആവശ്യപ്പെടുന്നതിന് മുമ്പായിത്തന്നെ കഴിയുന്ന സൗകര്യം ചെയ്തുകൊടുക്കുകയാണ് വേണ്ടത്. ആവശ്യപ്പെടുകകൂടി ചെയ്താൽ ആ കടമ വർദ്ധിക്കുന്നു. ആവശ്യപ്പെടുന്നത് ഉത്തരവാദപ്പെട്ടവർ കൂടിയാകുമ്പോൾ, അത് കൂടുതൽ നിർബന്ധിതവുമായിത്തീരുന്നു.

സദസ്സിൽ ആദ്യമാദ്യം വരുന്നവർ ആദ്യമാദ്യം സ്ഥലം പിടിക്കുമല്ലോ. ഒരവസത്തിൽ പ്രധാനികളായ ചില സ്വഹാബികൾ വന്നെത്തിയപ്പോഴേക്കും നബി ﷺയുടെ സദസ്സിൽ അടുത്ത സ്ഥലങ്ങളിലെല്ലാം ആൾ നിറഞ്ഞിരുന്നു. അവരാണെങ്കിൽ പല നിലക്കും തിരുമേനിയുടെ അടുത്തുതന്നെ ഉണ്ടായിരിക്കേണ്ടതുമുണ്ടായിരുന്നു. അടുത്തിരിക്കുന്നവർ സ്വയം സംഗതി മനസ്സിലാക്കി അവർക്ക് വന്നിരിക്കുവാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നുമില്ല. ഈ അവസരത്തിൽ, ഒരിക്കൽ അടുത്തിരിക്കുന്ന ചിലരോട് ആ പ്രധാനികൾക്കുവേണ്ടി സ്ഥലസൗകര്യം ചെയ്തുകൊടുക്കുവാൻ നബി ﷺ ആവശ്യപ്പെടുകയുണ്ടായി. കപടവിശ്വാസികൾ ഈ സന്ദർഭം ചൂഷണം ചെയ്തു. നബി ﷺ നീതിപാലിക്കുന്നില്ലെന്നും, പക്ഷം കാണിക്കുകയാണെന്നും അവർ പ്രചരിപ്പിക്കുവാൻ ശ്രമിച്ചു. ഈ അവസരത്തിലാണ് ഈ വചനം അവതരിച്ചതെന്ന് മുഫസ്സിറുകൾ പറഞ്ഞു കാണുന്നു. അപ്പോൾ, ഇങ്ങനെയുള്ള പൊതുസദസ്സുകളിൽ മുൻപന്തിയിൽ ഉണ്ടായിരിക്കൽ ആവശ്യമായ ആളുകൾക്കുവേണ്ടി മറ്റുള്ളവർ സ്ഥലം ഒഴിവാക്കിക്കൊടു

ക്കേണ്ടതുണ്ടെന്നും, ഉത്തരവാദപ്പെട്ടവർ അതിനാവശ്യപ്പെടുമ്പോൾ അത് അനുസരിച്ചുകൊടുക്കൽ കടമയാണെന്നും ഇതിൽനിന്ന് മനസ്സിലാക്കാം. സദസ്സിലെ നടപടികളെക്കുറിച്ചും മറ്റും കാര്യാലോചനകൾ നടത്തുക മുതലായ പലതിനും ഇങ്ങനെ സദസ്യരോട് ആവശ്യപ്പെടേണ്ടതായി വന്നേക്കുമല്ലോ.

فَافْسَحُوا يَفْسَحِ اللَّهُ لَكُمْ (നിങ്ങൾ വിശാലത ചെയ്യുവിൻ, അല്ലാഹു നിങ്ങൾക്ക് വിശാലത ചെയ്യും) എന്ന വാക്യം ശ്രദ്ധേയമാകുന്നു. മനുഷ്യൻ ചെയ്യുന്ന പുണ്യകർമങ്ങൾക്ക് അതേ തരത്തിൽപെട്ട -എന്നാൽ അതിനെക്കാൾ ഉന്നതവും വർദ്ധിച്ചതുമായ- വിധത്തിലായിരിക്കും അല്ലാഹു പ്രതിഫലം നൽകുന്നത്. നബി ﷺ പറയുന്നു: 'ഇഹത്തിലെ ദുഃഖങ്ങളിൽപെട്ട ഒരു ദുഃഖം ഒരു സത്യവിശ്വാസിക്ക് ആരെങ്കിലും ആശ്വാസമാക്കിക്കൊടുത്താൽ, ഖിയാമത്തുനാളിലെ ദുഃഖങ്ങളിൽനിന്ന് ഒരു ദുഃഖം അല്ലാഹു അവന് ആശ്വാസമാക്കിക്കൊടുക്കുന്നതാണ്. ഞെരുക്കക്കാരനായ ഒരാൾക്ക് (വല്ല കാര്യവും) ആരെങ്കിലും എളുപ്പമാക്കിക്കൊടുത്താൽ, അല്ലാഹു അവന് ഇഹത്തിലും പരത്തിലും എളുപ്പമാക്കിക്കൊടുക്കുന്നതാണ്. ഒരു മുസ്‌ലിമിനെ (അവന്റെ പോരായ്മ വെളിക്കുവരാതെ) ഒരാൾ മറച്ചുപിടിച്ചാൽ, അല്ലാഹു അവനെ ഇഹത്തിലും പരത്തിലും (അതുപോലെ) മറച്ചുകൊടുക്കുന്നതാണ്. ഒരടിയാൻ തന്റെ സഹോദരന് സഹായത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴെല്ലാം അല്ലാഹു അവന്റെ സഹായത്തിലുമായിരിക്കും..... (മു.)'

يَرْفَعِ اللَّهُ الَّذِينَ آمَنُوا مِنكُمْ وَالَّذِينَ أُوتُوا الْعِلْمَ دَرَجَاتٍ (നിങ്ങളിൽ വിശ്വസിച്ചവരെയും, അറിവ് നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തും) എന്ന വാക്യത്തിൽനിന്ന് ചിലതെല്ലാം മനസ്സിലാക്കുവാനുണ്ട്. ഉദാഹരണമായി:

(1) സത്യവിശ്വാസികളും അറിവുള്ളവരുമാണ് ഇത്തരം മര്യാദ പ്രത്യേകം പാലിക്കേണ്ടത് എന്ന് പറയേണ്ടതില്ല. എന്നാൽ അന്യർക്കുവേണ്ടി വിട്ടുവീഴ്ച ചെയ്യുന്നത് അവർക്ക് ഒരിക്കലും താഴ്ചയല്ല, അതവർക്ക് അല്ലാഹുവിങ്കൽ ഉയർച്ചയാണുണ്ടാക്കുക. മുസ്‌ലിം (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ നബി ﷺ പറയുന്നു: 'ഒരു ധർമവും ധനത്തിൽ ചുരുക്കം വരുത്തുന്നതല്ല. ഒരടിയാനും മാപ്പ് ചെയ്യുന്നതുകൊണ്ട് അവന് വീര്യം- പ്രതാപം- അല്ലാതെ അല്ലാഹു വർദ്ധിപ്പിക്കുകയുമില്ല. ഏതൊരുവനും അല്ലാഹുവിനുവേണ്ടി താഴ്മ- വിനയം- കാണിക്കുന്നതായാൽ അല്ലാഹു അവനെ ഉയർത്താതെയും ഇരിക്കുകയില്ല'.

(2) വിശ്വാസവും അറിവുമുള്ളവർ മറ്റുള്ളവരോട് ഔന്നത്യം കാണിച്ചുകൂടാ. എങ്കിലും, മറ്റുള്ളവർ അവരുടെ സ്ഥാനം പരിഗണിക്കേണ്ടതാകുന്നു. അവർക്ക് മുൻഗണന നൽകേണ്ടുന്ന സ്ഥാനത്ത് അത് നൽകുകയും വേണം. നബി ﷺ പറയുന്നു:'നിങ്ങളിൽ ബുദ്ധിയും വിവേകവുമുള്ളവർ എന്റെ അടുത്തുവരട്ടെ; പിന്നീട് അവരോട് അടുത്തുനിൽക്കുന്നവർ. (ഈ വാക്ക് തിരുമേനി മൂന്ന് വട്ടം പറഞ്ഞു) നിങ്ങൾ അങ്ങാടിത്തിരക്കുകൾ -അങ്ങാടിയിലെപോലെ അച്ചടക്കമി

ല്ലായ്മ- വർജ്ജിക്കണം'. (മു.) മറ്റൊരു നബി വചനം: 'നമ്മിലുള്ള ചെറിയവനോട് കരുണകാണിക്കുകയും നമ്മിലുള്ള വലിയവന്റെ യോഗ്യത മനസ്സിലാക്കുകയും ചെയ്യാത്തവർ നമ്മിൽ പെട്ടവരല്ല'.(ദാ; തി.)

നബി തിരുമേനി ﷺയുടെ അടുക്കൽ സാധാരണയായി സ്വഹാബികൾ ഇരുന്നിരുന്നത് അവരുടെ സ്ഥാനങ്ങൾക്കനുസരിച്ചായിരുന്നു. അബൂബക്ർ (റ) തിരുമേനിയുടെ വലതുഭാഗത്തും, ഉമർ (റ) ഇടഭാഗത്തുമായിരുന്നു ഇരിക്കുക പതിവ്. ഉഥ്മാൻ (റ), അലീ (റ), എന്നിവർ മിക്കവാറും മുമ്പിലുമായിരിക്കും. കാരണം അവർ രണ്ടുപേരും തിരുമേനിയുടെ എഴുത്തുകാരായിരുന്നു. ഇമാം മുസ്‌ലിം തുടങ്ങിയ ഹദീഥുപണ്ഡിതൻമാർ ഇത് രേഖപ്പെടുത്തിക്കാണാം. രണ്ടുപേർ ചേർന്ന് ഇരിക്കുമ്പോൾ അവരുടെ സമ്മതമില്ലാതെ അവരുടെ ഇടയിൽ ചെന്നിരിക്കുന്നത് നബി ﷺ വിരോധിച്ചിരിക്കുന്നു. (ദാ; തി.) ഒരാൾ ഇരിക്കുന്ന ഇടത്തിൽനിന്ന് അയാളെ എഴുന്നേൽപിച്ച് ആ സ്ഥാനത്ത് ഇരിക്കരുതെന്നും, വിശാലതയും സൗകര്യവും ചെയ്തുകൊടുക്കണമെന്നും നബി ﷺ അരുളിയിരിക്കുന്നു. (ബു; മു) ഒരാൾ ഒരു ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റുപോയിട്ട് പിന്നീട് അതിലേക്കുതന്നെ മടങ്ങിവന്നാൽ അവൻ അതിന് കൂടുതൽ അർഹനാണ് എന്ന് അവിടുന്ന് പറഞ്ഞിരിക്കുന്നു. (മു.) നബി തിരുമേനി ﷺ ഒരു സദസ്സിൽ വരുമ്പോൾ മുമ്പ് എത്തിയവർ ഇരുന്ന് കഴിഞ്ഞ് ബാക്കിയുള്ള സ്ഥലത്തായിരുന്നു അവിടുന്ന് ഇരുന്നിരുന്നത് എന്നും നബിഏുചര്യകളിൽ അറിയപ്പെട്ടിട്ടുള്ളതാണ്. ഇത്തരം ആചാരമര്യാദകളെപ്പറ്റി ഗൗനിക്കുന്നവർ ഇക്കാലത്ത് തുലോം കുറവാണെന്നത് ഖേദകരമത്രെ. ജനങ്ങൾ തമ്മിൽ സ്നേഹവും ഇണക്കവുമില്ലാതായിത്തീരുന്നതിന് ഇതൊക്കെത്തന്നെയാണ് കാരണവും.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا تَنَـٰجَيْتُمُ
ٱلرَّسُولَ فَقَدِّمُوا۟ بَيْنَ يَدَىْ
نَجْوَىٰكُمْ صَدَقَةً

﴾12﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ റസൂലുമായി രഹസ്യസംഭാഷണം നടത്തുന്നതായാൽ, നിങ്ങളുടെ രഹസ്യ സംഭാഷണത്തിനു മുമ്പിൽ (എന്തെങ്കിലും) ഒരു ദാനധർമം സമർപ്പിക്കുവിൻ

وَإِذَا قِيلَ ٱنشُزُوا۟ فَٱنشُزُوا۟ يَرْفَعِ
ٱللَّهُ ٱلَّذِينَ ءَامَنُوا۟ مِنكُمْ
وَٱلَّذِينَ أُوتُوا۟ ٱلْعِلْمَ دَرَجَـٰتٍ ۚ
وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١١﴾

അത്, നിങ്ങൾക്ക് ഉത്തമമായതും, കൂടുതൽ ശുദ്ധമായതുമായിരിക്കും. എനി, നിങ്ങൾക്ക് (അത്) കിട്ടിയില്ലെങ്കിൽ- എന്നാൽ- അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

﴾12﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ വിശ്വസിച്ചവരേ إِذَا نَـٰجَيْتُمُ നിങ്ങൾ സ്വകാര്യ സംസാരം നടത്തുന്നതായാൽ ٱلرَّسُولَ റസൂലുമായി فَقَدِّمُوا۟ എന്നാൽ മുന്തിക്കുവിൻ, സമർപ്പിക്കുവിൻ بَيْنَ يَدَىْ نَجْوَىٰكُمْ നിങ്ങളുടെ സ്വകാര്യ ഭാഷണത്തിന് മുമ്പിൽ صَدَقَةً ഒരു ദാനധർമം ذَٰلِكَ അത് خَيْرٌ لَّكُمْ നിങ്ങൾക്ക് ഉത്തമം (ഗുണം) ആകുന്നു وَأَطْهَرُ കൂടുതൽ ശുദ്ധമായതും فَإِن لَّمْ تَجِدُوا۟ എനി നിങ്ങൾക്ക് കിട്ടിയില്ലെങ്കിൽ فَإِنَّ ٱللَّهَ എന്നാൽ അല്ലാഹു غَفُورٌ പൊറുക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ്

നബി ﷺ യുടെ അടുക്കൽ ചെന്ന് പലരും പലതും ചോദിച്ചും കൊണ്ടിരിക്കും. കൂട്ടത്തിൽ വളരെ നിസ്സാരാവശ്യങ്ങൾക്കുവേണ്ടി സമയം മിനക്കെടുത്തുന്നവരും, നബി ﷺ യുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തുവാൻ കൽപിച്ചുകൂട്ടി ചെല്ലുന്ന കപടവിശ്വാസികളും ഉണ്ടായിരിക്കും. ഇതിൽ ഒരു നിയന്ത്രണം ഉണ്ടാകുവാൻവേണ്ടി, നബി ﷺ യുടെ അടുക്കൽ സ്വകാര്യസംസാരത്തിന് ചെല്ലുന്നവർ ധർമവിഷയത്തിൽ വിനിയോഗിക്കുവാൻ എന്തെങ്കിലും സമർപ്പിക്കണമെന്നാണ് ഈ വചനത്തിൽ പറയുന്നത്. സംഖ്യ ഇത്രയെന്ന് നിർണയിക്കപ്പെട്ടിട്ടില്ല. സത്യവിശ്വാസികളും, അല്ലാത്തവരും, നിഷ്കളങ്കരും അല്ലാത്തവരും തമ്മിൽ വേർതിരിച്ചറിയുവാനും, അതേ സമയത്ത് ദരിദ്രൻമാരായ ആളുകൾക്ക് പ്രയോജനപ്പെടുവാനും, സംസാരത്തിന് ചെല്ലുന്നവരുടെ ഉദ്ദേശ്യശുദ്ധിപ്രകടമാകുവാനും, അവർക്ക് പുണ്യം ലഭിക്കുവാനുമെല്ലാം ഇത് ഉതകുമല്ലോ. സാധിക്കാത്തവർ ചെയ്യേണ്ടതില്ലെന്നുകൂടി പ്രസ്താവിച്ചിരിക്കുന്നതുകൊണ്ട് ഇതൊരു കർശനമായ നിർബന്ധമല്ലെന്നും മനസ്സിലാക്കാം. صدقة (എന്തെങ്കിലും ദാനധർമം) എന്ന് പറഞ്ഞതിൽനിന്ന് ഇത് നബി ﷺ ക്ക് വേണ്ടിയല്ല. സാധുക്കൾക്ക് വേണ്ടിയാണതെന്നും മനസ്സിലാക്കാം. നബി ﷺ ദാനധർമം സ്വീകരിക്കുകയില്ലെന്നും ഇനാമു (هدية)കൾ മാത്രമേ സ്വീകരിക്കുകയുള്ളൂവെന്നും പ്രസിദ്ധമാണല്ലോ. ഈ കൽപന മുഖേന നിവൃത്തിയാകേണ്ടുന്ന കാര്യങ്ങൾ താമസം വിനാ നിവൃത്തിയായിട്ടുണ്ടെന്നും, അതുകൊണ്ട് ഈ കൽപനയിൽ താമസിയാതെ അയവുവരുത്തുകയുണ്ടായെന്നും അടുത്ത വചനത്തിൽനിന്ന് വ്യക്തമാകും.

ءَأَشْفَقْتُمْ أَن تُقَدِّمُوا۟ بَيْنَ يَدَىْ نَجْوَىٰكُمْ صَدَقَـٰتٍ ۚ

﴾13﴿ നിങ്ങളുടെ രഹസ്യഭാഷണത്തിന് മുമ്പിൽ വല്ല ദാനധർമങ്ങളും സമർപ്പിക്കുന്നതിന് നിങ്ങൾ ഭയപ്പെട്ടുവോ?!

فَإِذْ لَمْ تَفْعَلُواْ وَتَابَ ٱللَّهُ عَلَيْكُمْ فَأَقِيمُواْ ٱلصَّلَوٰةَ وَءَاتُواْ ٱلزَّكَوٰةَ وَأَطِيعُواْ ٱللَّهَ وَرَسُولَهُۥ ۚ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١٣﴾

എന്നാൽ, നിങ്ങൾ (അത്) ചെയ്യാതിരിക്കുകയും, അല്ലാഹു നിങ്ങൾക്ക് മാപ്പ് നൽകുകയും ചെയ്തിരിക്കയാൽ, നിങ്ങൾ നമസ്ക്കാരം നിലനിറുത്തുകയും, സകാത്ത് കൊടുക്കുകയും, അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുകയും ചെയ്തുകൊള്ളുവിൻ. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു.

﴿13﴾ ءَأَشْفَقْتُمْ നിങ്ങൾ ഭയപ്പെട്ടുവോ, നിങ്ങൾക്ക് ഭയമായോ أَن تُقَدِّمُواْ നിങ്ങൾ മുന്തിക്കു(സമർപ്പിക്കു)വാൻ بَيْنَ يَدَىْ نَجْوَىٰكُمْ നിങ്ങളുടെ സ്വകാര്യഭാഷണത്തിന് മുമ്പിൽ صَدَقَـٰتٍ വല്ല ദാനധർമങ്ങളും فَإِذْ لَمْ تَفْعَلُواْ എന്നാൽ നിങ്ങൾ ചെയ്യാതിരിക്കെ, ചെയ്തിട്ടില്ലാത്തതിനാൽ وَتَابَ ٱللَّهُ അല്ലാഹു മാപ്പാക്കുകയും (ചെയ്തിരിക്കെ) عَلَيْكُمْ നിങ്ങളോട് فَأَقِيمُواْ ٱلصَّلَوٰةَ എനി നിങ്ങൾ നമസ്കാരം നിലനിറുത്തുവിൻ وَءَاتُواْ ٱلزَّكَوٰةَ സക്കാത്ത് കൊടുക്കയും ചെയ്യുവിൻ وَأَطِيعُواْ ٱللَّهَ അല്ലാഹുവിനെ അനുസരിക്കുകയും ചെയ്യുവിൻ وَرَسُولَهُۥ അവന്റെ റസൂലിനെയും وَٱللَّهُ അല്ലാഹു خَبِيرٌۢ സൂക്ഷ്മമമായി അറിയുന്നവനാണ് بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി

ദാനധർമം സമർപ്പിക്കുവാൻ കഴിവില്ലാത്തവർക്ക് മുൻ ആയത്തിൽതന്നെ അല്ലാഹു ഒഴിവ് നൽകിയിട്ടുണ്ട്. കഴിവുള്ളവരെ സംബന്ധിച്ചിടത്തോളം അവർക്ക് നബി ﷺയുമായി സ്വകാര്യ സംസാരം നടത്തേണ്ടുന്ന ആവശ്യം നേരിടുമ്പോൾ മാത്രമേ ഈ പ്രത്യേക ദാനധർമത്തിന്റെ പ്രശ്നം ഉൽഭവിക്കുന്നുമുള്ളൂ. ഒരു പക്ഷേ, ചിലർ അത് തങ്ങൾക്ക് വിഷമകരമായതാണെന്നോ മറ്റോ ഭയപ്പെട്ട് അതിന് മുതിരാതെയും ഇരുന്നിരിക്കാം. الله أعلم ഏതായാലും ഇങ്ങനെ ഒരു ദാനധർമം സമർപ്പിച്ചുകൊണ്ട് നബി ﷺയുടെ അടുക്കൽ സ്വകാര്യസംഭാഷണത്തിന് ആരും തയ്യാറായി വരികയുണ്ടായില്ല. അങ്ങനെ, നബി ﷺയുമായുള്ള സ്വകാര്യ സംഭാഷണത്തിന്റെ ആധിക്യം നിലച്ച് തിരുമേനിക്ക് സ്വൈര്യം കിട്ടി. അതിനാൽ അല്ലാഹു ഈ കല്പനയിൽ നിന്ന് സത്യവിശ്വാസികൾക്ക്

ഈ വചനം മുഖേന ഒഴിവ് നൽകുകയാണ് ചെയ്തത്. നമസ്കാരം, സക്കാത്ത് മുതലായ നിർബന്ധകടമകൾ നിറവേറ്റുവാനും, അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുവാനും പ്രത്യേകം ഓർമിപ്പിക്കുകയും ചെയ്തു. അലി (റ) മാത്രം ഈ കൽപന പിൻവലിക്കുന്നതിന് മുമ്പ് ഒരിക്കൽ ഒരു സംഖ്യ ധർമമായി സമർപ്പിച്ചുകൊണ്ട് സ്വകാര്യ സംഭാഷണം നടത്തുകയുണ്ടായിട്ടുണ്ടെന്നും ചില നിവേദനങ്ങളിൽ കാണുന്നുണ്ട്. അല്ലാഹുവിനറിയാം.

വിഭാഗം- 3

أَلَمْ تَرَ إِلَى ٱلَّذِينَ تَوَلَّوْا۟ قَوْمًا غَضِبَ ٱللَّهُ عَلَيْهِم مَّا هُم مِّنكُمْ وَلَا مِنْهُمْ وَيَحْلِفُونَ عَلَى ٱلْكَذِبِ وَهُمْ يَعْلَمُونَ ﴿١٤﴾

《14》 (നബിയേ) നീ നോക്കിക്കാണുന്നില്ലേ, അല്ലാഹു കോപിച്ചിട്ടുള്ളതായ ഒരു ജനതയോട് മൈത്രീബന്ധം സ്ഥാപിച്ചവരെ?! അവർ [ആ ജനത] നിങ്ങളിൽപെട്ടവരല്ല, അവരിൽ പെട്ടവരുമല്ല; അറിഞ്ഞുകൊണ്ട്(തന്നെ) അവർ വ്യാജത്തിന്റെപേരിൽ ശപഥം ചെയ്യുകയും ചെയ്യുന്നു.

أَعَدَّ ٱللَّهُ لَهُمْ عَذَابًا شَدِيدًا ۖ إِنَّهُمْ سَآءَ مَا كَانُوا۟ يَعْمَلُونَ ﴿١٥﴾

《15》 അല്ലാഹു അവർക്ക് കഠിനമായ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു. (കാരണം) നിശ്ചയമായും, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത് എത്രയോ ദുഷിച്ചതാണ്.

ٱتَّخَذُوٓا۟ أَيْمَـٰنَهُمْ جُنَّةً فَصَدُّوا۟ عَن سَبِيلِ ٱللَّهِ فَلَهُمْ عَذَابٌ مُّهِينٌ ﴿١٦﴾

《16》 തങ്ങളുടെ സത്യങ്ങളെ അവർ ഒരു തടവാക്കിത്തീർത്തു; അങ്ങനെ, അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് അവർ (ജനങ്ങളെ) തടഞ്ഞു. അതിനാൽ, അവർക്ക് അപമാനകരമായ ശിക്ഷയുണ്ട്.

《14》 أَلَمْ تَرَ നീ കണ്ടില്ലേ (നോക്കുന്നില്ലേ) إِلَى ٱلَّذِينَ تَوَلَّوْا۟ യാതൊരു കൂട്ടരേരിലേക്ക്, മൈത്രീബന്ധം സ്ഥാപിച്ചവരിലേക്ക് قَوْمًا ഒരു ജനതയോട്, ജനതയെ غَضِبَ ٱللَّهُ അല്ലാഹു കോപിച്ചിരിക്കുന്നു عَلَيْهِم അവരോട്, അവരുടെ മേൽ مَّا هُم അവരല്ല مِّنكُمْ നി

ങ്ങളിൽപെട്ട مِّنْهُمْ وَلَا അവരിൽ പെട്ടവരുമല്ല وَيَحْلِفُونَ അവർ ശപഥം (സത്യം) ചെയ്യു ന്നു عَلَى ٱلْكَذِبِ വ്യാജ(അസത്യ)ത്തിന്റെ മേൽ وَهُمْ അവർ , അവരോ يَعْلَمُونَ അറിഞ്ഞു കൊണ്ട്, അറിയുന്നു താനും ﴾15﴿ أَعَدَّ ٱللَّهُ അല്ലാഹു ഒരുക്കിയിരിക്കുന്നു لَهُمْ അവർക്ക് عَذَابًا شَدِيدًا കഠിനശിക്ഷ إِنَّهُمْ നിശ്ചയമായും അവർ سَآءَ വളരെ (എത്രയോ) ദുഷിച്ചത് (ചീത്ത , മോശം) كَانُوا۟ അവർ ആയിരുന്നത് يَعْمَلُونَ പ്രവർത്തിക്കും ﴾16﴿ ٱتَّخَذُوٓا۟ അവർ ആക്കി ,ആക്കിത്തീർത്തു أَيْمَـٰنَهُمْ അവരുടെ സത്യങ്ങളെ, ആണകളെ جُنَّةً ഒരു മറവ് (തടവ്, പരിച) فَصَدُّوا۟ അങ്ങനെ അവർ തടഞ്ഞു عَن سَبِيلِ ٱللَّهِ അല്ലാഹുവിന്റെ മാർഗ ത്തിൽ നിന്ന് فَلَهُمْ അതിനാൽ അവർക്കുണ്ട് عَذَابٌ مُّهِينٌ അപമാനകരമായ(നിന്ദിക്കുന്ന) ശിക്ഷ

കപടവിശ്വാസികളെ- മുനാഫിക്വുകളെ- ക്കുറിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. അല്ലാഹുവിന്റെ ശാപകോപത്തിന് പാത്രമായ യഹൂദരുമായി അവർ കൂട്ടുകെട്ടും സ്നേഹബന്ധവും പുലർത്തിപ്പോരുകയും, മുസ്‌ലിംകൾക്കെതിരായ ഗൂഢാലോചനയിൽ അവരെ സഹായിക്കയും ചെയ്യും. മുസ്‌ലിംകളോടുള്ള വിദ്വേഷമല്ലാതെ ഇരുകൂട്ടരെയും തമ്മിൽ യോജിപ്പിക്കുന്ന മറ്റ് ബന്ധങ്ങളൊന്നുമില്ല. അവർ യഹൂദികളുടെ കൂട്ടത്തിൽപെട്ടവരാണോ? അല്ല. എന്നാൽ മുസ്‌ലിംകളാണോ? അതുമല്ല. ചുരുക്കത്തിൽ, അല്ലാഹു മറ്റൊരു സ്ഥലത്ത് പറഞ്ഞതുപോലെ, അങ്ങോട്ടുമിങ്ങോട്ടുമല്ലാതെ ആടിക്കളിച്ചുകൊണ്ടിരിക്കുകയാണവർ. (مذبذبين ذلك لا الى هؤلاء ولا إلى هؤلاء) തങ്ങൾ സത്യവിശ്വാസം സ്വീകരിച്ചവരാണെന്നും, ഇസ്‌ലാമിന്റെ ഗുണകാംക്ഷികളാണെന്നും അവർ ആവർത്തിച്ചു ശപഥം ചെയ്തുകൊണ്ടിരിക്കും. തങ്ങളുടെ യഥാർത്ഥനില വെളിച്ചത്താകാതിരിക്കുന്നതിലുള്ള ഒരു മറവായി അവർ ആ കള്ളസത്യങ്ങളെ ഉപയോഗപ്പെടുത്തുന്നു. മാത്രമല്ല, വാസ്തവമറിയാത്ത ശുദ്ധാത്മാക്കളായ മുസ്‌ലിംകൾ അതുകേട്ട് വഞ്ചിതരാവുകയും ചെയ്യും. ഈ കപടൻമാർക്കുള്ള കനത്ത ശിക്ഷയെക്കുറിച്ച് അല്ലാഹു ശക്തിയായി താക്കീത് ചെയ്തിരിക്കുന്നു. അല്ലാഹു തുടരുന്നു:-

لَّن تُغْنِىَ عَنْهُمْ أَمْوَٰلُهُمْ وَلَآ
أَوْلَـٰدُهُم مِّنَ ٱللَّهِ شَيْـًٔا ۚ
أُو۟لَـٰٓئِكَ أَصْحَـٰبُ ٱلنَّارِ ۖ هُمْ فِيهَا
خَـٰلِدُونَ ﴿١٧﴾

﴾17﴿ അവരുടെ സ്വത്തുക്കളാകട്ടെ, അവരുടെ സന്താനങ്ങളാകട്ടെ, അവർക്ക് അല്ലാഹുവിങ്കൽനിന്നു(ണ്ടാകുന്ന) യാതൊന്നും പരിഹരിക്കുന്നതേയല്ല. അക്കൂട്ടർ, നരകത്തിന്റെ ആൾക്കാരാകുന്നു; അവരതിൽ നിത്യവാസികളായിരിക്കും

يَوْمَ يَبْعَثُهُمُ ٱللَّهُ جَمِيعًا فَيَحْلِفُونَ لَهُۥ كَمَا يَحْلِفُونَ لَكُمْ ۖ وَيَحْسَبُونَ أَنَّهُمْ عَلَىٰ شَىْءٍ ۚ أَلَآ إِنَّهُمْ هُمُ ٱلْكَـٰذِبُونَ ﴿١٨﴾

﴾18﴿ അവരെ മുഴുവനും അല്ലാഹു എഴുന്നേൽപിക്കുന്ന [പുനരുജ്ജീവിപ്പിക്കുന്ന] ദിവസം, അപ്പോൾ, നിങ്ങളോട് ശപഥം ചെയ്യുന്നതുപോലെ അവനോടും അവർ ശപഥം ചെയ്യുന്നതാണ് തങ്ങൾ ഒരു കാര്യത്തിലാണെന്ന് അവർ വിചാരിക്കുകയും ചെയ്യും. അല്ലാ (-അറിഞ്ഞേക്കുക:) നിശ്ചയമായും അവർ തന്നെ കളവ് പറയുന്നവർ.

﴾17﴿ لَّن تُغْنِىَ ധന്യമാക്കുക (പരിഹസിക്കുക- ഉപകരിക്കുക- തടയുക- ഐശ്വര്യമാക്കുക) ഇല്ലതന്നെ عَنْهُمْ അവർക്ക്, അവരിൽനിന്ന് أَمْوَٰلُهُمْ അവരുടെ സ്വത്തുക്കൾ وَلَآ أَوْلَـٰدُهُم അവരുടെ സന്താനങ്ങളും (മക്കളും) ഇല്ല مِّنَ ٱللَّهِ അല്ലാഹുവിങ്കൽ നിന്ന് شَيْـًٔا ഒട്ടും, ഒന്നിനെയും, യാതൊന്നും أُو۟لَـٰٓئِكَ അക്കൂട്ടർ أَصْحَـٰبُ ٱلنَّارِ നരകക്കാരാകുന്നു هُمْ فِيهَا അവർ അതിൽ خَـٰلِدُونَ നിത്യവാസികളാണ്, ശാശ്വതൻമാരാണ് ﴾18﴿ يَوْمَ يَبْعَثُهُمُ അവരെ എഴുന്നേൽപിക്കുന്ന ദിവസം ٱللَّهُ അല്ലാഹു جَمِيعًا മുഴുവനും, എല്ലാവരെയും فَيَحْلِفُونَ അപ്പോൾ അവർ ശപഥം (സത്യം) ചെയ്യും لَهُۥ അവനോട് كَمَا يَحْلِفُونَ അവർ ശപഥം ചെയ്യുന്നപോലെ لَكُمْ നിങ്ങളോട് وَيَحْسَبُونَ അവർ കണക്കാക്കുക (വിചാരിക്കുക)യും ചെയ്യും أَنَّهُمْ നിശ്ചയമായും അവർ (ആകുന്നു) എന്ന് عَلَىٰ شَىْءٍ ഒരു കാര്യത്തിൽ, ഏതെങ്കിലും ഒന്നിൽ أَلَآ അല്ലാ(അറിയുക) إِنَّهُمْ هُمُ നിശ്ചയമായും അവർ തന്നെ ٱلْكَـٰذِبُونَ വ്യാജം പറയുന്നവർ, അസത്യവാദികൾ

തങ്ങൾ സത്യവിശ്വാസികളാണെന്നും മറ്റും ഇഹത്തിൽവെച്ച് അവർ കള്ളസത്യം ചെയ്തു പറഞ്ഞിരുന്നത് പോലെ, പരലോകത്ത് അല്ലാഹുവിന്റെ മുമ്പിലും അവർ കള്ളസത്യം ചെയ്തേക്കും. പരലോകത്തുവെച്ച് മുശ്‌രിക്കുകളും അങ്ങനെ കള്ളസത്യം ചെയ്യുമെന്ന് (6: 23 ൽ) അല്ലാഹു പ്രസ്താവിച്ചു കാണാം. ഇഹത്തിൽവെച്ച് തങ്ങളുടെ കള്ളസത്യം മുഖേന ചില കാര്യങ്ങളെല്ലാം സാധിക്കുവാൻ അവർക്ക് കഴിഞ്ഞിരുന്നതുപോലെ, അവിടെവെച്ചും ആ സത്യം അവർക്ക് വല്ല കാര്യവും നേടിക്കൊടുക്കുമെന്നായിരിക്കും അവരുടെ വിചാരം. പക്ഷേ, അതുണ്ടോ സാധിക്കുന്നു?! അവർ തനിവ്യാജവാദികളാണെന്ന വസ്തുത സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരിക്കയാണല്ലോ.

ٱسْتَحْوَذَ عَلَيْهِمُ ٱلشَّيْطَٰنُ فَأَنسَىٰهُمْ ذِكْرَ ٱللَّهِ ۚ أُو۟لَٰٓئِكَ حِزْبُ ٱلشَّيْطَٰنِ ۚ أَلَآ إِنَّ حِزْبَ ٱلشَّيْطَٰنِ هُمُ ٱلْخَٰسِرُونَ ﴿١٩﴾

《19》 പിശാച് അവരെ ജയിച്ചടക്കി വെച്ചിരിക്കയാണ്. അങ്ങനെ, അല്ലാഹുവിന്റെ ഓർമ അവരെ അവൻ മറപ്പിച്ചു കളഞ്ഞിരിക്കുന്നു.

അക്കൂട്ടർ പിശാചിന്റെ കക്ഷിയത്രെ. അല്ലാ (-അറിഞ്ഞേക്കുക)! നിശ്ചയമായും പിശാചിന്റെ കക്ഷി തന്നെയാണ് നഷ്ടക്കാർ.

إِنَّ ٱلَّذِينَ يُحَآدُّونَ ٱللَّهَ وَرَسُولَهُۥٓ أُو۟لَٰٓئِكَ فِى ٱلْأَذَلِّينَ ﴿٢٠﴾

《20》 നിശ്ചയമായും, അല്ലാഹുവിനോടും, അവന്റെ റസൂലിനോടും മൽസരം നടത്തുന്നവർ, അവർ ഏറ്റവും നിന്ദ്യൻമാരുടെ കൂട്ടത്തിലായിരിക്കും.

كَتَبَ ٱللَّهُ لَأَغْلِبَنَّ أَنَا۠ وَرُسُلِىٓ ۚ إِنَّ ٱللَّهَ قَوِىٌّ عَزِيزٌ ﴿٢١﴾

《21》 അല്ലാഹു രേഖപ്പെടുത്തി വെച്ചിരിക്കുന്നു, നിശ്ചയമായും ഞാനും എന്റെ റസൂലുകളും തന്നെ വിജയം നേടും എന്ന്. നിശ്ചയമായും, അല്ലാഹു, ശക്തനും പ്രതാപശാലിയുമാകുന്നു.

《19》 ٱسْتَحْوَذَ عَلَيْهِمُ അവരിൽ അധികാരം നടത്തി, ജയിച്ചടക്കിവെച്ചു ٱلشَّيْطَٰنُ പിശാച് فَأَنسَىٰهُمْ എന്നിട്ടവൻ അവരെ മറപ്പിച്ചു, വിസ്മരിപ്പിച്ചു ذِكْرَ ٱللَّهِ അല്ലാഹുവിന്റെ ഓർമ, സ്മരണ أُو۟لَٰٓئِكَ അക്കൂട്ടർ حِزْبُ ٱلشَّيْطَٰنِ പിശാചിന്റെ കക്ഷിയാണ്, സംഘമാണ് أَلَآ അല്ലാ (അറിഞ്ഞേക്കുക) إِنَّ حِزْبَ ٱلشَّيْطَٰنِ നിശ്ചയമായും പിശാചിന്റെ കക്ഷി هُمُ ٱلْخَٰسِرُونَ അവർ തന്നെയാണ് നഷ്ടപ്പെട്ടവർ 《20》 إِنَّ ٱلَّذِينَ നിശ്ചയമായും യാതൊരു കൂട്ടർ يُحَآدُّونَ ٱللَّهَ അല്ലാഹുവിനോട് (കക്ഷി) മത്സരം നടത്തുന്ന وَرَسُولَهُۥ അവന്റെ റസൂലിനോടും أُو۟لَٰٓئِكَ അക്കൂട്ടർ فِى ٱلْأَذَلِّينَ ഏറ്റം നിസ്സാര (നിന്ദ്യ)മായവരിലായിരിക്കും 《21》 كَتَبَ ٱللَّهُ അല്ലാഹു എഴുതി (രേഖപ്പെടുത്തി) വെച്ചിരിക്കുന്നു لَأَغْلِبَنَّ നിശ്ചയമായും ഞാൻ ജയിക്കും أَنَا۠ ഞാൻ തന്നെ وَرُسُلِى

എന്റെ റസൂലുകളും إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു قَوِىٌّ ശക്തനാണ്, ഊക്കനാണ് عَزِيزٌ പ്രതാപശാലിയാണ്

ഞാനും എന്റെ റസൂലുകളും തന്നെയാണ് വിജയിക്കുക എന്ന കാര്യം അല്ലാഹു മുമ്പേ നിശ്ചയിച്ചു രേഖപ്പെടുത്തി വെച്ചതാണ്. അതിൽ മാറ്റമില്ല എന്ന് സാരം. സൂ: സ്വാഫ്ഫാത്ത് 171 - 173 ഉം വിവരണവും നോക്കുക. പിശാചിന്റെ കക്ഷിയെക്കുറിച്ച് പ്രസ്താവിച്ചശേഷം, അല്ലാഹുവിന്റെ കക്ഷിയുടെ സ്വഭാവവും നേട്ടങ്ങളും വിവരിക്കുന്നു:-

لَّا تَجِدُ قَوْمًا يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ يُوَآدُّونَ مَنْ حَآدَّ ٱللَّهَ وَرَسُولَهُۥ وَلَوْ كَانُوٓا۟ ءَابَآءَهُمْ أَوْ أَبْنَآءَهُمْ أَوْ إِخْوَٰنَهُمْ أَوْ عَشِيرَتَهُمْ

《22》 അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത, അല്ലാഹുവിനോടും അവന്റെ റസൂലിനോടും മൽസരം കാണിക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നതായി നീ കണ്ടെത്തുകയില്ല; അവർ തങ്ങളുടെ പിതാക്കളോ പുത്രൻമാരോ, സഹോദരങ്ങളോ, ബന്ധുകുടുംബമോ ആയിരുന്നാലും ശരി.

أُو۟لَـٰٓئِكَ كَتَبَ فِى قُلُوبِهِمُ ٱلْإِيمَـٰنَ وَأَيَّدَهُم بِرُوحٍ مِّنْهُ

(അങ്ങനെയുള്ള) അക്കൂട്ടരുടെ ഹൃദയങ്ങളിൽ അവൻ സത്യവിശ്വാസം രേഖപ്പെടുത്തിവെച്ചിരിക്കുന്നു; അവന്റെ പക്കൽനിന്നുള്ള ഒരു ആത്മാവുകൊണ്ട് അവൻ അവരെ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

وَيُدْخِلُهُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا

താഴ്ഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളിൽ -അതിൽ നിത്യവാസികളായ നിലയിൽ- അവൻ അവരെ പ്രവേശിപ്പിക്കുകയും ചെയ്യും.

رَضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ

അല്ലാഹു അവരെക്കുറിച്ച് തൃപ്തിപ്പെട്ടിരിക്കുന്നു; അവർ അവനെക്കുറിച്ചും തൃപ്തിപ്പെട്ടിരിക്കുന്നു.

أُوْلَـٰٓئِكَ حِزْبُ ٱللَّهِۚ أَلَآ إِنَّ حِزْبَ ٱللَّهِ هُمُ ٱلْمُفْلِحُونَ ﴿٢٢﴾

അക്കൂട്ടർ, അല്ലാഹുവിന്റെ കക്ഷിയത്രെ. അല്ലാ(-അറിഞ്ഞേക്കുക;) നിശ്ചയമായും അല്ലാഹുവിന്റെ കക്ഷിതന്നെയാണ് വിജയികൾ.

﴾22﴿ لَّا تَجِدُ നീ കണ്ടെത്തുകയില്ല قَوْمًا ഒരു ജനതയെ يُؤْمِنُونَ വിശ്വസിക്കുന്ന بِٱللَّهِ അല്ലാഹുവിൽ وَٱلْيَوْمِ ٱلْـَٔاخِرِ അന്ത്യനാളിലും يُوَآدُّونَ അവർ സ്നേഹബന്ധം (താൽപര്യം) പുലർത്തുന്ന (കാണിക്കുന്ന)തായി مَنْ حَآدَّ മൽസരം കാണിക്കുന്നവരുമായി ٱللَّهَ وَرَسُولَهُۥ അല്ലാഹുവിനോടും അവന്റെ റസൂലിനോടും وَلَوْ كَانُوٓا۟ അവർ ആയിരുന്നാലും ءَابَآءَهُمْ തങ്ങളുടെ പിതാക്കൾ أَوْ أَبْنَآءَهُمْ അല്ലെങ്കിൽ തങ്ങളുടെ പുത്രൻമാർ أَوْ إِخْوَٰنَهُمْ അല്ലെങ്കിൽ തങ്ങളുടെ സഹോദരൻമാർ أَوْ عَشِيرَتَهُمْ അല്ലെങ്കിൽ തങ്ങളുടെ ബന്ധു (കുടുംബം) أُوْلَـٰٓئِكَ അക്കൂട്ടർ كَتَبَ അവൻ രേഖപ്പെടുത്തിയിരിക്കുന്നു فِى قُلُوبِهِمُ അവരുടെ ഹൃദയങ്ങളിൽ ٱلْإِيمَـٰنَ സത്യവിശ്വാസം وَأَيَّدَهُم അവരെ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു بِرُوحٍ ഒരു ആത്മാവ് (ജീവൻ) കൊണ്ട് مِّنْهُ അവന്റെ പക്കൽനിന്നുള്ള وَيُدْخِلُهُمْ അവൻ അവരെ പ്രവേശിപ്പിക്കയും ചെയ്യും جَنَّـٰتٍ ചില സ്വർഗങ്ങളിൽ تَجْرِى مِن تَحْتِهَا അതിന്റെ അടിയിൽകൂടി ഒഴുകുന്ന ٱلْأَنْهَـٰرُ അരുവികൾ خَـٰلِدِينَ فِيهَا അതിൽ നിത്യവാസികളായ നിലയിൽ رَضِىَ ٱللَّهُ അല്ലാഹു തൃപ്തി (പൊരുത്ത)പ്പെട്ടിരിക്കുന്നു عَنْهُمْ അവരെപ്പറ്റി وَرَضُوا۟ അവരും തൃപ്തിപ്പെട്ടു عَنْهُ അവനെപ്പറ്റി أُوْلَـٰٓئِكَ അക്കൂട്ടർ حِزْبُ ٱللَّهِ അല്ലാഹുവിന്റെ കക്ഷിയാണ് أَلَآ അല്ലാ (അറിഞ്ഞേക്കുക) إِنَّ നിശ്ചയമായും حِزْبَ ٱللَّهِ അല്ലാഹുവിന്റെ കക്ഷി هُمُ അവർ തന്നെ ٱلْمُفْلِحُونَ വിജയികൾ

അല്ലാഹുവിന്റെയും റസൂലിന്റെയും എതിർകക്ഷികളും, ശത്രുക്കളുമായി നിലകൊള്ളുന്നവരോട്- അവർ എത്ര അടുത്ത ബന്ധുക്കളായിരുന്നാലും ശരി- സ്നേഹബന്ധം പുലർത്തുവാൻ യഥാർത്ഥ സത്യവിശ്വാസികളായ ആളുകൾക്ക് സാധ്യമല്ല. ഇങ്ങനെയുള്ള വിശ്വാസികളുടെ വിശ്വാസമായിരിക്കും ഹൃദയത്തിൽ വേരുറച്ച അചഞ്ചലമായ വിശ്വാസം. അവർക്ക് അല്ലാഹുവിങ്കൽനിന്ന് ഒരു പ്രത്യേക ചൈതന്യവും ആത്മീയശക്തിയും ലഭിക്കുന്നതുമാകുന്നു. കപടവിശ്വാസികളെപ്പോലെ ഇവരുടെ വിശ്വാസം ഒരിക്കലും ആടിക്കളിക്കുകയോ, അന്യർക്ക് വഴങ്ങിക്കൊടുക്കുകയോ ചെയ്യുന്നതല്ല. പരീക്ഷണഘട്ടങ്ങളിൽ അത് പതറിപ്പോകുന്നതുമല്ല. അല്ലാഹുവിന്റെ കക്ഷിയുടെയും, പിശാചിന്റെ കക്ഷിയുടെയും വിശ്വാസങ്ങൾ തമ്മിലുള്ള വ്യത്യാസമാണത്.

നബി തിരുമേനി ﷺയെക്കുറിച്ച് പഴിവാക്കുകൾ പറയുന്നതുകേട്ട് സഹിക്കവയ്യാതെ ഒരിക്കൽ അബൂബക്ർ (റ) തന്റെ പിതാവായ അബൂകുഹാഫഃ (റ)യെ തട്ടിതള്ളുകയും അദ്ദേഹം മറിഞ്ഞുവീഴുകയും ഉണ്ടായി. അന്ന് അബൂകുഹാഫഃ (റ) വിശ്വസിച്ചിട്ടുണ്ടായിരുന്നില്ല. ബദ്ർ യുദ്ധത്തിൽ താനുമായി ഏറ്റുമുട്ടിയ സ്വപിതാവിനെ അബൂഉബൈദഃ (റ) കൊലപ്പെടുത്തുകയുണ്ടായി. ഇതെല്ലാം അവരുടെ ഹൃദയത്തിൽ കുടികൊണ്ടിരുന്ന വിശ്വാസശക്തിയുടെ ബഹിർഗമനമത്രെ. ബദ്ർ യുദ്ധത്തിൽ ചിറപിടിക്കപ്പെട്ടവരിൽ എന്ത് നടപടിയാണ് എടുക്കേണ്ടതെന്ന് നബി ﷺ സ്വഹാബികളുമായി ആലോചന നടത്തിയപ്പോൾ, അവരെ നിർദ്ദയം കൊല്ലണമെന്നായിരുന്നു ഉമർ (റ) അഭിപ്രായപ്പെട്ടത്. ഇതും അദ്ദേഹത്തിന്റെ അടിയുറച്ച സത്യവിശ്വാസത്തിന്റെ വികാരമായിരുന്നു. മാതാപിതാക്കൾ അവിശ്വാസികളായിരുന്നാൽ പോലും അവരോട് നല്ലനിലക്ക് സഹവസിക്കണമെന്നും, ശത്രുപക്ഷത്തുള്ളവരോട് നല്ല നിലയിൽ വർത്തിക്കണമെന്നും അല്ലാഹുവും റസൂലും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. ഇതും മേൽകണ്ടതുപോലുള്ള സംഭവങ്ങളും പരസ്പര വിരുദ്ധമല്ല, രണ്ടിന്റെയും സ്ഥാനം വ്യത്യസ്തമാണെന്ന് മാത്രം. അടുത്ത രണ്ടാമത്തെ അദ്ധ്യായമായ സൂ: മുംതഹനഃയിൽ ഇത് സംബന്ധിച്ച് കൂടുതൽ വിവരം കാണാവുന്നതാണ്. ان شاء الله

'അല്ലാഹു അവരെക്കുറിച്ചും, അവർ അല്ലാഹുവിനെക്കുറിച്ചും തൃപ്തിപ്പെട്ടിരിക്കുന്നു' എന്ന് പറഞ്ഞതിന്റെ താല്പര്യം ഇതാണ്: നിഷ്കളങ്കവും, അജയ്യവുമായ അവരുടെ വിശ്വാസശക്തിയും, തദടിസ്ഥാനത്തിലുള്ള അവരുടെ ജീവിതക്രമവും അല്ലാഹുവിന്റെ തൃപ്തിക്ക് അവരെ പാത്രമാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ വിധി വിലക്കുകളുടെ കാര്യത്തിലും, അവർക്ക് അല്ലാഹുവിൽനിന്ന് ലഭിക്കുന്ന വമ്പിച്ച പ്രതിഫലങ്ങളിലും അവരും തികച്ചും സംതൃപ്തരായിരിക്കും. والله أعلم

سورة الحشر

59. സൂറത്തുൽ ഹശ്ർ

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 24 - വിഭാഗം (റുകൂഉ്) 3

'അൽഹശ്ർ'(തുരത്തിവിടൽ അഥവാ നാടുകടത്തൽ) എന്ന പേരിൽ അറിയപ്പെടുന്ന ഈ അദ്ധ്യായത്തിലെ പ്രധാനവിഷയം 'ബനൂനദ്വീർ'എന്ന യഹൂദി ഗോത്രവും, അവരെ മദീനഃയിൽനിന്ന് നാടുകടത്തിവിട്ട സംഭവവുമാകുന്നു. അതുകൊണ്ട്- ഇമാം ബുഖാരീ (റ) രേഖപ്പെടുത്തിയതുപോലെ- ഈ സൂറത്തിന്-'സൂറത്തുന്നദ്വീർ' എന്നും ഇബ്നു അബ്ബാസ് (റ) പേര് പറഞ്ഞിരിക്കുന്നു.

മദീനാപരിസരങ്ങളിൽ വസിച്ചിരുന്ന രണ്ട് യഹൂദി ഗോത്രങ്ങളായിരുന്നു 'ക്വുറൈദ്വഃ'യും'നദ്വീറും'.ഇ ൗ രണ്ട് ഗോത്രങ്ങളുമായും നബിﷺ സമാധാന സഖ്യം സ്ഥാപിച്ചിരുന്നു. പക്ഷേ, വിശ്വാസവഞ്ചനയും, ചതിയും അവരുടെ പ്രകൃതിയായി മാറിയിരുന്നു. ഖൻദക്വ് യുദ്ധത്തിൽ മുസ്ലിംകൾക്കെതിരിൽ ക്വുറൈദ്വഃ ഗോത്രം ക്വുറൈശികളെ സഹായിച്ചു. അതിനെത്തുടർന്ന് നബിﷺഅവരുടെ നേർക്ക് പടയെടുക്കുകയുണ്ടായി. ഈ വിവരം സൂ: അഹ്സാബിൽ വിവരിക്കപ്പെട്ടിട്ടുണ്ടല്ലോ. നദ്വീർ ഗോത്രവും ഉടമ്പടിക്കെതിരായ പല വഞ്ചനകളും നടത്തി. അവരുടെ ഒരു നേതാവായിരുന്ന കഅ്ബുബ്നുൽ അശ്റഫ് (كعب بن الأشرف) ഒരു കവിയായിരുന്നു. അവൻ നബിﷺയെയും സത്യവിശ്വാസികളെയും പഴിച്ചുകൊണ്ട് കവിതകൾ രചിച്ചു പ്രചരിപ്പിക്കുകയും, അവർക്കെതിരായി ക്വുറൈശികളെ ഇളക്കി വിടുകയും ചെയ്തിരുന്നു. കഅ്ബിനെക്കൊണ്ട് പൊറുതിമുട്ടിയപ്പോൾ, നബിﷺ അവനെ ഉപായത്തിൽ കൊലപ്പെടുത്തുവാൻ ഏർപ്പാട് ചെയ്കയുണ്ടായി.

ഒരിക്കൽ നബി തിരുമേനിﷺയും ചില സ്വഹാബികളും കൂടി അവരുടെ വാസസ്ഥലത്ത് ചെന്നിരുന്ന അവസരത്തിൽ, ഒരു കെട്ടിടത്തിന്റെ മുകളിൽ വമ്പിച്ച ഒരു പാറക്കല്ലുമായി കാത്തിരുന്നു നബിﷺ താഴെ നടന്നുപോ

കുന്ന തക്കംനോക്കി തലയ്ക്കിടുവാൻ അവർ ഗൂഢമായി ശട്ടംകെട്ടി. അല്ലാഹു തിരുമേനിക്ക് ഈ വിവരം വഹ്‌യ് മൂലം അറിയിച്ചു. നബി തിരുമേനിﷺ അവരുടെ ചതിയിൽപെടാതെ രക്ഷപ്പെട്ടു. അനന്തരം തിരുമേനി ഒരു സൈന്യം തയ്യാറാക്കി. നദ്വീർ ഗോത്രത്തോട് മദീനഃ വിട്ടു പോയിക്കൊള്ളണമെന്ന് ആൾ മുഖേന അറിയിച്ചു. 'അതിനെക്കാൾ ഭേദം മരിക്കുകയാണ്' എന്നായിരുന്നു അവരുടെ മറുപടി. കപടവിശ്വാസികളുടെ നേതാവായിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യും അവന്റെ അനുയായികളും അവസരം പാഴാക്കിയില്ല. അവർ യഹൂദികളെ സമീപിച്ചു യുദ്ധത്തിന് പ്രേരിപ്പിച്ചു. 'നാടുവിട്ട് ഒരിക്കലും പോകരുത്; വേണ്ടിവന്നാൽ ഞങ്ങളും നിങ്ങളുടെകൂടെ പോന്നുകൊള്ളാം; മുസ്‌ലിംകൾക്കെതിരിൽ യുദ്ധം ചെയ്തു ഞങ്ങൾ നിങ്ങളെ സഹായിക്കും' എന്നെല്ലാം അവർ തട്ടിവിട്ടു. അങ്ങനെ യഹൂദികൾ തങ്ങളുടെ ശക്തമായ കോട്ടകൾക്കുള്ളിൽ അടച്ചിരുന്നു. നബിﷺയും സൈന്യവും ഇരുപത്തൊന്ന് ദിവസം കോട്ട ഉപരോധം ചെയ്തു. കോട്ടയിൽനിന്ന് വെളിക്കുവരുവാൻ അവരെ നിർബന്ധിതരാക്കുമാറ് കോട്ടക്ക് വെളിയിലുണ്ടായിരുന്ന അവരുടെ കുറെ ഈത്തപ്പനകൾ മുസ്‌ലിംകൾ മുറിച്ചുവീഴ്ത്തി. കപടവിശ്വാസികളുടെ ഭാഗത്തുനിന്ന് യാതൊരു സഹായവും അവർക്ക് ലഭിച്ചതുമില്ല. എല്ലാംകൂടി യഹൂദികൾക്ക് അല്ലാഹു ഭീതി ഉളവാക്കി. ഒടുക്കം അവർ സന്ധിക്കപേക്ഷിച്ചു. തിരുമേനി ആ അപേക്ഷ നിരസിക്കുകയും നാടുവിടുക തന്നെ വേണമെന്ന് നിർബന്ധിക്കുകയും ചെയ്തു.

ഓരോ മുമ്മൂന്ന് വീട്ടുകാർക്കും ഒരു ഒട്ടകപ്പുറത്ത് കൊണ്ടുപോകാവുന്ന വീട്ടുസാധനങ്ങൾ സഹിതം, യാതൊരു യുദ്ധസാമഗ്രികളും കൂടാതെ കടന്നുപോകണമെന്നായിരുന്നു നബിﷺയുടെ കൽപന. അങ്ങനെ കഴിയുന്നത്ര സാധനങ്ങൾ കൂടെ എടുത്തുകൊണ്ടും, മുസ്‌ലിംകൾക്ക് ലഭിക്കാതിരിക്കുവാനായി കഴിയുന്നിടത്തോളം സാധനങ്ങൾ സ്വന്തം കൈകളാൽ നശിപ്പിച്ചുകൊണ്ടും അവർ കൂട്ടത്തോടെ സ്ഥലംവിട്ടു. അവരിൽ രണ്ട് കുടുംബങ്ങളൊഴിച്ച് ബാക്കിയുള്ളവർ ശാമിലേക്ക് (സിരിയയിലേക്ക്) നീങ്ങി. അരീഹാ, അദ്‌രിആത്ത് (اريحا ، اذرعات) എന്നിവിടങ്ങളിൽ താമസമാക്കി. രണ്ട് കുടുംബങ്ങളിൽ ഒന്ന് ഖൈബറിലേക്കും, മറ്റേത് ഹീറഃയിലേക്കുമാണ് മാറിത്താമസിച്ചത്. അമ്പത് പടഅങ്കികളും, അമ്പത് പടത്തൊപ്പികളും അടങ്ങുന്ന കുറെ യുദ്ധസാമഗ്രികളും, അവർ വിട്ടേച്ചുപോയ മറ്റ് സ്വത്തുക്കളും നബിﷺക്ക് അധീനമാകുകയും ചെയ്തു. കൂടുതൽ വിവരം സൂറത്തിൽവെച്ച് കാണാവുന്നതാണ്.

'തസ്ബീഹി'ന്റെ വാചകംകൊണ്ട് ആരംഭിക്കുന്ന രണ്ടാമത്തെ സൂറത്താണിത്. ഒന്നാമത്തെതായ സൂറത്തുൽഹദീദിന്റെ ആരംഭത്തിൽ പ്രസ്താവിച്ച കാര്യങ്ങൾ ഇവിടെയും, ഇതുപോലെ താഴെ വരുന്ന സൂറത്തുകളിലും സ്മരണീയമത്രെ. എല്ലാ സ്തോത്രകീർത്തനങ്ങൾക്കും അല്ലാഹുവിനുള്ള അർഹതയെ ഉദാഹരിക്കുന്നതായിരിക്കും തുടർന്നുള്ള ആയത്തുകളിലെ പ്രതിപാദ്യവിഷയങ്ങളെന്ന് കാണാവുന്നതാണ്.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

سَبَّحَ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي
ٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿١﴾

﴾1﴿ ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം തന്നെ) അല്ലാഹുവിന് സ്തോത്ര കീർത്തനം ചെയ്യുന്നു. അവൻ അഗാധജ്ഞനായ പ്രതാപശാലിയായുള്ളവനത്രെ.

هُوَ ٱلَّذِيٓ أَخْرَجَ ٱلَّذِينَ كَفَرُواْ مِنْ
أَهْلِ ٱلْكِتَٰبِ مِن دِيَٰرِهِمْ لِأَوَّلِ
ٱلْحَشْرِ

﴾2﴿ വേദക്കാരിൽ നിന്ന് അവിശ്വസിച്ചവരെ ഒന്നാമത്തെ തുരത്തലിൽ തങ്ങളുടെ വാസസ്ഥലങ്ങളിൽനിന്ന് പുറത്താക്കിയവനാണ് അവൻ.

مَا ظَنَنتُمْ أَن يَخْرُجُواْ ۖ وَظَنُّوٓاْ أَنَّهُم
مَّانِعَتُهُمْ حُصُونُهُم مِّنَ ٱللَّهِ فَأَتَىٰهُمُ
ٱللَّهُ مِنْ حَيْثُ لَمْ يَحْتَسِبُواْ ۖ وَقَذَفَ
فِي قُلُوبِهِمُ ٱلرُّعْبَ

അവർ പുറത്തുപോകുമെന്ന് നിങ്ങൾ ധരിച്ചില്ല. തങ്ങളുടെ കോട്ടകൾ തങ്ങളെ അല്ലാഹുവിൽനിന്ന് (തടുത്തു) രക്ഷിക്കുന്നവയാണെന്ന് അവർ ധരിക്കയും ചെയ്തു. എന്നാൽ, അവർ കണക്കാക്കാത്ത വിധത്തിൽകൂടി അല്ലാഹു അവരുടെ അടുക്കൽ ചെന്നു; അവരുടെ ഹൃദയങ്ങളിൽ അവൻ ഭീതി ഇട്ടേക്കുകയും ചെയ്തു.

يُخْرِبُونَ بُيُوتَهُم بِأَيْدِيهِمْ وَأَيْدِي
ٱلْمُؤْمِنِينَ فَٱعْتَبِرُواْ يَٰٓأُوْلِي
ٱلْأَبْصَٰرِ ﴿٢﴾

തങ്ങളുടെ വീടുകളെ അവർ, തങ്ങളുടെ കൈകളാൽ നശിപ്പിച്ചിരുന്നു; സത്യവിശ്വാസികളുടെ കൈകളാലും (നശിപ്പിച്ചിരുന്നു). അപ്പോൾ- കാഴ്ചയുള്ള ആളുകളേ- നിങ്ങൾ ഉറ്റാലോചിച്ചു നോക്കുവിൻ!

﴾1﴿ سَبَّحَ لِلَّهِ അല്ലാഹുവിന് സ്തോത്രകീർത്തനം ചെയ്യുന്നു مَا فِي ٱلسَّمَٰوَٰتِ ആകാശത്തിലുള്ളവ وَمَا فِي ٱلْأَرْضِ ۖ ഭൂമിയിലുള്ളവയും وَهُوَ ٱلْعَزِيزُ അവൻ പ്രതാപശാലിയത്രെ ٱلْحَكِيمُ അഗാധജ്ഞനായ, യുക്തിമാനായ ﴾2﴿ هُوَ അവൻ ٱلَّذِيٓ أَخْرَجَ പുറ

ത്താക്കിയവനാണ് ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവരെ مِنْ أَهْلِ ٱلْكِتَـٰبِ വേദക്കാരിൽ നിന്ന് مِن دِيَـٰرِهِمْ അവരുടെ വാസസ്ഥലങ്ങളിൽ നിന്ന് لِأَوَّلِ ٱلْحَشْرِ ഒന്നാമത്തെ തുരത്ത ലിൽ, നാടുകടത്തലിനുവേണ്ടി مَا ظَنَنتُمْ നിങ്ങൾ ധരിച്ചില്ല أَن يَخْرُجُوا۟ അവർ പുറ ത്തുപോകുമെന്ന് وَظَنُّوٓا۟ അവർ ധരിക്കയും ചെയ്തു أَنَّهُم നിശ്ചയമായും അവരാ ണെന്ന് مَّانِعَتُهُمْ അവരെ തടയുന്ന (രക്ഷിക്കുന്ന)താണെന്ന് حُصُونُهُم അവരുടെ കോട്ടകൾ مِّنَ ٱللَّهِ അല്ലാഹുവിൽ നിന്ന് فَأَتَىٰهُمُ ٱللَّهُ എന്നാൽ അല്ലാഹു അവരുടെ അടുക്കൽ ചെന്നു مِنْ حَيْثُ വിധത്തിൽ കൂടി, വിധേന لَمْ يَحْتَسِبُوا۟ അവർ വിചാരി ക്കാത്ത, കണക്കാക്കാത്ത وَقَذَفَ അവൻ ഇടുകയും ചെയ്തു فِى قُلُوبِهِمُ അവരുടെ ഹൃദയങ്ങളിൽ ٱلرُّعْبَ ഭീതി, പേടി يُخْرِبُونَ അവർ കേടുവരുത്തി (നാശപ്പെടുത്തി, ശൂന്യമാക്കി)യിരുന്നു بُيُوتَهُم തങ്ങളുടെ വീടുകളെ بِأَيْدِيهِمْ തങ്ങളുടെ കൈകളാൽ وَأَيْدِى ٱلْمُؤْمِنِينَ സത്യവിശ്വാസികളുടെ കൈകളാലും فَٱعْتَبِرُوا۟ അപ്പോൾ (അതിനാൽ) ഉറ്റാലോചിക്കുവിൻ, ചിന്തിക്കുവിൻ يَـٰٓأُو۟لِى ٱلْأَبْصَـٰرِ കാഴ്ചകൾ (കണ്ണുകൾ) ഉള്ളവരേ

മുമ്പ് പറഞ്ഞതുപോലെ, നദ്വീർ ഗോത്രക്കാരായ യഹൂദികളെ നാടുകട ത്തിയ സംഭവത്തെക്കുറിച്ചാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. ഒന്നാമത്തെ തുരത്തിവിടൽ (أوَّل الحَشْر) എന്ന് പറഞ്ഞതിൽനിന്ന് അവരെ തുരത്തിവിടുന്ന സംഭവം ഇതുകൂടാതെ വേറെയും ഉണ്ടാകുമെന്ന് ധ്വനിക്കുന്നുവല്ലോ. അതെ, അവരുടെ അക്ര മപ്രവർത്തനങ്ങൾ വീണ്ടും അവർ തുടർന്ന് വന്നതുകൊണ്ട് ഉമർ (റ)ന്റെ ഖിലാഫ ത്തുകാലത്ത് ഖൈബറിൽനിന്ന് രണ്ടാമതും അവർ പുറത്താക്കപ്പെടുകയുണ്ടായി.

തങ്ങളുടെ ശക്തമായ കോട്ടകളിൽ അടച്ചിരുന്നാൽ മുസ്‌ലിംകൾക്ക് അവരെ പുറത്തിറക്കുവാൻ സാധ്യമല്ലെന്ന് അവർ കരുതി. സാധാരണനിലക്ക് നോക്കുമ്പോൾ, അവർ സ്വയം പുറത്തിറങ്ങുമെന്ന് വിചാരിക്കുവാൻ മുസ്‌ലിംകൾക്കും വഴിയുണ്ടായിരുന്നില്ല. പക്ഷേ, അല്ലാഹു അവരുടെ മനസ്സിൽ ഭീതിനിറച്ചു. തങ്ങൾ ഒഴിച്ചു പോകേണ്ടിവരുമെന്ന് കണ്ടപ്പോൾ, മുസ്‌ലിംകൾക്ക് ഒഴിഞ്ഞു കൊടുക്കേണ്ടിയിരിക്കുന്ന തങ്ങളുടെ വസ്തുക്കൾ കഴിവതും നഷ്ട പ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെ, അവരുടെ വീടുകൾ അവരുടെ കരങ്ങൾകൊ ണ്ടുതന്നെ അവർനശിപ്പിച്ചിരുന്നു. അവർ വെളിക്കുവരാൻ നിർബന്ധിതരാകേണ്ട തിനുവേണ്ടി മുസ്‌ലിംകളും കുറെ നശിപ്പിച്ചിരുന്നു. അതാണ് അല്ലാഹു ഈ വച നത്തിൽ ചൂണ്ടിക്കാണിച്ചത്. കേവലം എതിർവശത്തുള്ള പട്ടാളശക്തിയോ, ആയു ധബലമോ കൊണ്ടല്ല ഇത്രയും ദയനീയ നിലയിൽ അവർ എത്തിച്ചേർന്നതെന്ന് വ്യക്തമാണ്. എന്നിരിക്കെ, കാഴ്ചയും മനസ്സാക്ഷിയുമുള്ളവർക്കെല്ലാം ഇതിൽ ചിന്തിക്കുവാനും പാഠങ്ങൾ മനസ്സിലാക്കുവാനും വകയില്ലേ?! തീർച്ചയായും ഉണ്ട്. അറേബ്യയിൽ പ്രത്യക്ഷപ്പെടുമെന്ന് പല പ്രവാചകൻമാരാലും പ്രവചനം ചെയ്യ പ്പെട്ടിരുന്ന പ്രവാചകന്റെ വരവും പ്രതീക്ഷിച്ചുകൊണ്ട് ശതക്കണക്കായ വർഷ

ങ്ങളായി യഥ്രിബിൽ (മദീനഃയിൽ) വന്ന് കുടിയേറിപ്പാർത്തിരുന്നവരാണ് അവിടത്തെ യഹൂദികൾ. പക്ഷേ, ആ പ്രവാചകൻ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞപ്പോൾ, അദ്ദേഹം തങ്ങളുടെ വർഗത്തിൽ- ഇസ്റാഈല്യരിൽ- പെട്ട ആളല്ലാത്തതിനാലും, ചിരകാലമായി തങ്ങളിൽ മൂടുറച്ചു കഴിഞ്ഞ പല ദുഷിച്ച പാരമ്പര്യങ്ങളെയും അദ്ദേഹം അനുകൂലിക്കാത്തതിനാലും അദ്ദേഹത്തോട് അവർ അസൂയയും ശത്രുതയും വെച്ചുപുലർത്തുകയാണ് ചെയ്തത്. മൂസാ നബി (അ)യുടെ കാലം മുതൽ ഇതുവരേക്കുമുള്ള അവരുടെ ചരിത്രവും സമ്പ്രദായങ്ങളും നോക്കുമ്പോൾ, അവരവിടെ നിവസിക്കുന്ന കാലത്തോളം ഇസ്ലാമിന് അവിടെ സ്വൈരവിഹാരം കൊള്ളുവാൻ നിവൃത്തിയില്ല എന്ന് അല്ലാഹുവിന് അറിയാം. അതുകൊണ്ട് അവരെ അവിടെ നിന്ന് തുരത്തിവിടുവാൻ അല്ലാഹു നിശ്ചയിച്ചിരിക്കുകയാണ്. അത് നടപ്പിൽ വരുത്തുകയാണത്രെ ഇപ്പോൾ ചെയ്തത്. ഇസ്ലാമിന്റെ മറ്റ് ശത്രുക്കളോട് കാണിക്കപ്പെട്ടിട്ടില്ലാത്ത കർശനം ഇവരുടെ കാര്യത്തിൽ സ്വീകരിക്കുവാൻ അതാണ് കാരണം. അല്ലാഹു പറയുന്നു;-

وَلَوۡلَآ أَن كَتَبَ ٱللَّهُ عَلَيۡهِمُ ٱلۡجَلَآءَ لَعَذَّبَهُمۡ فِي ٱلدُّنۡيَاۖ وَلَهُمۡ فِي ٱلۡأٓخِرَةِ عَذَابُ ٱلنَّارِ ﴿٣﴾

(3) (ഈ) നാടുകടന്നുപോകൽ അവരുടെ മേൽ അല്ലാഹു (വിധിച്ച്) രേഖപ്പെടുത്തലുണ്ടായിരുന്നില്ലെങ്കിലും, ഇഹത്തിൽ വെച്ച് അവരെ അവൻ (മറ്റുവിധേന) ശിക്ഷിക്കുക തന്നെ ചെയ്യുമായിരുന്നു. പരലോകത്തിൽ നരകശിക്ഷയും അവർക്കുണ്ട്.

ذَٰلِكَ بِأَنَّهُمۡ شَآقُّواْ ٱللَّهَ وَرَسُولَهُۥۖ وَمَن يُشَآقِّ ٱللَّهَ فَإِنَّ ٱللَّهَ شَدِيدُ ٱلۡعِقَابِ ﴿٤﴾

(4) അത് അല്ലാഹുവിനോടും, അവന്റെ റസൂലിനോടും അവർ കക്ഷിപിടി(ച്ചു മൽസരി)ച്ചതുകൊണ്ടാകുന്നു. അല്ലാഹുവിനോട് ആരെങ്കിലും കക്ഷിപിടി(ച്ചു മൽസരി)ക്കുന്നതായാൽ, നിശ്ചയമായും അല്ലാഹു കഠിനമായി ശിക്ഷാനടപടിയെടുക്കുന്നവനാണ്.

مَا قَطَعۡتُم مِّن لِّينَةٍ أَوۡ تَرَكۡتُمُوهَا قَآئِمَةً عَلَىٰٓ أُصُولِهَا فَبِإِذۡنِ ٱللَّهِ وَلِيُخۡزِيَ ٱلۡفَٰسِقِينَ ﴿٥﴾

(5) (സത്യവിശ്വാസികളേ) നിങ്ങൾ ഈത്തപ്പനയിൽ നിന്ന് (വല്ലതും) മുറിക്കുകയോ, അല്ലെങ്കിൽ അവയെ അവയുടെ മുരടുകളിൽ നിലകൊള്ളുന്നതായി വിട്ടേക്കുകയോ ചെയ്തിട്ടുള്ളത് അല്ലാഹുവിന്റെ സമ്മതപ്രകാരമാകുന്നു; (ആ) തോന്നിയവാസികളെ അപമാനപ്പെടുത്തുവാൻ വേണ്ടിയും ആകുന്നു.

﴾3﴿ وَلَوْلَآ ഇല്ലെങ്കിലും, ഇല്ലാതിരുന്നാലും أَن كَتَبَ എഴുതിവെക്കൽ, രേഖപ്പെടുത്തൽ, നിയമിക്കൽ ٱللَّهُ അല്ലാഹു عَلَيْهِمُ അവരുടെ മേൽ ٱلْجَلَآءَ നാടുവിടൽ, വെളിക്കുപോകൽ, കടന്നുപോക്ക് لَعَذَّبَهُمْ അവരെ ശിക്ഷിക്കുക തന്നെ ചെയ്യുമായിരുന്നു فِى ٱلدُّنْيَا ഇഹത്തിൽ وَلَهُمْ അവർക്കുണ്ട് താനും فِى ٱلْـَٔاخِرَةِ പരലോകത്തിൽ عَذَابُ ٱلنَّارِ നരകശിക്ഷ ﴾4﴿ ذَٰلِكَ അത് بِأَنَّهُمْ شَآقُّوا۟ അവർ ചേരിതിരിഞ്ഞത് (കക്ഷിപിടിച്ചത്-മൽസരിച്ചത്)കൊണ്ടാണ് ٱللَّهَ അല്ലാഹുവിനോട് وَرَسُولَهُۥ അവന്റെ റസൂലിനോടും وَمَن يُشَآقِّ ٱللَّهَ അല്ലാഹുവിനോട് ആരെങ്കിലും ചേരി (കക്ഷി) പിടിക്കുന്നതായാൽ فَإِنَّ ٱللَّهَ എന്നാൽ തീർച്ചയായും അല്ലാഹു شَدِيدُ ٱلْعِقَابِ പ്രതികാരം (ശിക്ഷാനടപടി) കഠിനമായവനാണ് ﴾5﴿ مَا قَطَعْتُم നിങ്ങൾ മുറിച്ചത്, നിങ്ങൾ മുറിച്ചാൽ مِّن لِّينَةٍ വല്ല ഈത്തപ്പനയും أَوْ تَرَكْتُمُوهَا അല്ലെങ്കിൽ നിങ്ങളതിനെ വിട്ടേച്ചാലും قَآئِمَةً നിൽക്കുന്ന നിലയിൽ, നിലകൊള്ളുന്നതായി عَلَىٰٓ أُصُولِهَا അവയുടെ മുരടുകളിൻമേൽ فَبِإِذْنِ ٱللَّهِ എന്നാലത് അല്ലാഹുവിന്റെ സമ്മതപ്രകാരമാണ് وَلِيُخْزِىَ അപമാനപ്പെടുത്തുവാനും, വഷളാക്കുവാനും ٱلْفَٰسِقِينَ തോന്നിയവാസികളെ, ദുർജ്ജനങ്ങളെ

ആ യഹൂദികളുടെ കോട്ട ഉപരോധം ചെയ്തിരുന്നപ്പോൾ, വെളിയിലുള്ള അവരുടെ ഈത്തപ്പനകൾ കുറെമുറിച്ച് നശിപ്പിക്കുവാൻ നബിﷺ കൽപിക്കുകയുണ്ടായി. ഇത് സാധാരണനിലക്ക് ഒരു നല്ല വഴക്കമല്ലല്ലോ. ശത്രുക്കളുടെ മരങ്ങൾ മുറിച്ച് നശിപ്പിക്കുക, കന്നുകാലികളെ കൊന്ന് നശിപ്പിക്കുക മുതലായ കാര്യങ്ങൾ നബിﷺ വിരോധിക്കാറുള്ളതുമാണ്. യഹൂദികൾ ഇതിനെപ്പറ്റി അപലപിക്കുകയും ചെയ്തു. ആകയാൽ, മുസ്ലിംകളിൽ തന്നെ ചിലർക്ക് അസുഖം തോന്നുകയുണ്ടായി. മുറിക്കുന്നത് വിരോധമില്ലെങ്കിൽ എന്തുകൊണ്ട് മുഴുവൻ നശിപ്പിച്ചുകൂടാ എന്നും ചിലർക്ക് തോന്നിയതായി പറയപ്പെടുന്നു. ആ പ്രത്യേക പരിതഃസ്ഥിതിയിൽ അത് ആവശ്യമായിരുന്നുവെന്നും, അതിന് അല്ലാഹു നബിﷺക്ക് സമ്മതം കൊടുത്തിട്ടുണ്ടെന്നും അല്ലാഹു വ്യക്തമാക്കുന്നു. യഹൂദികളെ അപമാനപ്പെടുത്തുകയും അവരെ കോട്ടയിൽ നിന്ന് പുറത്തുവന്നു കീഴൊതുങ്ങുവാൻ പ്രേരിപ്പിക്കുകയുമാണല്ലോ അതിന്റെ ലക്ഷ്യം.

وَمَآ أَفَآءَ ٱللَّهُ عَلَىٰ رَسُولِهِۦ مِنْهُمْ فَمَآ أَوْجَفْتُمْ عَلَيْهِ مِنْ خَيْلٍ وَلَا رِكَابٍ

﴾6﴿ അവരിൽനിന്ന് അല്ലാഹു തന്റെ റസൂലിന് കൈവരുത്തി (ഫൈഅ്ആക്കി)ക്കൊടുത്തത് എന്തോ (അത്), അതിനായി നിങ്ങൾ കുതിരകളെയോ, (ഒട്ടക) വാഹനങ്ങളോ ഓട്ടുകയുണ്ടായിട്ടില്ല.

وَلَـٰكِنَّ ٱللَّهَ يُسَلِّطُ رُسُلَهُۥ عَلَىٰ مَن يَشَآءُ ۚ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٦﴾

എങ്കിലും, അല്ലാഹു ഉദ്ദേശിക്കുന്നവരുടെമേൽ അവൻ തന്റെ റസൂലുകളെ അധികാരപ്പെടുത്തുന്നു. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്.

﴾6﴿ وَمَآ أَفَآءَ മടക്കിയെടുത്തുകൊടുത്തത്, കൈവരുത്തി കൊടുത്തത്, ഫൈആക്കിയത് ٱللَّهُ അല്ലാഹു عَلَىٰ رَسُولِهِۦ തന്റെ റസൂലിന് مِنْهُمْ അവരിൽനിന്ന് فَمَآ أَوْجَفْتُمْ നിങ്ങൾ ഓട്ടിയിട്ടില്ല, ഓടിച്ചിട്ടില്ല عَلَيْهِ അതിന്, അതിന്റെ പേരിൽ مِنْ خَيْلٍ കുതിരകളിൽനിന്ന് وَلَا رِكَابٍ വാഹനങ്ങളിൽ (ഒട്ടകങ്ങളിൽ) നിന്നുമില്ല وَلَـٰكِنَّ ٱللَّهَ എങ്കിലും അല്ലാഹു يُسَلِّطُ അവൻ അധികാരപ്പെടുത്തുന്നു رُسُلَهُۥ അവന്റെ റസൂലുകളെ عَلَىٰ مَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവരുടെമേൽ وَٱللَّهُ അല്ലാഹു عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിന്നും قَدِيرٌ കഴിയുന്നവനാണ്

ബനൂനദ്വീർ ഒഴിച്ചുപോയപ്പോൾ വിട്ടേച്ചുപോയ സ്വത്തുക്കളെക്കുറിച്ചാണ് പറയുന്നത്. ഇതും ഗനീമത്തു(غَنِيمَة) സ്വത്തുക്കളും തമ്മിൽ വ്യത്യാസമുണ്ട്. കുതിരപ്പടയും ഒട്ടകപ്പടയും ഇതിനായി ഓട്ടേണ്ടിവന്നിട്ടില്ല. അഥവാ ശത്രുക്കളുമായി ഏറ്റുമുട്ടലും, പടവെട്ടലും കൂടാതെ അല്ലാഹു അവന്റെ റസൂലിന് കൈവരുത്തിക്കൊടുത്തതാണ് ഈ സ്വത്ത്. ഗനീമത്തുകൾ ലഭിക്കുന്നത് യുദ്ധം നിമിത്തമായതുകൊണ്ട് അത് പടയാളികൾക്കിടയിൽ ഭാഗിക്കപ്പെടുന്നു. ഇത് പടയാളികൾക്കിടയിൽ ഭാഗിക്കപ്പെടേണ്ടതില്ല. ഇത് നബിﷺയുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാനുള്ളതാണ് എന്ന് സാരം. ഇങ്ങനെ ലഭിക്കുന്ന സ്വത്തുക്കൾ 'ഫൈഉ്' (الْفَيْئُ) എന്നപേരിൽ അറിയപ്പെടുന്നു. 'ഫൈഉ്' സ്വത്തുക്കളിൽനിന്ന് നല്കപ്പെടേണ്ടവർ ആരൊക്കെയാണെന്ന് അടുത്ത വചനത്തിൽ പ്രസ്താവിക്കുന്നു;

مَّآ أَفَآءَ ٱللَّهُ عَلَىٰ رَسُولِهِۦ مِنْ أَهْلِ ٱلْقُرَىٰ فَلِلَّهِ وَلِلرَّسُولِ وَلِذِى ٱلْقُرْبَىٰ وَٱلْيَتَـٰمَىٰ وَٱلْمَسَـٰكِينِ وَٱبْنِ ٱلسَّبِيلِ

﴾7﴿ (എന്നുവെച്ചാൽ) അല്ലാഹു അവന്റെ റസൂലിന് രാജ്യക്കാരിൽനിന്ന് കൈവരുത്തി (ഫൈആക്കി)ക്കൊടുത്തതെന്തോ (അത്), അല്ലാഹുവിനും, റസൂലിനും, അടുത്ത കുടുംബങ്ങൾ, അനാഥകൾ, സാധുക്കൾ, വഴിപോക്കർ എന്നിവർക്കും ഉള്ളതാകുന്നു;-

كَيْ لَا يَكُونَ دُولَةًۢ بَيْنَ ٱلْأَغْنِيَآءِ مِنكُمْ ۚ وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا نَهَىٰكُمْ عَنْهُ فَٱنتَهُوا۟ ۚ وَٱتَّقُوا۟ ٱللَّهَ ۖ إِنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ۝٧

നിങ്ങളിൽ നിന്നുള്ള ധനികൻമാർക്കിടയിൽ കൈമാറപ്പെടുന്നതാകാതിരിക്കുവാൻ വേണ്ടിയത്രെ (അത്). റസൂൽ നിങ്ങൾക്ക് (കൊണ്ട്) തന്നതെന്തോ അത് നിങ്ങൾ സ്വീകരിച്ചുകൊള്ളുക. അദ്ദേഹം നിങ്ങളോട് എന്തിനെക്കുറിച്ചു വിരോധിച്ചുവോ (അതിൽനിന്ന്) വിരമിക്കുകയും ചെയ്യുക.

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു ശിക്ഷാനടപടി കഠിനമായവനാകുന്നു.

﴾7﴿ مَّآ أَفَآءَ ٱللَّهُ അല്ലാഹു 'ഫൈഉ്ആക്കി' (കൈവരുത്തി)ക്കൊടുത്തത് എന്തോ عَلَىٰ رَسُولِهِۦ തന്റെ റസൂലിന് مِنْ أَهْلِ ٱلْقُرَىٰ രാജ്യക്കാരിൽ (നാട്ടുകാരിൽ)നിന്ന് فَلِلَّهِ (അത്) അല്ലാഹുവിനാണ് وَلِلرَّسُولِ റസൂലിനും وَلِذِى ٱلْقُرْبَىٰ അടുത്ത കുടുംബത്തിനും وَٱلْيَتَـٰمَىٰ അനാഥകൾക്കും وَٱلْمَسَـٰكِينِ സാധുക്കൾക്കും وَٱبْنِ ٱلسَّبِيلِ വഴിപോക്കനും كَيْ لَا يَكُونَ അതാവാതിരിക്കുന്നതിനുവേണ്ടി دُولَةًۢ ഉപയോഗിക്ക(കൈമാറ്റം ചെയ്യ)പ്പെടുന്നത് بَيْنَ ٱلْأَغْنِيَآءِ ധനികൻമാർക്കിടയിൽ مِنكُمْ നിങ്ങളിൽനിന്ന് وَمَآ ءَاتَىٰكُمُ നിങ്ങൾക്ക് എന്ത് നൽകിയോ, കൊണ്ടുതന്നുവോ ٱلرَّسُولُ റസൂൽ فَخُذُوهُ അത് നിങ്ങൾ സ്വീകരിക്കുവിൻ وَمَا نَهَىٰكُمْ عَنْهُ അദ്ദേഹം നിങ്ങളോട് ഏതൊന്നിനെക്കുറിച്ച് വിരോധിച്ചുവോ, വിലക്കിയോ فَٱنتَهُوا۟ അപ്പോൾ നിങ്ങൾ വിരമിക്കുവിൻ وَٱتَّقُوا۟ ٱللَّهَ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു شَدِيدُ ٱلْعِقَابِ പ്രതികാര (ശിക്ഷ) നടപടികഠിനമായവനാണ്

ബനൂനദ്വീറിൽനിന്ന് അല്ലാഹു റസൂൽ തിരുമേനിﷺക്ക് കൈവരുത്തിക്കൊടുത്തപോലെ, എനി മേലിലും വല്ല നാട്ടുകാരിൽനിന്നും ലഭിച്ചേക്കുന്ന എല്ലാ ഫൈഉകളും റസൂലിനും, അവിടുത്തെ അടുത്ത കുടുംബം, അനാഥകൾ, സാധുക്കൾ, വഴിപോക്കർ (നിരാലംബരായ യാത്രക്കാർ) എന്നിവർക്കും ഉള്ളതാണ്. അല്ലാഹുവിനും(لِلَّهِ) എന്ന് പറഞ്ഞതിന്റെ താൽപര്യം അല്ലാഹുവിനും ഒരു ഓഹരി വേണമെന്നല്ല. യഥാർത്ഥത്തിൽ ആ സ്വത്ത് അല്ലാഹുവിന്റെതാണ്, അതുകൊണ്ട് അവൻ നിയമിക്കുന്നപ്രകാരം കൈകാര്യം ചെയ്യേണ്ടതാണ് എന്ന സൂചനയത്രെ അതിൽ അടങ്ങിയിരിക്കുന്നത്.'അല്ലാഹുവിനും'എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, മേൽ പ്രസ്താവിച്ച അഞ്ചുകൂട്ടർക്ക് നൽകപ്പെടുന്നതിനുപുറമെ ആറാ

മതൊരു ഭാഗം കൂടി പ്രത്യേകം നീക്കിവെക്കേണ്ടതുണ്ടെന്നും, ആ ഓഹരി- അല്ലാഹുവിന്റെ ഓഹരി- പൊതുവിഷയത്തിൽ ചിലവാക്കുവാനുള്ളതാണെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ, പല തെളിവുകളുടെയും പിൻബലമുള്ളതും, പൊതുവിൽ അംഗീകരിക്കപ്പെട്ടുവരുന്നതും ആദ്യം പറഞ്ഞതാണ്.

'ഗനീമത്ത്സ്വത്തുക്കൾ' അഞ്ച് ഭാഗമായി ഭാഗിക്കപ്പെടുന്നതും, അതിൽ നാലുഭാഗവും യുദ്ധത്തിൽ പങ്കെടുത്തവർക്ക് വീതിച്ചുകൊടുക്കപ്പെടുന്നതുമാണ്. ബാക്കിയുള്ള അഞ്ചിലൊന്ന് മാത്രമായിരിക്കും മേൽപ്രസ്താവിച്ച അഞ്ചുകൂട്ടർക്ക്- റസൂലിനും, കുടുംബത്തിനും, അനാഥകൾക്കും, സാധുക്കൾക്കും വഴിപോക്കർക്കുംകൂടി -നൽകപ്പെടുക. 'ഫൈഉ്'സ്വത്തുക്കളാകട്ടെ, ആ അഞ്ചുകൂട്ടർക്ക് മാത്രമുള്ളതാണ്. നദ്വീർ ഗോത്രത്തിൽനിന്ന് ലഭിച്ച 'ഫൈഉ്' സ്വത്തുക്കളിൽനിന്ന് നബിﷺഅവിടുത്തെ വീട്ടുകാരുടെ ഒരു കൊല്ലത്തെ ഭക്ഷണത്തിനുള്ള വക എടുത്തു വിനിയോഗിക്കുകയും, യുദ്ധസാമഗ്രികൾക്കുവേണ്ടി ചിലവഴിക്കുകയും ചെയ്തിരുന്നു. (ബു. മു.) 'അടുത്ത കുടുംബം' കൊണ്ടുദ്ദേശ്യം സകാത്തിന്റെ ഇനത്തിൽനിന്ന് അംശം നൽകപ്പെടാത്ത നബിﷺയുടെ അടുത്ത ബന്ധുക്കളത്രെ. ഈ ദാനധർമങ്ങൾ ജനങ്ങളുടെ അഴുക്കുകൾ മാത്രമാണ്.'അത് മുഹമ്മദിനും, മുഹമ്മദിന്റെ കുടുംബത്തിനും അനുവദനീയമല്ല'.എന്ന് തിരുമേനി അരുളിച്ചെയ്തിട്ടുണ്ട്. (ബു; മു.) അതുകൊണ്ട് അവർക്ക് ഫൈഇൽ പ്രത്യേകം അവകാശം നിശ്ചയിക്കപ്പെട്ടിരിക്കുകയാണ്. നബിﷺയുടെ കാലശേഷം അവിടുത്തെ എല്ലാ സ്വത്തുക്കളുമെന്നപോലെ, ഫൈഇന്റെ അവകാശവും പൊതു ഭണ്ഡാരത്തിലേക്ക് (ബൈത്തുൽ മാലിലേക്ക്) നീങ്ങുന്നതാകുന്നു. 'ഞങ്ങൾ- നബിമാർ- അനന്തരാവകാശം എടുക്കപ്പെടുന്നവരല്ല. ഞങ്ങൾ വിട്ടുപോകുന്നതെല്ലാം ധർമമാകുന്നു' എന്നും നബിﷺയുടെ ഒരു ഹദീഥിൽ വന്നിരിക്കുന്നു. (ദാ) അബൂബക്ർ (റ)ന്റെ ഖിലാഫത്തുകാലത്ത് ഈ നിയമം നടപ്പിൽ വരുത്തപ്പെടുകയും ഉണ്ടായി.

'ഫൈഉ്' സ്വത്തുക്കൾ നബിﷺക്കും തുടർന്നു പറഞ്ഞ നാല് കൂട്ടർക്കുമുള്ളതാണെന്നും, മറ്റുള്ളവർക്ക് അതിൽ അവകാശമില്ലെന്നും നിശ്ചയിച്ചതിന് അല്ലാഹു എടുത്തുകാണിച്ച കാരണം വളരെ പ്രധാനപ്പെട്ട ഒരു ഇസ്‌ലാമിക സിദ്ധാന്തത്തെയാണ് വ്യക്തമാക്കുന്നത്. അതെ, ധനം ധനികൻമാരുടെ ഇടയിൽ മാത്രം കൈമാറപ്പെടുന്ന ഒരു വസ്തു ആയിക്കൂടാ. അതിനുവേണ്ടിയാണ് അങ്ങനെ നിശ്ചയിച്ചിരിക്കുന്നത്. (كَيْ لَا يَكُونَ دُولَةً بَيْنَ الْأَغْنِيَاءِ) (സ്വത്ത് സമ്പാദിക്കുവാനും, വിനിയോഗിക്കുവാനുമുള്ള അവസരവും സൗകര്യവും ധനികൻമാർക്കാണല്ലോ കൂടുതലുണ്ടാവുക. ഗനീമത്ത് സ്വത്തുക്കൾ ഭാഗിക്കുമ്പോഴും താരതമ്യേന അവർക്കായിരിക്കും കൂടുതൽ ലഭിക്കുവാൻ സാധ്യത. ഉദാഹരണമായി, കാൽപടയാളിയുടെ ഇരട്ടി കുതിരപ്പടയാളിക്ക് ലഭിച്ചേക്കും. പടക്കുതിര തയ്യാറാക്കുക പോലെയുള്ള കാര്യങ്ങൾ ദരിദ്രൻമാർക്ക് സാധിക്കാത്തതാണല്ലോ. അതുകൊണ്ട് ദരിദ്രൻമാരും സാധുക്കളുമായവർക്കും ധനം കൈമാറുവാനുള്ള അവസരങ്ങൾ ഉണ്ടാവണം,

ഉണ്ടാക്കുകയും വേണം. അതിനുള്ള മാർഗങ്ങളിൽ ഒന്നത്രെ ഈ പദ്ധതി.

ഈ ലക്ഷ്യം- ധനം ധനികൻമാർക്കിടയിൽ മാത്രം കൈകാര്യം ചെയ്യുന്നതായാൽ പോര, മറ്റുള്ളവർക്കിടയിലും കൈകാര്യം ചെയ്യപ്പെടുന്നതാവണം എന്ന ലക്ഷ്യം- വെച്ച് ഇസ്‌ലാം ആവിഷ്കരിച്ചിട്ടുള്ള നിയമങ്ങളും പദ്ധതികളും പലതുണ്ട്. സകാത്ത് സമ്പ്രദായം നിയമിച്ചത്, പൂഴ്ത്തിവെപ്പും പലിശയും നിരോധിച്ചത് തുടങ്ങിയ പലതും. ഈ മൂന്ന് കാര്യങ്ങൾ മാത്രം സമുദായം വേണ്ടതുപോലെ നടപ്പിൽ വരുത്തിയിരുന്നുവെങ്കിൽ, ഇതുവരെ ശരിക്കൊരു നിർവ്വചനം പോലും ചെയ്യപ്പെട്ടിട്ടില്ലാത്ത സോഷ്യലിസത്തിന്റെ (സ്ഥിതിസമത്വവാദത്തിന്റെ) പേരിൽ- ഇന്ന് കാണപ്പെടുന്നതുപോലെ- ലോകം മുഴുക്കെ ബഹളം കൂട്ടേണ്ടിവരികയില്ലായിരുന്നു. നിയമപ്രകാരമുള്ള സകാത്തിനുപുറമെ അപ്പപ്പോൾ നേരിടുന്ന വ്യക്തിപരമോ, സാമൂഹ്യമോ ആയ ആവശ്യങ്ങളിൽ കഴിവുള്ളവർ കഴിവിനനുസരിച്ച് ചിലവഴിക്കൽ നിർബന്ധമാണ് എന്നും ക്വുർആനും ഹദീഥും ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. കൂടാതെ, അടിയന്തിരഘട്ടങ്ങളിൽ നിർബന്ധപൂർവ്വം അത് ചെയ്യിക്കുവാനുള്ള അധികാരവും അവകാശവും ഉത്തരവാദപ്പെട്ടവർക്കുണ്ട്താനും. പക്ഷേ, സോഷ്യലിസത്തിന്റെ ലഹരിയിൽ മതിമറന്നവർ ആഗ്രഹിക്കുന്നതുപോലെ, സ്വത്ത് സമ്പാദിക്കുവാനും അത് വിനിയോഗിക്കുവാനുമുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ഇല്ലാതാക്കുകയോ, ധനികൻമാരുടെ സ്വത്തുക്കൾ പിടിച്ചെടുത്തു മറ്റുള്ളവർക്ക് വീതിച്ചുകൊടുത്തുകൊണ്ടുള്ള ഒരു കൃത്രിമ സ്ഥിതിസമത്വം സ്ഥാപിക്കുകയോ ചെയ്യാൻ ഇസ്‌ലാം അനുവദിച്ചിട്ടില്ല. മനുഷ്യപ്രകൃതിയും, മനുഷ്യന്റ വികാരവും ആവശ്യവുമെല്ലാം മനുഷ്യനെക്കാൾ അറിയുന്ന അല്ലാഹു അതെങ്ങിനെ അനുവദിക്കും?!

അടുത്ത വാക്യത്തിൽ ഇതിനെക്കാൾ പ്രധാനപ്പെട്ടതും, ഇസ്‌ലാമിന്റെ അടിത്തറയുമായ ഒരു മൗലികസിദ്ധാന്തമാണ് അല്ലാഹു സത്യവിശ്വാസികളെ അറിയിക്കുന്നത്. 'റസൂൽ നിങ്ങൾക്ക് എന്ത് കൊണ്ടുതന്നുവോ അത് നിങ്ങൾ സ്വീകരിക്കണം; അദ്ദേഹം നിങ്ങളോട് ഏതൊന്നിനെക്കുറിച്ച് വിരോധിച്ചുവോ അതിൽനിന്ന് വിലങ്ങിനിൽക്കണം'. (وَمَا آتَاكُم الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانْتَهُوا) എന്നാണത്. റസൂൽ കൽപിച്ചത് എന്ന് പറയാതെ, റസൂൽ കൊണ്ടുതന്നത് (مَا آتَاكُم) എന്ന് പറഞ്ഞിരിക്കുന്നത് വളരെ ശ്രദ്ധേയമാണ്. വാക്കുകൊണ്ടോ, പ്രവൃത്തികൊണ്ടോ, സമ്മതംകൊണ്ടോ റസൂൽﷺ കാണിച്ചുതന്നതെല്ലാം ഇതിൽ ഉൾപ്പെടുന്നു. ക്വുർആനും അതിൽ ഉൾപ്പെട്ടതുതന്നെ. ഇവയൊക്കെയും ഉൾക്കൊള്ളത്തക്കവിധം വിശാലാർത്ഥമുള്ളതാണ് ആ വാക്ക്. അല്ലാതെ, ഫൈഇന്റെ സ്വത്തുക്കളിൽ നിന്നും അദ്ദേഹം നിങ്ങൾക്കനുവദിച്ചുതന്നത് സ്വീകരിക്കണമെന്നോ, വായകൊണ്ട് കൽപിച്ചത് അനുസരിക്കണമെന്നോ മാത്രമല്ല അതിന്റെ അർത്ഥം. നേരെ മറിച്ച് തിരുമേനി കാണിച്ചു തരാത്തതെല്ലാം വിരോധിക്കേണ്ടതുണ്ടോ? ഇല്ല. അവിടുന്നു നിരോധിച്ചതെന്തോ അതുമാത്രമാണ് നിരോധിക്കപ്പെട്ടിട്ടുള്ളത്.അത്കൊണ്ടാണ് അദ്ദേഹം 'കൊണ്ട്തരാത്തത്' എന്ന് പറയാതെ 'അദ്ദേഹം വിരോധി

ച്ചത്' (مَا نَهَاكُم) എന്നും പറഞ്ഞിരിക്കുന്നത്.

നബിﷺ അരുളിച്ചെയ്യുന്നു: 'ഞാൻ നിങ്ങളെ ഒഴിവാക്കുമ്പോഴെല്ലാം നിങ്ങളെന്നെ വിട്ടേക്കണം. നിങ്ങൾക്ക് മുമ്പുള്ളവരെ നാശത്തിൽപെടുത്തിയത്, അവരുടെ ചോദ്യം ചെയ്യലിന്റെ ആധിക്യവും നബിമാരോടുള്ള ഭിന്നിപ്പുമാകുന്നു. അതുകൊണ്ട് ഞാൻ നിങ്ങളോട് വല്ലതിനെക്കുറിച്ചും വിരോധിച്ചാൽ നിങ്ങളത് വർജ്ജിക്കുവിൻ, ഞാൻ നിങ്ങളോട് വല്ല കാര്യവും കൽപിച്ചാൽ അതിൽനിന്ന് നിങ്ങൾക്ക് സാധിക്കുന്നത്ര കൊണ്ടുവരികയും ചെയ്യുവിൻ'.(ബു; മു.) ഇ ൗ വചനത്തിലെ ആശയം വ്യത്യസ്ത വാക്കുകളിലായി ക്വുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. 'നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ നല്ലതായ മാതൃകയുണ്ട്' (33 : 21), 'അദ്ദേഹം ഇച്ഛയനുസരിച്ച് സംസാരിക്കുകയില്ല. അത് വഹ്‌യ് അല്ലാതെ മറ്റൊന്നുമല്ല' (53: 3, 4) 'റസൂലിനെ ആർ അനുസരിക്കുന്നുവോ അവൻ തീർച്ചയായും അല്ലാഹുവിനെ അനുസരിച്ചു'.(4 : 80) 'അദ്ദേഹത്തിന്റെ കൽപനക്ക് എതിര് പ്രവർത്തിക്കുന്നവർ, തങ്ങൾക്ക് വല്ല കുഴപ്പവും ബാധിക്കുകയോ, അല്ലെങ്കിൽ വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചുകൊള്ളട്ടെ!' (24 : 63.) മുതലായ എത്രയോ ക്വുർആൻ വാക്യങ്ങൾ ഇതിന് ഉദാഹരണങ്ങളാകുന്നു.

ഇതെല്ലാം കൺമുമ്പിൽ കണ്ടുകൊണ്ട്- മുസ്‌ലിംകളാണെന്ന് അഭിമാനിക്കുകയോ ജല്പിക്കുകയോ ചെയ്തുകൊണ്ടുതന്നെ- ചിലർ പറയുന്നു, ക്വുർആൻ മാത്രമേ ഇസ്‌ലാമിൽ അംഗീകരിക്കേണ്ടുന്ന പ്രമാണമായുള്ളൂ എന്ന്!. മറ്റ് ചിലർ ഇത് തുറന്നു പറയുവാൻ- മടികൊണ്ടോ പേടികൊണ്ടോ ആവട്ടെ- തയ്യാറില്ലെങ്കിലും ഫലത്തിൽ ആ നയം സ്വീകരിക്കുകയും, വേറെ ചിലർ, നബിﷺയുടെ വാക്കുകളിലും ചര്യകളിലും തങ്ങളുടെ ഇച്ഛക്കും യുക്തിക്കും ന്യായങ്ങൾക്കും യോജിക്കാത്തതായി കാണുന്നവയുടെ നേരെ പുച്ഛവും പരിഹാസവും കൈകൊള്ളുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവരെല്ലാം- യഥാർത്ഥത്തിൽ അവർ ക്വുർആനിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ- താഴെ കാണുന്ന ക്വുർആൻ വചനങ്ങൾ തുറന്ന മനസ്സോടെ ഓർമിക്കുന്നത് നന്ന് എന്ന് മാത്രമേ നമുക്ക് പറയുവാനുള്ളൂ:-

1. (നബിയേ) എന്നാൽ ഇല്ല- നിന്റെ റബ്ബിനെത്തന്നെയാണ (സത്യം)! അവർക്കിടയിൽ ഭിന്നിപ്പുണ്ടാകുന്ന കാര്യത്തിൽ നിന്നെ അവർ വിധികർത്താവാക്കുകയും, പിന്നീട് നീ തീരുമാനം ചെയ്തതിനെക്കുറിച്ച് അവരുടെ മനസ്സുകളിൽ യാതൊരു വിഷമവും അവർക്കുണ്ടാകാതിരിക്കുകയും, അവർ (അതിനെ) ശരിക്ക് സമ്മതിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വസിക്കുകയില്ല. (4 : 65.)

2. ഒരു സത്യവിശ്വാസിക്കാകട്ടെ, സത്യവിശ്വാസിനിക്കാകട്ടെ, അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യം തീരുമാനിച്ചാൽ, തങ്ങളുടെ കാര്യത്തെക്കുറിച്ച് തങ്ങൾക്ക് തിരഞ്ഞെടുപ്പു (അഭിപ്രായം) ഉണ്ടായിരിക്കുവാൻ പാടുള്ളത

ല്ല. അല്ലാഹുവിനോടും, അവന്റെ റസൂലിനോടും ആർ അനുസരണക്കേട് കാണിക്കുന്നുവോ അവൻ, തീർച്ചയായും വ്യക്തമായ വഴിപിഴവ് പിഴച്ചുപോയിരിക്കുന്നു. (33 : 36)

റസൂൽ കൊണ്ടുതന്നതെല്ലാം സ്വീകരിക്കണം, വിരോധിച്ചതെല്ലാം വർജ്ജിക്കണം (وَمَا آتَاكُمُ الرَّسُولُ الخ) എന്ന വചനത്തിന്റെ അർത്ഥവ്യാപ്തിയെപ്പറ്റി സ്വഹാബികൾ എങ്ങനെ മനസ്സിലാക്കിയിരുന്നുവെന്ന് കാണുന്നത് നന്നായിരിക്കും. ശരീരത്തിൽ പച്ചകുത്തുകയും, കുത്തിക്കുകയും ചെയ്യുന്ന സ്ത്രീകളെയും, ഭംഗിക്കുവേണ്ടി പല്ല് രാവി ശരിപ്പെടുത്തുകയും, രാവി വിടവുണ്ടാക്കുകയും ചെയ്യുന്ന സ്ത്രീകളെയും റസൂൽﷺ ശപിച്ചിരിക്കുന്നു.എന്ന് ഇബ്നു മസ്ഊദ് (റ) പറയുകയുണ്ടായി. ഈ വിവരം ഉമ്മുയഅ്ക്വൂബ് (റ) എന്ന ഒരു സ്ത്രീ കേട്ടു. അവർ അദ്ദേഹത്തോട്: 'താങ്കൾ ഇന്നിന്നവരെ ശപിച്ചു പറഞ്ഞുവോ?' എന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു: റസൂൽ തിരുമേനി ശപിച്ചവരെ എന്തുകൊണ്ട് എനിക്ക് ശപിച്ചുകൂടാ? അത് അല്ലാഹുവിന്റെ കിതാബിലുണ്ട് താനും.സ്ത്രീ പറഞ്ഞു: മുസ്ഹഫിന്റെ രണ്ട് ചട്ടകൾക്കിടയിലുള്ളതെല്ലാം ഞാൻ വായിച്ചിട്ടുണ്ട്. അതിലൊന്നും ഇത് കണ്ടില്ലല്ലോ?ഇബ്നുമസ്ഊ ഊദ്(റ): 'നിങ്ങളത് വായിച്ചിട്ടുണ്ടെങ്കിൽ നിങ്ങളത് കണ്ടിട്ടുമുണ്ട്.وَمَا آتَاكُمُ الرَّسُولُ الخ റസൂൽ നിങ്ങൾക്ക് കൊണ്ടുതന്നത്......) എന്ന വാക്യം വായിച്ചിട്ടില്ലേ? സ്ത്രീ: 'വായിക്കാതേ?' ഇബനുമസ്ഊദ് (റ): 'എന്നാൽ മേൽപറഞ്ഞതെല്ലാം തിരുമേനി വിരോധിച്ചിരിക്കുന്നു.'(ബു; മു.)

നബിചര്യകളെ പുറംതള്ളിക്കൊണ്ട് ക്വുർആൻ മാത്രം മതിയെന്ന് പറയുന്നവരെപ്പറ്റി തിരുമേനി നേരത്തെ തന്നെ പ്രവചനം ചെയ്തിട്ടുള്ളത് കാണുമ്പോൾ, ഓരോ സത്യവിശ്വാസിക്കും ആശ്ചര്യവും ആത്മവിശ്വാസവും തോന്നിയേക്കുന്നതാകുന്നു. ഏതുതരം ആളുകളിൽനിന്നാണ് അത്തരം വാദങ്ങൾ പുറത്തുവരികയെന്നുകൂടി ആ പ്രവചനത്തിൽ അവിടുന്ന് ചൂണ്ടിക്കാട്ടിയിരിക്കുന്നു! തിരുമേനി പറയുന്നു:

لا الفين احدكم على اريكته يأتيه امر مما أمرت أو نهيت عنه فيقول لا ادري ما وجدناه في كتاب الله

نبعناه- أحمد وأبوا داود والترمذي وابن ماجه والبيهقي

(സാരം: നിങ്ങളിലൊരാൾ തന്റെ അലംകൃതമായ കട്ടിലിൽ ചാരിയിരുന്നു സുഖിച്ചുകൊണ്ടിരിക്കെ, ഞാൻ കല്പിച്ചതോ, വിരോധിച്ചതോ ആയ വല്ല കാര്യവും അവന്റെ അടുക്കൽ വരുകയും, അപ്പോൾ അവൻ 'എനിക്ക് (അതൊന്നും) അറിഞ്ഞുകൂടാ, നാം അല്ലാഹുവിന്റെ കിതാബിൽ കണ്ടതു നമുക്കു പിൻപറ്റാം' എന്ന് പറയുകയും ചെയ്യുന്നത് ഞാൻ കണ്ടെത്താതിരിക്കട്ടെ. (അ; ദാ; തി; ജ; ബ.) ആയത്തിന്റെ അവസാനത്തിൽ അല്ലാഹുവിനെ സൂക്ഷിക്കണമെന്ന് പറഞ്ഞതും അല്ലാഹു കഠിനമായ ശിക്ഷാനടപടി എടുക്കുന്നവനാണെന്ന് പറഞ്ഞതും അത്തരക്കാർ ഓർത്തിരിക്കേണ്ടതാണ്.

'ഫൈഇ'ന്റെ സ്വത്തുക്കൾ നബി തിരുമേനിﷺക്ക് പുറമെ നാലുകൂട്ടരിൽ വിനിയോഗിക്കുവാനുള്ളതാണ് എന്ന് പറഞ്ഞുവല്ലോ. ഈ നാലുകൂട്ടർ എത്തരത്തിലുള്ളവരാണെന്നും, അവരുടെ പ്രത്യേകതകൾ എന്താണെന്നും അല്ലാഹു തുടർന്നു പറയുന്നു:-

لِلْفُقَرَآءِ ٱلْمُهَـٰجِرِينَ ٱلَّذِينَ أُخْرِجُوا۟ مِن دِيَـٰرِهِمْ وَأَمْوَٰلِهِمْ يَبْتَغُونَ فَضْلًا مِّنَ ٱللَّهِ وَرِضْوَٰنًا وَيَنصُرُونَ ٱللَّهَ وَرَسُولَهُۥٓ ۚ أُو۟لَـٰٓئِكَ هُمُ ٱلصَّـٰدِقُونَ ﴿٨﴾

﴾8﴿ അതായത്, തങ്ങളുടെ വാസസ്ഥലങ്ങളിൽനിന്നും, സ്വത്തുക്കളിൽനിന്നും പുറത്താക്കപ്പെട്ടിട്ടുള്ള 'മുഹാജിറു'കളായ [സ്വദേശം വിട്ടുപോയ] ദരിദ്രൻമാർക്ക്; അല്ലാഹുവിങ്കൽനിന്നുള്ള ദയവും പൊരുത്തവും തേടിക്കൊണ്ടും, അല്ലാഹുവിനെയും അവന്റെ റസൂലിനെയും സഹായിച്ചുകൊണ്ടുമിരിക്കവെ (പുറത്താക്കപ്പെട്ടവർ) അക്കൂട്ടർതന്നെയാണ് സത്യവാൻമാർ.

﴾8﴿ لِلْفُقَرَآءِ ദരിദ്രൻമാർക്ക് ٱلْمُهَـٰجِرِينَ മുഹാജിറുകളായ, അഭയാർത്ഥികളായ ٱلَّذِينَ أُخْرِجُوا۟ അതായത് പുറത്താക്കപ്പെട്ടവർ مِن دِيَـٰرِهِمْ തങ്ങളുടെ ഭവന(വാസസ്ഥല)ങ്ങളിൽനിന്ന് وَأَمْوَٰلِهِمْ തങ്ങളുടെ സ്വത്തുക്കളിൽനിന്നും يَبْتَغُونَ അവർ തേടി (അന്വേഷിച്ചു) കൊണ്ടിരിക്കവെ فَضْلًا ദയവ്, അനുഗ്രഹം مِّنَ ٱللَّهِ അല്ലാഹുവിൽനിന്ന് وَرِضْوَٰنًا പൊരുത്തവും, പ്രീതിയും وَيَنصُرُونَ അവർ സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കെ ٱللَّهَ അല്ലാഹുവിനെ وَرَسُولَهُۥ അവന്റെ റസൂലിനെയും أُو۟لَـٰٓئِكَ هُمُ അക്കൂട്ടർ തന്നെയാണ് ٱلصَّـٰدِقُونَ സത്യവാൻമാർ

'ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ്' (رَبُّنَا الله)എന്ന് പറഞ്ഞ കാരണത്താൽ മക്കഃയിൽനിന്ന് നാടും വീടും സ്വത്തുമെല്ലാം വിട്ടേച്ചു മദീനഃയിലേക്ക് നാടുകടക്കുവാൻ നിർബന്ധിതരായ മുഹാജിറുകളാണ് ഫൈഇന്ന് അർഹരായ മേൽ പ്രസ്താവിച്ച നാലുകൂട്ടരിൽ ഒരു വിഭാഗം. അല്ലാഹുവിന്റെ അനുഗ്രഹവും പൊരുത്തവുമാണവരുടെ ലക്ഷ്യം. അല്ലാഹുവിന്റെ ദീനിനെയും നബി തിരുമേനിﷺയെയും സഹായിച്ചു സംരക്ഷിക്കുവാൻ സർവ്വവും സമർപ്പിച്ചവരാണവർ. അപ്പോൾ, അവർ തന്നെയാണ് സത്യവിശ്വാസം സത്യമായി പുലർത്തിയവർ. മറുതുണിയിരിക്കട്ടെ, ഉടുതോണിപോലുമില്ലാത്ത- ഭാവിജീവിതത്തിന് പോകട്ടെ, ഹിജ്റഃയാത്രക്കുള്ള ചിലവിനുപോലുമില്ലാത്ത വിധത്തിലാണവർ മദീനഃയിൽ

വന്നിരിക്കുന്നത്. ബനൂനദ്വീറിന്റെ ഈ സംഭവം നടക്കുമ്പോഴും അവർ ദരിദ്ര വർഗം തന്നെ. മദീനക്കാരായ അൻസ്വാരികളുടെ സഹായമാണ് അവർക്കവിടെ പ്രധാനമായും അവലംബം. ഇതുകൊണ്ടായിരിക്കും 'ദരിദ്രൻമാരായ മുഹാജിറുകൾ' എന്ന് പറയാതെ 'മുഹാജിറുകളായ ദരിദ്രൻമാർ'(لِلْفُقَرَاءِ الْمُهَاجِرِينَ) എന്ന് അല്ലാഹു പറഞ്ഞത്. നദ്വീറിൽനിന്ന് ലഭിച്ച 'ഫൈഉ്' സ്വത്തിൽനിന്ന് നബിﷺ അധികം നൽകിയത് മുഹാജിറുകൾക്കായിരുന്നു. അൻസ്വാരികൾക്ക് ചുരുക്കം ചിലർക്ക് മാത്രമേ നൽകുകയുണ്ടായുള്ളൂ. അതിനും കാരണം ഇതുതന്നെ. മുഹാജിറുകളെപ്പോലെ, അവരുടെ സുഖദുഃഖങ്ങളിലും, ഇസ്‌ലാമിന്റെ സേവനത്തിലും പങ്കുകൊള്ളുന്നവരാണല്ലോ അൻസ്വാരികൾ.

وَٱلَّذِينَ تَبَوَّءُو ٱلدَّارَ وَٱلْإِيمَـٰنَ مِن قَبْلِهِمْ يُحِبُّونَ مَنْ هَاجَرَ إِلَيْهِمْ

﴾9﴿ അവരുടെ മുമ്പായി [മുഹാജിറുകളുടെ വരവിനുമുമ്പായി] വാസസ്ഥലവും സത്യവിശ്വാസവും സ്വീകരിച്ചു [സൗകര്യപ്പെടുത്തി]വെച്ചവരും (ആയ ദരിദ്രൻമാരും). തങ്ങളുടെ അടുക്കലേക്ക് ഹിജ്റഃവന്ന [നാടുവിട്ടുവന്ന]വരെ അവർ സ്നേഹിക്കുന്നു;

وَلَا يَجِدُونَ فِى صُدُورِهِمْ حَاجَةً مِّمَّآ أُوتُوا۟ وَيُؤْثِرُونَ عَلَىٰٓ أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ

തങ്ങൾക്ക് നൽകപ്പെട്ടത് സംബന്ധിച്ച് അവരുടെ നെഞ്ചു [മനസ്സു]കളിൽ യാതൊരാവശ്യവും അവർ കണ്ടെത്തുന്നുമില്ല! തങ്ങളിൽ വല്ലവിടവും (അഥവാ ദാരിദ്ര്യം) ഉണ്ടായിരുന്നാൽ പോലും അവർ തങ്ങളുടെ ദേഹങ്ങളെക്കാൾ (മറ്റുള്ളവർക്ക്) പ്രാധാന്യം നൽകുകയും ചെയ്യുന്നു!

وَمَن يُوقَ شُحَّ نَفْسِهِۦ فَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٩﴾

ഏതൊരുവൻ തന്റെ മനസ്സിന്റെ പിശുക്കിൽ (അഥവാ ആർത്തിയിൽ) നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ, അങ്ങനെയുള്ളവർ തന്നെയാണ് വിജയികൾ.

﴾9﴿ وَٱلَّذِينَ യാതൊരുകൂട്ടരും تَبَوَّءُو അവർ സൗകര്യപ്പെടുത്തി, ഒരുക്കം ചെയ്തു, താമസമാക്കി, സ്വീകരിച്ചു ٱلدَّارَ വാസസ്ഥലം, പാർപ്പിടത്തിന് وَٱلْإِيمَـٰنَ സത്യവിശ്വാസവും, വിശ്വാസത്തിന്നും مِن قَبْلِهِمْ അവരുടെ മുമ്പ് يُحِبُّونَ അവർ ഇഷ്ടപ്പെടുന്നു, സ്നേഹിക്കുന്നു مَنْ هَاجَرَ ഹിജ്റഃ (നാടുവിട്ടു)വന്നവരെ إِلَيْهِمْ തങ്ങളിലേക്ക് وَلَا يَجِدُونَ അവർ കാണുന്നില്ല, കണ്ടെത്തുന്നില്ല فِى صُدُورِهِمْ അവരുടെ നെഞ്ച് (മനസ്സു)കളിൽ حَاجَةً ഒരാവശ്യവും مِّمَّا أُوتُوا അവർക്ക് നൽകപ്പെട്ടതിൽ وَيُؤْثِرُونَ

അവർ പ്രാധാന്യം നൽകുക (തിരഞ്ഞെടുക്കുക)യും ചെയ്യുന്നു عَلَىٰٓ أَنفُسِهِمْ തങ്ങളുടെ ദേഹങ്ങളെക്കാൾ وَلَوْ كَانَ بِهِمْ തങ്ങളിൽ ഉണ്ടായിരുന്നാലും خَصَاصَةٌ വല്ല വിടവും, ദാരിദ്ര്യവും, അടിയന്തിരാവശ്യവും وَمَن يُوقَ ആരെങ്കിലും (യാതൊരുവൻ) കാത്തുരക്ഷിക്കപ്പെടുന്നുവോ شُحَّ نَفْسِهِۦ തന്റെ മനസ്സിന്റെ പിശുക്ക്, ആർത്തി (യിൽനിന്ന്) فَأُو۟لَٰٓئِكَ هُمُ എന്നാൽ അവർ തന്നെ ٱلْمُفْلِحُونَ വിജയികൾ

അൻസ്വാരികളുടെ സ്ഥിതി ഇതാണ്. ഫൈഇൽനിന്ന് നൽകപ്പെടുവാൻ അവരിലുള്ള ദരിദ്രൻമാരാണ് അവകാശപ്പെട്ട മറ്റൊരു വിഭാഗം. മുഹാജിറുകൾ തങ്ങളുടെ അടുക്കലേക്ക് വരുന്നതിനുമുമ്പായിത്തന്നെ, അവർ മദീനഃയിൽ പാർപ്പിടം ഉറപ്പിക്കുകയും മുഹാജിറുകൾക്ക് വസിക്കുവാൻ വേണ്ടുന്ന സാഹചര്യങ്ങൾ ഉണ്ടാക്കിവെക്കുകയും ചെയ്തിരിക്കുന്നു. സത്യവിശ്വാസത്തിന് നേരത്തെത്തന്നെ അവർ സ്വീകരണം നൽകിയിട്ടുമുണ്ട്. അതെ, നബി തിരുമേനി ﷺ മക്കഃയിൽവെച്ച് പല ഗോത്രങ്ങളെയും ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്ന അവസരത്തിൽ, മദീനഃയിൽനിന്ന് ഹജ്ജിന്വന്നിരുന്ന അഞ്ചാറുപേർ ആദ്യം നബി ﷺ യിൽ വിശ്വസിക്കുകയുണ്ടായി. അടുത്തകൊല്ലം പന്ത്രണ്ടുപേരും. അങ്ങനെ, ഇസ്‌ലാം അവരിൽ സംസാരവിഷയമായി. അടുത്തവർഷം മദീനക്കാർ പലരും ഹജ്ജിന് വന്നു. അന്ന് ക്വുറൈശികൾ അറിയാതെ അവർ അക്വബഃ (الْعَقَبَة)യിൽവെച്ച് തിരുമേനിക്ക് 'ബൈഅത്തു(ഇസ്‌ലാമിക പ്രതിജ്ഞ) ചെയ്കയുണ്ടായി. എഴുപതിൽപരം പുരുഷൻമാരും രണ്ടു സ്ത്രീകളും അതിൽ പങ്കെടുത്തിരുന്നു. ചരിത്രപ്രസിദ്ധമായ ഈ 'ബൈഅത്തി'ൽ ഇസ്‌ലാമിനും, നബി ﷺ ക്കും തങ്ങളാൽ കഴിയുന്ന സഹായങ്ങൾ ചെയ്യുമെന്ന് അവർ ഏറ്റിരുന്നു. അതിന് ശേഷം ക്വുറൈശികളുടെ അക്രമം കൊടുമ്പിരിക്കൊള്ളുകയും മുസ്‌ലിംകൾ മദീനഃയിലേക്ക് ഹിജ്‌റഃപോകുകയുമാണുണ്ടായത്. അങ്ങനെ, മുഹാജിറുകൾ അവിടെ ചെല്ലുമ്പോഴേക്കുതന്നെ തങ്ങളുടെ നാട്ടിൽ അവർക്ക് താമസിക്കാനുള്ള സൗകര്യം അവർ സംജാതമാക്കിയിരുന്നു. മദീനഃയിലെ വീടുകളിൽ സത്യവിശ്വാസം സ്ഥലം പിടിക്കുകയും ചെയ്തിരുന്നു.

മുഹാജിറുകൾ ചെന്നുചേർന്ന ശേഷമോ? ഓരോ മുഹാജിറിനെയും ഓരോസഹോദരൻ തന്റെ ഒന്നിച്ചു താമസിപ്പിച്ചു; തങ്ങളുടെ സ്വത്തിൽനിന്നും ഓരോ പങ്ക് കൊടുത്തു; രണ്ട് ഭാര്യമാരുള്ള ചിലർ ഒരാളെ വിവാഹമോചനം ചെയ്തു തന്റെ സഹോദരന് വിവാഹം കഴിപ്പിച്ചുകൊടുത്തു; തങ്ങൾ പട്ടിണികിടന്നും അവർക്ക് ഭക്ഷണം നൽകി. അതെ, ബൈഅത്തുൽ അക്വബഃയിലെ കരാറുകൾ തികച്ചും, അതിനപ്പുറവും അവർ പാലിച്ചു. അൻസ്വാരികളുടെ പെരുമാറ്റത്തെക്കുറിച്ച് മുഹാജിറുകൾ ഇപ്രകാരം പ്രസ്താവിച്ചതായി അനസ് (റ) പറയുകയുണ്ടായി: റസൂലേ, നാം വന്നു ചേർന്നിട്ടുള്ള ഈ ജനതയെപ്പോലെ, ഏതൊരു നിസ്സാരകാര്യത്തിലും ഇത്രയും നന്നായി സഹകരണം ചെയ്യുന്നതും, ഇത്ര

വളരെ ഔദാര്യം ചെയ്യുന്നതുമായ ഒരു ജനതയെ ഞങ്ങൾ കണ്ടിട്ടില്ല. ഞങ്ങളുടെ ഭാരങ്ങൾ അവർ ഞങ്ങൾക്ക് തീർത്തുതരുന്നു. ഞങ്ങളുടെ ജോലികളിൽ അവർ ഞങ്ങളോട് പങ്കുചേരുന്നു. ആകയാൽ (അല്ലാഹുവിങ്കൽനിന്നുള്ള) കൂലിയെല്ലാം അവർ കൊണ്ടുപോയിക്കളയുമോ എന്ന് ഞങ്ങൾക്ക് ഭയമായിരിക്കുന്നു. ഇതുകേട്ടപ്പോൾ റസൂൽﷺ പറഞ്ഞു; ഇല്ല- നിങ്ങൾ അവരെപ്പറ്റി പുകഴ്ത്തിപ്പറയുകയും, അവർക്കുവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ അതുണ്ടാവുകയില്ല. ചുരുക്കിപ്പറഞ്ഞാൽ മുഹാജിറുകളെ അവർ അങ്ങേഅറ്റം ഹൃദയംഗമമായി സ്നേഹിച്ചിരുന്നു. (يُحِبُّونَ مَنْ هَاجَرَ إِلَيْهِمْ)

എനി, ഇത്രയെല്ലാം ഉദാരമായി അവർ മുഹാജിറുകളോട് പെരുമാറിയിരുന്നുവെങ്കിലും, തങ്ങൾക്ക് ലഭിക്കുന്ന ഏതെങ്കിലും തരത്തിലുള്ള ലഭ്യങ്ങളിലോ നേട്ടങ്ങളിലോ അൻസ്വാരികൾക്ക് വല്ല അസൂയയോ വെറുപ്പോ ഉണ്ടായിരുന്നുവോ? ഒരിക്കലുമില്ല. വേണമെങ്കിൽ, ബനൂനദ്വീറിൽനിന്ന് ലഭിച്ച 'ഫൈഉ്' അവർക്കും മുഹാജിറുകൾക്കുമിടയിൽ നബിﷺ ഭാഗിച്ചുകൊടുക്കുമായിരുന്നു. പക്ഷേ, മുഹാജിറുകളിൽ ഭാഗിച്ചുകൊടുക്കുവാൻ അവർ സമ്മതിക്കുകയാണ് ചെയ്തത്. ബഹ്റൈനിയിൽനിന്ന് ലഭിച്ച ഭൂമികൾ അവർക്ക് ഭാഗിച്ചുകൊടുക്കുമെന്ന് നബി ﷺ പറഞ്ഞപ്പോൾ, വേണ്ടാ, ഞങ്ങളുടെ സഹോദരങ്ങളായ മുഹാജിറുകൾക്കും അതുപോലെ നൽകുന്നുണ്ടെങ്കിൽ മതി എന്നായിരുന്നു അവരുടെ മറുപടി. (ബു.) ഒരിക്കൽ നബിﷺയുടെ അടുക്കൽ തന്റെ ദാരിദ്ര്യത്തെക്കുറിച്ച് സങ്കടപ്പെട്ടുകൊണ്ടുവന്ന ഒരു അതിഥിയെ സൽക്കരിക്കുവാൻ തിരുമേനിയുടെ ഭാര്യമാരുടെ വീടുകളിൽ യാതൊന്നും ഉണ്ടായിരുന്നില്ല. അന്നത്തെ രാത്രി അദ്ദേഹത്തെ സൽക്കരിക്കുവാൻ ആരുണ്ട് എന്ന് തിരുമേനി അന്വേഷിച്ചു. അൻസ്വാരിക്കാരനായ അബൂത്വൽഹഃ (റ) മുമ്പോട്ടുവന്ന് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി. അദ്ദേഹത്തിന്റെ വീട്ടിലാകട്ടെ, കുഞ്ഞുങ്ങൾക്കുള്ള ഭക്ഷണം മാത്രമേ ഉണ്ടായിരുന്നുള്ളൂ. കുഞ്ഞുങ്ങളെ നേരത്തെത്തന്നെ കിടത്തി ഉറക്കുവാനും, ഭക്ഷണത്തിനിരിക്കുമ്പോൾ വിളക്കില്ലാതെ കഴിച്ചുകൂട്ടുവാനും ആ മാന്യൻ തന്റെ ഭാര്യയുമായി പരിപാടിയിട്ടു. അങ്ങനെ, വീട്ടുകാരെല്ലാം പട്ടിണികിടന്ന് ഉള്ള ഭക്ഷണംകൊണ്ട് അതിഥിയെ സൽക്കരിച്ചു. നബിﷺ ഇവരെപ്പറ്റി വളരെ പ്രശംസിക്കുകയുണ്ടായി. ഈ സംഭവം പ്രധാനപ്പെട്ട പല ഹദീഥ് പണ്ഡിതൻമാരും വിസ്തരിച്ചു രേഖപ്പെടുത്തിക്കാണാം. അൻസ്വാരികളുടെ ഇത്തരത്തിലുള്ള ഗുണഗണങ്ങളെ ഉദ്ദേശിച്ചു കൊണ്ടാണ് അവരെപ്പറ്റി അവരിൽ എന്തെങ്കിലും വിടവ്- അഥവാ പ്രാരാബ്ധമോ വിഷമമോ -ഉണ്ടായാലും അവർ തങ്ങളെക്കാൾ മറ്റുള്ളവർക്ക് പ്രാധാന്യം നൽകും എന്ന് അല്ലാഹു പറയുന്നതും.

സ്നേഹം, ഔദാര്യം, ത്യാഗം, നിസ്വാർത്ഥത ആദിയായ ഗുണങ്ങളിൽ അൻസ്വാരികൾ ഈ നിലക്ക് എത്തിച്ചേരുവാനുള്ള കാരണമെന്താണെന്നും, മനുഷ്യർക്കിടയിൽ ഇതുപോലെയുള്ള ഗുണങ്ങൾ വിരളമായിത്തീരുവാനുള്ള കാരണമെന്താണെന്നും അല്ലാഹു തുടർന്ന് ചൂണ്ടിക്കാട്ടിയിരിക്കുന്നു:

وَمَنْ يُوقَ شُحَّ نَفْسه فَأولئك هُمْ الْمُفْلِحُون (തന്റെ മനസ്സിന്റെ പിശുക്കിൽനിന്ന് ആർ കാത്തു രക്ഷിക്കപ്പെടുന്നുവോ അവർതന്നെയാണ് വിജയികൾ) പിശുക്ക് എന്ന് വിവർത്തനം ചെയ്തത് شُحُ (ശുഹ്ഹ്) എന്ന പദത്തെയാണ്. കൈവശമുള്ളത് ചിലവഴിക്കാതെ ലുബ്ധത കാണിക്കുകയും, മറ്റുള്ളവരുടെ കയ്യിലുള്ളതുകൂടി ലഭിക്കണമെന്ന് മോഹിക്കുകയും ചെയ്യുന്നതാണ് 'ശുഹ്ഹ്'. ഈ രണ്ടുകാര്യങ്ങളുംകൂടി ദ്യോതിപ്പിക്കുന്ന ഒറ്റ വാക്ക് മലയാളത്തിൽ കാണുന്നില്ല. ഏതായാലും അൻസ്വാരികൾ, 'ശുഹ്ഹി'ൽ നിന്നും വിമുക്തരായിരുന്നുവെന്നും, 'ശുഹ്ഹ്' നിമിത്തമാണ് മനുഷ്യൻ സ്വാർത്ഥം മുതലായ ദുർഗുണങ്ങൾക്ക് വശംവദരാകുന്നതെന്നും ഇതിൽനിന്ന് വ്യക്തമാകുന്നു.

നബിﷺ പറഞ്ഞിരിക്കുന്നു: നിങ്ങൾ 'ശുഹ്ഹ്' (പിശുക്ക്) സൂക്ഷിക്കുവിൻ. കാരണം, 'ശുഹ്ഹ്' നിങ്ങളുടെ മുമ്പുണ്ടായിരുന്നവരെ നാശത്തിൽ പതിപ്പിച്ചിരിക്കുന്നു. തങ്ങളുടെ രക്തം ചിന്തിക്കുവാനും, അവരിൽ വിരോധിക്കപ്പെട്ട കാര്യങ്ങളെ അനുവദനീയമാക്കുവാനും അത് അവരെ പ്രേരിപ്പിച്ചു(മു.) മറ്റൊരു നബിവചനം ഇപ്രകാരം വന്നിരിക്കുന്നു: അല്ലാഹുവിന്റെ മാർഗത്തിലെ (യുദ്ധം മൂലമുണ്ടാകുന്ന) പൊടിയും, നരകാഗ്നിയുടെ പുകയുംകൂടി ഒരു അടിയാന്റെ ഉള്ളിൽ ഒരിക്കലും സമ്മേളിക്കുകയില്ല. സത്യവിശ്വാസവും ശുഹ്ഹും കൂടി ഒരു അടിയാന്റെ ഹൃദയത്തിൽ ഒരിക്കലും സമ്മേളിക്കുന്നതുമല്ല. (തിർമദിയും മറ്റ് ചിലരും.) അല്ലാഹു നമ്മെ പിശുക്കിൽനിന്നും അതിന്റെ ദോഷങ്ങളിൽനിന്നും കാത്തു രക്ഷിക്കട്ടെ. ആമീൻ.

ഫൈഇന്റെ അവകാശികളായ പാവപ്പെട്ടവർ ഉൾക്കൊള്ളുന്ന ദരിദ്രരായ മുഹാജിറുകളെപ്പറ്റിയും, അൻസ്വാരികളെപ്പറ്റിയും വിവരിച്ചശേഷം അവർ ഉൾക്കൊള്ളുന്ന മൂന്നാമത്തെ വിഭാഗത്തെക്കുറിച്ചു പറയുന്നു:-

وَٱلَّذِينَ جَآءُو مِنۢ بَعۡدِهِمۡ
يَقُولُونَ رَبَّنَا ٱغۡفِرۡ لَنَا
وَلِإِخۡوَٰنِنَا ٱلَّذِينَ سَبَقُونَا
بِٱلۡإِيمَٰنِ
وَلَا تَجۡعَلۡ فِي قُلُوبِنَا غِلّٗا لِّلَّذِينَ
ءَامَنُواْ رَبَّنَآ إِنَّكَ رَءُوفٞ رَّحِيمٌ ﴿١٠﴾

﴾10﴿ അവരുടെ ശേഷം വന്നവരും (ആയ ദരിദ്രൻമാർക്കും). അവർ പറയും: ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്കും, സത്യവിശ്വാസത്തോടെ ഞങ്ങൾക്ക് മുൻകഴിഞ്ഞു പോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ!

സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ ഹൃദയങ്ങളിൽ ഒരു വിദ്വേഷവും (അഥവാ പകയും) ഉണ്ടാക്കരുതേ! ഞങ്ങളുടെ റബ്ബേ! നിശ്ചയമായും നീ വളരെ കൃപയുള്ളവനാണ്, കരുണാനിധിയാണ്.

﴾10﴿ وَٱلَّذِينَ جَآءُو വന്നവരും مِنۢ بَعْدِهِمْ അവരുടെ ശേഷം يَقُولُونَ അവർ പറയും, പറയുന്നു رَبَّنَا ഞങ്ങളുടെ റബ്ബേ ٱغْفِرْ لَنَا ഞങ്ങൾക്ക് പൊറുത്തു തരേണമേ وَلِإِخْوَٰنِنَا ഞങ്ങളുടെ സഹോദരങ്ങൾക്കും ٱلَّذِينَ سَبَقُونَا ഞങ്ങൾക്ക് മുൻകഴിഞ്ഞ (മുൻകടന്ന)വരായ بِٱلْإِيمَـٰنِ സത്യവിശ്വാസത്തോടെ وَلَا تَجْعَلْ ആക്കരുതേ, ഉണ്ടാക്കരുതേ فِى قُلُوبِنَا ഞങ്ങളുടെ ഹൃദയങ്ങളിൽ غِلًّا വിദ്വേഷം, പക, ചതി, കെട്ടിക്കുടുക്ക് لِّلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരോട് رَبَّنَآ ഞങ്ങളുടെ റബ്ബേ إِنَّكَ നിശ്ചയമായും നീ رَءُوفٌ വളരെ കൃപ (ദയ) ഉള്ളവനാണ് رَّحِيمٌ കരുണാനിധിയാണ്

സ്വഹാബികളെതൊട്ട് ശേഷംവരുന്ന അവരുടെ പിൻഗാമികളായ താബിഉ(التابعون)കളാണ് പ്രധാനമായും ഉദ്ദേശ്യം. പിന്നീട് ക്വിയാമത്ത്നാൾ വരെയുണ്ടാകുന്ന അവരുടെ പിൻഗാമികൾ പൊതുവിലും ഉൾപ്പെടുന്നു. സൂ: തൗബഃയിൽ മുഹാജിറുകളെയും അൻസ്വാരികളെയും കുറിച്ച് വിവരിച്ചശേഷം (100 -ാം വചനത്തിൽ) اتبعوهم باحسان (സുകൃതം ചെയ്തുകൊണ്ട് അവരെ പിൻപറ്റിയവരും) എന്ന് പറഞ്ഞിരിക്കുന്നു. സ്വഹാബികളുടെ മാതൃകകളെ പിൻപറ്റിക്കൊണ്ട് പിൽക്കാലങ്ങളിൽ ജീവിച്ചുപോന്ന സത്യവിശ്വാസികളാണ് ഇത് കൊണ്ടുദ്ദേശ്യം എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ഇങ്ങനെയുള്ളവരിൽപെട്ട ദരിദ്രജനങ്ങൾക്കും അതതുകാലത്ത് ലഭിക്കുന്ന ഫൈഇൽ നിന്ന് നൽകപ്പെടേണ്ടതാണ് എന്ന് താൽപര്യം.

സ്വഹാബികളുടെ കാലടികളെ പിൻപറ്റിയ സജ്ജനങ്ങളാണ് ഇവിടെ ഉദ്ദേശ്യമെന്നുള്ളതിന് അവരുടെ ഈ പ്രാർത്ഥനതന്നെ തെളിവാകുന്നു. അവരുടെ ജീവിതക്രമങ്ങളെയും സൽഗുണങ്ങളെയും തൃപ്തിപ്പെടുകയും, മാനിക്കുകയും ചെയ്തതുകൊണ്ടാണല്ലോ അവർക്കും തങ്ങൾക്കും വേണ്ടി ഇവർ പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനയിലാകട്ടെ, തങ്ങളുടെ മുൻകഴിഞ്ഞ ആ സത്യവിശ്വാസികളോട് തങ്ങളുടെ ഉള്ളിൽ യാതൊരു വിദ്വേഷമോ, പകയോ, വെറുപ്പോ ഒന്നും ഉണ്ടാകരുതെന്നും കൂടി അവർ അല്ലാഹുവിനോടപേക്ഷിക്കുന്നു. മുൻഗാമികളായ സജ്ജനങ്ങളോട് ബഹുമാനമുള്ളവരുടെ ഹൃദയത്തിൽനിന്നും, നാവിൽനിന്നും മാത്രമേ ഈ പ്രാർത്ഥന പുറപ്പെടുകയുള്ളൂ. നേരെമറിച്ച് -ഇന്നത്തെ മുസ്ലിം സമുദായത്തിലെ ഒരു കൂട്ടം ആളുകളിൽ (*) പടർന്നുപിടിച്ചിട്ടുള്ളതുപോലെ- സ്വഹാബി

(*) ക്വുർആനിൽ വിശ്വസിക്കുന്നവരാണെന്ന് സ്വയം വാദിക്കുന്നതോടൊപ്പം ക്വുർആനെയും, നബിﷺയുടെ അനുയായികളാണെന്ന് അവകാശപ്പെട്ടുകൊണ്ട് നബിﷺയെയും പഴഞ്ചരെന്നും അപരിഷ്കൃതരെന്നും മറ്റും പറഞ്ഞ് പരിഹസിക്കുവാൻ- പോരാ, അല്ലാഹുവിൽ വിശ്വസിക്കുന്നുണ്ടെന്ന് ജൽപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ ചില മഹൽഗുണങ്ങളെ വിമർശന വിധേയമാക്കുവാൻ പോലും- സങ്കോചമില്ലാത്ത മുസ്ലിം നാമധാരികൾ ഇന്ന് വിരളമല്ല. എന്നിരിക്കെ, സ്വഹാബികളെയും, മുൻഗാമികളായ സജ്ജനങ്ങളെയും അപമാനിച്ചു പറയുന്നതിൽ അൽഭുതപ്പെടുവാൻ എന്തുണ്ട്?! معاذ الله

കളോടും അവരുടെ നടപടിക്രമങ്ങളനുസരിച്ചുപോന്ന മുൻഗാമികളോടും ആദരവും സ്നേഹവും തോന്നാത്തവർ മനഃപൂർവ്വം ഇങ്ങനെയുള്ള പ്രാർത്ഥനകൾ ചെയ്യുന്നതിനുപകരം, കിട്ടിയ അവസരം ഉപയോഗപ്പെടുത്തി അവരെ പഴിക്കുവാനും അവരോട് വെറുപ്പും വിദ്വേഷവും വെച്ചുകൊണ്ട് അവരെ ഇടിച്ചു താഴ്ത്തുവാനുമാണല്ലോ മുതിരുക. സൂറത്തുൽ ഹദീദ് 10 -ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ സ്വഹാബികളെക്കുറിച്ച് ഉദ്ധരിച്ച ഹദീഥുകൾ ഓർക്കുക.

ഈ വചനത്തിൽനിന്ന് നമുക്ക് ചില സംഗതികൾ മനസ്സിലാക്കാവുന്നതാണ്.

(1) ഒരാൾ മറ്റൊരാൾക്കുവേണ്ടിയും, ജീവിച്ചിരിക്കുന്നവർ മരണപ്പെട്ടുപോയ സത്യവിശ്വാസിക്കുവേണ്ടിയും പ്രാർത്ഥിക്കുന്നത് സൽക്കർമവും, അല്ലാഹുവിങ്കൽ പ്രതിഫലം ലഭിക്കുന്നതുമാകുന്നു. അത് സജ്ജനങ്ങളുടെ ലക്ഷണവുമാണ്. ഈ വചനത്തിൽ കാണുന്ന പ്രാർത്ഥന അതിനൊരു മാതൃകയുമാകുന്നു. ഇക്കാര്യം നബിവചനങ്ങളിലും പ്രോൽസാഹിപ്പിക്കപ്പെട്ടിട്ടുള്ളതത്രെ.

(2) മുൻഗാമികളായ സജ്ജനങ്ങളെ കുറ്റം പറയുകയും, അവരെക്കുറിച്ചു വിദ്വേഷവും വെറുപ്പും വെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത് ദുർജനങ്ങളുടെ ലക്ഷണമാകുന്നു. പ്രത്യേകിച്ചും സ്വഹാബികളെപ്പറ്റി. സ്വഹാബികളെ പഴിക്കുന്നവരായ റാഫിദ്വഃ (الرَّافِضَة) കക്ഷിക്ക് 'ഫൈഉ്' സ്വത്തിൽനിന്ന് ഓഹരി നൽകിക്കൂടാ എന്ന് ഇമാം മാലിക് (റ) ഈ ആയത്തിൽ നിന്ന് മനസ്സിലാക്കിയിരിക്കുന്നത് ഇവിടെ പ്രസ്താവ്യമാകുന്നു. മുഹാജിറുകളും, അൻസ്വാരികളുമായ സ്വഹാബികളെയും അവരെ പിൻപറ്റിയ പിൻഗാമികളെയും സംബന്ധിച്ച പ്രസ്താവനകൾക്കുശേഷം, പിന്നീട് മദീനഃയിൽ അവശേഷിക്കുന്ന മുസ്‌ലിം വേഷധാരികളായ മുനാഫിഖുകളെപ്പറ്റി അല്ലാഹു വിവരിക്കുന്നു:-

വിഭാഗം- 2

أَلَمْ تَرَ إِلَى ٱلَّذِينَ نَافَقُوا۟ يَقُولُونَ لِإِخْوَٰنِهِمُ ٱلَّذِينَ كَفَرُوا۟ مِنْ أَهْلِ ٱلْكِتَـٰبِ

﴾11﴿ (നബിയേ) കപടതകാണിക്കുന്നവരെ നീ കണ്ടില്ലേ? വേദക്കാരിൽനിന്ന് അവിശ്വസിച്ചവരായ തങ്ങളുടെ സഹോദരൻമാരോട് അവർ പറയുന്നു:

لَئِنْ أُخْرِجْتُمْ لَنَخْرُجَنَّ مَعَكُمْ وَلَا نُطِيعُ فِيكُمْ أَحَدًا أَبَدًا وَإِن قُوتِلْتُمْ لَنَنصُرَنَّكُمْ وَٱللَّهُ يَشْهَدُ إِنَّهُمْ لَكَـٰذِبُونَ ﴿١١﴾

നിങ്ങൾ പുറത്താക്കപ്പെട്ടുവെങ്കിൽ, നിശ്ചയമായും, ഞങ്ങളും നിങ്ങളോടൊപ്പം പുറപ്പെടുകതന്നെ ചെയ്യും; നിങ്ങളുടെ വിഷയത്തിൽ ഒരാളെയും ഒരു കാലത്തും ഞങ്ങൾ അനുസരിക്കുന്നതുമല്ല; നിങ്ങളോട് യുദ്ധം ചെയ്യപ്പെട്ടുവെങ്കിലോ, നിശ്ചയമായും ഞങ്ങൾ നിങ്ങളെ സഹായിക്കുകയും ചെയ്യും. അല്ലാഹു സാക്ഷ്യപ്പെടുത്തുന്നു; നിശ്ചയമായും അവർ വ്യാജം പറയുന്നവരാകുന്നു എന്ന്.

---

11. أَلَمْ تَرَ നീ കണ്ടില്ലേ, നോക്കുന്നില്ലേ إِلَى ٱلَّذِينَ യാതൊരുവരിലേക്ക് نَافَقُوا۟ കപടത പ്രവർത്തിച്ച (കപടവിശ്വാസം സ്വീകരിച്ച) يَقُولُونَ അവർ പറയുന്നു لِإِخْوَٰنِهِمُ തങ്ങളുടെ സഹോദരൻമാരോട് ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവരായ مِنْ أَهْلِ ٱلْكِتَـٰبِ വേദക്കാരിൽ നിന്ന് لَئِنْ أُخْرِجْتُمْ നിങ്ങൾ ബഹിഷ്ക്കരിക്കപ്പെട്ടുവെങ്കിൽ لَنَخْرُجَنَّ നിശ്ചയമായും ഞങ്ങൾ പുറപ്പെടും, പുറത്തുപോകും مَعَكُمْ നിങ്ങളുടെ കൂടെ, ഒപ്പം وَلَا نُطِيعُ ഞങ്ങൾ അനുസരിക്കുകയുമില്ല فِيكُمْ നിങ്ങളുടെ വിഷയത്തിൽ أَحَدًا ഒരാളെയും أَبَدًا ഒരു കാലത്തും وَإِن قُوتِلْتُمْ നിങ്ങളോട് യുദ്ധം ചെയ്യപ്പെട്ടുവെങ്കിലോ لَنَنصُرَنَّكُمْ നിശ്ചയമായും ഞങ്ങൾ നിങ്ങളെ സഹായിക്കും وَٱللَّهُ يَشْهَدُ അല്ലാഹു സാക്ഷ്യം വഹിക്കുന്നു, സാക്ഷ്യപ്പെടുത്തുന്നു إِنَّهُمْ നിശ്ചയമായും അവർ لَكَـٰذِبُونَ വ്യാജം പറയുന്നവർ തന്നെ എന്ന്.

കപടവിശ്വാസികളുടെ നേതൃത്വം വഹിക്കുന്ന അബ്ദുല്ലാഹിബ്നു ഉബയ്യ് മുതലായവർ നദ്വീർഗോത്രക്കാരായ യഹൂദികളോട് പറഞ്ഞിരുന്ന വാക്കുകളാണിവ. രണ്ടുകൂട്ടരും തമ്മിൽ ജാതിവ്യത്യാസമുണ്ടെങ്കിലും, അവിശ്വാസത്തിലും, മുസ്‌ലിംകളോടുള്ള പകയിലും പരസ്പരം സഹോദരൻമാരാണല്ലോ. അവരുടെ വീരവാദങ്ങളും വാഗ്ദാനങ്ങളും തനി കള്ളവും പൊള്ളയുമാണെന്ന് അല്ലാഹു ഉറപ്പിച്ചു പറയുന്നു. അതെ,-

لَئِنْ أُخْرِجُوا۟ لَا يَخْرُجُونَ مَعَهُمْ وَلَئِن قُوتِلُوا۟ لَا يَنصُرُونَهُمْ

﴾12﴿ അവർ പുറത്താക്കപ്പെട്ടുവെങ്കിൽ, ഇവർ [കപടവിശ്വാസികൾ] അവരൊന്നിച്ചു പുറപ്പെട്ടു പോകയില്ലതന്നെ; അവരോട് യുദ്ധം ചെയ്യപ്പെട്ടുവെങ്കിൽ ഇവർ അവരെ സഹായിക്കുകയുമില്ല;

وَلَئِن نَّصَرُوهُمْ لَيُوَلُّنَّ ٱلْأَدْبَٰرَ ثُمَّ لَا يُنصَرُونَ ﴿١٢﴾

അവരെ ഇവർ സഹായിച്ചാൽ തന്നെയും ഇവർ നിശ്ചയമായും, പിൻതിരിഞ്ഞോടുന്നതാണ്. പിന്നീട് അവർക്ക് സഹായം ലഭിക്കുന്നതല്ല.

﴾12﴿ لَئِنْ أُخْرِجُوا അവർ പുറത്താക്കപ്പെട്ടുവെങ്കിൽ لَا يَخْرُجُونَ ഇവർ പുറത്തു പോകയില്ല, പുറപ്പെടുകയില്ല مَعَهُمْ അവരുടെ ഒപ്പം وَلَئِن قُوتِلُوا അവരോട് യുദ്ധം ചെയ്യപ്പെട്ടെങ്കിലോ لَا يَنصُرُونَهُمْ ഇവർ അവരെ സഹായിക്കയില്ല وَلَئِن نَّصَرُوهُمْ അവരെ ഇവർ സഹായിച്ചാൽ തന്നെയും لَيُوَلُّنَّ ٱلْأَدْبَٰرَ ഇവർ പിൻതിരിഞ്ഞോടും ثُمَّ لَا يُنصَرُونَ പിന്നെ അവർ സഹായിക്കപ്പെടുക (അവർക്ക് സഹായം ലഭിക്കുക)യില്ല

സംഭവിച്ചതും അല്ലാഹു പറഞ്ഞതുപോലെത്തന്നെ എന്ന് പറയേണ്ടതില്ലല്ലോ. ഈ സംഭവത്തിൽ മാത്രമല്ല, നദ്വീറിന്റെ സഹോദരഗോത്രങ്ങളായ ക്വുറൈദ്വഃയിലെയും, ഖൈബറിലെയും യഹൂദികളുമായുണ്ടായ യുദ്ധങ്ങളിലും മുനാഫിക്വുകൾ അവരെ സഹായിക്കുകയുണ്ടായില്ല.

لَأَنتُمْ أَشَدُّ رَهْبَةً فِى صُدُورِهِم مِّنَ ٱللَّهِ ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ ﴿١٣﴾

﴾13﴿ നിശ്ചയമായും, നിങ്ങളാണ് അവരുടെ നെഞ്ചു [മനസ്സു]കളിൽ അല്ലാഹുവിനെക്കാൾ കഠിനമായി ഭയമുള്ളത്. അത് അവർ (കാര്യം) ഗ്രഹിക്കാത്ത ഒരു ജനതയാണെന്നുള്ളതുകൊണ്ടാകുന്നു.

لَا يُقَٰتِلُونَكُمْ جَمِيعًا إِلَّا فِى قُرًى مُّحَصَّنَةٍ أَوْ مِن وَرَآءِ جُدُرٍۭ ۚ بَأْسُهُم بَيْنَهُمْ شَدِيدٌ

﴾14﴿ കോട്ടയാ(ക്കി ഭദ്രമാ)ക്കപ്പെട്ട രാജ്യങ്ങളിൽവെച്ചോ, അല്ലെങ്കിൽ വല്ല മതിലുകളുടെയും പിന്നിൽ നിന്നോ അല്ലാതെ, അവർ ഒരുമിച്ചു (യോജിച്ചു)കൊണ്ട് നിങ്ങളോടു യുദ്ധം ചെയ്കയില്ല. തങ്ങൾക്കിടയിൽ അവരുടെ സമരശക്തി (അഥവാ ശൂരത) കടുത്തതാകുന്നു.

تَحۡسَبُهُمۡ جَمِيعٗا وَقُلُوبُهُمۡ شَتَّىٰۚ ذَٰلِكَ بِأَنَّهُمۡ قَوۡمٞ لَّا يَعۡقِلُونَ ١٤

നീ അവരെ യോജിച്ചവരാണെന്ന് വിചാരിക്കുന്നു; അവരുടെ ഹൃദയങ്ങളാകട്ടെ, വിഭിന്നങ്ങളാകുന്നു. അത്, അവർ ബുദ്ധികൊടു(ത്തു മനസ്സിലാ)ക്കാത്ത ഒരു ജനതയാണെന്നുള്ളതുകൊണ്ടത്രെ.

﴾13﴿ لَأَنتُمۡ നിങ്ങൾ, നിങ്ങൾതന്നെ أَشَدُّ رَهۡبَةٗ പേടിയിൽ അധികം കാഠിന്യമുള്ളവരാണ് (അധികം പേടിക്കപ്പെടുന്നവരാണ്) فِي صُدُورِهِم അവരുടെ നെഞ്ചു (ഹൃദയ)കളിൽ مِّنَ ٱللَّهِ അല്ലാഹുവിനെക്കാളും ذَٰلِكَ അത് بِأَنَّهُمۡ قَوۡمٞ അവർ ഒരു ജനതയാണെന്നതുകൊണ്ടാണ് لَّا يَفۡقَهُونَ ഗ്രഹിക്കാത്ത, കാര്യം തിരിയാത്ത ﴾14﴿ لَا يُقَٰتِلُونَكُمۡ അവർ നിങ്ങളോട് യുദ്ധം ചെയ്കയില്ല جَمِيعًا മുഴുവനായിട്ട് (യോജിച്ചു -ഒരുമിച്ചു- സംഘടിപ്പിച്ചുകൊണ്ട്) إِلَّا فِي قُرًى രാജ്യങ്ങളിൽ (നാടുകളിൽ) വെച്ചല്ലാതെ مُّحَصَّنَةٍ കോട്ടകെട്ടപ്പെട്ട, ഭദ്രമാക്കപ്പെട്ട أَوۡ مِن وَرَآءِ അല്ലെങ്കിൽ പിന്നിൽ നിന്നല്ലാതെ جُدُرِۭ വല്ല മതിലുകളുടെയും بَأۡسُهُم അവരുടെ സമരം, ശക്തി, ശൂരത بَيۡنَهُمۡ അവർക്കിടയിൽ شَدِيدٞ കഠിനമായതാണ് تَحۡسَبُهُمۡ നീ അവരെ വിചാരിക്കും, ഭാവിക്കുന്നു جَمِيعٗا ഒരുമിച്ച (യോജിച്ച)വരാണെന്ന് وَقُلُوبُهُمۡ അവരുടെ ഹൃദയങ്ങളാകട്ടെ شَتَّىٰ ഭിന്നങ്ങളാണ്, ചിന്നിച്ചിതറിയാണ് ذَٰلِكَ അത് بِأَنَّهُمۡ അവർ ആകുന്നുവെന്നതുകൊണ്ടാണ് قَوۡمٞ ഒരു ജനത لَّا يَعۡقِلُونَ ബുദ്ധികൊടുക്കാത്ത, മനസ്സിലാക്കാത്ത

കപടവിശ്വാസികൾ ബുദ്ധിഹീനരും ചിന്താശൂന്യരുമാകകൊണ്ട് അല്ലാഹുവിനെക്കുറിച്ചുള്ളതിനെക്കാൾ ഭയം അവർക്ക് സത്യവിശ്വാസികളെക്കുറിച്ചാകുന്നു. അതുകൊണ്ടാണല്ലോ അവർ പ്രത്യക്ഷത്തിൽ വിശ്വാസികളായി നടിക്കുന്നതും. സത്യവിശ്വാസികളുടെ ആത്മാർത്ഥതയും ധീരതയും വിശ്വാസദാർഢ്യതയും അവർക്ക് സുപരിചിതമാണ്. അതുകൊണ്ട് സത്യവിശ്വാസികളോട് യുദ്ധത്തിനിറങ്ങുവാൻ അവർ ധൈര്യപ്പെടുകയില്ല. എനി, അവരും അവരുടെ കൂട്ടുകാരും ഒത്തൊരുമിച്ച് യുദ്ധത്തിന് മുതിരുകയാണെങ്കിൽ തന്നെ, വല്ല കോട്ടക്കുള്ളിൽവെച്ചോ, മതിലുകളുടെ മറവുപിടിച്ചോ ഒളിപ്പോര് നടത്തുവാനല്ലാതെ, വെളിക്കിറങ്ങി യുദ്ധം നടത്തുവാനും അവർ ധൈര്യപ്പെടുകയില്ല. അവർ തമ്മതമ്മിൽ പോരാട്ടം നടക്കുകയാണെങ്കിൽ അവർ വളരെ ശൂരതയും ശക്തിയും പ്രകടിപ്പിച്ചേക്കും. പക്ഷേ, അല്ലാഹുവിന്റെ സൈന്യത്തെ എതിരിടുവാൻ ധൈര്യം അവർക്കില്ല. കാഴ്ചയിൽ അവരെല്ലാം ഒത്തൊരുമിച്ചവരാണെങ്കിലും, വാസ്തവത്തിൽ ഹൃദയം ഭിന്നിച്ചവരും തമ്മതമ്മിൽ വെറുപ്പും പകയും വെച്ചുകൊണ്ടിരിക്കുന്നവരുമാണ്.

كَمَثَلِ ٱلَّذِينَ مِن قَبْلِهِمْ قَرِيبًا ۖ ذَاقُوا۟ وَبَالَ أَمْرِهِمْ وَلَهُمْ عَذَابٌ أَلِيمٌ ﴿١٥﴾

﴿15﴾(ഇവരുടെ സ്ഥിതി) അടുത്ത കാലത്ത് ഇവരുടെ മുമ്പുണ്ടായിരുന്നവരുടെ മാതിരിത്തന്നെ; അവർ തങ്ങളുടെ കാര്യത്തിന്റെ ദുഷ്ഫലം ആസ്വദിച്ചു; അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ട്.

﴿15﴾ كَمَثَلِ ٱلَّذِينَ യാതൊരുത്തരുടെ മാതിരിത്തന്നെ, ഒരു കൂട്ടരെപ്പോലെ مِن قَبْلِهِمْ അവരുടെ മുമ്പുള്ള قَرِيبًا അടുത്ത, സമീപകാലത്ത് ذَاقُوا۟ അവർ ആസ്വദിച്ചു, രുചി നോക്കി وَبَالَ أَمْرِهِمْ അവരുടെ കാര്യത്തിന്റെ ദുഷ്ഫലം, കെടുതി, നാശം وَلَهُمْ അവർക്കുണ്ട് താനും عَذَابٌ أَلِيمٌ വേദനയേറിയ ശിക്ഷ

ഇവരുടെ അൽപം മുമ്പ് ഒരു ജനത ഇവരെപ്പോലെത്തന്നെ അക്രമം പ്രവർത്തിച്ചു. അതിന്റെ ഭവിഷ്യത്ത് ഇഹത്തിൽവെച്ച് അവർ അനുഭവിച്ചു. പരലോകത്ത്‌വെച്ചുള്ള വമ്പിച്ച ശിക്ഷ പുറമെയും ഉണ്ടായിരിക്കും. അതുപോലെത്തന്നെയാണ് ഇവരുടെ -ഈ യഹൂദികളുടെ, അല്ലെങ്കിൽ യഹൂദികളുടെയും മുനാഫിഖുകളുടെയും- അവസ്ഥ എന്ന് സാരം. അടുത്ത് കഴിഞ്ഞ സംഭവംകൊണ്ട് വിവക്ഷ ബദർയുദ്ധമാണെന്നും, ക്വൈനുക്വാഉ് (قَيْنُقَاع)ഗോത്രക്കാരായ യഹൂദികളെ നാടുകടത്തിയ സംഭവമാണെന്നും രണ്ടഭിപ്രായമുണ്ട്. ബനൂനദ്വീറിന്റെ സംഭവം ബനൂക്വൈനുക്വാഉന്റെ സംഭവത്തിന്റെ മുമ്പാണോ, അതല്ല പിമ്പാണോ സംഭവിച്ചതെന്ന അഭിപ്രായത്തിൽനിന്ന് ഉൽഭവിച്ചതാണ് ഈ രണ്ട് അഭിപ്രായങ്ങൾ. നദ്വീറിന്റെ സംഭവമുണ്ടാകുന്നതിന് മുമ്പുതന്നെ ക്വൈനുക്വാഉന്റെ സംഭവം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നുവെന്നതാണ് ശരിയായ അഭിപ്രായം. ആ നിലക്ക് ക്വൈനുക്വാഇലെ യഹൂദികളുടെ മാതിരിത്തന്നെയാണ് നദ്വീറിലെ യഹൂദികളുടെയും അവസ്ഥ എന്നായിരിക്കും ആയത്തിന്റെ താൽപര്യം.

ക്വൈനുക്വാഇലെ യഹൂദികളും ഇവരെപ്പോലെ കരാറുലംഘനവും ചതിയും നടത്തുകയാണ് ചെയ്തത്. അതിനാൽ, നബിﷺ അവരുടെനേരെ പടയെടുത്തു. അവർ കോട്ടയിൽ അഭയം പ്രാപിച്ചുവെങ്കിലും പതിനഞ്ചുദിവസത്തെ ഉപരോധത്തിനുശേഷം, തങ്ങളുടെ പരിവാരസമേതം നാടുവിട്ടുപോയിക്കൊള്ളുവാൻ തങ്ങളെ അനുവദിക്കണമെന്ന് അവർ നബിﷺയോട് അപേക്ഷിച്ചു. തിരുമേനി അത് സമ്മതിക്കുകയും ചെയ്തു. അങ്ങനെ, അവർ അദ്റുആത്തി (أَذْرِعَات)ലേക്ക് നാടുവിട്ടുപോയി. മുനാഫിഖുകൾ അവരുടെ തുരപ്പൻ വേലകൾ ഈ സംഭവത്തിലും നടത്തുകയുണ്ടായി. ഇതാണ് ക്വൈനുക്വാഇലെ യഹൂദികളുടെ സംഭവത്തിന്റെ ചുരുക്കം. അടുത്ത ആയത്തിൽ, മുനാഫിഖുകളുടെയും, യഹൂദികൾ അവരുടെ വാക്ക് വിശ്വസിച്ചതിന്റെയും ഉപമ വിവരിക്കുന്നു:

كَمَثَلِ ٱلشَّيْطَٰنِ إِذْ قَالَ لِلْإِنسَٰنِ ٱكْفُرْ

﴾16﴿ (അതെ) പിശാചിന്റെ മാതിരി; അവൻ മനുഷ്യനോട് നീ അവിശ്വസിച്ചുകൊള്ളുക എന്ന് പറഞ്ഞ സന്ദർഭം;

فَلَمَّا كَفَرَ قَالَ إِنِّى بَرِىٓءٌ مِّنكَ إِنِّىٓ أَخَافُ ٱللَّهَ رَبَّ ٱلْعَٰلَمِينَ ﴿١٦﴾

എന്നിട്ട് അവൻ [മനുഷ്യൻ] അവിശ്വസിച്ചപ്പോഴോ, അവൻ പറഞ്ഞു: ഞാൻ നിന്നിൽനിന്നും ഒഴിവായവനാണ് [നാം തമ്മിൽ ബന്ധമില്ല]; നിശ്ചയമായും ഞാൻ ലോകരക്ഷിതാവായ അല്ലാഹുവിനെ ഭയപ്പെടുന്നു.

فَكَانَ عَٰقِبَتَهُمَآ أَنَّهُمَا فِى ٱلنَّارِ خَٰلِدَيْنِ فِيهَا ۚ وَذَٰلِكَ جَزَٰٓؤُا۟ ٱلظَّٰلِمِينَ ﴿١٧﴾

﴾17﴿ അങ്ങനെ, ഇരുവരുടെയും പര്യവസാനം, അവർ രണ്ടുപേരും നിത്യവാസികളായ നിലയിൽ നരകത്തിലാണ് എന്നതായിരുന്നു. അക്രമികളുടെ പ്രതിഫലമത്രെ അത്.

﴾16﴿ كَمَثَلِ ٱلشَّيْطَٰنِ പിശാചിനെപ്പോലെ, പിശാചിന്റെ മാതിരി إِذْ قَالَ അവൻ പറഞ്ഞ സന്ദർഭം لِلْإِنسَٰنِ മനുഷ്യനോട് ٱكْفُرْ നീ അവിശ്വസിക്കുക فَلَمَّا كَفَرَ എന്നിട്ടവൻ അവിശ്വസിച്ചപ്പോഴോ قَالَ അവൻ പറഞ്ഞു إِنِّى بَرِىٓءٌ നിശ്ചയമായും ഞാൻ ഒഴിവായ(ബന്ധമില്ലാത്ത- ഉത്തരവാദിത്വമില്ലാത്ത)വനാണ് مِّنكَ നിന്നിൽനിന്ന് إِنِّىٓ أَخَافُ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു ٱللَّهَ അല്ലാഹുവിനെ رَبَّ ٱلْعَٰلَمِينَ ലോകരുടെ രക്ഷിതാവായ ﴾17﴿ فَكَانَ അങ്ങനെ ആയി عَٰقِبَتَهُمَآ രണ്ടാളുടെയും പര്യവസാനം, കലാശം أَنَّهُمَا فِى ٱلنَّارِ രണ്ടുപേരും നരകത്തിലാണ് എന്നുള്ളത് خَٰلِدَيْنِ فِيهَا അതിൽ രണ്ടാളും നിത്യവാസികളായ നിലയിൽ وَذَٰلِكَ അത് جَزَٰٓؤُا۟ ٱلظَّٰلِمِينَ അക്രമികളുടെ പ്രതിഫലമത്രെ

പിശാച് പല സൂത്രങ്ങളും പ്രയോഗിച്ച് മനുഷ്യനെ വഴിപിഴപ്പിക്കുന്നു. അത് സംഭവിച്ചു കഴിഞ്ഞാൽ അവൻ ഒഴിഞ്ഞുമാറുകയും ചെയ്യുന്നു. അവനെ സഹായിക്കുവാനോ രക്ഷിക്കുവാനോ പിന്നെ പിശാചിനെ കിട്ടുകയില്ല. അവസാനം ശിക്ഷയിൽ രണ്ടുപേരും പങ്കാളികളാണ് താനും. ഇതുപോലെത്തന്നെയാണ് കപ

ടവിശ്വാസികളുടെയും അവരുടെ ദുരുപദേശങ്ങളും വാഗ്ദാനങ്ങളും കേട്ട് വഞ്ചിതരായ യഹൂദികളുടെയും അവസ്ഥ എന്ന് സാരം. അടുത്ത വചനത്തിൽ അല്ലാഹു സത്യവിശ്വാസികളെ വിളിച്ചു അവരെ ഉപദേശിക്കുന്നു:-

വിഭാഗം- 3

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَلْتَنظُرْ نَفْسٌ مَّا قَدَّمَتْ لِغَدٍ ۖ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ خَبِيرٌۢ بِمَا تَعْمَلُونَ ﴿١٨﴾

﴿18﴾ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. ഓരോ ആത്മാവും [ആളും] നാളെത്തേക്കു വേണ്ടി താൻ എന്താണ് മുന്നൊരുക്കം ചെയ്തിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാണ്.

وَلَا تَكُونُوا۟ كَٱلَّذِينَ نَسُوا۟ ٱللَّهَ فَأَنسَىٰهُمْ أَنفُسَهُمْ ۚ أُو۟لَٰٓئِكَ هُمُ ٱلْفَٰسِقُونَ ﴿١٩﴾

﴿19﴾ അല്ലാഹുവിനെ മറന്നുകളയുകയും, അങ്ങനെ, അവർക്ക് അവരെത്തന്നെ അവൻ മറപ്പിച്ചുകളയുകയും ചെയ്തിട്ടുള്ളവരെപ്പോലെ നിങ്ങൾ ആയിത്തീരരുത്. അങ്ങനെയുള്ളവർ തന്നെയാണ് തോന്നിയവാസികൾ.

لَا يَسْتَوِىٓ أَصْحَٰبُ ٱلنَّارِ وَأَصْحَٰبُ ٱلْجَنَّةِ ۚ أَصْحَٰبُ ٱلْجَنَّةِ هُمُ ٱلْفَآئِزُونَ ﴿٢٠﴾

﴿20﴾ നരകക്കാരും, സ്വർഗക്കാരും സമമാവുകയില്ല; സ്വർഗക്കാരായുള്ളവർ തന്നെയാണ് ഭാഗ്യവാൻമാർ.

﴿18﴾ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ വിശ്വസിച്ചവരേ ٱتَّقُوا۟ ٱللَّهَ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ وَلْتَنظُرْ നോക്കട്ടെ, ആലോചിക്കട്ടെ نَفْسٌ ഓരോ ദേഹവും (ആത്മാവും, ആളും) مَّا قَدَّمَتْ അത് (താൻ) മുൻ ചെയ്തു (ഒരുക്കി) വെച്ചത് لِغَدٍ നാളേക്കുവേണ്ടി وَٱتَّقُوا۟ ٱللَّهَ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ إِنَّ ٱللَّهَ നിശ്ചയ

മായും അല്ലാഹു خَبِيرٌ സൂക്ഷ്മമായി അറിയുന്നവനാണ് بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി ﴾19﴿ وَلَا تَكُونُوا۟ നിങ്ങൾ ആകരുത് كَٱلَّذِينَ യാതൊരു വരെപ്പോലെ نَسُوا۟ ٱللَّهَ അവർ അല്ലാഹുവിനെ മറന്നു فَأَنسَىٰهُمْ അപ്പോൾ അവൻ അവരെ മറപ്പിച്ചു أَنفُسَهُمْ അവരെത്തന്നെ, അവരുടെ ദേഹങ്ങളെ أُو۟لَٰٓئِكَ هُمُ അക്കൂട്ടർ തന്നെ ٱلْفَٰسِقُونَ തോന്നിയവാസികൾ, ദുർന്നടപ്പുകാർ ﴾20﴿ لَا يَسْتَوِىٓ സമമാവുകയില്ല أَصْحَٰبُ ٱلنَّارِ നരകക്കാർ وَأَصْحَٰبُ ٱلْجَنَّةِ സ്വർഗക്കാരും أَصْحَٰبُ ٱلْجَنَّةِ സ്വർഗക്കാർ هُمُ ٱلْفَآئِزُونَ അവരത്രെ ഭാഗ്യവാൻമാർ

വളരെ വിലയേറിയ മൂന്ന് ഉപദേശങ്ങൾ! മനുഷ്യന്റെ ഭാവിനിർണയവും, അവന് രക്ഷയും മോക്ഷവും ലഭിക്കലും ആ മൂന്ന് കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു.

(1) അല്ലാഹുവിനെ സൂക്ഷിക്കണം. അല്ലാഹുവിന്റെ വിധിവിലക്കുകൾ സ്വീകരിക്കുകവഴി അവനോട് ഭയഭക്തിയുള്ളവരായി ജീവിക്കുക എന്നാണ് അല്ലാഹുവിനെ സൂക്ഷിക്കുക എന്നതുകൊണ്ട് വിവക്ഷ. ഇതാണ് എല്ലാറ്റിലുംവെച്ച് മർമപ്രധാനമായ വിഷയവും. അതുകൊണ്ട് ഇക്കാര്യം ഒരേ വചനത്തിൽ തന്നെ രണ്ടുവട്ടം ആവർത്തിച്ചുണർത്തിയിരിക്കുന്നു.

(2) ഓരോരുത്തനും അവന്റെ നാളത്തേക്കുവേണ്ടി -ആസന്നവും ശാശ്വതവുമായ പരലോകജീവിതത്തിലേക്കുവേണ്ടി- എന്തൊക്കെയാണ് ഒരുക്കിവെച്ചിട്ടുള്ളതെന്ന് ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കണം. ഇങ്ങനെ ചെയ്യുന്ന മനുഷ്യൻ അവന്റെ കുറവുകളും വിടവുകളും കണ്ടെത്തുമല്ലോ. അപ്പോൾ, അത് പരിഹരിക്കുവാൻ അവൻ ശ്രമിക്കയും ചെയ്യും.

(3) അല്ലാഹുവിനെക്കുറിച്ചുള്ള ബോധമോ ഭയമോ ഇല്ലാതെ, അവന്റെ നിയമനിർദ്ദേശങ്ങളെ വകവെക്കാതെ, അവനെ മറന്നുകളയുകയും അങ്ങനെ സ്വന്തം രക്ഷാമാർഗങ്ങളെക്കുറിച്ചുപോലും ചിന്തിക്കാതായിത്തീരുകയും ചെയ്ത താന്തോന്നിവർഗങ്ങളെപ്പോലെ ആയിത്തീരരുത്. അതെ, അവരെ അനുകരിക്കാതെ, അവരോട് സാദൃശ്യപ്പെടാതെ, അവരുടെ കൂട്ടത്തിൽ അകപ്പെടാതെ സൂക്ഷിക്കണം. ഹാ! എത്ര മഹത്തായ ഉപദേശങ്ങൾ! എത്ര സാരവത്തായ ഉപദേശങ്ങൾ! ഈ ഉപദേശങ്ങൾ സ്വീകരിക്കുന്നവർ മാത്രമാണ് സ്വർഗാവകാശികൾ. അവർ തന്നെയാണ് ഭാഗ്യവാൻമാരും. ഈ ഭാഗ്യവാൻമാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. ആമീൻ.

അബൂഹുറയ്റഃ (റ)യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു നബിവചനത്തിന്റെ സാരം ഇതാകുന്നു: 'ഏഴുകാര്യങ്ങൾക്ക് മുമ്പായി നിങ്ങൾ ധൃതിപ്പെട്ടു

പ്രവർത്തനങ്ങൾ ചെയ്യുവിൻ: (എല്ലാം) മറപ്പിച്ചുകളയുന്ന (കടുത്ത) ദാരിദ്ര്യത്തെയോ, അല്ലെങ്കിൽ അമിതമായ ധനത്തെയോ, അല്ലെങ്കിൽ നാശകരമായ രോഗത്തെയോ, അല്ലെങ്കിൽ കൊള്ളരുതാതാക്കുന്ന വാർദ്ധക്യത്തെയോ, അല്ലെങ്കിൽ (ജീവിതം അവസാനിപ്പിച്ചു) യാത്ര അയക്കുന്ന മരണത്തെയോ, അല്ലെങ്കിൽ ദജ്ജാലിനെയോ- അതാണെങ്കിൽ, പ്രതീക്ഷിക്കപ്പെടുന്ന അദൃശ്യങ്ങളിൽവെച്ച് മോശപ്പെട്ടതാണ്- അല്ലെങ്കിൽ അന്ത്യസമയത്തെയോ അല്ലാതെ നിങ്ങൾക്ക് വല്ലതും കാത്തിരിക്കുവാനുണ്ടോ? അന്ത്യസമയമാകട്ടെ, ഏറ്റവും ആപൽക്കരവും ഏറ്റവും കൈപ്പേറിയതും!' (തി.)

لَوْ أَنزَلْنَا هَٰذَا ٱلْقُرْءَانَ عَلَىٰ جَبَلٍ لَّرَأَيْتَهُۥ خَٰشِعًا مُّتَصَدِّعًا مِّنْ خَشْيَةِ ٱللَّهِ ۚ وَتِلْكَ ٱلْأَمْثَٰلُ نَضْرِبُهَا لِلنَّاسِ لَعَلَّهُمْ يَتَفَكَّرُونَ ﴿٢١﴾

﴾21﴿ ഈ ക്വുർആൻ വല്ല പർവ്വതത്തിനും നാം ഇറക്കിക്കൊടുത്തിരുന്നെങ്കിൽ, വിനയം കാണിക്കുന്നതായും, അല്ലാഹുവിനെ പേടിച്ചത് നിമിത്തം പൊട്ടിപ്പൊളിയുന്നതായും അതിനെ നീ കാണുമായിരുന്നു! ആ ഉപമകളെ നാം മനുഷ്യർക്കുവേണ്ടി വിവരിക്കുകയാണ്; അവർ ചിന്തിക്കുവാൻവേണ്ടി.

﴾21﴿ لَوْ أَنزَلْنَا നാം ഇറക്കിയിരുന്നെങ്കിൽ هَٰذَا ٱلْقُرْءَانَ ഈ ക്വുർആൻ عَلَىٰ جَبَلٍ ഒരു പർവ്വതത്തിന്, മലയുടെ മേൽ لَّرَأَيْتَهُۥ അതിനെ നീ കാണുമായിരുന്നു, കണ്ടേനെ خَٰشِعًا വിനയം കാണിക്കുന്നതായി, താഴ്മ (ഭക്തി) ചെയ്യുന്നതായി مُّتَصَدِّعًا പൊട്ടിപ്പൊളിയുന്നതായി مِّنْ خَشْيَةِ ٱللَّهِ അല്ലാഹുവിനെ പേടിച്ചതുനിമിത്തം وَتِلْكَ ٱلْأَمْثَٰلُ ആ ഉപമ (ഉദാഹരണം, മാതിരി)കൾ نَضْرِبُهَا നാം അവയെ ഏർപ്പെടുത്തുന്നു, വിവരിക്കുന്നു لِلنَّاسِ ജനങ്ങൾക്ക് لَعَلَّهُمْ يَتَفَكَّرُونَ അവർ ചിന്തിക്കുവാൻവേണ്ടി, ചിന്തിച്ചേക്കാം

വിശുദ്ധ ക്വുർആന്റെ മഹത്വവും ഉന്നതനിലപാടും ഉപമാരൂപത്തിൽ ചൂണ്ടിക്കാട്ടുകയാണ് ഈ വചനം. മനുഷ്യന്റെ തന്റേടക്കുറവും അശ്രദ്ധയും കാരണമായി അതിന് അവൻ വേണ്ടത്ര വില കൽപിക്കുന്നില്ല; അവന്റെ മനസ്സിൽ അതർഹിക്കുന്ന ഗൗരവം അനുഭവപ്പെടുന്നുമില്ല. ഇത് ക്വുർആന്റെ ഏതെങ്കിലും പോരായ്മകൊണ്ടല്ല. ക്വുർആൻ അവതരിപ്പിച്ചത് വല്ല പർവതത്തിനുമായിരുന്നെങ്കിൽ- അതെത്ര കടുത്തതും ഉറച്ചതുമായിക്കൊള്ളട്ടെ- ക്വുർആന്റെ ഗൗരവത്താൽ അത് അല്ലാഹുവിനോട് ഭക്തിവിനയം കാണിക്കുന്നതും, അല്ലാഹുവിനെ പേടി

ച്ചു സ്വയം പൊട്ടിപ്പിളർന്നുപോകുന്നതുമായിത്തീർന്നേക്കും. അത്രയും മഹത്തായ ഒന്നാണത്. പക്ഷേ, മനുഷ്യഹൃദയത്തിന്റെ കടുപ്പം അതിലും കഠിനമായിപ്പോയി. അതുകൊണ്ടാണ് അവന്റെ മനസ്സിന് അതർഹിക്കുന്ന മാറ്റം വരുത്താത്തത് എന്ന് സാരം. എന്നല്ലാതെ, ക്വുർആൻ ഒരു മലയുടെമീതെ കൊണ്ടുപോയി വെച്ചാൽ ഉടനെ അത് പൊട്ടിത്തകരും എന്നൊന്നുമല്ല. മനുഷ്യൻ ചിന്തിച്ചു കാര്യങ്ങൾ മനസ്സിലാക്കുവാനാണ് ഇതും, ഇതുപോലെയുള്ളതുമായ ഉപമകളെ അല്ലാഹു എടുത്തുകാട്ടുന്നത് എന്ന് പ്രത്യേകം ഉണർത്തിയിട്ടുള്ളതിൽനിന്നുതന്നെ ഇത് സ്പഷ്ടമാണല്ലോ.

വേദക്കാരെ അഭിമുഖീകരിച്ചുകൊണ്ട് സൂ: ബക്വറഃ 74 ൽ അല്ലാഹു ഇങ്ങനെ പറയുന്നു: പിന്നീട് അതിന് ശേഷം, 'നിങ്ങളുടെ ഹൃദയങ്ങൾ കടുത്തുപോയി'. എന്നിട്ട് അവ കല്ലുപോലിരിക്കുന്നു. അല്ലെങ്കിൽ അതിനെക്കാൾ കഠിനകടുപ്പമുള്ളതാണ്. കല്ലിൽതന്നെയും (ചിലത്) അരുവികൾ പൊട്ടി ഒഴുകുന്നവയുണ്ട്; അവയിൽതന്നെ പൊട്ടിപ്പിളർന്നു വെള്ളം പുറത്തുവരുന്നവയുമുണ്ട്; അവയിൽതന്നെ അല്ലാഹുവിനെ പേടിച്ചതുനിമിത്തം (കീഴ്പോട്ടു) ഇറങ്ങുന്നവയും ഉണ്ട്. (ثُمَّ قَسَتْ قُلُوبُكُمْ – إلى قوله: مِنْ خَشْيَةِ اللَّهِ)

هُوَ ٱللَّهُ ٱلَّذِى لَآ إِلَٰهَ إِلَّا هُوَ ۖ عَٰلِمُ ٱلْغَيْبِ وَٱلشَّهَٰدَةِ ۖ هُوَ ٱلرَّحْمَٰنُ ٱلرَّحِيمُ ﴿٢٢﴾

﴿22﴾ താനല്ലാതെ (വേറെ) യാതൊരു ആരാധ്യനും ഇല്ലാത്തവനായ അല്ലാഹുവത്രെ, അവൻ; അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവൻ! അവൻ പരമകാരുണികനാണ്. കരുണാനിധിയാണ്.

هُوَ ٱللَّهُ ٱلَّذِى لَآ إِلَٰهَ إِلَّا هُوَ ٱلْمَلِكُ ٱلْقُدُّوسُ ٱلسَّلَٰمُ ٱلْمُؤْمِنُ ٱلْمُهَيْمِنُ ٱلْعَزِيزُ ٱلْجَبَّارُ ٱلْمُتَكَبِّرُ ۚ سُبْحَٰنَ ٱللَّهِ عَمَّا يُشْرِكُونَ ﴿٢٣﴾

﴿23﴾ (അതെ) താനല്ലാതെ (വേറെ) യാതൊരു ആരാധ്യനുമില്ലാത്ത അല്ലാഹുവാണവൻ.

(അവൻ) രാജാധിപതിയാണ്, മഹാ പരിശുദ്ധനാണ്, അന്യൂനനാണ് (അല്ലെങ്കിൽ രക്ഷയായുള്ളവനാണ്), അഭയം നൽകുന്നവനാണ്, മേൽനോട്ടം ചെയ്യുന്നവനാണ്, പ്രതാപശാലിയാണ്, പരമാധികാരിയാണ്, മഹത്വശാലിയാണ്.

അവർ പങ്കുചേർക്കുന്നതിൽനിന്ന് (എല്ലാം) അല്ലാഹു എത്രയോ പരിശുദ്ധൻ!

هُوَ ٱللَّهُ ٱلْخَـٰلِقُ ٱلْبَارِئُ ٱلْمُصَوِّرُ ۖ لَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ ۚ يُسَبِّحُ لَهُۥ مَا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢٤﴾

﴿24﴾ സ്രഷ്ടാവായ, നിർമിച്ചുണ്ടാക്കുന്നവനായ, രൂപം നൽകുന്നവനായ അല്ലാഹുവത്രെ അവൻ! അവന് ഏറ്റവും നല്ല (ഉൽകൃഷ്ട) നാമങ്ങളുണ്ട്.

ആകാശങ്ങളിലും ഭൂമിയിലുമുള്ളത് (മുഴുവനും) അവന് സ്തോത്ര കീർത്തനം ചെയ്യുന്നു. അവനത്രെ പ്രതാപശാലിയും, അഗാധജ്ഞനുമായുള്ളവനും!

﴿22﴾ هُوَ അവൻ ٱللَّهُ ٱلَّذِى യാതൊരു അല്ലാഹുവാകുന്നു لَآ إِلَـٰهَ ഒരാധ്യനുമില്ല إِلَّا هُوَ അവൻ (താൻ) അല്ലാതെ عَـٰلِمُ ٱلْغَيْبِ അദൃശ്യത്തെ അറിയുന്നവൻ وَٱلشَّهَـٰدَةِ ദൃശ്യത്തെയും هُوَ ٱلرَّحْمَـٰنُ അവൻ പരമകാരുണികനാണ് ٱلرَّحِيمُ കരുണാനിധിയാണ് ﴿23﴾ هُوَ ٱللَّهُ ٱلَّذِى അവൻ യാതൊരു അല്ലാഹുവാണ് لَآ إِلَـٰهَ ഒരു ആരാധ്യനുമില്ല إِلا هُوَ അവനല്ലാതെ ٱلْمَلِكُ രാജാവാണ്, അധിപതിയാണ് ٱلْقُدُّوسُ പരമപരിശുദ്ധൻ, വിശുദ്ധൻ ٱلسَّلَـٰمُ രക്ഷ, അന്യൂനൻ, രക്ഷപ്പെടുത്തുന്നവൻ ٱلْمُؤْمِنُ അഭയം (നിർഭയത്വം) നൽകുന്നവൻ ٱلْمُهَيْمِنُ മേൽനോട്ടം ചെയ്യുന്നവൻ, മേലന്വേഷണം നടത്തുന്നവൻ ٱلْعَزِيزُ പ്രതാപശാലി, അജയ്യൻ ٱلْجَبَّارُ പരമാധികാരി, സ്വേച്ഛാധികാരി, അടക്കിഭരിക്കുന്നവൻ ٱلْمُتَكَبِّرُ മഹത്വശാലി, മഹത്വം കാണിക്കുന്നവൻ سُبْحَـٰنَ ٱللَّهِ അല്ലാഹു മഹാപരിശുദ്ധൻ, അല്ലാഹുവിനെ പരിശുദ്ധപ്പെടുത്തുന്നു عَمَّا يُشْرِكُونَ അവർ പങ്കുചേർക്കുന്നതിൽനിന്ന് ﴿24﴾ هُوَ ٱللَّهُ അവൻ അല്ലാഹുവാണ് ٱلْخَـٰلِقُ സ്രഷ്ടാവായ ٱلْبَارِئُ നിർമിച്ചുണ്ടാക്കുന്നവനായ, രൂപപ്പെടുത്തുന്നവൻ ٱلْمُصَوِّرُ രൂപം നൽകുന്നവനായ, ആകൃതിപ്പെടുത്തുന്നവൻ لَهُ അവന്നുണ്ട് ٱلْأَسْمَآءُ നാമങ്ങൾ, പേരുകൾ ٱلْحُسْنَىٰ ഏറ്റവും നല്ല, (അത്യുൽകൃഷ്ടമായ) يُسَبِّحُ لَه അവന് സ്തോത്രകീർത്തനം ചെയ്യുന്നു مَا فِى ٱلسَّمَـٰوَٰتِ ആകാശങ്ങളിലുള്ളത് وَٱلْأَرْضِ ഭൂമിയിലും وَهُوَ ٱلْعَزِيزُ അവൻ പ്രതാപശാലിയാകുന്നു ٱلْحَكِيمُ അഗാധജ്ഞനായ

അല്ലാഹുവിന്റെ പരമോൽകൃഷ്ടങ്ങളായ ഗുണഗണങ്ങളെ വിശേഷിപ്പിക്കുന്ന അത്യുത്തമ നാമവിശേഷണങ്ങളിൽ (الأسْماء الحُسنَى)യിൽപെട്ട ചിലതാണ് ഈ വചനങ്ങളിൽ കാണുന്നത്. القُدوس എന്ന നാമം, സകലവിധകുറവുകളിൽനിന്നും, പോരായ്മകളിൽ നിന്നും പരിശുദ്ധനായുള്ളവൻ എന്നും, السلاَم എന്നത്, സകല കെടുതലുകളിൽനിന്നും സുരക്ഷിതനും മറ്റുള്ളവർക്ക് രക്ഷ നൽകുന്നവൻ എന്നും കുറിക്കുന്നു. സത്യവാൻമാരും അർഹരുമായവർക്ക് അഭയവും വിശ്വ

സ്തതയും നൽകുന്നവൻ എന്ന് اَلْمُؤْمِن എന്ന നാമവും, എല്ലാവരുടെയും എല്ലാ കാര്യത്തിന്റെയും മേൽനോട്ടവും മേലമ്പേഷണവും ചെയ്യുന്നവൻ എന്ന് الْمُهَيْمِن എന്ന നാമവും കുറിക്കുന്നു. എല്ലാ ശക്തികളെയും അതിജയിക്കുന്ന അതുല്യനായ പ്രതാപശാലി എന്ന് الْعَزِيز നും, എല്ലാ വസ്തുവെയും അടക്കി വാഴുകയും, തന്റെ അധികാരശക്തിക്ക് എല്ലാവരെയും അധീനപ്പെടുത്തുകയും ചെയ്യുന്ന പരമാധികാരി എന്ന് الْجَبَّار നും, എല്ലാവിധ മഹൽഗുണങ്ങളും യോഗ്യതയും തികഞ്ഞ മഹത്വശാലി എന്ന് الْمُتَكَبِّر നും അർത്ഥം വരുന്നു. അഖിലവസ്തുക്കളെയും ഇന്നിന്നപ്രകാരമെന്ന് നിർണയം ചെയ്ത് അതതിനുവേണ്ടുന്ന ക്രമീകരണവും വ്യവസ്ഥയും നൽകി ആകൃതിയും പ്രകൃതിയും കൊടുത്തു രൂപപ്പെടുത്തി സൃഷ്ടിച്ചുണ്ടാക്കിയവൻ എന്നത്രെ الْخَالِقُ الْبَارِئُ الْمُصَوِّرُ എന്നീ നാമങ്ങളുടെ വിവക്ഷ.

ഇവയും, ഇതുപോലെ ഖുർആനിലും ഹദീഥിലും വന്നിട്ടുള്ളതുമായ അല്ലാഹുവിന്റെ ഉൽകൃഷ്ടനാമങ്ങളിൽ അടങ്ങുന്ന സാരാർത്ഥങ്ങളെയും, ആന്തരോദ്ദേശ്യങ്ങളെയും ദ്യോതിപ്പിക്കുന്ന വാക്കുകൾ ഭാഷയിൽ വിരളമാകുന്നു. പ്രസ്തുത നാമങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട് ചില മഹാൻമാർ പ്രത്യേകം ഗ്രന്ഥങ്ങൾതന്നെ രചിച്ചിട്ടുണ്ട്. എല്ലാ നാമങ്ങളുടെയും അന്തസാരങ്ങൾ ഉൾക്കൊള്ളുന്ന വാക്കാണ് 'ഇലാഹ്' (اله) അപ്പോൾ, തൗഹീദിന്റെ വാക്യമായ لاَ إِلهَ إلا الله (അല്ലാഹു അല്ലാതെ ഒരു ഇലാഹും- ആരാധ്യനും- ഇല്ല) എന്ന വാക്കിന്റെ പ്രാധാന്യവും, അത് ഖുർആനിൽ ഇടക്കിടെ ആവർത്തിച്ചുകാണുന്നതിനുള്ള കാരണവും വ്യക്തമാണല്ലോ.

നബിﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നതായി ബുഖാരിയും മുസ്ലിമും (റ) ഉദ്ധരിക്കുന്നു: അല്ലാഹുവിന് തൊണ്ണൂറ്റൊമ്പത് -ഒന്നു കുറച്ചു നൂറു- നാമങ്ങളുണ്ട്. അവയെ സൂക്ഷ്മമായി പഠിച്ചവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവൻ ഒറ്റയാണ്. ഒറ്റയെ അവൻ ഇഷ്ടപ്പെടുന്നു. (إن لله تسعة وتسعين اسماء مائة الا واحدا من احصاها دخل الجنة وهو وتر يحب الوتر– متفق) ഈ തൊണ്ണൂറ്റൊമ്പതെണ്ണം ഏതൊക്കെയാണെന്ന് നമുക്ക് തിട്ടപ്പെടുത്തിപ്പറയുക സാധ്യമല്ല. ഖുർആനിലും നബിവചനങ്ങളിലും വന്നിട്ടുള്ള നാമങ്ങളിൽ നിന്ന് ചിലർ തൊണ്ണൂറ്റൊമ്പത് നാമങ്ങൾ തിരഞ്ഞെടുത്തു രേഖപ്പെടുത്തിയിട്ടുണ്ടെന്നുമാത്രം. ഈ നാമങ്ങളെ മനഃപാഠമാക്കിയതുകൊണ്ടോ, ഉരുവിടുന്നതുകൊണ്ടോ മാത്രം സ്വർഗത്തിൽ പ്രവേശനം തീർച്ചപ്പെട്ടുവെന്നല്ല ഹദീഥിന്റെ താൽപര്യം. അവയെ ഗ്രഹിക്കുകയും അവയിലടങ്ങിയ സാരങ്ങളും അവയുടെ ഗൗരവങ്ങളും മനസ്സിലാക്കി അതിനനുയോജ്യമായ വിധത്തിൽ ബോധപൂർവ്വം നിലകൊള്ളുന്നവർക്ക് രക്ഷയുണ്ട് എന്നത്രെ.

والله اعلم وهو الموفق والمعين

سورة الممتحنة

60. സൂറതുൽ മുംതഹിനഃ

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 13 - വിഭാഗം (റുകൂഉ്) 2

[ഈ സൂറത്തിന് 'മുംതഹിനഃ'എന്നും 'ഇംതിഹാൻ'എന്നും പേരുകളുണ്ട്. പേരുകൾക്കാസ്പദമായ കാരണം 10 -ാം വചനത്തിൽ നിന്ന് മനസ്സിലാക്കാം.]

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَتَّخِذُواْ عَدُوِّى وَعَدُوَّكُمۡ أَوۡلِيَآءَ تُلۡقُونَ إِلَيۡهِم بِٱلۡمَوَدَّةِ وَقَدۡ كَفَرُواْ بِمَا جَآءَكُم مِّنَ ٱلۡحَقِّ

(1) ഹേ, വിശ്വസിച്ചവരേ, എന്റെ ശത്രുവും നിങ്ങളുടെ ശത്രുവുമായവരോട് സ്നേഹബന്ധം കാട്ടിക്കൊണ്ട് നിങ്ങൾ അവരെ മിത്രങ്ങളാക്കി വെക്കരുത്;- നിങ്ങൾക്ക് വന്നെത്തിയിട്ടുള്ള സത്യത്തിൽ അവർ അവിശ്വസിച്ചിരിക്കയാണെന്നിരിക്കെ.

يُخۡرِجُونَ ٱلرَّسُولَ وَإِيَّاكُمۡ ۙ أَن تُؤۡمِنُواْ بِٱللَّهِ رَبِّكُمۡ إِن كُنتُمۡ خَرَجۡتُمۡ جِهَـٰدًا فِى سَبِيلِى وَٱبۡتِغَآءَ مَرۡضَاتِى

നിങ്ങൾ നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിൽ വിശ്വസിക്കുന്നതിനാൽ, റസൂലിനെയും, നിങ്ങളെയും അവർ (നാട്ടിൽനിന്ന്) പുറത്താക്കുന്നു. നിങ്ങൾ, എന്റെ മാർഗത്തിൽ (ധർമ) സമരം ചെയ്യുന്നതിനും, എന്റെ പ്രീതി തേടുന്നതിനും പുറപ്പെട്ടിരിക്കയാണെങ്കിൽ (അങ്ങനെ ചെയ്യരുത്).

تُسِرُّونَ إِلَيْهِم بِٱلْمَوَدَّةِ وَأَنَا۠ أَعْلَمُ بِمَآ أَخْفَيْتُمْ وَمَآ أَعْلَنتُمْ ۚ وَمَن يَفْعَلْهُ مِنكُمْ فَقَدْ ضَلَّ سَوَآءَ ٱلسَّبِيلِ ﴿١﴾	**നിങ്ങൾ അവരോട് സ്നേഹ ബന്ധം രഹസ്യമായി നടത്തുന്നു; ഞാനാകട്ടെ, നിങ്ങൾ മറച്ചുവെച്ചതും, നിങ്ങൾ പരസ്യമാക്കിയതും നല്ലവണ്ണം അറിയുന്നവനുമാണ് (എന്നിട്ടും)! നിങ്ങളിൽനിന്ന് ആരെങ്കിലും അത് ചെയ്യുന്നതായാൽ തീർച്ചയായും അവൻ നേരായ മാർഗം (തെറ്റി) പിഴച്ചുപോയി.**

﴿1﴾ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ വിശ്വസിച്ചവരേ لَا تَتَّخِذُوا۟ നിങ്ങൾ ആക്കരുത് عَدُوِّى എന്റെ ശത്രുവെ وَعَدُوَّكُمْ നിങ്ങളുടെ ശത്രുവെയും أَوْلِيَآءَ മിത്രങ്ങൾ, ബന്ധുക്കൾ, കാര്യകർത്താക്കൾ تُلْقُونَ നിങ്ങൾ ഇട്ടുകൊണ്ട് إِلَيْهِم അവരോട്, അവരിലേക്ക് بِٱلْمَوَدَّةِ സ്നേഹബന്ധം, താൽപര്യം وَقَدْ كَفَرُوا۟ അവർ അവിശ്വസിച്ചിട്ടുമുണ്ട്, അവിശ്വസിച്ചിരിക്കെ بِمَا جَآءَكُم നിങ്ങൾക്ക് വന്നെത്തിയതിൽ مِّنَ ٱلْحَقِّ യഥാർത്ഥമായിട്ട്, സത്യത്തിൽനിന്ന് يُخْرِجُونَ അവർ പുറത്താക്കുന്നു, ബഹിഷ്കരിക്കുന്നു ٱلرَّسُولَ റസൂലിനെ وَإِيَّاكُمْ നിങ്ങളെയും أَن تُؤْمِنُوا۟ നിങ്ങൾ വിശ്വസിക്കുന്നതിനാൽ بِٱللَّهِ رَبِّكُمْ നിങ്ങളുടെ റബ്ബായ അല്ലാഹുവിൽ إِن كُنتُمْ നിങ്ങളാണെങ്കിൽ خَرَجْتُمْ പുറപ്പെട്ടിരിക്കുന്നു (എങ്കിൽ) جِهَـٰدًا സമരത്തിന് فِى سَبِيلِى എന്റെ മാർഗത്തിൽ وَٱبْتِغَآءَ തേടുന്ന (അന്വേഷിക്കുന്ന)തിനും مَرْضَاتِى എന്റെ പ്രീതി, പൊരുത്തം تُسِرُّونَ നിങ്ങൾ രഹസ്യമാക്കുന്നു إِلَيْهِم അവരോടും, അവരിലേക്ക് بِٱلْمَوَدَّةِ സ്നേഹബന്ധത്തെ وَأَنَا۠ أَعْلَمُ ഞാൻ ഏറ്റവും (നല്ലവണ്ണം) അറിയുന്നവനാണ് بِمَآ أَخْفَيْتُمْ നിങ്ങൾ മറച്ചു (ഒളിച്ചു) വെച്ചതിനെപ്പറ്റി وَمَآ أَعْلَنتُمْ നിങ്ങൾ പരസ്യമാക്കിയതിനെയും وَمَن يَفْعَلْهُ ആരെങ്കിലും (വല്ലവനും) അത് ചെയ്യുന്നതായാൽ مِنكُمْ നിങ്ങളിൽ നിന്ന് فَقَدْ ضَلَّ എന്നാൽ തീർച്ചയായും അവൻ പിഴച്ചു, തെറ്റി سَوَآءَ ٱلسَّبِيلِ നേരായ വഴി, ശരിയായ മാർഗം

ഈ വചനത്തിന്റെ താൽപര്യവും, ഇത് അവതരിപ്പിച്ച സന്ദർഭവും ഇമാം ബുഖാരിയും, മുസ്‌ലിമും (റ) തുടങ്ങിയ മഹാൻമാർ രേഖപ്പെടുത്തിയിട്ടുള്ള ഒരു സംഭവത്തിൽനിന്ന് കൂടുതൽ മനസ്സിലാക്കാം. അതിന്റെ സമാന്യരൂപം ഇപ്രകാരമാകുന്നു:-

നബിﷺ മക്കാവിജയ യാത്രക്ക് ഒരുങ്ങിക്കൊണ്ടിരുന്ന അവസരത്തിൽ ഹാത്വിബ് (حاطب بن أبي بلتعة –رض) എന്നുപേരുള്ള ഒരു സ്വഹാബി മക്കഃയിലേക്ക് പോകുന്ന ഒരു സ്ത്രീവശം ഒരു സ്വകാര്യകത്ത് ക്വുറൈശികൾക്ക് കൊടുത്തയ

ച്ചു. റസൂൽﷺ അങ്ങോട്ടു വരുന്നുണ്ട്, സൂക്ഷിക്കണമെന്നായിരുന്നു കത്തിലെ ഉള്ളടക്കം. നബിﷺക്ക് ഇത് വഹ്യ് മൂലം അറിവായി. തിരുമേനി വേഗം, അലി (റ) മുതലായ ചിലരെ വിളിച്ചു ആ സ്ത്രീ ഖാഖ് (روضة خاخ) എന്ന തോട്ടത്തിൽ ഉണ്ടായിരിക്കുമെന്നും, സ്ത്രീയുടെ പക്കൽനിന്ന് ആ എഴുത്തുവാങ്ങി വരണമെന്നും കൽപിച്ചയച്ചു. അവൾ ആദ്യം കത്ത് നിഷേധിച്ചുവെങ്കിലും, അലി (റ) ഭീഷണിപ്പെടുത്തിയപ്പോൾ തന്റെ മുടിക്കെട്ടിൽനിന്ന് കത്തെടുത്തുകൊടുത്തു. കത്ത് കിട്ടിയപ്പോൾ നബിﷺ ഹാത്വിബ് (റ)നെ വിളിച്ചു കാരണം ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു: റസൂലേ, ഞാൻ ഇസ്ലാമിൽ വന്നശേഷം അവിശ്വാസിയായിട്ടില്ല; അവിടുത്തെ ഗുണകാംക്ഷിയായതിനുശേഷം അവിടുത്തെ വഞ്ചിച്ചിട്ടുമില്ല; ക്വുറൈശികളെ വിട്ടുപോന്നശേഷം അവരെ സ്നേഹിച്ചിട്ടുമില്ല. പക്ഷേ, ഞാൻ ക്വുറൈശികളിൽപെട്ടവനല്ലെങ്കിലും അവരുമായി കെട്ടുപാടുള്ളവനാണ്. തിരുമേനിയുടെ കൂടെയുള്ള എല്ലാ മുഹാജിറുകൾക്കും തന്നെ (നാം അവിടെച്ചെന്ന് ക്വുറൈശികളുമായി ഏറ്റുമുട്ടുന്ന പക്ഷം) അവരുടെ വകയായി അവിടെയുള്ള കുടുംബങ്ങളെയും സ്വത്തുക്കളെയും കാത്തുരക്ഷിക്കുവാനുള്ള ബന്ധുക്കൾ അവർക്ക് അവിടെയുണ്ട്. (എനിക്ക് അതില്ല.) എനിക്ക് ക്വുറൈശികളുമായി കുടുംബബന്ധമില്ലാത്ത സ്ഥിതിക്ക് അവർ (അവിടെയുള്ള) എന്റെ കുടുംബത്തെ കാക്കുമാറ് ഒരു സഹായ ഹസ്തം അവർക്ക് നൽകുവാൻ ഞാൻ ഉദ്ദേശിച്ചു. അത്രമാത്രം. അല്ലാതെ, അവിശ്വാസമോ, ഇസ്ലാമിൽ നിന്നുള്ള വ്യതിയാനമോ നിമിത്തം ചെയ്തതല്ല.അദ്ദേഹത്തിന്റെ ഒഴികഴിവ് നബ 1ﷺ സമ്മതിക്കുകയും ചെയ്തു.ഉമർ(റ) പറഞ്ഞു:'റസൂലേ, എന്നെ വിട്ടേക്കൂ ഇ ൗ കപടവിശ്വാസിയുടെ കഴുത്ത് ഞാൻ വെട്ടിക്കളയാം.'തിരുമേനി: അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ആളാണ്. താങ്കൾക്ക് എന്തറിയാം, ബദ്റിൽ സംബന്ധിച്ചവരോട് ഒരു പക്ഷേ, അല്ലാഹു പറഞ്ഞിരിക്കാം; നിങ്ങൾ ഉദ്ദേശിച്ചത് ചെയ്തേക്കുക: ഞാൻ പൊറുക്കും എന്ന്! ഇതാണ് സംഭവം. നബിﷺ ഇത് പറഞ്ഞപ്പോൾ ഉമർ(റ) കണ്ണുനീരൊഴുക്കി എന്നും, ഈ ആയത്ത് ഈ വിഷയത്തിലാണ് അവതരിച്ചതെന്നും ബുഖാരിയുടെ ചില രിവായത്തുകളിലുണ്ട്.

ദുരുദ്ദേശംകൊണ്ടോ വഞ്ചനനിമിത്തമോ അല്ല ഹാത്വിബ് (റ) ഇത് ചെയ്തെന്നും, തന്റെ കുടുംബത്തിന്റെ രക്ഷക്കുവേണ്ടി ദീർഘദൃഷ്ടിയില്ലാതെ അബദ്ധം പ്രവർത്തിച്ചതാണെന്നും ഇതിൽനിന്ന് വ്യക്തമാണ്. അദ്ദേഹം ഒരു മുഹാജിറും ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ആളുമാണ്. മനുഷ്യസഹജമായ ദൗർബ്ബല്യം പ്രവാചകൻമാരല്ലാത്ത മനുഷ്യരിലെല്ലാം അനുഭവപ്പെട്ടേക്കും. അങ്ങനെ ഒരു അബദ്ധം പിണഞ്ഞുപോയെങ്കിലും, പിന്നീടദ്ദേഹം നബിﷺയോട് പറഞ്ഞ വാക്കുകൾ അദ്ദേഹത്തിന്റെ നിഷ്കളങ്ക മനഃസ്ഥിതി തികച്ചും വെളിവാക്കുന്നുണ്ട്. എന്തെങ്കിലും ദുർന്യായങ്ങൾ പറഞ്ഞു തെറ്റ് ലഘൂകരിക്കുവാൻ അദ്ദേഹം മുതിർന്നില്ല. ഇത് സ്വഹാബികളുടെ മാതൃകാപരമായ ഒരു സ്വഭാവമത്രെ.

ഈ വചനം അവതരിച്ച സന്ദർഭം ഏതായിരുന്നാലും ശരി, അതിലട

ങ്ങിയ കാര്യം എല്ലാ സന്ദർഭങ്ങൾക്കും ബാധകമാണെന്നുള്ളതിൽ സംശയമില്ല. ആ നിലക്കാണ്, ശത്രുക്കളുമായി മുസ്‌ലിംകൾ സ്നേഹബന്ധവും, സ്വകാര്യകൂട്ടുകെട്ടും സ്ഥാപിക്കുന്നത് വമ്പിച്ച തെറ്റാണെന്നും, മേലിൽ ആരെങ്കിലും അപ്രകാരം ചെയ്താൽ അവർ ദുർമാർഗിയാണ് എന്നും അല്ലാഹു ഗൗരവപൂർവ്വം താക്കീത് ചെയ്യുന്നതും. ഈ നിരോധത്തിന് അല്ലാഹു എടുത്തു കാണിച്ച കാരണങ്ങൾ പരിശോധിച്ചാൽ ഓരോന്നും അതിന് മതിയായ കാരണമാണെന്ന് വ്യക്തമാണ്.

إِن يَثْقَفُوكُمْ يَكُونُوا۟ لَكُمْ أَعْدَآءً وَيَبْسُطُوٓا۟ إِلَيْكُمْ أَيْدِيَهُمْ وَأَلْسِنَتَهُم بِٱلسُّوٓءِ وَوَدُّوا۟ لَوْ تَكْفُرُونَ ﴿٢﴾

﴾2﴿ നിങ്ങളെ അവർക്ക് പിടികിട്ടുന്നപക്ഷം, അവർ നിങ്ങൾക്കു ശത്രുക്കളായിരിക്കുകയും, നിങ്ങളുടെനേരെ തിന്മയുമായി അവർ അവരുടെ കൈകളും നാവുകളും നീട്ടുകയും ചെയ്യുന്നതാണ്. നിങ്ങൾ അവിശ്വസിച്ചിരുന്നെങ്കിൽ (കൊള്ളാമായിരുന്നു) എന്ന് അവർ ആഗ്രഹിക്കുകയും ചെയ്യുന്നു.

﴾2﴿ إِن يَثْقَفُوكُمْ അവർക്ക് നിങ്ങളെ പിടികിട്ടിയാൽ, നിങ്ങളെ കണ്ടെത്തിയാൽ يَكُونُوا۟ لَكُمْ അവർ നിങ്ങൾക്ക് ആയിത്തീരും أَعْدَآءً ശത്രുക്കൾ وَيَبْسُطُوٓا۟ അവർ നീട്ടുകയും (വിരുത്തുകയും) ചെയ്യും إِلَيْكُمْ നിങ്ങളുടെ നേരെ, നിങ്ങളിലേക്ക് أَيْدِيَهُمْ അവരുടെ കൈകളെ وَأَلْسِنَتَهُم അവരുടെ നാവുകളെയും بِٱلسُّوٓءِ തിന്മയുംകൊണ്ട്, തിയ്യതുമായി وَوَدُّوا۟ അവർ ആഗ്രഹിക്കുകയും ചെയ്തു, മോഹിച്ചു, കൊതിക്കുന്നു لَوْ تَكْفُرُونَ നിങ്ങൾ അവിശ്വസിച്ചിരുന്നെങ്കിൽ എന്ന്

കയ്യും നാവും നീട്ടുമെന്നു പറഞ്ഞതിന്റെ അർത്ഥം, ദേഹോപദ്രവവും അക്രമവും നടത്തുകയും, ചീത്തയും ശകാരവും പൊഴിക്കുകയും ചെയ്യും എന്നാകുന്നു.

لَن تَنفَعَكُمْ أَرْحَامُكُمْ وَلَآ أَوْلَٰدُكُمْ يَوْمَ ٱلْقِيَٰمَةِ يَفْصِلُ بَيْنَكُمْ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٣﴾

﴾3﴿ നിങ്ങളുടെ രക്തബന്ധങ്ങളാകട്ടെ, നിങ്ങളുടെ മക്കളാകട്ടെ, ഖിയാമത്ത്നാളിൽ നിങ്ങൾക്ക് ഉപകരിക്കുകയില്ലതന്നെ. അവൻ [അല്ലാഹു] നിങ്ങളുടെ ഇടയിൽ (തീരുമാനമെടുത്തു) വേർപിരിക്കുന്നതാണ്.

അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

قَدْ كَانَتْ لَكُمْ أُسْوَةٌ حَسَنَةٌ فِيٓ
إِبْرَٰهِيمَ وَٱلَّذِينَ مَعَهُۥٓ إِذْ قَالُوا۟
لِقَوْمِهِمْ

《4》 ഇബ്റാഹീമിലും, അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും നിങ്ങൾക്ക് നല്ലതായ ഒരു മാതൃകയുണ്ടായിട്ടുണ്ട്; (അതെ) അവർ തങ്ങളുടെ ജനതയോട് പറഞ്ഞ സന്ദർഭം:

إِنَّا بُرَءَٰٓؤُا۟ مِنكُمْ وَمِمَّا تَعْبُدُونَ مِن
دُونِ ٱللَّهِ كَفَرْنَا بِكُمْ وَبَدَا بَيْنَنَا
وَبَيْنَكُمُ ٱلْعَدَٰوَةُ وَٱلْبَغْضَآءُ أَبَدًا
حَتَّىٰ تُؤْمِنُوا۟ بِٱللَّهِ وَحْدَهُۥٓ

'നിശ്ചയമായും ഞങ്ങൾ, നിങ്ങളിൽനിന്നും, നിങ്ങൾ അല്ലാഹുവിന് പുറമെ ആരാധിച്ചുകൊണ്ടിരിക്കുന്നവയിൽനിന്നും (ബന്ധമറ്റ്) ഒഴിവായവരാകുന്നു; ഞങ്ങൾ നിങ്ങളെ അവിശ്വസി [നിഷേധി] ച്ചിരിക്കുന്നു; അല്ലാഹു ഏകൻ എന്ന നിലക്ക് നിങ്ങളവനിൽ വിശ്വസിക്കുന്നത്വരേക്കും -എക്കാലത്തും- ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ശത്രുതയും വിദ്വേഷവും വെളിപ്പെടുകയും ചെയ്തിരിക്കുന്നു'.

إِلَّا قَوْلَ إِبْرَٰهِيمَ لِأَبِيهِ لَأَسْتَغْفِرَنَّ
لَكَ وَمَآ أَمْلِكُ لَكَ مِنَ ٱللَّهِ مِن
شَىْءٍ

(പക്ഷേ) ഇബ്റാഹീം തന്റെ പിതാവിനോട് 'നിശ്ചയമായും, ഞാൻ താങ്കൾക്കുവേണ്ടി പാപമോചനം തേടും; അല്ലാഹുവിങ്കൽനിന്ന് താങ്കൾക്ക് യാതൊന്നുംതന്നെ (ചെയ്യാൻ) ഞാൻ അധീനമാക്കുന്നില്ല' എന്ന് പറഞ്ഞതൊഴികെ [ഇതിൽ നിങ്ങൾക്കു മാതൃകയില്ല].

رَّبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا
وَإِلَيْكَ ٱلْمَصِيرُ ٤

(അവർ പറഞ്ഞിരുന്നു:) 'ഞങ്ങളുടെ റബ്ബേ, നിന്റെമേൽ ഞങ്ങൾ ഭരമേൽപിച്ചു; നിന്റെ അടുക്കലേക്ക് തന്നെ ഞങ്ങൾ (വിനയപ്പെട്ടു) മടങ്ങുകയും ചെയ്തിരിക്കുന്നു; നിങ്കലേക്ക് തന്നെയാണ് തിരിച്ചെത്തലും.

رَبَّنَا لَا تَجۡعَلۡنَا فِتۡنَةً لِّلَّذِينَ كَفَرُواْ وَٱغۡفِرۡ لَنَا رَبَّنَآۖ إِنَّكَ أَنتَ ٱلۡعَزِيزُ ٱلۡحَكِيمُ ۝٥

﴾5﴿ 'ഞങ്ങളുടെ റബ്ബേ, അവിശ്വസിച്ചതായ ആളുകൾക്ക് ഞങ്ങളെ നീ ഒരു പരീക്ഷണ (പാത്ര)മാക്കരുതേ! ഞങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യേണമേ- ഞങ്ങളുടെ റബ്ബേ! നിശ്ചയമായും നീ തന്നെയാണ് അഗാധജ്ഞനായ പ്രതാപശാലി'.

﴾3﴿ لَن تَنفَعَكُمۡ നിങ്ങൾക്ക് ഉപകരിക്കുകയില്ല തന്നെ أَرۡحَامُكُمۡ നിങ്ങളുടെ രക്ത(കുടുംബ)ബന്ധങ്ങൾ وَلَآ أَوۡلَٰدُكُمۡ നിങ്ങളുടെ മക്കളും ഇല്ല يَوۡمَ ٱلۡقِيَٰمَةِ ഖിയാമത്തുനാളിൽ يَفۡصِلُ അവൻ പിരിക്കും, തീരുമാനമെടുക്കും بَيۡنَكُمۡ നിങ്ങൾക്കിടയിൽ وَٱللَّهُ അല്ലാഹു بِمَا تَعۡمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി بَصِيرٌ കണ്ടറിയുന്നവനാണ് ﴾4﴿ قَدۡ كَانَتۡ لَكُمۡ നിങ്ങൾക്കുണ്ടായിട്ടുണ്ട് أُسۡوَةٌ മാതൃക حَسَنَةٌ നല്ലതായ فِيٓ إِبۡرَٰهِيمَ ഇബ്റാഹിമിൽ وَٱلَّذِينَ مَعَهُۥٓ അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും إِذۡ قَالُواْ അവർ പറഞ്ഞ സന്ദർഭം لِقَوۡمِهِمۡ അവരുടെ ജനതയോട് إِنَّا بُرَءَٰٓؤُاْ നിശ്ചയമായും ഞങ്ങൾ ഒഴിവായവരാണ് مِنكُمۡ നിങ്ങളിൽനിന്ന് وَمِمَّا تَعۡبُدُونَ നിങ്ങൾ ആരാധിച്ചുവരുന്നവയിൽനിന്നും مِن دُونِ ٱللَّهِ അല്ലാഹുവിനു പുറമെ كَفَرۡنَا بِكُمۡ നിങ്ങളിൽ നാം അവിശ്വസിച്ചു (നിങ്ങളെ നിഷേധിച്ചു) وَبَدَا بَيۡنَنَا ഞങ്ങളുടെ ഇടയിൽ വെളിപ്പെട്ടു وَبَيۡنَكُمُ നിങ്ങൾക്കുമിടയിൽ ٱلۡعَدَٰوَةُ ശത്രുത, പക وَٱلۡبَغۡضَآءُ വിദ്വേഷവും, അമർഷവും أَبَدًا എക്കാലത്തും حَتَّىٰ تُؤۡمِنُواْ നിങ്ങൾ വിശ്വസിക്കുന്നതുവരെ بِٱللَّهِ അല്ലാഹുവിൽ وَحۡدَهُۥٓ അവൻ ഏകനായ നിലയിൽ إِلَّا قَوۡلَ إِبۡرَٰهِيمَ ഇബ്റാഹീമിന്റെ വാക്കു (പറഞ്ഞത്) ഒഴികെ إِلَّا قَوۡلَ إِبۡرَٰهِيمَ തന്റെ പിതാവിനോട് لَأَسۡتَغۡفِرَنَّ لَكَ നിശ്ചയമായും ഞാൻ താങ്കൾക്ക് പാപമോചനം തേടും وَمَآ أَمۡلِكُ لَكَ താങ്കൾക്ക് ഞാൻ അധീനമാക്കുന്നില്ല (എനിക്ക് കഴിവില്ല) مِنَ ٱللَّهِ അല്ലാഹുവിൽനിന്ന് مِن شَيۡءٍۖ യാതൊന്നും തന്നെ رَّبَّنَا ഞങ്ങളുടെ രക്ഷിതാവേ عَلَيۡكَ تَوَكَّلۡنَا നിന്റെ മേൽ ഞങ്ങൾ ഭരമേൽപിച്ചു وَإِلَيۡكَ നിന്നിലേക്ക് തന്നെ أَنَبۡنَا ഞങ്ങൾ മനസ്സുമടങ്ങി, വിനയപ്പെട്ടു وَإِلَيۡكَ നിങ്കലേക്കുതന്നെയാണ് ٱلۡمَصِيرُ തിരിച്ചെത്തൽ, മടക്കം ﴾5﴿ رَبَّنَا ഞങ്ങളുടെ റബ്ബേ لَا تَجۡعَلۡنَا ഞങ്ങളെ നീ ആക്കരുതേ فِتۡنَةً ഒരു പരീക്ഷണം (പരീക്ഷണപാത്രം) لِّلَّذِينَ كَفَرُواْ അവിശ്വസിച്ചവർക്ക് وَٱغۡفِرۡ لَنَا ഞങ്ങൾക്ക് പൊറുത്തുതരുകയും വേണമേ رَبَّنَآ ഞങ്ങളുടെ റബ്ബേ إِنَّكَ أَنتَ നിശ്ചയമായും നീ തന്നെ ٱلۡعَزِيزُ പ്രതാപശാലി ٱلۡحَكِيمُ അഗാധജ്ഞനായ, യുക്തിമാനായ

തൗഹീദിന്റെയും നിങ്ങളുടെയും ശത്രുക്കളായ ആളുകളുമായി നിങ്ങൾക്ക് യാതൊരു കൂട്ടുകെട്ടും സ്നേഹബന്ധവും പാടില്ലെന്നുള്ളതിന് ഇബ്റാഹീം നബി (അ)യുടെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരുടെയും ചര്യയിൽതന്നെ നിങ്ങൾക്ക് നല്ല മാതൃകയുണ്ടല്ലോ. നിങ്ങളോടും നിങ്ങളുടെ ആരാധ്യവസ്തുക്കളോടും ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്നും, അല്ലാഹുവിൽ വിശ്വസിക്കാത്ത കാലത്തോളം നാം തമ്മിൽ പ്രത്യക്ഷ ശത്രുക്കളാണെന്നും അവർ തങ്ങളുടെ എതിരാളികളോട് തുറന്നു പ്രഖ്യാപിച്ചിരുന്നു. തങ്ങളുടെ കാര്യം അവർ അല്ലാഹുവിൽ ഭരമേല്പിക്കുകയും, ശത്രുക്കളിൽനിന്ന് രക്ഷക്കും പാപമോചനത്തിനുംവേണ്ടി അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അഥവാ, ശത്രുക്കളുമായി വല്ല വേഴ്ചയും സ്ഥാപിക്കുവാനോ, അവർക്ക് വഴങ്ങുവാനോ ശ്രമിക്കാതെ, അവർ സധീരം ഉറച്ചുനിന്നു അതുപോലെയാണ് നിങ്ങളും ചെയ്യേണ്ടത്. പക്ഷേ, ഇബ്റാഹീം നബി (അ) അദ്ദേഹത്തിന്റെ അവിശ്വാസിയായ പിതാവിനുവേണ്ടി പാപമോചനം തേടുകയുണ്ടായി. അതിൽ നിങ്ങൾ അദ്ദേഹത്തിന്റെ മാതൃക സ്വീകരിച്ചു കൂടാത്തതാകുന്നു. എന്നൊക്കെയാണ് ഈ വചനങ്ങളിലെ ആശയത്തിന്റെ ചുരുക്കം.

പിതാക്കളോട് മക്കൾക്ക് സ്വാഭാവികമായുണ്ടാകുന്ന വാൽസല്യവും, സ്വന്തം പിതാവ് നന്നായിത്തീരുവാനുള്ള മോഹവും നിമിത്തമായിരിക്കും ഇബ്റാഹീം (അ) പിതാവിനുവേണ്ടി പാപമോചനം തേടാമെന്ന് പറഞ്ഞതെന്ന് വ്യക്തമാണ്. എങ്കിലും അത് മാതൃകയാക്കുവാൻ പാടില്ലെന്നും, ഇബ്റാഹീം (അ) അങ്ങനെ ചെയ്യാൻ കാരണമെന്താണെന്നും സൂ: തൗബഃ 113,114 ൽ അല്ലാഹു വിവരിച്ചിരിക്കുന്നു. ആ വചനങ്ങളുടെ സാരം ഇപ്രകാരമാണ്: 'അടുത്ത കുടുംബങ്ങളായിരുന്നാലും, അവർ നരകത്തിന്റെ ആൾക്കാരാണെന്ന് വ്യക്തമായിക്കഴിഞ്ഞശേഷം മുശ്രിക്കുകൾക്കുവേണ്ടി പാപമോചനം തേടുവാൻ പ്രവാചകന്നോ വിശ്വസിച്ചവർക്കോ പാടില്ലാത്തതാണ്. ഇബ്റാഹീം അദ്ദേഹത്തിന്റെ പിതാവിനുവേണ്ടി പാപമോചനം തേടിയത്, അയാളോട് അദ്ദേഹം ചെയ്തിരുന്ന ഒരു വാഗ്ദത്തം നിമിത്തമല്ലാതെ മറ്റൊന്നുമായിരുന്നില്ല. എന്നിട്ട്, അയാൾ അല്ലാഹുവിന്റെ ശത്രുവാണെന്ന് അദ്ദേഹത്തിന് വ്യക്തമായപ്പോൾ അദ്ദേഹം അയാളിൽനിന്ന് ഒഴിഞ്ഞുമാറി'.(ما كان للنبي – إلى قوله وما كان استغفار ابراهيم الخ – التوبة:١١٣، ١١٤)

നബിമാരെ സംബന്ധിച്ചിടത്തോളം ഒരാൾ നരകക്കാരിൽ പെട്ടവനാണെന്ന വസ്തുത വഹ്‌യ് മൂലം അറിയുവാൻ സാധ്യതയുണ്ട്. നബിമാരല്ലാത്തവരെ സംബന്ധിച്ചിടത്തോളം നബിമാർ മുഖേന വിവരം കിട്ടാതെ ഇത് സാധ്യമല്ല. എങ്കിലും, ഒരാൾ ശിർക്കിലും, കുഫ്റിലും (ബഹുദൈവ വിശ്വാസത്തിലും അവിശ്വാസത്തിലും) ആണ് മരണപ്പെട്ടിരിക്കുന്നതെന്ന് കണ്ടാൽ മറ്റുള്ളവർക്കും അത് മനസ്സിലാക്കാമല്ലോ. അഥവാ അപ്പോഴേ അത് ഉറപ്പിക്കാവൂ. ഏത് അക്രമിയും, ഏത് പാപിയും മരണത്തിന് മുമ്പ് പശ്ചാത്തപിച്ചാൽ അല്ലാഹു മാപ്പുചെയ്തുകൊടുക്കുന്നതാണ്. ഏതെങ്കിലും മാർഗത്തിലൂടെ, ശിർക്കിന്റെയും കുഫ്റിന്റെയും ആളെന്ന് വ്യക്തമായിക്കഴിഞ്ഞ ആൾക്ക് വേണ്ടിയും പാപമോചനത്തിനും

രക്ഷക്കും പ്രാർത്ഥിക്കുവാൻ സത്യവിശ്വാസികൾക്ക് പാടില്ലാത്തതാണെന്ന് ഈ ക്വുർആൻ വചനങ്ങൾകൊണ്ട് സ്പഷ്ടമാകുന്നു. അപ്പോൾ- ഇന്നത്തെ പുരോഗമനാശയക്കാരെന്ന് പറയപ്പെടുന്ന ചില ആളുകൾ ചെയ്യാറുള്ളതുപോലെ- സത്യവിശ്വാസികളല്ലാത്ത ആളുകൾ മരണപ്പെട്ടശേഷം അവരുടെ ശാന്തിക്കും മോക്ഷത്തിനും വേണ്ടി മുസ്‌ലിംകൾ പ്രാർത്ഥന നടത്തുന്നതും, അതിൽ പങ്കുവഹിക്കുന്നതും അനിസ്‌ലാമികമായ ദുരാചാരമാണെന്ന് പറയേണ്ടതില്ല. ഇബ്‌റാഹീം നബി (അ)യുടെയും അനുയായികളുടെയും മാതൃകയെക്കുറിച്ച് വീണ്ടും അല്ലാഹു പറയുന്നു:-

لَقَدْ كَانَ لَكُمْ فِيهِمْ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُوا۟ ٱللَّهَ وَٱلْيَوْمَ ٱلْـَٔاخِرَ ۚ وَمَن يَتَوَلَّ فَإِنَّ ٱللَّهَ هُوَ ٱلْغَنِىُّ ٱلْحَمِيدُ ﴿٦﴾

(6) തീർച്ചയായും അവരിൽ നിങ്ങൾക്ക് നല്ലതായ മാതൃകയുണ്ടായിരുന്നു; അതായത്, അല്ലാഹുവിനെയും, അന്ത്യനാളിനെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവർക്ക്. ആരെങ്കിലും തിരിഞ്ഞു കളയുന്നപക്ഷം അപ്പോൾ, നിശ്ചയമായും അല്ലാഹുതന്നെയാണ് ധന്യനും സ്തുത്യർഹനുമായുള്ളവൻ.

---

(6) لَقَدْ كَانَ തീർച്ചയായും ഉണ്ടായിട്ടുണ്ട്, ഉണ്ടായിരുന്നു لَكُمْ فِيهِمْ നിങ്ങൾക്ക് അവരിൽ أُسْوَةٌ മാതൃക, തുടർച്ച حَسَنَةٌ നല്ലതായ لِّمَن യാതൊരുവന് كَانَ يَرْجُوا۟ അഭിലഷിക്കുന്ന, പ്രതീക്ഷിച്ചുവരുന്ന ٱللَّهَ അല്ലാഹുവിനെ وَٱلْيَوْمَ ٱلْـَٔاخِرَ അന്ത്യനാളിനെയും وَمَن يَتَوَلَّ ആരെങ്കിലും തിരിഞ്ഞു പോകുന്നതായാൽ فَإِنَّ ٱللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു هُوَ ٱلْغَنِىُّ അവനത്രെ ധന്യൻ, അവൻ അനാശ്രയനത്രെ ٱلْحَمِيدُ സ്തുത്യർഹനായ

അല്ലാഹുവിനെക്കുറിച്ചും അന്ത്യനാളിനെക്കുറിച്ചുമുള്ള ഭയവും, അന്നത്തെ ദിവസം അല്ലാഹുവിൽനിന്നുള്ള പ്രതിഫലവും രക്ഷയും ലഭിക്കണമെന്ന ആഗ്രഹവും ഉള്ളവർ മാത്രമേ പ്രസ്തുതമാതൃക സ്വീകരിക്കുവാൻ തയ്യാറുണ്ടാവുകയുള്ളൂ. അങ്ങനെയുള്ളവർ അത് സ്വീകരിച്ചുകൊള്ളട്ടെ, സ്വീകരിക്കുവാൻ തയ്യാറില്ലാത്തവരെക്കൊണ്ട് അല്ലാഹുവിന് യാതൊരു ദോഷവും ബാധിക്കുവാനില്ല. അതിന്റെ ഭവിഷ്യത്ത് അവർക്കുതന്നെയാണ് അനുഭവപ്പെടുക എന്ന് സാരം. ഈ വചനങ്ങൾ സ്വഹാബികളുടെ ഹൃദയത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തിയിരുന്നുവെന്നതിന് ഒരു ഉദാഹരണം കാണുക: അബൂബക്‌ർ (റ)ന്റെ മകൾ അസ്മാഉ് (റ)ന്റെ വീട്ടിൽ അവരുടെ മാതാവ്- മാതാവ് അന്ന് വിശ്വസിച്ചിട്ടുണ്ടായിരുന്നില്ല- അവർക്ക് ചില സമ്മാനങ്ങളുമായി വന്നപ്പോൾ അവർ മാതാവിനെ

സ്വീകരിക്കുകയുണ്ടായില്ല. മാതാവിനെ സ്വീകരിച്ചുകൊള്ളുവാൻ നബിﷺ ഉപദേശിച്ചതിനുശേഷമേ അവർ സ്വീകരിച്ചുള്ളൂ. (അ; ബു; മു.) ഹുദൈബിയ്യ സന്ധി നിലവിലുള്ള കാലത്തായിരുന്നു അത്. ശത്രുക്കളുമായുള്ള ഈ സംഘർഷാവസ്ഥ അധികകാലം നിലനിൽക്കയില്ലെന്നും, താമസിയാതെ അതിനൊരു പരിഹാരമുണ്ടാകുമെന്നും അടുത്ത വചനത്തിൽ അല്ലാഹു സത്യവിശ്വാസികളെ സമാശ്വസിപ്പിക്കുന്നു:-

വിഭാഗം- 2

عَسَى ٱللَّهُ أَن يَجْعَلَ بَيْنَكُمْ وَبَيْنَ ٱلَّذِينَ عَادَيْتُم مِّنْهُم مَّوَدَّةً ۚ وَٱللَّهُ قَدِيرٌ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٧﴾

﴾7﴿ നിങ്ങൾക്കും, അവരിൽനിന്ന് നിങ്ങൾ ശത്രുതവെച്ചവർക്കുമിടയിൽ അല്ലാഹു സ്നേഹബന്ധം ഉണ്ടാക്കിയേക്കാം. അല്ലാഹു കഴിവുള്ളവനാണ്; അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാണ്.

﴾7﴿ عَسَى ٱللَّهُ അല്ലാഹു ആയേക്കാം أَن يَجْعَلَ ഉണ്ടാക്കുക, ആക്കുവാൻ بَيْنَكُمْ നിങ്ങൾക്കിടയിൽ وَبَيْنَ ٱلَّذِينَ യാതൊരു കൂട്ടർക്കുമിടയിൽ عَادَيْتُم مِّنْهُم അവരിൽനിന്ന് നിങ്ങൾ ശത്രുതവെച്ച مَّوَدَّةً സ്നേഹബന്ധം وَٱللَّهُ قَدِيرٌ അല്ലാഹു കഴിവുള്ളവനാണ് وَٱللَّهُ غَفُورٌ അല്ലാഹു വളരെ പൊറുക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ്.

'ഉണ്ടായേക്കാം' എന്ന് അല്ലാഹു ഒരു കാര്യത്തെപ്പറ്റി പറഞ്ഞാൽപിന്നെ അത് ഉണ്ടാകുമെന്നതിൽ സംശയിക്കാനില്ലല്ലോ. അതാ, മക്കാവിജയത്തോടെ അക്കാര്യം യഥാർത്ഥമായിത്തീരുകയും ചെയ്തു. ഖുറൈശികൾ ഇസ്‌ലാം സ്വീകരിച്ചു. അറബികളാകമാനം തുരുതുരെ ഇസ്‌ലാമിന് കീഴൊതുങ്ങി അതിന്റെ പതാകയിൻകീഴിൽ അണിനിരന്നു. പഴയ വൈരങ്ങളും, പുതിയ ശത്രുതകളുമെല്ലാം അവസാനിച്ചു. സാഹോദര്യം പൂർവ്വാധികം ബലപ്പെട്ടു. അല്ലാഹു പറഞ്ഞു: 'അല്ലാഹു നിങ്ങൾക്ക് ചെയ്ത അനുഗ്രഹം ഓർക്കുവിൻ. അതായത്, നിങ്ങൾ ശത്രുക്കളായിരുന്ന സന്ദർഭം: എന്നിട്ട് നിങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ അവൻ ഇണക്കിച്ചേർത്തു. അങ്ങനെ അവന്റെ അനുഗ്രഹംകൊണ്ട് നിങ്ങൾ സഹോദരങ്ങളായി'.(واذكروا نعمة الله عليكم الخ–آل عمران : ١٠٤) ഭൂമിയിലുള്ളത് മുഴുവനും നീ ചിലവാക്കിയിരുന്നാലും അവരുടെ ഹൃദയങ്ങൾക്കിടയിൽ നീ ഇണക്കിച്ചേർക്കുമായിരുന്നില്ല. പക്ഷേ, അല്ലാഹു അവർക്കിടയിൽ ഇണക്കിയിരിക്കുന്നു. (لو أنفقت ما في الأرض جميعا الخ–الأنفال :٦٣) റസൂൽﷺ ഒരവസരത്തിൽ പറഞ്ഞു: നിങ്ങളെ വഴിപിഴച്ചവരായി ഞാൻ കണ്ടില്ലേ? എന്നിട്ട് എന്നെക്കൊണ്ട് അല്ലാഹു നിങ്ങൾക്ക്

മാർഗദർശനം നൽകി. നിങ്ങൾ ഭിന്നിച്ചവരായിരുന്നില്ലേ? എന്നിട്ട് അല്ലാഹു എന്നെക്കൊണ്ട് നിങ്ങളെ ഇണക്കി.

എല്ലാ അവിശ്വാസികളോടും സത്യവിശ്വാസികൾ സദാ വെറുപ്പും ശത്രുതയും പുലർത്തേണ്ടതുണ്ടോ? മുസ്‌ലിംകളല്ലാത്തവരോട് മുസ്‌ലിംകൾ നല്ലനിലക്ക് പെരുമാറേണ്ടതില്ലേ? അല്ലെങ്കിൽ ഏതുതരം അവിശ്വാസികളോട് വെറുപ്പും ശത്രുതയും പുലർത്തണമെന്നാണ് പറയുന്നത്? എന്നിങ്ങിനെയുള്ള സംശയങ്ങൾക്ക് അടുത്ത വചനങ്ങളിൽ മറുപടി കാണാം:-

لَّا يَنْهَىٰكُمُ ٱللَّهُ عَنِ ٱلَّذِينَ لَمْ يُقَـٰتِلُوكُمْ فِى ٱلدِّينِ وَلَمْ يُخْرِجُوكُم مِّن دِيَـٰرِكُمْ أَن تَبَرُّوهُمْ وَتُقْسِطُوٓا۟ إِلَيْهِمْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُقْسِطِينَ ﴿٨﴾

﴾8﴿ മത(വിഷയ)ത്തിൽ നിങ്ങളോട് യുദ്ധം ചെയ്യുകയാകട്ടെ, നിങ്ങളുടെ വാസസ്ഥലങ്ങളിൽനിന്ന് നിങ്ങളെ പുറത്താക്കുകയാകട്ടെ ചെയ്തിട്ടില്ലാത്തവരെപ്പറ്റി അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല; (അതെ) നിങ്ങൾ അവർക്ക് നന്മ ചെയ്യുകയും, അവരോട് നീതിമുറ പാലിക്കുകയും ചെയ്യുന്നത് (വിരോധിക്കുന്നില്ല). നിശ്ചയമായും, നീതിമുറ പാലിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.

إِنَّمَا يَنْهَىٰكُمُ ٱللَّهُ عَنِ ٱلَّذِينَ قَـٰتَلُوكُمْ فِى ٱلدِّينِ وَأَخْرَجُوكُم مِّن دِيَـٰرِكُمْ وَظَـٰهَرُوا۟ عَلَىٰٓ إِخْرَاجِكُمْ أَن تَوَلَّوْهُمْ ۚ وَمَن يَتَوَلَّهُمْ فَأُو۟لَـٰٓئِكَ هُمُ ٱلظَّـٰلِمُونَ ﴿٩﴾

﴾9﴿ മതവിഷയ(ത്തിൽ) നിങ്ങളോട് യുദ്ധം ചെയ്യുകയും, നിങ്ങളെ നിങ്ങളുടെ വാസസ്ഥലങ്ങളിൽനിന്നു പുറത്താക്കുകയും, നിങ്ങളെ പുറത്താക്കുന്നതിന് പരസ്പരം പിന്തുണ നൽകുകയും ചെയ്യുന്നവരെപ്പറ്റി മാത്രമേ അല്ലാഹു നിങ്ങളോട് വിരോധിക്കുന്നുള്ളൂ; (അതെ) അവരോട് നിങ്ങൾ മൈത്രി കാണിക്കുന്നത് (മാത്രം).

അവരോട് ആർ മൈത്രി കാണിക്കുന്നുവോ, അക്കൂട്ടർ തന്നെയാണ് അക്രമികൾ.

﴾8﴿ لَّا يَنْهَىٰكُمُ ٱللَّهُ അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല عَنِ ٱلَّذِينَ യാതൊരു കൂട്ടരെപ്പറ്റി لَمْ يُقَـٰتِلُوكُمْ നിങ്ങളോട് യുദ്ധം ചെയ്തിട്ടില്ലാത്ത فِى ٱلدِّينِ മത(കാര്യ)ത്തിൽ وَلَمْ يُخْرِجُوكُم നിങ്ങളെ പുറത്താക്കുകയും ചെയ്യാത്ത مِّن دِيَـٰرِكُمْ നിങ്ങളുടെ വാസസ്ഥലങ്ങളിൽ (വീടുകളിൽ) നിന്ന് أَن تَبَرُّوهُمْ അവർക്ക് നന്മ (ഗുണം) ചെയ്യുന്നതിനെ وَتُقْسِطُوٓا۟ നീതിമുറ പാലിക്കുകയും إِلَيْهِمْ അവരോട് إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു يُحِبُّ ഇഷ്ടപ്പെടുന്നു, സ്നേഹിക്കും ٱلْمُقْسِطِينَ നീതിമുറ പാലിക്കുന്നവരെ ﴾9﴿ إِنَّمَا يَنْهَىٰكُمُ ٱللَّهُ നിശ്ചയമായും അല്ലാഹു നിങ്ങളെ വിരോധിക്കുന്നു (ള്ളൂ) عَنِ ٱلَّذِينَ യാതൊരു കൂട്ടരെപ്പറ്റി (മാത്രം) قَـٰتَلُوكُمْ നിങ്ങളോടവർ യുദ്ധം ചെയ്തു فِى ٱلدِّينِ മത(വിഷയ)ത്തിൽ وَأَخْرَجُوكُم നിങ്ങളെ പുറത്താക്കുകയും ചെയ്തു مِّن دِيَـٰرِكُمْ നിങ്ങളുടെ വാസസ്ഥലങ്ങളിൽ നിന്ന് وَظَـٰهَرُوا۟ അവർ പിന്തുണ (സഹകരണം) നൽകുകയും ചെയ്തു عَلَىٰٓ إِخْرَاجِكُمْ നിങ്ങളെ പുറത്താക്കുന്നതിന് أَن تَوَلَّوْهُمْ അതായത് അവരോട് മൈത്രി കാണിക്കുന്നതിനെ وَمَن يَتَوَلَّهُمْ അവരോട് ആർ മൈത്രി കാണിക്കുന്നുവോ فَأُو۟لَـٰٓئِكَ هُمُ എന്നാൽ അക്കൂട്ടർ തന്നെ ٱلظَّـٰلِمُونَ അക്രമികൾ

രണ്ടുവചനങ്ങളുടെയും ഉദ്ദേശ്യം വ്യക്തമാണല്ലോ. ഇങ്ങോട്ടു അക്രമത്തിനും കയ്യേറ്റത്തിനും മുതിരാത്ത ആരോടും- അവർ ഏത് മതക്കാരായാലും ശരി- അങ്ങോട്ട് ശത്രുത കാണിക്കണമെന്ന് അല്ലാഹു ആവശ്യപ്പെടുന്നില്ല. മാത്രമല്ല, അവരോട് നീതിമുറയനുസരിച്ചു പെരുമാറണമെന്ന് പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. പക്ഷേ, ഇങ്ങോട്ട് മതവിഷയത്തിൽ ധിക്കാരത്തിനും മർദ്ദനത്തിനും വരുന്നവരോട് സ്നേഹവും മൈത്രിയും സ്ഥാപിക്കുവാൻ മുസ്‌ലിംകൾ തുനിയുന്നത് അക്രമമാണ്, കാപട്യമാണ്, കുറ്റകരമാണ്. രണ്ട് വചനങ്ങളിലെയും അവസാന വാക്യങ്ങൾ പ്രത്യേകം മനസ്സിരുത്തേണ്ടതാണ്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا جَآءَكُمُ ٱلْمُؤْمِنَـٰتُ مُهَـٰجِرَٰتٍ فَٱمْتَحِنُوهُنَّ ۖ ٱللَّهُ أَعْلَمُ بِإِيمَـٰنِهِنَّ ۖ

﴾10﴿ ഹേ, വിശ്വസിച്ചവരേ, വിശ്വസിച്ച സ്ത്രീകൾ നാടുവിട്ടു (അഭയാർത്ഥികളായും) കൊണ്ട് നിങ്ങളുടെ അടുക്കൽ വന്നാൽ, നിങ്ങൾ അവരെ പരീക്ഷിച്ചുനോക്കണം. അവരുടെ വിശ്വാസത്തെപ്പറ്റി അല്ലാഹു ഏറ്റവും അറിയുന്നവനാണ്.

فَإِنْ عَلِمْتُمُوهُنَّ مُؤْمِنَـٰتٍ فَلَا تَرْجِعُوهُنَّ إِلَى ٱلْكُفَّارِ ۖ لَا هُنَّ حِلٌّ لَّهُمْ وَلَا هُمْ يَحِلُّونَ لَهُنَّ ۖ وَءَاتُوهُم مَّآ أَنفَقُوا۟ ۚ

എന്നിട്ട്, അവർ വിശ്വാസിനികളാണെന്ന് നിങ്ങൾ അറിഞ്ഞാൽ അവരെ അവിശ്വാസികളിലേക്ക് നിങ്ങൾ മടക്കി വിടരുത്. ആ സ്ത്രീകൾ അവർക്ക് അനുവദനീയമല്ല; അവർ ആ സ്ത്രീകൾക്കും അനുവദനീയമാവുകയില്ല. അവർ [അവിശ്വാസികൾ] ചിലവഴിച്ചത് നിങ്ങൾ അവർക്ക് കൊടുക്കുകയും വേണം.

وَلَا جُنَاحَ عَلَيْكُمْ أَن تَنكِحُوهُنَّ إِذَآ ءَاتَيْتُمُوهُنَّ أُجُورَهُنَّ ۚ وَلَا تُمْسِكُوا۟ بِعِصَمِ ٱلْكَوَافِرِ وَسْـَٔلُوا۟ مَآ أَنفَقْتُمْ وَلْيَسْـَٔلُوا۟ مَآ أَنفَقُوا۟ ۚ

നിങ്ങൾ ആ സ്ത്രീകളുടെ പ്രതിഫലങ്ങൾ[മഹ്റുകൾ] കൊടുത്താൽ നിങ്ങളവരെ വിവാഹം ചെയ്യുന്നതിന് നിങ്ങളുടെമേൽ തെറ്റില്ല. അവിശ്വാസിനികളുടെ സംബന്ധങ്ങളെ [വിവാഹബന്ധങ്ങളെ] നിങ്ങൾ വെച്ചുകൊണ്ടിരിക്കുകയും അരുത്. നിങ്ങൾ ചിലവഴിച്ചത് നിങ്ങൾ ചോദിച്ചു (വാങ്ങി)കൊള്ളുകയും ചെയ്യുക; അവർ ചിലവഴിച്ചത് അവരും ചോദിച്ചു (വാങ്ങി)കൊള്ളട്ടെ.

ذَٰلِكُمْ حُكْمُ ٱللَّهِ ۖ يَحْكُمُ بَيْنَكُمْ ۚ وَٱللَّهُ عَلِيمٌ حَكِيمٌ ﴿١٠﴾

അതെല്ലാം അല്ലാഹുവിന്റെ വിധി (നിയമം) ആകുന്നു; അവൻ നിങ്ങൾക്കിടയിൽ വിധികൽപിക്കുന്നു. അല്ലാഹു സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.

﴾10﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ ഹേ വിശ്വസിച്ചവരേ إِذَا جَآءَكُمُ നിങ്ങളുടെ അടുക്കൽ വന്നാൽ ٱلْمُؤْمِنَـٰتُ വിശ്വസിച്ച സ്ത്രീകൾ مُهَـٰجِرَٰتٍ ഹിജ്റഃ (നാടുവിട്ടു) വരുന്നവരായി فَٱمْتَحِنُوهُنَّ നിങ്ങളവരെ പരീക്ഷിച്ചു നോക്കുക ٱللَّهُ أَعْلَمُ അല്ലാഹു ഏറ്റവും (നല്ലപോലെ) അറിയുന്നവനാണ് بِإِيمَـٰنِهِنَّ അവരുടെ വിശ്വാസത്തെക്കുറിച്ച് فَإِنْ عَلِمْتُمُوهُنَّ എന്നിട്ട് നിങ്ങൾ അവരെ അറിഞ്ഞാൽ (ബോധ്യം വന്നാൽ) مُؤْمِنَـٰتٍ വിശ്വാസിനികളാണെന്ന് فَلَا تَرْجِعُوهُنَّ എന്നാലവരെ നിങ്ങൾ മടക്കരുത് إِلَى ٱلْكُفَّارِ അവിശ്വാസികളിലേക്ക് لَا هُنَّ അവർ (ആ സ്ത്രീകൾ) അല്ല حِلٌّ لَّهُمْ അവർക്ക്

അനുവദനീയം يَحِلُّونَ وَلَا هُمْ അവരും അനുവദനീയമാവുകയില്ല لَّهُنَّ അവർ (സ്ത്രീകൾ)ക്ക് وَءَاتُوهُم അവർക്ക് കൊടുക്കുകയും വേണം مَّآ أَنفَقُوا۟ അവർ ചിലവഴിച്ചത് وَلَا جُنَاحَ عَلَيْكُمْ നിങ്ങൾക്ക് തെറ്റില്ല, കുറ്റമില്ല أَن تَنكِحُوهُنَّ അവരെ വിവാഹം ചെയ്യൽ إِذَآ ءَاتَيْتُمُوهُنَّ അവർക്ക് നിങ്ങൾ കൊടുത്താൽ أُجُورَهُنَّ അവരുടെ പ്രതിഫല(മഹ്ർ- വിവാഹമൂല്യ)ങ്ങൾ وَلَا تُمْسِكُوا۟ നിങ്ങൾ വെച്ചുകൊണ്ടിരിക്കരുത്, പിടിച്ചുവെക്കരുത് بِعِصَمِ സംബന്ധ (കെട്ടു- വിവാഹ ബന്ധ)ങ്ങളെ ٱلْكَوَافِرِ കാഫിറു (അവിശ്വാസി)കളായ സ്ത്രീകളുടെ وَسْـَٔلُوا۟ നിങ്ങൾ ചോദിച്ചുകൊള്ളുക مَآ أَنفَقْتُمْ നിങ്ങൾ ചിലവഴിച്ചത് وَلْيَسْـَٔلُوا۟ അവരും ചോദിച്ചുകൊള്ളട്ടെ مَآ أَنفَقُوا۟ അവർ ചിലവഴിച്ചത് ذَٰلِكُمْ അത് حُكْمُ ٱللَّهِ അല്ലാഹുവിന്റെ വിധിയാണ്, നിയമമാണ് يَحْكُمُ അവൻ വിധിക്കുന്നു, നിയമിക്കുന്നു بَيْنَكُمْ നിങ്ങൾക്കിടയിൽ وَٱللَّهُ അല്ലാഹു عَلِيمٌ സർവ്വജ്ഞനാണ് حَكِيمٌ അഗാധജ്ഞനാണ്

പല നിയമങ്ങളും തത്വങ്ങളും ഉൾക്കൊള്ളുന്നതാണ് കേവലം ദീർഘമായ ഈ വചനം. അവിശ്വാസികളിൽ സ്നേഹബന്ധത്തിനും മൈത്രിക്കും പാടില്ലാത്തവർ ആരാണെന്നും ആരോടെല്ലാമാണ് നല്ല നിലക്കും നീതിമുറയോടും പെരുമാറേണ്ടതെന്നും വിവരിച്ചശേഷം, ഇരുകൂട്ടർക്കുമിടയിൽ പാലിക്കപ്പെടേണ്ടുന്ന തത്വപരവും, നീതിപരവുമായ ചില കാര്യങ്ങൾ അല്ലാഹു വിവരിക്കുന്നു.

സൂറത്തുൽ ഫത്ഹിൽ വെച്ചും മറ്റും പ്രസ്താവിക്കപ്പെട്ടതുപോലെ, ഹുദൈബിയ്യ സന്ധി നിശ്ചയ പ്രകാരം, മുശ്രിക്കുകളുടെ പക്ഷത്തുനിന്ന് മുസ്‌ലിം പക്ഷത്തേക്ക് വരുന്നവരെ തിരിച്ചയച്ചുകൊടുക്കണമെന്ന നിബന്ധന വെച്ചിരുന്നുവല്ലോ. സന്ധിവ്യവസ്ഥകൾ എഴുതി രേഖപ്പെടുത്തപ്പെട്ടശേഷം, മക്കഃയിൽ നിന്നും ഇസ്‌ലാമിൽ വിശ്വസിച്ചിരുന്ന അബലരായ ചില ആളുകളെ നബി ﷺ ഈ വ്യവസ്ഥയനുസരിച്ചു മടക്കി അയക്കുകയും വേണ്ടിവന്നു. ഇതുപോലെ, വിശ്വസിച്ചിരുന്ന ചില സ്ത്രീകളും ഹിജ്റഃക്ക് ഒരുങ്ങിവരുകയുണ്ടായി. അവരെയും തിരിച്ചുതരണമെന്നു ക്വുറൈശികൾ വാദിച്ചു. സന്ധിനിശ്ചയങ്ങൾ പുരുഷൻമാരെ മാത്രം ബാധിക്കുന്നതാണെന്നും, സ്ത്രീകളെപ്പറ്റി അതിൽ ഒന്നും വ്യവസ്ഥവെച്ചിട്ടില്ലെന്നും നബി ﷺ മറുപടി കൊടുത്തു. ഇങ്ങനെയുള്ള സ്ത്രീകളുടെ വിഷയത്തിലാണ് ഈ വചനം അവതരിച്ചത്. ഈ വചനം നബി ﷺ യുടെ വാദം ശരിവെക്കുകയും, ഇത്തരം സന്ദർഭങ്ങളിൽ തുടർന്ന് സ്വീകരിക്കപ്പെടേണ്ടുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിവരിക്കുകയും ചെയ്യുന്നു. അവ ഇങ്ങനെ സംഗ്രഹിക്കാം:-

(1) അവിശ്വാസികളുടെ പക്ഷത്ത്നിന്നു വല്ല സ്ത്രീകളും തങ്ങൾ സത്യ വിശ്വാസിനികളാണെന്ന് പറഞ്ഞുകൊണ്ട് മുസ്‌ലിംകളുടെ അടുക്കൽ അഭയാർത്ഥി കളായി വന്നാൽ, അവരുടെ വാദം ശരിയാണെന്ന് ഉറപ്പു വരുത്തുവാനായി അവരെ പരീക്ഷിക്കേണ്ടതുണ്ട്. അവരുടെ യഥാർത്ഥ നിലയെപ്പറ്റി അല്ലാഹുവിന് ധാരാളം അറിയാം. പക്ഷേ, ബാഹ്യമായ സ്ഥിരീകരണത്തിന്റെ അടിസ്ഥാനത്തിലാണല്ലോ ഇഹത്തിലെ നിയമനടപടികൾ എടുക്കപ്പെടുക. അതുകൊണ്ട് മുസ്‌ലിംകൾക്ക് അവരുടെ നിലപാട് ബോദ്ധ്യപ്പെടേണ്ടതുണ്ട്. ഈ കൽപ്പനപ്രകാരം നബിﷺ ഹുദൈബിയാ കരാറിന് ശേഷം വന്ന ആ സ്ത്രീകളെ പരീക്ഷിക്കയുണ്ടായി. താൻ വന്നിരിക്കുന്നത് ഭർത്താവിനോടുള്ള വിദ്വേഷം കൊണ്ടല്ലെന്നും, നാടുവിട്ടു മറ്റൊരു നാട്ടിൽ പോകുവാനുള്ള ആഗ്രഹം കൊണ്ടല്ലെന്നും, ഐഹിക നന്മയെ ഉദ്ദേശിച്ച ല്ലെന്നും, അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹം കൊണ്ട് മാത്രമാ ണെന്നും ഓരോ സ്ത്രീയിൽ നിന്നും സത്യവാങ്മൂലം ലഭിച്ച ശേഷമേ അവരെ തിരുമേനി സ്വീകരിച്ചുള്ളൂ.

(2) അങ്ങനെ, പരീക്ഷണത്തിൽനിന്ന് അവർ യഥാർത്ഥ വിശ്വാസിനിക ളാണെന്ന് ബോദ്ധ്യം വന്നു കഴിഞ്ഞാൽ, അവരെപ്പിന്നെ അവിശ്വാസികളായ ഭർത്താക്കളുടെയോ നാട്ടുകാരുടെയോ അടുക്കലേക്ക് മടക്കി അയക്കുവാൻ പാടി ല്ല. ഇരുകൂട്ടരും വിശ്വാസത്തിൽ പരസ്പര വിരുദ്ധരായതുകൊണ്ട് എനി അവർക്ക് യോജിച്ചു പോകുവാൻ നിവൃത്തിയില്ല.

(3) സത്യവിശ്വാസം സ്വീകരിച്ച സ്ത്രീകളും അവിശ്വാസികളായ പുരു ഷൻമാരും തമ്മിൽ വിവാഹബന്ധം പാടില്ല.

(4) സ്ത്രീ മുസ്‌ലിമായിത്തീരുകയും, പുരുഷൻ അവിശ്വാസത്തിൽ നില കൊള്ളുകയുമാണെങ്കിൽ അവർ തമ്മിലുള്ള വിവാഹബന്ധം വേർപെടും.

(5) ഇതുപോലെത്തന്നെ, പുരുഷൻ സത്യവിശ്വാസം സ്വീകരിച്ചശേഷം സ്ത്രീ അവിശ്വാസത്തിൽ ഉറച്ചുനിന്നാലും വിവാഹബന്ധം തുടരുന്നതല്ല- ദുർബ്ബല പ്പെട്ടുപോകും.

(6) സ്ത്രീ മുസ്‌ലിമായത്നിമിത്തം വിവാഹബന്ധം വേർപെട്ടുപോകു മ്പോൾ ആ സ്ത്രീയെ മുസ്‌ലിംകൾക്ക് വിവാഹം ചെയ്യാവുന്നതാണ്. ഈ ആയ ത്തിന്റെ അവതരണത്തോടുകൂടി ഇതെല്ലാം ഇസ്‌ലാമിന്റെ സ്ഥിരവും അംഗീ കൃതവുമായ നിയമങ്ങളായിത്തീർന്നു. ഇതിനുമുമ്പ് ഇവയെക്കുറിച്ച് പ്രത്യേക നിയ മങ്ങളൊന്നും ഇസ്‌ലാമിൽ നിലവിൽ വന്നിട്ടില്ലായിരുന്നു. അതുകൊണ്ടാണ് നബി തിരുമേനിﷺയുടെ പുത്രി സൈനബ് (റ)നെ വിവാഹം ചെയ്തുകൊടുത്തിരുന്ന അബുൽആസ് (أبوا العاص-رضـ)മായുള്ള ബന്ധം വേർപെടുത്തപ്പെടാതിരുന്നത്. സൈനബ് (റ) ആദ്യമേ മുസ്‌ലിമായിരുന്നുവെങ്കിലും അവർ മക്കഃയിൽ ഭർത്താവോ ടൊന്നിച്ചു തന്നെ താമസമായിരുന്നു. അബുൽആസ് (റ) ബദ്ർ യുദ്ധത്തിൽ ബന്ധ

നസ്ഥനായി. അദ്ദേഹത്തിന് മോചനമൂല്യം നൽകേണ്ടതിന് സൈനബ് (റ) അവരുടെ ഒരു ആഭരണം അയച്ചുകൊടുത്തിരുന്നു. ആ ആഭരണം അവർക്ക് അവരുടെ മാതാവ് ഖദീജഃ ബീവി (റ)യിൽനിന്ന് ലഭിച്ചതായിരുന്നു. അതു കണ്ടപ്പോൾ തിരുമേനിയുടെ ഹൃദയത്തിൽ അലിവ്തോന്നി. അങ്ങനെ, സ്വഹാബികൾ അഭിപ്രായപ്പെട്ടതനുസരിച്ച് സൈനബ് (റ)യെ മദീനഃയിലേക്ക് അയച്ചുകൊടുക്കണമെന്ന നിശ്ചയത്തോടുകൂടി അബുൽആസ് വിട്ടയക്കപ്പെട്ടു. നിശ്ചയപ്രകാരം സൈനബ് (റ) മദീനഃയിൽ എത്തി. പിന്നീട് അൽപം കൊല്ലങ്ങൾക്കുശേഷമാണ് അബുൽആസ് (റ) സത്യവിശ്വാസം സ്വീകരിച്ചത്. അനന്തരം അവരുടെ പഴയ വിവാഹബന്ധം തുടരുകയും ചെയ്തു.

(7) മേൽപറഞ്ഞപ്രകാരം വിവാഹബന്ധം മുറിഞ്ഞുപോയ സ്ത്രീകളെ മുസ്‌ലിംകൾ വിവാഹം ചെയ്യുമ്പോൾ ആ സ്ത്രീകൾക്ക് അവരുടെ മഹ്ർ -മര്യാദയനുസരിച്ച് നൽകപ്പെടേണ്ടുന്ന വിവാഹമൂല്യം- നൽകേണ്ടതാണ്. 'അവർ ചിലവഴിച്ചത്'(ما أنفقوا) എന്നും 'ആ സ്ത്രീകളുടെ പ്രതിഫലം' (أجورهن) എന്നും പറഞ്ഞതിന്റെ വിവക്ഷ വിവാഹമൂല്യമാകുന്ന 'മഹ്ർ' എന്നാകുന്നു.

(8) മുൻവിവാഹങ്ങളിൽ ആ സ്ത്രീകൾക്ക് അവരുടെ ഭർത്താക്കൾ കൊടുത്തിരുന്ന മഹ്ർ, മുസ്‌ലിംകൾക്ക് അവിശ്വാസികളുടെ ഭാഗത്തുനിന്നും, അവിശ്വാസികൾക്ക് മുസ്‌ലിംകളുടെ ഭാഗത്തുനിന്നും തിരിച്ചു വാങ്ങാവുന്നതാണ്. ഈ ഇനത്തിൽ മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് നൽകപ്പെടേണ്ടുന്ന സംഖ്യക്ക് 'ഗനീമത്ത്' മുതലായ പൊതുനിധിയിൽനിന്നു ഇമാം (ഭരണനേതാവ്) പരിഹാരം ഉണ്ടാക്കേണ്ടതാണ്. എനി അമുസ്‌ലിംകളുടെ ഭാഗത്തുനിന്ന് ഈ ഇനത്തിൽ ലഭിക്കേണ്ടുന്ന സംഖ്യ അവരിൽനിന്ന് ലഭിക്കുവാൻ മാർഗമില്ലാത്തപക്ഷം, അതിനുള്ള പരിഹാരം അല്ലാഹു തുടർന്ന് നിർദ്ദേശിക്കുന്നു:-

وَإِن فَاتَكُمْ شَيْءٌ مِّنْ أَزْوَٰجِكُمْ إِلَى ٱلْكُفَّارِ فَعَاقَبْتُمْ

فَـَٔاتُوا۟ ٱلَّذِينَ ذَهَبَتْ أَزْوَٰجُهُم مِّثْلَ مَآ أَنفَقُوا۟ ۚ وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ أَنتُم بِهِۦ مُؤْمِنُونَ ﴿١١﴾

11 നിങ്ങളുടെ ഭാര്യമാരിൽനിന്ന് വല്ലവരും അവിശ്വാസികളിലേക്ക് (പോയി) നിങ്ങൾക്ക് നഷ്ടമാകുകയും, എന്നിട്ട് നിങ്ങൾ അനന്തരനടപടി എടുക്കുകയും (അഥവാ അതിന്നവസരം വരുകയും) ചെയ്തുവെങ്കിൽ.

അപ്പോൾ, .യാതൊരു കൂട്ടരുടെ ഭാര്യമാർ (നഷ്ടപ്പെട്ടു) പോയോ അവർക്ക് അവർ ചിലവഴിച്ചതു പോലെ നിങ്ങൾ കൊടുത്തുകൊള്ളുവിൻ. നിങ്ങൾ യാതൊരുവനിൽ വിശ്വസിക്കുന്നവരാണോ ആ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.

﴾11﴿ وَإِن فَاتَكُمْ നിങ്ങൾക്ക് പാഴായി (നഷ്ടമായി) പ്പോയെങ്കിൽ شَىْءٌ വല്ലതും (വല്ലവരും) مِّنْ أَزْوَٰجِكُمْ നിങ്ങളുടെ ഭാര്യമാരിൽനിന്ന് إِلَى ٱلْكُفَّارِ അവിശ്വാസികളിലേക്ക് (പോയിട്ട്) فَعَاقَبْتُمْ എന്നിട്ട് നിങ്ങൾ അനന്തര നടപടി എടുത്താൽ (നിങ്ങൾക്ക് ഊഴം ലഭിച്ചാൽ) فَـَٔاتُوا۟ എന്നാൽ നിങ്ങൾ കൊടുക്കുവിൻ ٱلَّذِينَ യാതൊരുവർക്ക് ذَهَبَتْ പോയതായ أَزْوَٰجُهُم അവരുടെ ഭാര്യമാർ مِّثْلَ مَآ യാതൊന്നുപോലെ أَنفَقُوا۟ അവർ ചിലവഴിച്ച وَٱتَّقُوا۟ നിങ്ങൾ സൂക്ഷിക്കയും ചെയ്യുവിൻ ٱللَّهَ ٱلَّذِىٓ യാതൊരു അല്ലാഹുവിനെ أَنتُم بِهِۦ നിങ്ങൾ അവനിൽ مُؤْمِنُونَ വിശ്വസിക്കുന്നവരാകുന്നു

അതായത് മുസ്‌ലിംകളുടെ ഭാര്യമാരായിരുന്നവർ അമുസ്‌ലിം പക്ഷത്തേക്ക് പോകുകയും, അവർക്ക് കൊടുത്തിരുന്ന മഹ്‌റിന്റെ സംഖ്യ അവരിൽനിന്ന് കിട്ടുവാൻ മാർഗമില്ലാതിരിക്കുകയും ചെയ്താൽ അതിനുള്ള നിവാരണം ഇതാണ്: അമുസ്‌ലിംകളുമായി അതിന് അനന്തര നടപടി കൈകൊള്ളുവാൻ അവസരം കാണുമ്പോൾ ആ നഷ്ടസംഖ്യ ഈടാക്കികൊടുക്കണം. യുദ്ധത്തിൽ ഗനീമത്ത് സ്വത്തുക്കൾ ലഭിക്കുന്നപക്ഷം അതിൽനിന്നോ അല്ലെങ്കിൽ മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് അവർക്ക് കൊടുക്കേണ്ടതുള്ള മഹ്‌റു വകകളിൽനിന്നോ ഇത് ഈടാക്കിക്കൊടുക്കേണ്ടതാണ്. ഗനീമത്തുകളിൽനിന്ന് ഇത് കഴിച്ചു ബാക്കിയേ ഓഹരി ചെയ്യപ്പെടേണ്ടതുള്ളൂ. ഇത് സംബന്ധമായ വിശദവിവരങ്ങൾ ഫിക്വ്ഹ് (കർമശാസ്ത്ര) ഗ്രന്ഥങ്ങളിലും മറ്റും കാണാവുന്നതാണ്. വിവാഹത്തിൽ മഹ്‌റിനുള്ള സ്ഥാനവും, അതിന്റെ ഉത്തരവാദിത്തത്തിന്റെ ഗൗരവവും ഇസ്‌ലാമിൽ എത്രമാത്രം വമ്പിച്ചതാണെന്ന് ഇതിൽനിന്നൊക്കെ ഗ്രഹിക്കാവുന്നതാണ്. എന്നിട്ടും, ഒരു മാമൂൽ, അല്ലെങ്കിൽ നിയമപരമായ ഒരു ചടങ്ങ് എന്ന് മാത്രമേ പല പണ്ഡിതൻമാർപോലും മഹ്‌റിനെപ്പറ്റി ഇന്ന് ധരിച്ചിട്ടുള്ളൂവെന്നത് വളരെ ഖേദകരമാണ്.

يَٰٓأَيُّهَا ٱلنَّبِىُّ إِذَا جَآءَكَ ٱلْمُؤْمِنَٰتُ يُبَايِعْنَكَ عَلَىٰٓ أَن لَّا يُشْرِكْنَ بِٱللَّهِ شَيْـًٔا

﴾12﴿ ഹേ, നബിയേ, വിശ്വാസിനികളായ സ്ത്രീകൾ, തങ്ങൾ അല്ലാഹുവിനോട് യാതൊന്നിനെയും പങ്ക് ചേർക്കുകയില്ലെന്ന് 'ബൈഅത്ത്' [പ്രതിജ്ഞ] നൽകിക്കൊണ്ട് നിന്റെ അടുക്കൽ വന്നാൽ,-

وَلَا يَسْرِقْنَ وَلَا يَزْنِينَ وَلَا يَقْتُلْنَ أَوْلَٰدَهُنَّ

അവർ മോഷ്ടിക്കുകയുമില്ല, വ്യഭിചാരം ചെയ്യുകയുമില്ല, തങ്ങളുടെ സന്താനങ്ങളെ കൊലപ്പെടുത്തുകയുമില്ല,

وَلَا يَأْتِينَ بِبُهْتَـٰنٍ يَفْتَرِينَهُۥ بَيْنَ أَيْدِيهِنَّ وَأَرْجُلِهِنَّ

തങ്ങളുടെ കൈകാലുകൾക്കിടയിൽ വെച്ച് (മനഃപൂർവ്വം) കെട്ടിച്ചമക്കുന്ന യാതൊരു കള്ളവാദവും കൊണ്ടുവരികയുമില്ല,-

وَلَا يَعْصِينَكَ فِى مَعْرُوفٍ فَبَايِعْهُنَّ وَٱسْتَغْفِرْ لَهُنَّ ٱللَّهَ ۖ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٢﴾

ഒരു (സദാചാരപരമായ) സൽകാര്യത്തിലും നിന്നോട് അവർ അനുസരണക്കേട് കാണിക്കുകയുമില്ല എന്നും (ബൈഅത്ത് നൽകിക്കൊണ്ടുവന്നാൽ), നീ അവരോട് 'ബൈഅത്ത്' (പ്രതിജ്ഞ) വാങ്ങിക്കൊള്ളുക; അവർക്കുവേണ്ടി അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുക. നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

﴾12﴿ يَـٰٓأَيُّهَا ٱلنَّبِىُّ ഹേ, നബിയേ إِذَا جَآءَكَ നിന്റെ അടുക്കൽ വന്നാൽ ٱلْمُؤْمِنَـٰتُ വിശ്വസിച്ച സ്ത്രീകൾ يُبَايِعْنَكَ നിന്നോട് ബൈഅത്ത് (പ്രതിജ്ഞ)നൽകിക്കൊണ്ട് عَلَىٰٓ أَن لَّا يُشْرِكْنَ അവർ പങ്ക് ചേർക്കയില്ലെന്ന് بِٱللَّهِ അല്ലാഹുവിനോട് شَيْـًٔا യാതൊന്നിനെയും وَلَا يَسْرِقْنَ അവർ മോഷ്ടിക്കുക (കളവ് നടത്തുക)യില്ല എന്നും وَلَا يَزْنِينَ വ്യഭിചാരം ചെയ്കയുമില്ല وَلَا يَقْتُلْنَ കൊല ചെയ്കയുമില്ല أَوْلَـٰدَهُنَّ തങ്ങളുടെ സന്താനങ്ങളെ وَلَا يَأْتِينَ തങ്ങൾ വരികയുമില്ല بِبُهْتَـٰنٍ കള്ളവാദവുംകൊണ്ട്, നുണയുമായി يَفْتَرِينَهُۥ തങ്ങൾ കെട്ടിച്ചമക്കുന്ന بَيْنَ أَيْدِيهِنَّ തങ്ങളുടെ കൈകൾക്കിടയിൽവെച്ച് وَأَرْجُلِهِنَّ തങ്ങളുടെ കാലുകൾക്കും وَلَا يَعْصِينَكَ നിന്നോട് അവർ അനുസരണക്കേട് കാണിക്കയില്ല (എന്നും) فِى مَعْرُوفٍ ഒരു സദാചാരത്തിലും, സൽകാര്യത്തിലും فَبَايِعْهُنَّ എന്നാൽ നീ അവർക്ക് ബൈഅത്തുകൊടുക്കുക, അവരോട് പ്രതിജ്ഞ വാങ്ങുക وَٱسْتَغْفِرْ لَهُنَّ അവർക്കുവേണ്ടി പാപമോചനവും തേടുക ٱللَّهَ അല്ലാഹുവിനോട് إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു غَفُورٌ പൊറുക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ്

മുൻവിഷയങ്ങളുമായി ഒരു തരത്തിൽ ബന്ധപ്പെട്ട വിഷയങ്ങൾതന്നെയാണ് ഈ വചനത്തിലും ഉള്ളത്. മക്കാവിജയത്തെത്തുടർന്ന് മക്കാനിവാസികൾ നബിﷺയുടെ അടുക്കൽവന്ന് തങ്ങൾ ഇസ്ലാമിനെ അംഗീകരിച്ചതായും, ഇസ്ലാമികശാസനകൾ അനുസരിച്ച് ജീവിക്കുവാൻ തയ്യാറുള്ളതായും

ബൈഅത്ത്(بيعة-പ്രതിജ്ഞ) നടത്തുകയുണ്ടായി. (മറ്റ് ചില പ്രത്യേക സന്ദർഭങ്ങളിലും ഇങ്ങനെ ബൈഅത്ത് നടക്കാറുണ്ടായിരുന്നു.) കൂട്ടത്തിൽ, മക്കഃയിലെ സ്ത്രീകളും ബൈഅത്തിൽ പങ്കെടുത്തിരുന്നു. സ്ത്രീകൾ ബൈഅത്തിനു വരുമ്പോൾ അവരിൽനിന്ന് ബൈഅത്ത് വാങ്ങേണ്ടുന്ന രൂപം അല്ലാഹു ഈ വചനത്തിൽ എടുത്തുകാട്ടുന്നു. പെൺകുട്ടികൾ ജനിച്ചാൽ ജീവനോടെ കുഴിച്ചുമൂടുന്ന ഒരു സമ്പ്രദായം ജാഹിലിയ്യാ അറബികൾക്കിടയിൽ ഉണ്ടായിരുന്നുവല്ലോ. അതുപോലെത്തന്നെ, അന്യപുരുഷ സ്പർശനത്തിൽ ജനിച്ച ജാരസന്താനങ്ങളെ സ്വഭർത്താക്കളുടെ സന്താനങ്ങളായും, ഏതെങ്കിലും ഒരാളുടെ അവിഹിത കൂട്ടുകെട്ടിൽ ജനിച്ച കുട്ടികളെ സ്ത്രീ ഇഷ്ടപ്പെടുന്ന മറ്റൊരാളുടെതായും നിശ്ചയിക്കുന്ന പതിവും അവർക്കിടയിൽ ഉണ്ടായിരുന്നു. ഇതെല്ലാം ഉദ്ദേശിച്ചുകൊണ്ടാണ് സന്താനങ്ങളെ കൊല്ലുകയില്ലെന്നും, കൈകാലുകൾക്കിടയിൽ വെച്ച് കെട്ടിച്ചമക്കുന്ന കള്ളവാദം കൊണ്ടുവരികയില്ലെന്നും (ولا يقتلن أولادهن ولا يأتين الخ) അവരുടെ ബൈഅത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സന്താനങ്ങൾ ജനിച്ചുവളരുന്നതു സ്ത്രീകളുടെ കൈകാലുകൾക്കിടയിൽ വെച്ചാണല്ലോ. ഇത്രയും സ്പഷ്ടമായി അറിയാവുന്ന ഒരു പച്ചപ്പരമാർത്ഥത്തെ മറച്ചുവെച്ചാണ് ആ കള്ളം കെട്ടിച്ചമക്കുന്നതെന്നത്രെ ആ വാക്ക് സൂചിപ്പിക്കുന്നത്.

معروف (മഅ്റൂഫ്) എന്ന വാക്കിൽ ബുദ്ധികൊണ്ടോ മതം മുഖേനയോ നല്ല കാര്യങ്ങളായി അറിയപ്പെടുന്നതെല്ലാം (*) ഉൾപ്പെടും. അറിയപ്പെട്ടത് എന്നാണ് വാക്കർത്ഥമെങ്കിലും സദാചാരം, സൽകാര്യംഎന്നൊ ക്കെയാണ് ഉദ്ദേശ്യാർത്ഥം. منكر (മുൻകർ= ദുരാചാരം, ദുഷ്കാര്യം) എന്നാണ് ഇതിന്റെ എതിർപദം. ചില പ്രത്യേക ഉപാധികൾ ആദ്യം എടുത്തു പറഞ്ഞശേഷം, സൽകാര്യങ്ങളിൽപെട്ട ഏതൊന്നു കൽപിച്ചാലും അത് അനുസരിക്കാതിരിക്കുകയില്ലെന്ന് ബൈഅത്തിന്റെ വാചകത്തിൽ ഒരു പൊതു ഉപാധികൂടി വെച്ചിരിക്കുന്നത് ശ്രദ്ധേയമാകുന്നു. അല്ലാഹുവിന്റെ കല്പനക്കെതിരായി ആർക്കും ഒന്നും കൽപിക്കുവാൻ അധികാരമില്ല. അങ്ങനെ കല്പിച്ചാൽ അത് അനുസരിക്കേണ്ടതുമില്ല. എന്നാൽ, അല്ലാഹു നിർബന്ധമാക്കിയിട്ടില്ലാത്ത കാര്യമായിരുന്നാലും, സൽകാര്യങ്ങളുടെ ഇനത്തിൽപെട്ട ഒരു കാര്യം നബിﷺയോ, ഉത്തരവാദപ്പെട്ട നേതാവോ കൽപിച്ചാൽ അത് മറ്റുള്ളവർ അനുസരിക്കേണ്ടതുണ്ട് എന്ന് ഇതിൽനിന്നും മറ്റു പല തെളിവുകളിൽനിന്നും മനസ്സിലാക്കാം. വല്ലവരും മരണപ്പെടുമ്പോൾ, ജാഹിലിയ്യത്തിൽ പതിവുണ്ടായിരുന്നതും, ഇന്നും ചില സമുദായങ്ങളിൽ കാണാവുന്നതുമായ വിലാപ ഗോഷ്ടികളും, അനുശോചനചടങ്ങുകളും നടത്തുകയില്ലെന്നും സ്ത്രീകളുടെ ബൈഅത്തിൽ നബിﷺ ഉൾപ്പെടുത്തിയിരുന്നതായി ഹദീഥുകളിൽ വന്നിട്ടുണ്ട്. ഇതുംമഅ്റൂഫിന്റെ ഇനത്തിൽ പെട്ടതുതന്നെ.

ഒരാൾ ഒരാൾക്ക് ബൈഅത്ത് ചെയ്യുമ്പോൾ അന്യോന്യം കൈപിടിച്ചു

(*) المعروف اسم لكل فعل يعرف بالعقل والشرع حسنة والمنكر ما ينكر بهما –مفردات الر اغب

കൊണ്ടാണ് അത് നടക്കാറുള്ളത്. എന്നാൽ, നബിﷺ സ്ത്രീകളുമായി ബൈഅത്ത് നടത്തിയപ്പോൾ ഓരോ സ്ത്രീയും മേൽപറഞ്ഞ നിബന്ധനകളെല്ലാം സ്വീകരിച്ചുകഴിഞ്ഞശേഷം അവരോട് قد بايعتك على ذلك (തന്നോട് അപ്രകാരം ഞാൻ പ്രതിജ്ഞ നടത്തി) എന്ന് പറയുകയല്ലാതെ, സ്ത്രീകൾക്ക് കൈ കൊടുക്കുകയുണ്ടായിട്ടില്ല എന്ന് ആഇശഃ (റ) നിവേദനം ചെയ്തിരിക്കുന്നു. (ബു.) ഞങ്ങൾക്ക് കൈ തരാത്തതെന്താണെന്ന് സ്ത്രീകൾ ചോദിച്ചപ്പോൾ 'ഞാൻ സ്ത്രീകൾക്ക് കൈകൊടുക്കുന്നതല്ല' എന്ന് നബിﷺ പറയുകയും ചെയ്തു. (അ) സൂറത്തിന്റെ ആരംഭത്തിൽ സംസാരവിഷയമായിരുന്ന കാര്യം സത്യവിശ്വാസികളെ വിളിച്ച് വീണ്ടും ഒന്ന് ചുരുക്കി ആവർത്തിച്ചുണർത്തികൊണ്ട് ഈ സൂറത്ത് സമാപിക്കുന്നു:-

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَوَلَّوْا۟ قَوْمًا غَضِبَ ٱللَّهُ عَلَيْهِمْ قَدْ يَئِسُوا۟ مِنَ ٱلْـَٔاخِرَةِ كَمَا يَئِسَ ٱلْكُفَّارُ مِنْ أَصْحَـٰبِ ٱلْقُبُورِ ﴿١٣﴾

﴾13﴿ ഹേ, വിശ്വസിച്ചവരേ, അല്ലാഹു കോപിച്ചിട്ടുള്ള ജനതയോട് നിങ്ങൾ മൈത്രി സ്ഥാപിക്കരുത്. ഖബ്റുകളിലുള്ളവരെ സംബന്ധിച്ച് അവിശ്വാസികൾ നിരാശപ്പെട്ടിരിക്കുന്നതുപോലെ, പരലോകത്തെ സംബന്ധിച്ച് തീർച്ചയായും അവർ നിരാശപ്പെട്ടിരിക്കുകയാണ്.

﴾13﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ വിശ്വസിച്ചവരേ لَا تَتَوَلَّوْا۟ നിങ്ങൾ മൈത്രി സ്ഥാപിക്കരുത്, സ്നേഹബന്ധം പുലർത്തരുത് قَوْمًا ഒരു ജനതയോട് غَضِبَ ٱللَّهُ അല്ലാഹു കോപിച്ചിരിക്കുന്നു عَلَيْهِمْ അവരുടെമേൽ قَدْ يَئِسُوا۟ തീർച്ചയായും അവർ നിരാശപ്പെട്ടിരിക്കുന്നു, ആശമുറിഞ്ഞു مِنَ ٱلْـَٔاخِرَةِ പരലോകത്തെ സംബന്ധിച്ച് كَمَا يَئِسَ ٱلْكُفَّارُ അവിശ്വാസികൾ നിരാശപ്പെട്ടതുപോലെ مِنْ أَصْحَـٰبِ ٱلْقُبُورِ ഖബ്റുകളിലുള്ളവരെപ്പറ്റി, ഖബ്റിന്റെ ആൾക്കാരിൽപെട്ട

അല്ലാഹു 'കോപിച്ച ജനത' എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം, അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും പാത്രമായ എല്ലാ അവിശ്വാസികളും ആയിരിക്കുന്നതാകുന്നു. ഖുർആനിൽ യഹൂദികളെപ്പററി പ്രസ്താവിച്ചിട്ടുള്ള ചില പ്രസ്താവനകളെ അടിസ്ഥാനമാക്കി യഹൂദികളാണ് ഇവിടെ ഉദ്ദേശ്യമെന്നത്രെ ചിലർ അഭിപ്രായപ്പെടുന്നത്. അല്ലാഹുവിനറിയാം. ഒന്നാമത്തെ അഭിപ്രായം അനുസരിച്ച് അവസാന വാക്യത്തിന്റെ സാരം ഈ രണ്ടിലൊരുപ്രകാരമായിരിക്കാം:

(1) ആ അവിശ്വാസികൾ ഖബ്റിലുള്ളവരെ സംബന്ധിച്ച് ആശ മുറിഞ്ഞിട്ടുള്ളതുപോലെ, പരലോകത്തെക്കുറിച്ചും ആശ മുറിഞ്ഞിട്ടുണ്ട്. അതായത് മരിച്ചു മണ്ണടഞ്ഞുപോയവരെ തിരിച്ചുകിട്ടുമെന്ന പ്രതീക്ഷ അവർക്കില്ലാത്തതുപോലെ, പരലോകത്തുവെച്ച് വല്ല ഗുണവും ലഭിക്കുമെന്ന പ്രതീക്ഷയും അവർക്കില്ല. പരലോകത്തിലും മരണാനന്തര സംഭവങ്ങളിലും അവർക്ക് വിശ്വാസമില്ലല്ലോ.

(2) ഖബ്റുകളിലുള്ളവരെക്കുറിച്ച് അവിശ്വാസികൾ ആശ മുറിഞ്ഞവരാണെന്നതുപോലെ, യഹൂദികൾ പരലോകഗുണത്തിലും ആശ നഷ്ടപ്പെട്ടവരാണ്. യഹൂദികൾ പരലോകത്തെ നിഷേധിക്കുന്നവരല്ലെങ്കിലും, തങ്ങളുടെ തോന്നിയവാസങ്ങൾ നിമിത്തം തങ്ങൾക്ക് രക്ഷയില്ലെന്ന് അവർക്കുതന്നെ അറിയാം എന്ന് താൽപര്യം.

ആ വാക്യത്തിന് ഇങ്ങനെയും അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്: ഖബ്റിന്റെ ആൾക്കാരിൽപെട്ട അവിശ്വാസികൾ നിരാശപ്പെട്ടതുപോലെ, ആ ജനത- അല്ലാഹുവിന്റെ കോപത്തിന് വിധേയരായ ജനത- പരലോകത്തെസംബന്ധിച്ച് നിരാശപ്പെട്ടിട്ടുണ്ട്. മരിച്ചു ഖബ്റുകളിൽകിടക്കുന്ന സത്യവിശ്വാസികൾക്ക് പരലോകത്ത് നന്മ ലഭിക്കുമെന്ന പ്രതീക്ഷയുണ്ടായിരിക്കുമല്ലോ. അതുപോലെ മരണപ്പെട്ട അവിശ്വാസികൾക്ക് ഒരിക്കലും ആ പ്രതീക്ഷക്ക് അവകാശമില്ല എന്ന് സാരം. من (മിൻ) എന്ന അവ്യയത്തിന് 'സംബന്ധിച്ച്' എന്നും 'ഇൽനിന്ന്' എന്നും അർത്ഥം വരാം. ഇതിൽനിന്നാണ് ഈ വ്യത്യസ്ത അർത്ഥങ്ങൾക്ക് സാധ്യതയുണ്ടായത്. ഇതനുസരിച്ച് كما يئس الكفار من أصحاب القبور എന്ന വാക്യത്തിന് 'ഖബ്റിലെ ആൾക്കാരിൽനിന്നുള്ള അവിശ്വാസികൾ നിരാശപ്പെട്ടതുപോലെ' എന്നും, ആദ്യം പറഞ്ഞതനുസരിച്ച് 'അവിശ്വാസികൾ നിരാശപ്പെട്ടതുപോലെ' എന്നും വിവർത്തനം നൽകാവുന്നതാണ്. ഏത് സ്വീകരിച്ചാലും ഉദ്ദേശ്യം വ്യക്തം തന്നെ. والله أعلم

اللهم لك الحمد والمنة والفضل

سورة الصف

61. സൂറതു സ്സ്വഫ്ഫ്

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 14 - വിഭാഗം (റുകൂഉ്) 2

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ۝١

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

سَبَّحَ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِۖ وَهُوَ ٱلۡعَزِيزُ ٱلۡحَكِيمُ ۝١

《1》 ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അല്ലാഹുവിന് സ്തോത്രകീർത്തനം ചെയ്യുന്നു.അവൻ അഗാധജ്ഞനായ പ്രതാപശാലിയത്രെ.

《1》 سَبَّحَ لِلَّه അല്ലാഹുവിന് സ്തോത്രകീർത്തനം ചെയ്യുന്നു مَافِي السَّمَاوَات ആകാശങ്ങളിലുള്ളത് وَمَا فِي ٱلۡأَرۡضِ ഭൂമിയിലുള്ളതും وَهُوَ ٱلۡعَزِيزُ അവൻ പ്രതാപശാലിയത്രെ ٱلۡحَكِيمُ അഗാധജ്ഞനായ

ഇതുപോലെയുള്ള വചനങ്ങളും അവയുടെ വ്യാഖ്യാനവും ഒന്നിലധികം സൂറത്തുകളിൽ മുമ്പ് കഴിഞ്ഞിട്ടുണ്ട്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لِمَ تَقُولُونَ مَا لَا تَفۡعَلُونَ ۝٢

《2》 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുന്നത് എന്തിനുവേണ്ടിയാണ്?!

كَبُرَ مَقۡتًا عِندَ ٱللَّهِ أَن تَقُولُواْ مَا لَا تَفۡعَلُونَ ۝٣

《3》 നിങ്ങൾ ചെയ്യാത്തത് പറയുക എന്നുള്ളത്, അല്ലാഹുവിങ്കൽ വളരെ വലിയ ക്രോധകരമായിട്ടുള്ളതാണ്.

﴾2﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ വിശ്വസിച്ചവരേ لِمَ تَقُولُونَ നിങ്ങൾ പറയുന്നത് എന്തിനുവേണ്ടിയാണ് مَا لَا تَفْعَلُونَ നിങ്ങൾ ചെയ്യാത്തത്, പ്രവർത്തിക്കാത്തത് ﴾3﴿ كَبُرَ വളരെ വലുതാണ്, വമ്പിച്ചതാണ് مَقْتًا ക്രോധം, ക്രോധത്തിൽ عِندَ ٱللَّهِ അല്ലാഹുവിങ്കൽ أَن تَقُولُوا۟ നിങ്ങൾ പറയൽ, പറയുകയെന്നത് مَا لَا تَفْعَلُونَ നിങ്ങൾ ചെയ്യാത്തത്

അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധംചെയ്യാൻ അനുമതി കിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹം പ്രകടിപ്പിക്കപ്പെടുകയും, യുദ്ധം നിയമിക്കപ്പെടുമ്പോൾ ചിലർക്കത് അസഹ്യമായിത്തോന്നുകയും ചെയ്ത സന്ദർഭത്തിലാണ് ഈ വചനങ്ങൾ അവതരിച്ചതെന്ന് അധികമുഫസ്സിറുകളും പറയുന്നത്. ചില രിവായത്തുകളും ഇതു സംബന്ധിച്ചു വന്നിട്ടുണ്ട്. അടുത്ത വചനം ഇതിന് പിൻബലം നൽകുന്നതും കാണാം. അവതരിച്ച സന്ദർഭം ഏതായാലും അതിലെ ആശയം സ്പഷ്ടമായതും ഗൗരവമേറിയതുമായ ഒരു പൊതുതത്വം ആകുന്നു. വാഗ്ദത്തമായിട്ടോ, ശപഥം മുഖേനയോ, നേർച്ചാരൂപത്തിലോ- എങ്ങനെയായാലും ശരി- നല്ല കാര്യങ്ങൾ ചെയ്യാമെന്ന് വായകൊണ്ടു പറഞ്ഞാൽ അത് പ്രവൃത്തിയിൽ വരുത്തൽ ആ പറഞ്ഞ ആളുകളുടെ കടമയത്രെ. ചെയ്യാൻ തയ്യാറില്ലാത്തകാര്യം ചെയ്തു കൊള്ളാമെന്ന് പറയൽ അല്ലാഹുവിന്റെ അടുക്കൽ വമ്പിച്ച ക്രോധകരമായതാണ്. അല്ലാഹുവിന്റെ ക്രോധത്തിന് കാരണമായ ഏതു കാര്യവും കുറ്റകരമാണെന്ന് പറയേണ്ടതില്ലല്ലോ.

കപടവിശ്വാസിയുടെ (മുനാഫിഖിന്റെ) അടയാളം മൂന്നെണ്ണമാണ്. 'അവൻ വാഗ്ദത്തം ചെയ്താൽ ലംഘിക്കും, വർത്തമാനം പറഞ്ഞാൽ കളവ് പറയും, വിശ്വസിക്കപ്പെട്ടാൽ ചതിക്കും'(ബു, മു.) എന്ന നബിവചനം പ്രസിദ്ധമാണല്ലോ. മറ്റൊരു നബിവചനം ഇപ്രകാരമാകുന്നു: 'നാലുകാര്യങ്ങൾ ഏതൊരുവനിൽ ഉണ്ടായോ അവൻ, തനി കപടവിശ്വാസിയാകുന്നു. അവയിൽ ഒന്ന് ആരിലെങ്കിലും ഉണ്ടായിരുന്നാൽ അതവൻ ഉപേക്ഷിക്കുന്നതുവരേക്കും കാപട്യത്തിന്റെ ഒരു കാര്യം അവനിൽ ഉണ്ടായിരിക്കും. വിശ്വസിക്കപ്പെട്ടാൽ ചതിക്കുക, വർത്തമാനം പറഞ്ഞാൽ കളവ് പറയുക, ഉടമ്പടി ചെയ്താൽ വഞ്ചിക്കുക, പിണങ്ങിയാൽ തോന്നിയവാസം പ്രവർത്തിക്കുക'.(ബു, മു.) ആമിറുബ്നുറബീഅഃ (عامر بن ربيعة–رضـ) പറയുകയാണ്: 'ഞാൻ കുട്ടിയായിരുന്ന കാലത്ത് റസൂൽﷺ ഞങ്ങളുടെ അടുക്കൽ വരുകയുണ്ടായി. ഞാൻ കളിക്കുവാൻ പോയപ്പോൾ എന്റെ ഉമ്മ എന്നോട് പറഞ്ഞു: 'ഇങ്ങോട്ടുവാ, ഞാൻ നിനക്ക് തരാം'. ഇതുകേട്ടപ്പോൾ തിരുമേനി ചോദിച്ചു: 'എന്താണ് നിങ്ങൾ അവന് കൊടുക്കുവാൻ ഉദ്ദേശിക്കുന്നത്?' അവർ പറഞ്ഞു: 'കാരക്ക'. അപ്പോൾ തിരുമേനി പറഞ്ഞു: 'എന്നാൽ, അങ്ങനെ ചെയ്തില്ലെങ്കിൽ അത് നിങ്ങളുടെ പേരിൽ കളവായി രേഖപ്പെടുത്തപ്പെടുമായിരുന്നു.'(അ.) പ്രവർത്തനത്തിൽ വരുത്തുവാനുദ്ദേശിക്കാത്ത വാക്കുകളുടെ ഗൗരവം ഇതിൽനിന്നെല്ലാം മനസ്സിലാക്കാം.

إِنَّ ٱللَّهَ يُحِبُّ ٱلَّذِينَ يُقَٰتِلُونَ فِي سَبِيلِهِۦ صَفًّا كَأَنَّهُم بُنۡيَٰنٌ مَّرۡصُوصٌ ﴿٤﴾

﴾4﴿ നിശ്ചയമായും അല്ലാഹു, ഓരായം ചേര്‍ത്തുണ്ടാക്കപ്പെട്ട ഒരു ഭിത്തി എന്നോണം ഒരു അണിയായി അവന്റെ മാര്‍ഗത്തില്‍ യുദ്ധം ചെയ്യുന്നവരെ ഇഷ്ടപ്പെടുന്നു.

﴾4﴿ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു يُحِبُّ ഇഷ്ടപ്പെടുന്നു ٱلَّذِينَ يُقَٰتِلُونَ യുദ്ധം ചെയ്യുന്നവരെ فِي سَبِيلِهِۦ തന്റെ മാര്‍ഗത്തില്‍ صَفًّا ഒരു അണി (നിര)യായി كَأَنَّهُم അവന്‍ ആണെന്നതുപോലെ بُنۡيَٰنٌ ഒരു പടവ് (ഭിത്തി- മതില്‍- കെട്ടിടം) مَّرۡصُوصٌ ഓരായം ചേര്‍ക്കപ്പെട്ട, ഈയം ഒഴിക്കപ്പെട്ട, ഇടതൂര്‍ക്കപ്പെട്ട

ഇടയ്ക്ക് ഒട്ടും വിടവില്ലാത്ത, വളവും പുളവുമില്ലാതെ കെട്ടുറപ്പോടുകൂടി അണി കെട്ടിനിന്നുകൊണ്ട് അല്ലാഹുവിന്റെ മാര്‍ഗത്തില്‍ സധീരം ശത്രുക്കളോട് അടരാടുന്ന പടയാളികളെ അല്ലാഹു പ്രശംസിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അണിഉറപ്പിച്ചു നില്‍ക്കുകയെന്നത് കേവലം ഒരു പട്ടാളച്ചിട്ട മാത്രമല്ല, ശത്രുവിന്റെ പരാജയത്തിനു അത്യന്താപേക്ഷിതവുമാണ്. സംഘമായി നമസ്കരിക്കുമ്പോള്‍പോലും അണികള്‍ അപ്രകാരം ആയിരിക്കുവാന്‍ നബിﷺയും സ്വഹാബികളും വളരെയധികം നിഷ്കര്‍ഷിച്ചിരുന്നു. അതുപോലെത്തന്നെ, ഒരു വരി ശരിക്കും പൂര്‍ത്തിയായ ശേഷമേ അടുത്ത വരി പൂര്‍ത്തിയാക്കാവൂ എന്നും തിരുമേനി കല്‍പിച്ചിരുന്നു. തിരുമേനി ഇങ്ങനെ താക്കീതും ചെയ്തിട്ടുണ്ട്. لتسون صفوفكم أو ليخالفن الله بين وجوهكم–متفق عليه (നിങ്ങള്‍ നിങ്ങളുടെ അണികളെ ശരിപ്പെടുത്തണം. അല്ലാത്തപക്ഷം നിങ്ങളുടെ മുഖങ്ങള്‍ക്കിടയില്‍ അല്ലാഹു ഭിന്നിപ്പുണ്ടാക്കും. (ബു. മു.) അഥവാ നിങ്ങളുടെ ഉദ്ദേശ്യങ്ങളിലും ഗതികളിലും അനൈക്യം സംഭവിക്കും എന്ന് താല്‍പര്യം. ഇന്ന് നമ്മുടെ സ്ഥിതിയോ? നമസ്കരിക്കുവാന്‍ നില്‍ക്കുമ്പോള്‍ അണിയൊപ്പിച്ചു നില്‍ക്കലും, തൊട്ടുതൊട്ടു നില്‍ക്കലുമെല്ലാം തീരെ അവഗണിക്കപ്പെട്ടിരിക്കയാണ്. ചിലര്‍ക്കത് തങ്ങളുടെ പരിഷ്കാരത്തിന് യോജിക്കാത്തതായും, മറ്റു ചിലര്‍ക്ക് തങ്ങളുടെ അന്തസ്സിന് നിരക്കാത്തതായും തോന്നുകയാണ്? ഇതിന്റെ ഫലം- നബിﷺ താക്കീതുചെയ്ത അതേ അവസ്ഥ- നാം അനുഭവിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. മുസ്‌ലിംകളുടെ അഭ്യന്തരകാര്യങ്ങളിലാകട്ടെ, ഇസ്‌ലാമിന്റെ ശത്രുക്കളുമായുള്ള സമീപനങ്ങളിലാകട്ടെ, പരസ്പരം യോജിച്ചു വല്ലതും പ്രവര്‍ത്തിക്കുവാനുള്ള ആഗ്രഹമോ, സാധ്യതയോ ഇല്ലാതായിത്തീര്‍ന്നിരിക്കുകയാണ്. ഒട്ടും വിഷമംകൂടാതെ നിര്‍വ്വഹിക്കാവുന്ന ഇക്കാര്യം- നമസ്കാരത്തില്‍ അണിശരിപ്പെടുത്തല്‍- പോലും നബിﷺ എത്രയോ ഊന്നിപ്പറഞ്ഞിട്ടുകൂടി- ഗൗനിക്കാത്തവര്‍ സമരാങ്കണത്തില്‍ ശത്രുക്കളുടെ മുമ്പാകെ എങ്ങനെ അണി ശരിപ്പെടുത്തുവാനാണ്?! وإلى الله المشتكى

وَإِذْ قَالَ مُوسَىٰ لِقَوْمِهِۦ يَٰقَوْمِ لِمَ تُؤْذُونَنِى وَقَد تَّعْلَمُونَ أَنِّى رَسُولُ ٱللَّهِ إِلَيْكُمْ ۖ فَلَمَّا زَاغُوٓا۟ أَزَاغَ ٱللَّهُ قُلُوبَهُمْ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ﴿٥﴾

﴿5﴾ മൂസാ തന്റെ ജനതയോട് പറഞ്ഞ സന്ദർഭം (ഓർക്കുക): 'എന്റെ ജനങ്ങളേ, നിങ്ങൾ എന്തിനാണ് എന്നെ ഉപദ്രവിക്കുന്നത്? ഞാൻ നിങ്ങളിലേക്ക് അല്ലാഹുവിന്റെ റസൂലാണെന്ന് നിങ്ങൾക്ക് അറിയാമല്ലോ!'

അങ്ങനെ, അവർ (നേർമാർഗം) തെറ്റിയപ്പോൾ, അല്ലാഹു അവരുടെ ഹൃദയങ്ങളെ തെററിച്ചുകളഞ്ഞു. അല്ലാഹു ദുർന്നടപ്പുകാരായ ജനതയെ സൻമാർഗത്തിലാക്കുന്നതുമല്ല.

﴿5﴾ وَإِذْ قَالَ مُوسَىٰ മൂസാ പറഞ്ഞപ്പോൾ لِقَوْمِهِۦ തന്റെ ജനതയോട് يَٰقَوْمِ എന്റെ ജനങ്ങളേ لِمَ تُؤْذُونَنِى എന്തിനാണ് നിങ്ങളെന്നെ ഉപദ്രവിക്കുന്നത്, സ്വൈരം കെടുത്തുന്നു وَقَد تَّعْلَمُونَ നിങ്ങൾക്കറിയാമല്ലോ أَنِّى رَسُولُ ٱللَّهِ ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്ന് إِلَيْكُمْ നിങ്ങളിലേക്ക് فَلَمَّا زَاغُوٓا۟ അങ്ങനെ അവർ തെറ്റിയപ്പോൾ أَزَاغَ ٱللَّهُ അല്ലാഹു തെറ്റിച്ചു قُلُوبَهُمْ അവരുടെ ഹൃദയങ്ങളെ وَٱللَّهُ അല്ലാഹുവാകട്ടെ لَا يَهْدِى അവൻ സൻമാർഗത്തിലാക്കുക (നേർമാർഗം കാണിക്കുക)യില്ല ٱلْقَوْمَ ٱلْفَٰسِقِينَ ദുർന്നടപ്പുകാരായ (തോന്നിയവാസികളായ) ജനതക്ക്

മൂസാ നബി (അ)യെ ഇസ്റാഈല്യർ ദ്രോഹിച്ചതിനും സ്വൈരം കെടുത്തിയതിനും പല ഉദാഹരണങ്ങളും ക്വുർആനിൽതന്നെ കാണാവുന്നതാണ്. തീഹ് വനാന്തരത്തിൽവെച്ച് അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട ഫലസ്തീനിൽ പ്രവേശിക്കുവാൻ അദ്ദേഹം കൽപിച്ചപ്പോൾ അവിടെ ശത്രുക്കളുമായി ഏറ്റുമുട്ടേണ്ടിവരുമെന്ന് കണ്ടതുകൊണ്ട് അവർ വിസമ്മതിച്ചു. അവിടെ വമ്പൻമാരായ ഒരു ജനതയാണുള്ളത്. അവർ അവിടെനിന്ന് പോയല്ലാതെ ഞങ്ങൾ അവിടെ പ്രവേശിക്കുകയില്ല എന്ന് അവർ പറഞ്ഞു. മാത്രമോ? വേണമെങ്കിൽ നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്തുകൊള്ളുക; ഞങ്ങൾ ഇവിടെ ഇരിക്കുകയാണ്. (اذهب أنت و ربك فقاتلا انا ههنا قاعدون) എന്നുവരെ അവർ തുറന്നു പറഞ്ഞു. ഒടുക്കം മൂസാ (അ) ദുആ ചെയ്തു. 'റബ്ബേ! എന്റെ ദേഹത്തെയും എന്റെ സഹോദരനെയുമല്ലാതെ ഞാൻ അധീനമാക്കുന്നില്ല. അതുകൊണ്ട് ഞങ്ങൾക്കും ദുർന്നടപ്പുകാരായ ജനതക്കുമിടയിൽ നീ വേർപ്പെടുത്തണേ!' (ربّ إني لا املك الا نفسي واخي–الخ) ഈ രംഗം ഒന്ന് ആലോചിക്കുക! ഏറെത്താമസിയാതെ ആ പ്രവാചകവര്യൻ കാലഗതി പ്രാപിച്ചു. ആ ജനതയാകട്ടെ നാൽപതുകൊല്ലം ആ വനാന്തരത്തിൽ

വട്ടം കറങ്ങേണ്ടിയും വന്നു. ഇസ്റാഈല്യർ മൂസാ നബി (അ) യോട് ചെയ്ത തുപോലെ നിങ്ങൾ നിങ്ങളുടെ നബിയോട് അനുവർത്തിക്കരുതെന്ന് മുസ്‌ലിംകളോടുള്ള താക്കീതാണ് ഈ വചനം. അടുത്ത വചനത്തിൽ, ഈസാ നബി (അ)യുടെ ജനത സ്വീകരിച്ച നയം സ്വീകരിക്കരുതെന്നും സൂചിപ്പിക്കുന്നത് കാണാം.

وَإِذْ قَالَ عِيسَى ٱبْنُ مَرْيَمَ يَٰبَنِىٓ إِسْرَٰٓءِيلَ إِنِّى رَسُولُ ٱللَّهِ إِلَيْكُم مُّصَدِّقًا لِّمَا بَيْنَ يَدَىَّ مِنَ ٱلتَّوْرَىٰةِ وَمُبَشِّرًۢا بِرَسُولٍ يَأْتِى مِنۢ بَعْدِى ٱسْمُهُۥٓ أَحْمَدُ فَلَمَّا جَآءَهُم بِٱلْبَيِّنَٰتِ قَالُوا۟ هَٰذَا سِحْرٌ مُّبِينٌ ﴿٦﴾

﴿6﴾ മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭം (ഓർക്കുക): ഇസ്റാഈൽ സന്തതികളേ, നിശ്ചയമായും ഞാൻ, നിങ്ങളിലേക്ക് അല്ലാഹുവിന്റെ റസൂലാകുന്നു; തൗറാത്താകുന്ന എന്റെ മുമ്പിലുള്ളതിനെ [വേദഗ്രന്ഥത്തെ] സത്യമാ(ക്കി ശരിവെ)ക്കുന്നവനായിക്കൊണ്ടും, എന്റെ ശേഷം വരുന്നതായ, അഹ്മദ് [അധികം സ്തുതിയുള്ളവൻ] എന്നുപേരുള്ള ഒരു റസൂലിനെക്കുറിച്ച് സുവിശേഷം അറിയിക്കുന്നവനായിക്കൊണ്ടും (നിയോഗിക്കപ്പെട്ടവനാണ്).

അങ്ങനെ, അദ്ദേഹം വ്യക്തമായ തെളിവുകളുമായി അവരിൽ വന്നപ്പോൾ അവർ പറഞ്ഞു: ഇത് (തനി) സ്പഷ്ടമായ ജാലമാണ് എന്ന്!

﴿6﴾ وَإِذْ قَالَ പറഞ്ഞ സന്ദർഭം عِيسَى ٱبْنُ مَرْيَمَ മർയമിന്റെ മകൻ ഈസാ يَٰبَنِىٓ إِسْرَٰٓءِيلَ ഇസ്റാഈൽ സന്തതികളേ إِنِّى رَسُولُ ٱللَّهِ നിശ്ചയമായും ഞാൻ അല്ലാഹുവിന്റെ ദൂതനാണ് إِلَيْكُم നിങ്ങളിലേക്ക് مُّصَدِّقًا സത്യമാക്കുന്ന (ശരിവെക്കുന്ന)വനായിക്കൊണ്ട് لِّمَا بَيْنَ يَدَىَّ എന്റെ മുമ്പിലുള്ളതിനെ مِنَ ٱلتَّوْرَىٰةِ തൗറാത്താകുന്ന, തൗറാത്തിൽനിന്നും وَمُبَشِّرًۢا സുവിശേഷം (സന്തോഷവാർത്ത) അറിയിക്കുന്നവനായും بِرَسُولٍ ഒരു റസൂലിനെക്കുറിച്ച് يَأْتِى വരുന്ന, അദ്ദേഹം വരും مِنۢ بَعْدِى എന്റെ ശേഷം ٱسْمُهُۥٓ അദ്ദേഹത്തിന്റെ പേർ أَحْمَدُ അഹ്മദ് (അധികം സ്തുതിയുള്ളവൻ) എന്നാണ് فَلَمَّا جَآءَهُم എന്നിട്ട് അദ്ദേഹം അവർക്ക് വന്നപ്പോൾ بِٱلْبَيِّنَٰتِ വ്യക്തമായ തെളിവുകളുമായി قَالُوا۟ അവർ പറഞ്ഞു هَٰذَا سِحْرٌ ഇത് ജാലമാണ് مُّبِينٌ സ്പഷ്ടമായ (തനി)

ഈസാ നബി (അ)യുടെ ദൗത്യോദ്ദേശ്യങ്ങളിൽ പ്രധാനമായ രണ്ട് കാര്യങ്ങളാണ് അദ്ദേഹം തന്റെ ജനതയായ ഇസ്റാഈല്യരെ അറിയിക്കുന്നത്.

(1) അദ്ദേഹത്തിന്റെ മുമ്പ് അവതരിച്ചതും, തന്റെ മുമ്പിൽ നിലവിലുള്ളതുമായ തൗറാത്തിന്റെ സത്യത സ്ഥാപിക്കുകയും, ശരിവെക്കുകയും ചെയ്യുക. അഥവാ അതിന്റെ നിയമങ്ങൾ നടപ്പിൽ വരുത്തുക

(2) തന്റെ ശേഷം 'അഹ്മദ്' എന്ന് പേരുള്ള ഒരു റസൂൽ വരാനിരിക്കുന്നുവെന്ന സുവിശേഷം അറിയിക്കുക. അഥവാ ആ റസൂലിനെ അനുസരിക്കുവാൻ ജനങ്ങളെ സജ്ജമാക്കുക. ഈസാ (അ) ഒരു പുതിയ നിയമ സംഹിത കൊണ്ടു വന്നിട്ടില്ലെന്നും, അദ്ദേഹം തൗറാത്തിന്റെ നിയമവ്യവസ്ഥകളെ അനുകരിക്കുകയാണ് ചെയ്തതെന്നും ഇതിൽ നിന്നും വ്യക്തമാണ്. അദ്ദേഹം കൊണ്ടുവന്ന വേദഗ്രന്ഥമായ 'ഇൻജീലാ'കട്ടെ, ഉപദേശങ്ങളുടെയും സുവിശേഷങ്ങളുടെയും സമാഹാരവുമാകുന്നു. 'ഇൻജീൽ' എന്ന വാക്കിന്റെ അർത്ഥം തന്നെ 'സുവിശേഷം' എന്നത്രെ, ഈ വസ്തുത ബൈബ്ളും സമ്മതിക്കുന്നതാണ്. അതിൽ ഇങ്ങനെ പറയുന്നു: 'ഞാൻ ന്യായപ്രമാണത്തെയോ, പ്രവാചകൻമാരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്. നീക്കുവാനല്ല, നിവർത്തിപ്പാനത്രെ ഞാൻ വന്നിരിക്കുന്നത്.' (മത്തായി 5; 17.)

എനി, ഈസാ നബി (അ)യുടെ ശേഷം വരാനിരിക്കുന്ന 'അഹ്മദ്' എന്ന റസൂലിനെക്കുറിച്ചാണ് പരിശോധിക്കുവാനുള്ളത്. നബിﷺ പ്രസ്താവിച്ചതായി ജുബൈറുബ്നുമുത്ഇം (جبير بن مطعم) വഴി ബുഖാരി (ര) ഉദ്ധരിക്കുന്നു: എനിക്ക് പല പേരുകൾ ഉണ്ട്. ഞാൻ 'മുഹമ്മദാണ്' (അധികമായി സ്തുതിക്കപ്പെടുന്നവനാണ്) ഞാൻ 'അഹ്മദു'മാണ് (അധികം സ്തുതിയുള്ളവനാണ്). ഞാൻ 'മാഹീ'യുമാണ് (മായിച്ചുകളയുന്നവനാണ്). എന്നെക്കൊണ്ട് അല്ലാഹു അവിശ്വാസത്തെ മായിച്ചുകളയുന്നു.إن لي أسماء أنا محمد وأنا أحمد وانا الماحي الذي يمحوا الله بي الكفر الخ– البخاري ഇതിൽനിന്ന് അഹ്മദ് എന്ന് പറഞ്ഞത് നബി തിരുമേനിﷺയെ ഉദ്ദേശിച്ചുതന്നെയാണെന്ന് മനസ്സിലാക്കാമല്ലോ. ഈസാ നബി (അ)ക്കും തിരുമേനിക്കുമിടയിൽ വേറൊരു റസൂൽ വന്നിട്ടുള്ളതായി അറിയപ്പെട്ടിട്ടില്ലതാനും. തിരുമേനിയാണെങ്കിൽ അന്ത്യപ്രവാചകനുമാണ്.

നബിﷺയുടെ ആഗമനത്തെപ്പറ്റി ഈസാ (അ) നൽകിയ സുവിശേഷങ്ങൾ അതേപടി ഇന്നത്തെ ഇൻജീലുകളിൽ കാണപ്പെടുവാൻ ന്യായമില്ല. കാരണം, യഥാർത്ഥ ഇൻജീൽ ഇന്ന് നിലവിലില്ലെന്ന് പരക്കെ അറിയപ്പെട്ടതാണ്. കൈകടത്തപ്പെട്ട ഇൻജീലുകളിലാകട്ടെ, ഏറ്റവുമധികം കൈകടത്തലിനു വിധേയമായ വിഷയം നബിﷺയെ സംബന്ധിക്കുന്നവയാണ് താനും. എന്നിരുന്നാലും ക്വുർആന്റെ ഈ പ്രസ്താവനയെ ശരിവെക്കുന്നതും നിഷ്പക്ഷമതികൾക്ക് മനസ്സിലാക്കുവാൻ ഉതകുന്നതുമായ ചില അവശിഷ്ടങ്ങൾ ഇന്നത്തെ ഇൻജീലുകളിൽപോലും കാണാവുന്നതാകുന്നു. ചില ഉദാഹരണങ്ങൾ നോക്കുക:-

(1) യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ (ഇൻജീലിൽ) യേശു

പറഞ്ഞതായി പറയുന്നു: '... എന്നാൽ ഞാൻ പിതാവിനോട് (ദൈവത്തോട്) ചോദിക്കും. അവൻ 'സത്യത്തിന്റെ ആത്മാവ്' എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും....(14: 16) 'പരിശുദ്ധാത്മാവ്' എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരികയും, ഞാൻ നിങ്ങളോട് പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമപ്പെടുത്തുകയും ചെയ്യും.'(14: 26) .....നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്നു പുറപ്പെടുന്ന 'സത്യാത്മാവ്' വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും.(15: 26)....... ഞാൻ നിങ്ങളോട് സത്യം പറയുന്നു: ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം; ഞാൻ പോകാഞ്ഞാൽ 'കാര്യസ്ഥൻ' നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും.(16: 7-8.) ലോകത്ത് ഇപ്പറഞ്ഞ പ്രകാരം 'ബോധം വരുത്തിയ' 'കാര്യസ്ഥൻ' നബി തിരുമേനിയല്ലാതെﷺ മറ്റാരാണ്?! ആലോചിച്ചു നോക്കുക. യോഹന്നാൻ വീണ്ടും തുടരുന്നു: 'ഇനിയും വളരെ നിങ്ങളോട് പറയുവാനുണ്ട്. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ നിങ്ങളെ സകലസത്യത്തിലും വഴിനടത്തും. അവൻ സ്വയമായി സംസാരിക്കാതെ, താൻ കേൾക്കുന്നത് സംസാരിക്കയും, വരുവാനുള്ളതു നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും .....'(16: 12 - 13.) ഈ ഒടുവിലത്തെ വാക്യങ്ങൾ സൂ: നജ്മിലെ 3 ഉം 4 ഉം വചനങ്ങളിലെ ആശയമത്രെ.

ക്രി. 1844ൽ ലണ്ടനിൽ അച്ചടിച്ച ഇൻജീലിന്റെ ഇംഗ്ലീഷ് പതിപ്പിൽ 'സത്യത്തിന്റെ ആത്മാവ്' എന്ന വാക്കിനു പകരം 'പാറക്ലീത്ത' (Pareclete= فار قليط) എന്നായിരുന്നു. ഇത് യൂനാനി (ഗ്രീക്ക്) പദമാണ്. ഇൻജീലിന്റെ അറബി പതിപ്പുകളിൽ ഈ പദം സുലഭമാകുന്നു. ഈ വാക്കിന് 'ആശ്വാസം നൽകുന്നവൻ, ആശ്വാസപ്രദൻ, കാര്യദർശി' എന്നൊക്കെയാണ് അർത്ഥം നൽകപ്പെട്ടിരിക്കുന്നത്. ഈ വാക്കിനോട് അക്ഷരാർത്ഥങ്ങളിൽ സാദൃശ്യമുള്ള മറ്റൊരു വാക്കാണ് പീറക്ലീത്ത (Periclyte=بير قليوس أو بير قليط) 'മഹാൻ, വിശ്രുതൻ, ഉന്നതൻ' എന്നൊക്കെ ഇതിന് അർത്ഥം വരുന്നു. 'മുഹമ്മദ്, അഹ്മദ്, മഹ്മൂദ്' എന്നീ വാക്കുകളുമായി അർത്ഥസാദൃശ്യമുള്ളവയാണ് ഇതെല്ലാം. ഈസാ (അ) ഉപയോഗിച്ച യഥാർത്ഥ വാക്ക് ഏതായിരുന്നുവെന്ന് അല്ലാഹുവിനറിയാം. അദ്ദേഹം ഹിബ്രു (Hebrew= العبرية) വായിരുന്നു സംസാരിച്ചിരുന്നത്. അദ്ദേഹം പറഞ്ഞ സാക്ഷാൽ വാക്കിന് വിവിധ ഭാഷകളിലുള്ള പരിഭാഷകളുടെ കർത്താക്കളും, ഇൻജീലുകളുടെ കർത്താക്കളും- അറിഞ്ഞോ അറിയാതെയോ- എന്തെല്ലാം അർത്ഥവ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട് എന്ന് നമുക്കറിഞ്ഞുകൂടാ. എങ്കിലും, കുറെ മാറ്റത്തിരുത്തങ്ങൾ വന്നിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. അല്ലാത്തപക്ഷം, ഒരേ വിഷയത്തിൽതന്നെ ഇൻജീലുകൾ പരസ്പരവിരുദ്ധമായ വിവരണം നൽകുകയില്ലല്ലോ. ലൂക്കോസിന്റെ ഇൻജീലിന്റെ ആരംഭംതന്നെ ഇത് തെളിയിക്കുന്നു. നമ്മുടെ ഇടയിൽ പ്രമാണിക്കപ്പെടുന്ന കാര്യ

ങ്ങളെക്കുറിച്ച് പലരും ചരിത്രം എഴുതാൻ തുനിഞ്ഞിരിക്കെകൊണ്ടാണ് തനിക്ക് ഇത് ക്രമമായി എഴുതുവാൻ തോന്നിയത് എന്ന് അദ്ദേഹം അതിൽ തുറന്ന് പറഞ്ഞിരിക്കുന്നു. (ലൂക്കോസ് 1: 2- 4 നോക്കുക.)

മേൽകാണിച്ച فار قليط എന്ന ഹിബ്രുപദത്തിന്റെ സ്ഥാനത്ത് ബൈബ്ളിന്റെ മലയാള വിവർത്തനങ്ങളിൽ ഉള്ളത് 'ആശ്വാസപ്രദൻ, സത്യത്തിന്റെ കാര്യസ്ഥൻ' തുടങ്ങിയ വാക്കുകളാണ്. ഇംഗ്ലീഷ് ബൈബ്ളുകളിലാകട്ടെ, Comforter, Advocate എന്നിവയും. അറബിപ്പതിപ്പുകളിൽ محاج، معري എന്നും മറ്റും കാണാം. ഈ വാക്കുകളുടെ മുമ്പും പിമ്പും പ്രസ്താവിക്കപ്പെട്ട വിഷയങ്ങൾ പരിശോധിക്കുമ്പോഴും ഭാവിയിൽ വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ചാണ് ആ വാക്ക് ഉപയോഗിച്ചതെന്ന് മനസ്സിലാകുന്നതാണ്. ചുരുക്കത്തിൽ ഈസാ (അ) സുവിശേഷം അറിയിച്ച ആളെക്കുറിച്ച് അദ്ദേഹം ഉപയോഗിച്ച യഥാർത്ഥ വാക്ക് ഇൻജീലിന്റെ കർത്താക്കൾ മാറ്റിവെച്ചിട്ടുണ്ടെന്ന് തീർത്തുപറയാം.

ക്രിസ്തീയ ചർച്ചുകൾ അംഗീകരിച്ച ഒരു വേദപുസ്തകമാണ് പഴയനിയമത്തിലെ ഹഗ്ഗായി. അതിൽ ഇങ്ങനെ കാണാം: 'ഞാൻ ആകാശത്തെയും, ഭൂമിയെയും, കടലിനെയും, കരയെയും ഇളക്കും. ഞാൻ സകല ജാതികളെയും ഇളക്കും. സകലജാതികളുടെയും 'മനോഹരവസ്തു' വരികയും ചെയ്യും....എന്ന് സൈന്യങ്ങളുടെ യഹോവ (ദൈവം) അരുളിച്ചെയ്യുന്നു. (ഹഗ്ഗായി, 2: 6 - 7) 'ഇളക്കും' എന്നതിന്റെ സ്ഥാനത്ത് അറബി പതിപ്പുകളിൽ ازلزل (വിറകൊള്ളിക്കും) എന്നും, 'മനോഹരവസ്തു'വിന്റെ സ്ഥാനത്ത് مشتهي (കാര്യമായത്, മോഹിക്കപ്പെട്ടത്)'എന്നുമാകുന്നു.

ഈ വാക്ക് അഹ്മദ് എന്ന വാക്കുമായി ആശയത്തിൽ യോജിപ്പുണ്ട്. ഹിബ്രുഭാഷയിൽ ഈ സ്ഥാനത്ത് നല്കപ്പെടുന്ന വാക്ക് 'അഹ്മദ്' എന്നതിനോട് രൂപസാദൃശ്യമുള്ളതുമാകുന്നു. പഴയ നിയമത്തിൽപെട്ട ശലോമോന്റെ ഉത്തമഗീതാപുസ്തകത്തിൽ (5: 16ൽ) 'അവൻ സർവ്വാംഗസുന്ദരൻ' എന്നാണ് മലയാളപ്പതിപ്പിലുള്ളതെങ്കിൽ, അറബിപ്പതിപ്പുകളിൽ وكله مشتهيات (അവന്റെ സർവ്വവും കാമ്യമാണ്) എന്നാണ്. ഹിബ്രുവിൽ ഈ സ്ഥാനത്തുള്ളതാകട്ടെ; 'മഹ്മദ്ദീം' (مَحْمَدِّيم) എന്നുമാകുന്നു. 'ഹംദ്' (حمد) എന്ന ധാതുവിൽനിന്നുള്ളതും അർത്ഥത്തിൽ പരസ്പരം യോജിപ്പുള്ളതുമായ 'അഹ്മദ്, മുഹമ്മദ്, മഹ്മൂദ്' എന്നിവപോലെ ഹിബ്രുഭാഷയിലുള്ള ഒരു രൂപഭേദമാണിതെന്നേ വിചാരിക്കാൻ തരമുള്ളൂ. ഇത്രയും പറഞ്ഞതിൽനിന്ന് ഈസാ നബി (അ)യുടെ സുവിശേഷവാർത്ത മുമ്പ് ഇൻജീലിൽ ഉണ്ടായിരുന്നുവെന്നും, പിന്നീടതിൽ കൈകടത്തലുകൾ വന്നിട്ടുണ്ടെന്നും, എങ്കിൽകൂടി അതിന്റെ അടയാളമായി ചിലതെല്ലാം ഇന്നും അവശേഷിക്കുന്നുണ്ടെന്നും ഗ്രഹിക്കാമല്ലോ.

فلما جاءهم بالبينات قالوا هذا سحر مبين (അങ്ങനെ, അദ്ദേഹം അവർക്ക് വ്യക്ത

മായ തെളിവുകളുമായി വന്നപ്പോൾ അവർ പറഞ്ഞു: ഇത് സ്പഷ്ടമായ ജാലമാണ് എന്ന്.) 'അദ്ദേഹം' എന്ന സർവ്വനാമം ഈസാ (അ) സുവിശേഷം നൽകിയ ആ റസൂലിനെ നബി തിരുമേനിﷺയെ -ഉദ്ദേശിച്ചായിരിക്കുവാനാണ് കൂടുതൽ സാധ്യത കാണുന്നത്. 'അവർ' എന്നതുകൊണ്ടുദ്ദേശ്യം നബിﷺയുടെ ജനതയുമായിരിക്കും. 'അദ്ദേഹം' എന്ന് പറഞ്ഞത് ഈസാ നബി (അ)യും 'അവർ' എന്ന് പറഞ്ഞത് അദ്ദേഹത്തിന്റെ ജനതയും ആയിരിക്കുന്നതിലും വിരോധമില്ല. الله أعلم

നബി തിരുമേനിﷺ അന്ത്യപ്രവാചകനാണെന്ന ഇസ്‌ലാമിന്റെ മൗലിക തത്വം സ്വീകരിക്കാത്തവരും, 'ഖാദിയാനികൾ' എന്ന പേരിൽ അറിയപ്പെടുന്നവരുമായ ചില അഹ്മദിയാ മതക്കാർ ഈ ആയത്തിൽ പ്രസ്താവിക്കപ്പെട്ട 'അഹ്മദ്'തങ്ങൾ പ്രവാചകനായി സ്വീകരിച്ച 'മീർസാഗുലാം അഹ്മദ്' ഖാദിയാനിയാണെന്ന് വാദിക്കാറുണ്ട്. പ്രവാചകത്വ സമാപ്തിയിൽ വിശ്വസിക്കാത്തതിൽനിന്ന് ഉടലെടുത്ത അവരുടെ അനേക വ്യാജവാദങ്ങളിൽ ഒന്നുമാത്രമാണിത്. ഇവരുടെ വാദങ്ങളെക്കുറിച്ച് സൂ: അഹ്സാബിൽ നാം സംസാരിച്ചിട്ടുണ്ട്.

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ ٱلْكَذِبَ وَهُوَ يُدْعَىٰٓ إِلَى ٱلْإِسْلَٰمِ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿٧﴾

《7》 അല്ലാഹുവിന്റെ മേൽ വ്യാജം കെട്ടിച്ചമക്കുന്നവനെക്കാൾ അക്രമി ആരുണ്ട്; അവനാകട്ടെ, ഇസ്‌ലാമിലേക്ക് ക്ഷണിക്കപ്പെടുകയും ചെയ്യുന്നു (എന്നിട്ടും)?! അല്ലാഹു, അക്രമികളായ ജനങ്ങളെ സൻമാർഗത്തിലാക്കുകയില്ല.

يُرِيدُونَ لِيُطْفِـُٔوا۟ نُورَ ٱللَّهِ بِأَفْوَٰهِهِمْ وَٱللَّهُ مُتِمُّ نُورِهِۦ وَلَوْ كَرِهَ ٱلْكَٰفِرُونَ ﴿٨﴾

《8》 തങ്ങളുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയുവാൻ അവർ ഉദ്ദേശിക്കുന്നു. അല്ലാഹുവാകട്ടെ, തന്റെ പ്രകാശം പൂർത്തിയാക്കുന്നവനുമാണ്- അവിശ്വാസികൾക്ക് വെറുപ്പായാലും ശരി.

هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ وَلَوْ كَرِهَ ٱلْمُشْرِكُونَ ﴿٩﴾

《9》 അവനത്രെ, തന്റെ റസൂലിനെ മാർഗദർശനവും, യഥാർത്ഥ മതവുംകൊണ്ട് അയച്ചിട്ടുള്ളവൻ, എല്ലാ മതത്തെക്കാളും അതിനെ (വിജയിപ്പിച്ചു) പ്രത്യക്ഷപ്പെടുത്തുവാൻ വേണ്ടി; ബഹുദൈവ വിശ്വാസികൾക്ക് വെറുപ്പായാലും ശരി.

وَمَنْ أَظْلَمُ ﴿7﴾ ആരാണ് ഏറ്റം അക്രമി مِمَّنِ ٱفْتَرَىٰ കെട്ടിച്ചമച്ചവനെക്കാൾ عَلَى ٱللَّهِ
അല്ലാഹുവിന്റെ മേൽ ٱلْكَذِبَ വ്യാജം, കളവ് وَهُوَ അവനാകട്ടെ يُدْعَىٰٓ ക്ഷണിക്കപ്പെ
ടുന്നു إِلَى ٱلْإِسْلَـٰمِ ഇസ്‌ലാമിലേക്ക് وَٱللَّهُ لَا يَهْدِى അല്ലാഹു സൻമാർഗത്തിലാക്കുക
യില്ല ٱلْقَوْمَ ٱلظَّـٰلِمِينَ അക്രമികളായ ജനങ്ങളെ ﴿8﴾ يُرِيدُونَ അവർ ഉദ്ദേശിക്കുന്നു
لِيُطْفِـُٔوا۟ അവർ കെടുത്തിക്കളയുവാൻ نُورَ ٱللَّهِ അല്ലാഹുവിന്റെ പ്രകാശത്തെ بِأَفْوَٰهِهِمْ
അവരുടെ വായകൾകൊണ്ട് وَٱللَّهُ അല്ലാഹുവാകട്ടെ مُتِمُّ نُورِهِۦ തന്റെ പ്രകാശത്തെ
പൂർത്തിയാക്കുന്നവനുമാണ് وَلَوْ كَرِهَ വെറുത്താലും (അതൃപ്തിപ്പെട്ടാലും) ശരി
ٱلْكَـٰفِرُونَ അവിശ്വാസികൾ ﴿9﴾ هُوَ ٱلَّذِىٓ അവൻ യാതൊരുവനത്രെ أَرْسَلَ അയച്ച,
നിയോഗിച്ച رَسُولَهُۥ തന്റെ റസൂലിനെ بِٱلْهُدَىٰ സൻമാർഗവും കൊണ്ട് وَدِينِ ٱلْحَقِّ
യഥാർത്ഥ (സത്യ) മതവും لِيُظْهِرَهُۥ അതിനെ പ്രത്യക്ഷപ്പെടുത്തുവാൻ, വിജയിപ്പി
ക്കുവാൻവേണ്ടി وَلَوْ كَرِهَ എല്ലാ മതത്തെക്കാളും, മതത്തിന് മീതെയും وَلَوْ كَرِهَ വെറു
ത്താലും (അതൃപ്തിപ്പെട്ടാലും) ശരി ٱلْمُشْرِكُونَ ബഹുദൈവവിശ്വാസികൾ

ഈ പ്രവചനം ഇവിടെ മാത്രമല്ല, സൂ: തൗബഃ 32, 33 ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് കാണാം. വിശുദ്ധഖുർആനും, നബി തിരുമേനിﷺയുടെ ദൗത്യവിഷയങ്ങളുമാണ് അല്ലാഹുവിന്റെ പ്രകാശംകൊണ്ട് വിവക്ഷ. അതിനെ വായകൊണ്ട് ഊതിക്കെടുത്തുവാനോ, ദുരാരോപണങ്ങളും അപവാദങ്ങളും വഴി കെടുത്തിക്കളയുവാനോ ആർക്കും സാധ്യമല്ല. ലക്ഷ്യങ്ങളുടെയും ദൃഷ്ടാന്തങ്ങളുടെയും ദൃഢത, പ്രമാണങ്ങളുടെ സ്വീകാര്യത, വിശുദ്ധ ഖുർആന്റെ സുരക്ഷിത, അതിന്റെ സത്യത, ന്യായത, വ്യക്തത എന്നിവമൂലം മറ്റേത് മതത്തെക്കാളും അത് മികച്ചുകൊണ്ടുതന്നെയിരിക്കും. ലോകമുള്ള കാലത്തോളം സത്യനിഷേധികളും എതിരാളികളും അതിന്നുണ്ടായേക്കാം. അവരുടെ പ്രതിഷേധമോ അമർഷമോ അതിന്നൊരിക്കലും പ്രതിബന്ധമായിരിക്കയില്ല. നബിﷺ പ്രവചനം ചെയ്തിട്ടുള്ളതുപോലെ, ഒരു വിഭാഗം ആളുകളെങ്കിലും അതിന്റെ യഥാർത്ഥ അനുയായികളായി ലോകാവസാനം വരെ ശേഷിക്കാതിരിക്കയുമില്ല. (كما في البخاري ومسلم)

നബി തിരുമേനിﷺയുടെ കാലത്തെക്കുറിച്ച് പറയുകയാണെങ്കിൽ, ശിർക്കിന്റെയും കുഫ്റിന്റെയും ആൾക്കാരെല്ലാം ഇസ്‌ലാമിന് വഴങ്ങേണ്ടിവന്ന ചരിത്രം പ്രസിദ്ധമാണ്. ഇസ്‌ലാമല്ലാത്ത ഏതൊരു മതത്തെ എടുത്താലും ആ മതത്തിന്റെ സാക്ഷാൽപ്രമാണമായി അതിന്റെ അനുയായികളെന്ന് അവകാശപ്പെടുന്നവർക്കിടയിൽ പരിപൂർണമായി അംഗീകരിക്കപ്പെട്ട ഒരു ഗ്രന്ഥരേഖ- യാതൊന്നും അതിൽ കൂട്ടുവാനോ കിഴിക്കുവാനോ ഇല്ലെന്ന് അവർ ഏകകണ്ഠമായി സമ്മതിക്കുന്ന ഒരു വേദഗ്രന്ഥം- സമർപ്പിക്കുവാൻ അവർക്ക് കഴിയുകയി

ല്ലതന്നെ.മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം, അവര്‍ക്കിടയില്‍ എന്തുതന്നെ ഭിന്നാഭിപ്രായം ഉണ്ടെങ്കിലും തങ്ങളുടെ മൂലപ്രമാണം വിശുദ്ധ ക്വുര്‍ആനാണെന്നും, അതില്‍ വല്ലതും ചേര്‍ക്കുവാനോ കുറക്കുവാനോ ഇല്ലെന്നുമുള്ള കാര്യത്തില്‍ അവര്‍ ഏകാഭിപ്രായക്കാരാകുന്നു. അപ്പോള്‍, വിശുദ്ധ ക്വുര്‍ആന്‍ നിലവിലുള്ള കാലത്തോളം- അതാകട്ടെ, ലോകാവസാനംവരെ നിലനില്‍ക്കുകയും ചെയ്യും- അല്ലാഹുവിന്റെ പ്രകാശം പൊലിയാതെയും, അവന്റെ മതം തിരോധാനം ചെയ്യാതെയും അവശേഷിക്കുകതന്നെ ചെയ്യും.

വിഭാഗം- 2

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ هَلْ أَدُلُّكُمْ عَلَىٰ تِجَـٰرَةٍ تُنجِيكُم مِّنْ عَذَابٍ أَلِيمٍ ﴿١٠﴾

﴾10﴿ ഹേ, വിശ്വസിച്ചവരേ, വേദനയേറിയ ഒരു ശിക്ഷയില്‍നിന്ന് നിങ്ങള്‍ക്ക് രക്ഷ നല്‍കുന്ന ഒരു കച്ചവടത്തെപ്പറ്റി ഞാന്‍ നിങ്ങള്‍ക്ക് അറിയിച്ചു തരട്ടെയോ?-

تُؤْمِنُونَ بِٱللَّهِ وَرَسُولِهِۦ وَتُجَـٰهِدُونَ فِى سَبِيلِ ٱللَّهِ بِأَمْوَٰلِكُمْ وَأَنفُسِكُمْ ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿١١﴾

﴾11﴿ നിങ്ങള്‍ അല്ലാഹുവിലും, അവന്റെ റസൂലിലും വിശ്വസിക്കണം; അല്ലാഹുവിന്റെ മാര്‍ഗത്തില്‍ നിങ്ങളുടെ ധനങ്ങള്‍കൊണ്ടും, ദേഹങ്ങള്‍കൊണ്ടും സമരം ചെയ്യുകയും വേണം. ആയത് നിങ്ങള്‍ക്ക് ഗുണകരമാകുന്നു- നിങ്ങള്‍ക്ക് അറിയാമെങ്കില്‍!

يَغْفِرْ لَكُمْ ذُنُوبَكُمْ وَيُدْخِلْكُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ وَمَسَـٰكِنَ طَيِّبَةً فِى جَنَّـٰتِ عَدْنٍ ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿١٢﴾

﴾12﴿ (എന്നാല്‍) നിങ്ങളുടെപാപങ്ങള്‍ അവന്‍ നിങ്ങള്‍ക്ക് പൊറുത്തുതരും; അടിഭാഗത്തുകൂടി അരുവികള്‍ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വര്‍ഗങ്ങളിലും, സ്ഥിരവാസത്തിന്റെ സ്വര്‍ഗങ്ങളിലുള്ള വിശിഷ്ടമായ പാര്‍പ്പിടങ്ങളിലും നിങ്ങളെ അവന്‍ പ്രവേശിപ്പിക്കുകയും ചെയ്യും. അതത്രെ, മഹത്തായ ഭാഗ്യം.

وَأُخْرَىٰ تُحِبُّونَهَا ۖ نَصْرٌ مِّنَ ٱللَّهِ وَفَتْحٌ قَرِيبٌ ۗ وَبَشِّرِ ٱلْمُؤْمِنِينَ ﴿١٣﴾

《13》 മറ്റൊരു കാര്യവും (കൂടി) -അത് നിങ്ങൾ ഇഷ്ടപ്പെടുന്നതാണ് (അതെ) അല്ലാഹുവിങ്കൽനിന്നുള്ള സഹായവും, ആസന്നമായ ഒരു വിജയവും! (നബിയേ) സത്യവിശ്വാസികൾക്ക് നീ സന്തോഷവാർത്ത അറിയിച്ചുകൊള്ളുക.

《10》يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ വിശ്വസിച്ചവരേ هَلْ أَدُلُّكُمْ നിങ്ങൾക്ക് ഞാൻ അറിയിച്ചു തരട്ടെയോ عَلَىٰ تِجَٰرَةٍ ഒരു കച്ചവട (വ്യാപാര)ത്തെപ്പറ്റി تُنجِيكُم നിങ്ങളെ രക്ഷപ്പെടുത്തുന്ന مِّنْ عَذَابٍ أَلِيمٍ വേദനയേറിയ ശിക്ഷയിൽനിന്ന് 《11》 تُؤْمِنُونَ നിങ്ങൾ വിശ്വസിക്കുക, വിശ്വസിക്കണം بِٱللَّهِ وَرَسُولِهِۦ അല്ലാഹുവിലും അവന്റെ റസൂലിലും وَتُجَٰهِدُونَ നിങ്ങൾ സമരം ചെയ്യുകയും فِى سَبِيلِ ٱللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ بِأَمْوَٰلِكُمْ നിങ്ങളുടെ സ്വത്തുക്കൾ കൊണ്ട് وَأَنفُسِكُمْ നിങ്ങളുടെ ദേഹങ്ങൾകൊണ്ടും ذَٰلِكُمْ അത് خَيْرٌ لَّكُمْ നിങ്ങൾക്ക് ഗുണകരമാണ്, നല്ലതാണ് إِن كُنتُمْ നിങ്ങൾആകുന്നുവെങ്കിൽ تَعْلَمُونَ അറിയുന്നു(വെങ്കിൽ) 《12》 يَغْفِرْ لَكُمْ അവൻ നിങ്ങൾക്ക് പൊറുത്തുതരും ذُنُوبَكُمْ നിങ്ങളുടെ പാപങ്ങൾ وَيُدْخِلْكُمْ നിങ്ങളെ പ്രവേശിപ്പിക്കയും ചെയ്യും جَنَّٰتٍ ചില സ്വർഗങ്ങളിൽ تَجْرِى مِن تَحْتِهَا അതിന്റെ അടിയിൽ കൂടി ഒഴുകുന്ന ٱلْأَنْهَٰرُ അരുവി (നദി)കൾ وَمَسَٰكِنَ പാർപ്പിടങ്ങളിലും طَيِّبَةً വിശിഷ്ടമായ, നല്ല, പരിശുദ്ധമായ فِى جَنَّٰتِ عَدْنٍ സ്ഥിരവാസത്തിന്റെ സ്വർഗങ്ങളിൽ, തോപ്പുകളിൽ ذَٰلِكَ അത്, അതത്രെ ٱلْفَوْزُ ٱلْعَظِيمُ വമ്പിച്ചഭാഗ്യം 《13》 وَأُخْرَىٰ മറ്റൊരു കാര്യവും تُحِبُّونَهَا നിങ്ങളത് ഇഷ്ടപ്പെടും, ഇഷ്ടപ്പെടുന്ന نَصْرٌ مِّنَ ٱللَّهِ അല്ലാഹുവിൽനിന്നുള്ള സഹായം وَفَتْحٌ قَرِيبٌ ആസന്നമായ ഒരു വിജയവും وَبَشِّرِ നീ സന്തോഷവാർത്ത അറിയിച്ചു കൊള്ളുക ٱلْمُؤْمِنِينَ സത്യവിശ്വാസികൾക്ക്

അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നതിന്റെ പ്രാധാന്യം ആദ്യം ചൂണ്ടിക്കാട്ടി. മൂസാ നബി (അ)യുടെ ജനതയെപ്പോലെ ഉപദ്രവകാരികളാവരുതെന്നും ഈസാ നബി (അ)യുടെ ജനതയെപ്പോലെ തെളിവുകളെ നിരാകരിക്കരുതെന്നും തുടർന്ന് ഉപദേശിച്ചു. അതിനുശേഷം സത്യവിശ്വാസികളെ ആ സമരമാകുന്ന വ്യാപാരത്തിൽ വ്യാപൃതരാകുവാൻ ക്ഷണിക്കുകയാണ്. ഈ കച്ചവടത്തിനുള്ള മൂലധനം സത്യവിശ്വാസം. അതിലെ ചരക്കുകൾ ധനംകൊണ്ടും ദേഹംകൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ സേവനം ചെയ്യലും. അതിന്റെ നേട്ടമോ? വേദനയേറിയ നരകശിക്ഷയിൽ നിന്ന് രക്ഷപ്പെടലും, പാപം പൊറുത്തുകിട്ടലും, സുഖസമ്പൂർണമായ ശാശ്വത സ്വർഗവും! ഇതെല്ലാം ഭാവിയിലേക്കുള്ള വാഗ്ദാനങ്ങളാണല്ലോ. ഈ ജീവി

തത്തിൽ ഈ കച്ചവടം മുഖേന നേട്ടമൊന്നും ഉണ്ടാകാനില്ലേ? ഉണ്ട്. വേറെയും നേട്ടങ്ങളുണ്ട്. എല്ലാവരും ഇഷ്ടപ്പെടുന്ന കാര്യംതന്നെ. അതെ, അല്ലാഹുവിങ്കൽ നിന്നുള്ള സഹായവും താമസംവിനാ ശത്രുക്കൾക്കെതിരിൽ കൈവരുന്ന വിജയവുമാണത്. ഇതിൽപരം ഭാഗ്യകരമായ വ്യാപാരം മറ്റെന്തുണ്ട്?! നബിﷺക്കും സ്വഹാബികൾക്കും മാത്രമല്ല, സത്യവിശ്വാസികൾ ഏതെല്ലാം കാലത്ത് വിശ്വാസപൂർവ്വം ഈ കച്ചവടത്തിൽ വ്യാപൃതരായിട്ടുണ്ടോ അക്കാലത്തെല്ലാം അവർക്ക് അല്ലാഹുവിന്റെ സഹായവും, വിജയവും ലഭിച്ചിട്ടുണ്ട് താനും. ഭാവിവാഗ്ദാനങ്ങൾ പരലോകത്തുവെച്ച് അവർക്ക് ലഭിക്കുകയും ചെയ്യും. കർമങ്ങളിൽവെച്ച് അല്ലാഹുവിങ്കൽ ഏറ്റവും ഇഷ്ടപ്പെട്ട കർമം ഏതാണെന്ന് അന്വേഷിച്ച ചില സ്വഹാബികൾക്ക് നബിﷺ ഈ സൂറത്ത് ഓതിക്കേൾപ്പിക്കുകയുണ്ടായെന്ന് ഹദീഥിൽ വന്നിരിക്കുന്നു (അ; തി.) അല്ലാഹു നമുക്ക് തൗഫീക് നൽകട്ടെ. ആമീൻ.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوٓا۟ أَنصَارَ ٱللَّهِ كَمَا قَالَ عِيسَى ٱبْنُ مَرْيَمَ لِلْحَوَارِيِّـۧنَ مَنْ أَنصَارِىٓ إِلَى ٱللَّهِ ۖ قَالَ ٱلْحَوَارِيُّونَ نَحْنُ أَنصَارُ ٱللَّهِ ۖ فَـَٔامَنَت طَّآئِفَةٌ مِّنۢ بَنِىٓ إِسْرَٰٓءِيلَ وَكَفَرَت طَّآئِفَةٌ ۖ فَأَيَّدْنَا ٱلَّذِينَ ءَامَنُوا۟ عَلَىٰ عَدُوِّهِمْ فَأَصْبَحُوا۟ ظَـٰهِرِينَ ﴿١٤﴾

《14》 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിന്റെ സഹായികളായിത്തീരുവിൻ; മർയമിന്റെ മകൻ ഈസാ 'ഹവാരി'കളോട്; 'അല്ലാഹുവിങ്കലേക്കുള്ള (മാർഗത്തിൽ) എന്റെ സഹായികൾ ആരാണ്' എന്ന് പറഞ്ഞതുപോലെ; 'ഹവാരി'കൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ് എന്ന്. [ഇതുപോലെ നിങ്ങളും ആയിരിക്കുവിൻ.]

എന്നിട്ട്, ഇസ്റാഈൽ സന്തതികളിൽ നിന്നുള്ള ഒരു വിഭാഗം വിശ്വസിച്ചു; ഒരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. അപ്പോൾ, വിശ്വസിച്ചവർക്ക് അവരുടെ ശത്രുവിനെതിരെ നാം ബലം നൽകി; അങ്ങനെ അവർ (വിജയം നേടി) പ്രത്യക്ഷരായിത്തീർന്നു.

《14》 يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ വിശ്വസിച്ചവരേ كُونُوٓا۟ നിങ്ങൾ ആയിരിക്കുവിൻ أَنصَارَ ٱللَّهِ അല്ലാഹുവിന്റെ സഹായികൾ كَمَا قَالَ പറഞ്ഞതുപോലെ عِيسَى ٱبْنُ مَرْيَمَ മർയമിന്റെ മകൻ ഈസാ لِلْحَوَارِيِّـۧنَ ഹവാരികളോട് (ശിഷ്യഗണങ്ങളോട്) مَنْ أَنصَارِىٓ എന്റെ സഹായികൾ ആരാണ് إِلَى ٱللَّهِ അല്ലാഹുവിങ്കലേക്ക് قَالَ ٱلْحَوَارِيُّونَ ഹവാരികൾ

പറഞ്ഞു نَحْنُ ഞങ്ങൾ أَنصَارُ ٱللَّهِ അല്ലാഹുവിന്റെ സഹായികളാണ് فَـَٔامَنَت എന്നിട്ട് വിശ്വസിച്ചു طَّآئِفَةٌ ഒരു വിഭാഗം مِّنۢ بَنِىٓ إِسْرَٰٓءِيلَ ഇസ്റാഈല്യരിൽനിന്ന് وَكَفَرَت അവിശ്വസിക്കയും ചെയ്തു طَّآئِفَةٌ ഒരു വിഭാഗം فَأَيَّدْنَا അപ്പോൾ നാം ബലപ്പെടുത്തി ٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരെ عَلَىٰ عَدُوِّهِمْ അവരുടെ ശത്രുക്കളുടെ മേൽ (എതിരെ) فَأَصْبَحُوا۟ അങ്ങനെ അവരായിത്തീർന്നു ظَٰهِرِينَ പ്രത്യക്ഷപ്പെട്ടവർ, വിജയികൾ

حواريون ('ഹവാരികൾ') എന്ന വാക്കിന്റെ ശരിയായ അർത്ഥം എന്താണെന്ന് അല്ലാഹുവിനറിയാം. 'വസ്ത്രം അലക്കുന്നവർ, ഹൃദയം ശുദ്ധീകരിക്കുന്നവർ, വേട്ടക്കാർ' എന്നിങ്ങനെയുള്ള ചില അർത്ഥങ്ങളും, ആ പേര് വരാനുള്ള ചില കാരണങ്ങളും പലരും പറഞ്ഞുകാണുന്നു. ഒന്നും തിട്ടപ്പെടുത്തുവാൻ തെളിവില്ല. ഏതായാലും ഈസാ (അ)ന്റെ പ്രധാന ശിഷ്യഗണങ്ങളായ പന്ത്രണ്ടുപേരെ ഉദ്ദേശിച്ചാണ് ഈ വാക്ക് ഉപയോഗിക്കപ്പെടുന്നത് എന്നതിൽ തർക്കമില്ല. ഇവർ വഴിയാണ് അദ്ദേഹത്തിന്റെ പ്രബോധനം അതിവിദൂര രാജ്യങ്ങളിലെല്ലാം എത്തിക്കഴിഞ്ഞത്. അതുകൊണ്ട് ഈസാ (അ)ന്റെ ദൂതൻമാർ എന്ന് ഈ വാക്കിന് വിവക്ഷ നൽകപ്പെടുന്നു. ഇവരെക്കുറിച്ചാണ് അപ്പോസ്തലൻമാർ (Apostles) എന്ന് പറയപ്പെടുന്നത്.

ഈസാ നബി (അ) ജനങ്ങളെ സത്യവിശ്വാസത്തിലേക്ക് ക്ഷണിച്ചുകൊണ്ട് ചെയ്ത പ്രസ്താവനകൾ ഉദ്ധരിച്ച ശേഷം സൂ: ആലുഇംറാനിൽ അല്ലാഹു പറയുന്നു: فلما أحس عيسى منهم الكفر – إلى قوله مسلمون – آل عمران:٥٢ (സാരം: എന്നിട്ടും, ഈസാക്ക് അവരിൽനിന്ന് അവിശ്വാസം അനുഭവപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'ആരാണ് അല്ലാഹുവിങ്കലേക്കുള്ള എന്റെ സഹായികൾ?' 'ഹവാരികൾ' പറഞ്ഞു: 'ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ്, ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു; ഞങ്ങൾ മുസ്ലിംകളാണെന്ന് താങ്കൾ സാക്ഷ്യം വഹിച്ചുകൊള്ളുക.' (ആലുഇംറാൻ: 52) ഇതുപോലെ അവിശ്വാസത്തിനെതിരിൽ അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗവും സേവനവും ചെയ്യാൻ നിങ്ങളും സന്നദ്ധരാകണമെന്നാണ് അല്ലാഹു സത്യവിശ്വാസികളോട് ആഹ്വാനം ചെയ്യുന്നത്.

എന്നാൽ, ഈസാ നബി (അ)യുടെ ദൗത്യം ഇസ്റാഈല്യരിൽ ഒരു വിഭാഗം ആളുകൾ സ്വീകരിച്ചുവെങ്കിലും ഒരു വിഭാഗം ആളുകൾ ഇവരാണ്– യഹൂദികൾ നിഷേധിക്കയാണുണ്ടായത്. വിശ്വസിച്ചവർ അല്ലാഹുവിന്റെ സഹായത്തിനും, അനുഗ്രഹത്തിനും പാത്രമായി. ആത്മീയശക്തി നൽകി അല്ലാഹു അവരെ ബലപ്പെടുത്തുകയും എതിരാളികളെ പരാജയപ്പെടുത്തി അവർക്ക് വിജയം നൽകുകയും ചെയ്തു. അതുപോലെ, നിങ്ങളും അല്ലാഹുവിനെ -അല്ലാഹുവിന്റെ മതത്തെ- സഹായിച്ചാൽ അല്ലാഹു നിങ്ങളെയും സഹായിക്കും, ശത്രുക്കൾക്കെതിരിൽ നിങ്ങളുടെ കാലടികളെ ഉറപ്പിച്ചു വിജയം നൽകുകയും ചെയ്യും എന്ന് ഇതിൽനിന്ന് മനസ്സിലാക്കാമല്ലോ എന്ന് താൽപര്യം. (إن تنصر الله ينصركم ويثبت أقدامكم)

اللهم اجعلنا ممن نصر الله ورسوله اللهم لك الحمد ولك المنة والفضل

سورة الجمعة

62. സൂറതുൽ ജുമുഅഃ

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 11 - വിഭാഗം (റുകൂഉ്) 2

നബി തിരുമേനിﷺ വെള്ളിയാഴ്ച ജുമുഅഃ നമസ്കാരത്തിൽ ഈ സൂറത്തും അടുത്ത സൂ: മുനാഫിക്വീനും ഓതാറുണ്ടായിരുന്നുവെന്ന് മുസ്‌ലിം (റ) രേഖപ്പെടുത്തിയിരിക്കുന്നു. ഈ സൂറത്തിൽ ജുമുഅഃയെപ്പറ്റി പ്രസ്താവിക്കുന്നതിനുപുറമെ ഇസ്‌ലാമിന്റെ ശത്രുക്കളായ യഹൂദികളെക്കുറിച്ചും, അടുത്ത സൂറത്തിൽ മറ്റൊരു ശത്രുവിഭാഗമായ മുനാഫിക്വുകളെക്കുറിച്ചും പ്രസ്താവിക്കുന്നു. ആഴ്ചയിൽ ഒരു ദിവസം രണ്ട് സൂറത്തും ജനമദ്ധ്യെ ഓതിക്കേൾപ്പിക്കുന്നത് മുസ്‌ലിംകൾക്ക് അവരുടെ ശത്രുക്കളെക്കുറിച്ച് സദാ ജാഗ്രത ഉണ്ടായിരിക്കുവാനും, ജുമുഅഃയുടെ പ്രാധാന്യം വിസ്മരിക്കപ്പെടാതിരിക്കുവാനും ഉതകുമല്ലോ.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يُسَبِّحُ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِ ٱلۡمَلِكِ ٱلۡقُدُّوسِ ٱلۡعَزِيزِ ٱلۡحَكِيمِ ﴿١﴾

﴾1﴿ ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അല്ലാഹുവിന് സ്തോത്രകീർത്തനം ചെയ്തുവരുന്നു; മഹാ പരിശുദ്ധനും, പ്രതാപശാലിയും, അഗാധജ്ഞനുമായുള്ളവനായ (അല്ലാഹുവിന്)

هُوَ ٱلَّذِي بَعَثَ فِي ٱلۡأُمِّيِّـۧنَ رَسُولٗا مِّنۡهُمۡ يَتۡلُواْ عَلَيۡهِمۡ ءَايَٰتِهِۦ وَيُزَكِّيهِمۡ وَيُعَلِّمُهُمُ ٱلۡكِتَٰبَ وَٱلۡحِكۡمَةَ وَإِن كَانُواْ مِن قَبۡلُ لَفِي ضَلَٰلٖ مُّبِينٖ ﴿٢﴾

﴾2﴿ അക്ഷരജ്ഞാനമില്ലാത്തവരിൽ, അവരിൽനിന്ന് (തന്നെ) ഒരു റസൂലിനെ നിയോഗിച്ചവനത്രെ അവൻ. അവർക്ക് തന്റെ ആയത്തുകൾ [ലക്ഷ്യങ്ങൾ] അദ്ദേഹം ഓതിക്കൊടുക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്ക് വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു റസൂലിനെ). നിശ്ചയമായും അവർ (അതിന്) മുമ്പ് സ്പഷ്ടമായ വഴിപിഴവിൽതന്നെയായിരുന്നു.

وَءَاخَرِينَ مِنْهُمْ لَمَّا يَلْحَقُوا۟ بِهِمْ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٣﴾

ذَٰلِكَ فَضْلُ ٱللَّهِ يُؤْتِيهِ مَن يَشَآءُ ۚ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿٤﴾

﴾3﴿ (മാത്രമല്ല) അവരിൽനിന്നുള്ള വേറെ ആളുകൾക്കും- അവർ ഇവരുമായി (എത്തി) ചേർന്ന് കഴിഞ്ഞിട്ടില്ല. [വന്നു ചേരുന്നേയുള്ളൂ.]- പ്രതാപശാലിയും, അഗാധജ്ഞനുമായുള്ളവനത്രെ അവൻ.

﴾4﴿ അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു; അവൻ ഉദ്ദേശിക്കുന്നവർക്ക് അവനത് നൽകുന്നു. അല്ലാഹുവാകട്ടെ, വമ്പിച്ച അനുഗ്രഹശാലിയുമാണ്.

﴾1﴿ يُسَبِّحُ لِلَّهِ അല്ലാഹുവിന് സ്തോത്രകീർത്തനം ചെയ്യുന്നു مَا فِى ٱلسَّمَٰوَٰتِ
ആകാശങ്ങളിലുള്ളവ وَمَا فِى ٱلْأَرْضِ ഭൂമിയിലുള്ളവയും ٱلْمَلِكِ രാജാവായ ٱلْقُدُّوسِ
മഹാ പരിശുദ്ധനായ ٱلْعَزِيزِ പ്രതാപശാലിയായ ٱلْحَكِيمِ അഗാധജ്ഞനായ
﴾2﴿ هُوَ ٱلَّذِى അവൻ യാതൊരുവനത്രെ بَعَثَ فِى ٱلْأُمِّيِّـۧنَ അക്ഷരജ്ഞാനമില്ലാത്തവ
രിൽ നിയോഗിച്ച, അയച്ച, എഴുന്നേൽപിച്ച رَسُولًا مِّنْهُمْ അവരിൽനിന്നൊരു റസൂ
ലിനെ يَتْلُوا۟ عَلَيْهِمْ അവർക്ക് ഓതിക്കൊടുക്കുന്ന, അദ്ദേഹം ഓതിക്കൊടുക്കും ءَايَٰتِهِۦ
അവന്റെ ആയത്തു (ലക്ഷ്യം- ദൃഷ്ടാന്തം)കളെ وَيُزَكِّيهِمْ അവരെ സംസ്കരിക്കുക
(ആന്തരശുദ്ധി വരുത്തുക)യും وَيُعَلِّمُهُمُ അവർക്ക് പഠിപ്പിക്കുകയും ٱلْكِتَٰبَ വേദ
ഗ്രന്ഥം وَٱلْحِكْمَةَ വിജ്ഞാനവും وَإِن كَانُوا۟ നിശ്ചയമായും അവർ ആയിരുന്നു مِن قَبْلُ
മുമ്പ് لَفِى ضَلَٰلٍ വഴിപിഴവിൽതന്നെ مُّبِينٍ സ്പഷ്ടമായ ﴾3﴿ وَءَاخَرِينَ വേറെ ആളു
കൾക്കും (പഠിപ്പിക്കുവാൻ), മററുള്ളവരിലും (നിയോഗിച്ച) مِنْهُمْ അവരിൽ നിന്നുള്ള
لَمَّا يَلْحَقُوا۟ അവർ (ഇതുവരെ) എത്തിച്ചേർന്നിട്ടില്ല بِهِمْ അവരു (ഇവരു)മായി
وَهُوَ ٱلْعَزِيزُ അവൻ പ്രതാപശാലിയത്രെ ٱلْحَكِيمُ അഗാധജ്ഞനായ, യുക്തിമാനായ
﴾4﴿ ذَٰلِكَ അത് فَضْلُ ٱللَّهِ അല്ലാഹുവിന്റെ അനുഗ്രഹമാണ്, ദയവാണ് يُؤْتِيهِ അവ
നത് നൽകും, നൽകുന്നു مَن يَشَآءُ താൻ ഉദ്ദേശിക്കുന്നവർക്ക് وَٱللَّهُ അല്ലാഹു ذُو ٱلْفَضْلِ
അനുഗ്രഹശാലിയാണ്, ദയവുള്ളവനാണ് ٱلْعَظِيمِ വമ്പിച്ച

أميين ('ഉമ്മിയ്യീൻ') എന്ന വാക്കിന് എഴുത്തും വായനയും അറിയാത്തവർ എന്ന് അർത്ഥം. ഇതിന്റെ ഏകവചനം أمي ('ഉമ്മിയ്യ്') എന്നത്രെ. അറബികളിൽ അല്പം ചില വ്യക്തികൾ എഴുത്തും വായനയും അറിയുന്നവർ ഉണ്ടായിരുന്നുവെങ്കിലും, പൊതുവിൽ അവർ ഉമ്മിയ്യുകളായിരുന്നു. വേദഗ്രന്ഥങ്ങളുമായി

പരിചയം ഇല്ലാത്തതായിരുന്നു ഇതിന് ഒരു പ്രധാന കാരണം. അതുകൊണ്ട് വേദക്കാരല്ലാത്തവർ എന്ന ഉദ്ദേശ്യത്തിലും ഈ വാക്ക് ഉപയോഗിക്കപ്പെടാറുണ്ട്.'അക്ഷരജ്ഞാനമില്ലാത്തവരിൽ അവരിൽ നിന്ന് തന്നെ ഒരു റസൂലിനെ നിയോഗിച്ചു', എന്ന് പറഞ്ഞതിൽ ഒന്നിലധികം സൂചനകൾ അടങ്ങിയിരിക്കുന്നു. ഉദാഹരണമായി:

1. അവരിൽപെട്ട ഒരാളാകകൊണ്ട് അദ്ദേഹത്തെപ്പറ്റി അവർക്ക് വേണ്ടത്ര പരിചയമുണ്ട്. അദ്ദേഹവുമായി ഇടപഴകുന്നതിനും സമ്പർക്കം പുലർത്തുന്നതിനും തെറ്റിദ്ധരിക്കാതിരിക്കുന്നതിനും, ഇതവർക്ക് കൂടുതൽ സൗകര്യമാണ്.

2. അദ്ദേഹം ഇസ്റാഈല്യരിൽ നിന്നോ, മറ്റേതെങ്കിലും ജനതയിൽനിന്നോ അല്ലാതെ സ്വന്തം ജനതയിൽനിന്നുള്ള ആളായതുകൊണ്ട് അദ്ദേഹത്തിന്റെ നിയോഗം അവർക്ക് കൂടുതൽ അഭിമാനത്തിനും ശ്രേഷ്ഠതക്കും കാരണമാണ്.

3. അദ്ദേഹവും അവരെപ്പോലെ അക്ഷരജ്ഞാനമില്ലാത്ത ആളായിരിക്കെ, അദ്ദേഹം കൊണ്ടുവന്ന മഹത്തായ സന്ദേശങ്ങളും വേദഗ്രന്ഥവും അദ്ദേഹത്തിന്റെ സ്വന്തം കൃതിയായിരിക്കുവാൻ തരമില്ല എന്നിങ്ങനെ പലതും.

ഉമ്മിയ്യുകളിൽ നിയോഗിച്ചു (بعث في الأميين) എന്ന് പറഞ്ഞതിന്റെ താല്പര്യം, റസൂൽ തിരുമേനിﷺയെ അറബികൾക്ക് മാത്രമുള്ള റസൂലായി അയച്ചുവെന്നാണെന്ന് ഇസ്‌ലാമിന്റെ ശത്രുക്കൾ ചിലപ്പോൾ വാദിക്കാറുണ്ട്. വാസ്തവത്തിൽ നബിﷺ എല്ലാ ജനതക്കുമുള്ള റസൂലാണെന്നതിന് മറ്റൊരു തെളിവും ഇല്ലെങ്കിൽപോലും ഈ വാക്കിന്റെ അർത്ഥം അതല്ല. നബിﷺ അവരുടെ ഇടയിലാണ് വെളിപ്പെട്ടത് എന്നാണതിന്റെ ഉദ്ദേശ്യം. അല്ലായിരുന്നുവെങ്കിൽ إلى الأميين (ഉമ്മിയ്യുകളിലേക്ക്) എന്നായിരുന്നു പറയേണ്ടിയിരുന്നത്. അതേ സമയത്ത് നബിﷺമനുഷ്യർക്ക് ആകമാനമുള്ള റസൂലാണെന്ന് ക്വുർആൻ വ്യക്തമായും ആവർത്തിച്ചും പറഞ്ഞിട്ടുള്ളതാണ്താനും. (സൂ: അഅ്റാഫ്: 158; സബഉ്; 28 മുതലായവ നോക്കുക.) വേണ്ട, ഇവിടെത്തന്നെ وآخرين منهم لما يلحقوا بهم എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാകുന്നു. ഇതുവരേയും അവരോടൊപ്പം വന്നുചേർന്നിട്ടില്ലാത്തവരും ഭാവിയിൽ വരാനിരിക്കുന്നവരുമായ മറ്റെല്ലാവർക്കും ബാധകമാണ്. അദ്ദേഹത്തിന്റെ ദൗത്യവും അദ്ധ്യാപനങ്ങളും എന്നാണ് ഈ വാക്ക് കാണിക്കുന്നത്.

ഇബ്റാഹീം നബി (അ) കഅ്ബഃ കെട്ടിടം ഉയർത്തിയശേഷം പല പ്രാർത്ഥനകളും ചെയ്തകൂട്ടത്തിൽ ഇങ്ങനെ പ്രാർത്ഥിച്ചിരുന്നു: ربنا وابعث فيهم رسولا – إلى قوله الحكيم– البقرة:١٢٩ (ഞങ്ങളുടെ റബ്ബേ, ഇവർക്ക് നിന്റെ ലക്ഷ്യങ്ങൾ ഓതിക്കൊടുക്കുകയും, വേദഗ്രന്ഥവും വിജ്ഞാനവും പഠിപ്പിക്കുകയും, ഇവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു റസൂലിനെ ഇവരിൽ നീ നിയോഗിക്കുകയും വേണമേ! നീ തന്നെയാണല്ലോ അഗാധജ്ഞനായ പ്രതാപശാലി,

(2: 129.) ഈ പ്രാർത്ഥനയിൽ കാണുന്ന അതേ വിശേഷണങ്ങൾ തന്നെയാണ് അല്ലാഹു റസൂൽ തിരുമേനിﷺയുടെ ദൗത്യലക്ഷ്യങ്ങളായി ഇവിടെയും ഉദ്ധരിക്കുന്നത്. ഇബ്റാഹീം നബി (അ)യുടെ ഈ പ്രാർത്ഥനാഫലത്തിന്റെ പുലർച്ച കൂടിയാണ് തിരുമേനിയുടെ നിയോഗം. ഞാൻ എന്റെ പിതാവ് ഇബ്റാഹീമിന്റെ പ്രാർത്ഥനയാണ് (أنا دعوة أبي إبراهيم) എന്ന് അവിടുന്ന് പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. (ابن إسحاق وغيره) റസൂൽ തിരുമേനിﷺയുടെ കർത്തവ്യങ്ങൾ എന്തൊക്കെയാണെന്ന് ഈ വചനങ്ങളിൽനിന്നും വ്യക്തമാണ്. അതെ, അല്ലാഹുവിന്റെ സന്ദേശങ്ങൾ, ലക്ഷ്യദൃഷ്ടാന്തങ്ങൾ, തിരുവചനങ്ങൾ ആദിയായവ ജനങ്ങൾക്ക് ഓതിക്കേൾപ്പിക്കുക, മാനസികവും ധാർമികവുമായ വശങ്ങളിൽ അവരെ സംസ്കാരസമ്പന്നരാക്കുക, വേദഗ്രന്ഥമാകുന്ന ക്വുർആൻ പഠിപ്പിക്കുക, അതിന്റെ അദ്ധ്യാപനങ്ങളും, സിദ്ധാന്തങ്ങളും പ്രാവർത്തികമാക്കുവാൻ ആവശ്യമായ വിജ്ഞാനങ്ങൾ ഗ്രഹിപ്പിക്കുക, ഇവയാണത്.

നുബുവ്വത്തും രിസാലത്തും (പ്രവാചകത്വവും ദിവ്യദൗത്യവും) അല്ലാഹു നൽകുന്ന അനുഗ്രഹം മാത്രമാണ്. അത് മനുഷ്യന്റെ അർഹതകൊണ്ടോ മറ്റോ സിദ്ധിക്കുന്ന സ്ഥാനമല്ല; അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ആ സ്ഥാനം നൽകുന്നു; അവൻ ഉദ്ദേശിച്ചവരിൽനിന്ന് മാത്രം അവരെ നിയോഗിക്കുകയും ചെയ്യുന്നു. എന്നൊക്കെയാണ് 4 -ാം വചനത്തിന്റെ സൂചനകൾ. അറബികളാകുന്ന ഉമ്മിയ്യുകൾ വളരെയധികം വഴിപിഴച്ച ജനതയാണെങ്കിലും പ്രവാചകത്വത്തിന്റെയും വേദഗ്രന്ഥത്തിന്റെയും കുത്തകാവകാശം വാദിച്ചുകൊണ്ടിരുന്ന വേദക്കാരെക്കാൾ ഈ ദൗത്യം ഏറ്റെടുത്ത് നടത്തുവാൻ നല്ലത് അവരാണെന്ന് അല്ലാഹുവിനറിയാമെന്നും വേദക്കാർ ഈ ദൗത്യം ഏറ്റെടുക്കുവാൻ കൊള്ളാത്തവിധം ദുഷിച്ചുപോയിരിക്കുന്നുവെന്നും അതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. അടുത്ത വചനങ്ങൾ നോക്കുക.

مَثَلُ ٱلَّذِينَ حُمِّلُوا۟ ٱلتَّوْرَىٰةَ ثُمَّ لَمْ يَحْمِلُوهَا كَمَثَلِ ٱلْحِمَارِ يَحْمِلُ أَسْفَارًۢا ۚ بِئْسَ مَثَلُ ٱلْقَوْمِ ٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِ ٱللَّهِ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ ﴿٥﴾

﴿5﴾ തൗറാത്ത് ചുമതലപ്പെടുത്തപ്പെട്ടിട്ട് പിന്നെ അത് ഏറ്റെടു(ത്തു നിർവ്വഹി)ക്കാതിരിക്കുന്നവരുടെ ഉപമ. വൻഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയുടെ മാതിരിയാകുന്നു.

അല്ലാഹുവിന്റെ 'ആയത്തു'കളെ [ലക്ഷ്യങ്ങളെ] വ്യാജമാക്കിയ ജനതയുടെ ഉപമ, എത്രയോ ചീത്ത! അക്രമികളായ ജനങ്ങളെ അല്ലാഹു സൻമാർഗത്തിലാക്കുകയില്ല.

﴾5﴿ مَثَلُ ഉപമ, മാതിരി, ഉദാഹരണം ٱلَّذِينَ حُمِّلُوا۟ വഹിപ്പിക്ക (ചുമതലപ്പെടുത്ത)പ്പെട്ടവരുടെ ٱلتَّوْرَىٰةَ തൗറാത്ത് ثُمَّ لَمْ يَحْمِلُوهَا പിന്നെ അവരത് വഹിച്ചില്ല (ഏറ്റെടുത്തില്ല, നിർവ്വഹിച്ചില്ല) كَمَثَلِ ٱلْحِمَارِ കഴുതയുടെ മാതിരിയാണ് يَحْمِلُ വഹിക്കുന്ന أَسْفَارًۢا വൻഗ്രന്ഥങ്ങൾ بِئْسَ എത്രയോ (വളരെ) ചീത്ത, ദുഷിച്ചതാണ് مَثَلُ ٱلْقَوْمِ ജനതയുടെ ഉപമ ٱلَّذِينَ كَذَّبُوا۟ വ്യാജമാക്കിയതായ بِـَٔايَـٰتِ ٱللَّهِ അല്ലാഹുവിന്റെ ആയത്തുകളെ وَٱللَّهُ لَا يَهْدِى അല്ലാഹു സൻമാർഗത്തിലാക്കുകയില്ല ٱلْقَوْمَ ٱلظَّـٰلِمِينَ അക്രമികളായ ജനതയെ

താനെന്ത് വഹിക്കുന്നു? ആ വഹിക്കുന്ന വസ്തുവിൽ എന്താണുള്ളത്? അതിന്റെ ലക്ഷ്യമെന്ത്? പ്രയോജനമെന്ത്? ഇതൊന്നും പുസ്കതഭാണ്ഡം പേറിക്കൊണ്ട് നടക്കുന്ന കഴുതക്ക് അറിയുകയില്ലല്ലോ. അതും പേറി നടക്കണം. അതിനുള്ള വിഷമവും സഹിക്കണം. അത്രമാത്രം. ഇതുപോലെത്തന്നെയാണ് തൗറാത്തിന്റെ ഭാരവാഹികളായ യഹൂദരുടെയും നില. തൗറാത്തിലെ ഉള്ളടക്കം ഗ്രഹിക്കുവാനോ, അതിന്റെ അദ്ധ്യാപനങ്ങൾ അനുസരിക്കുവാനോ അവർ ശ്രദ്ധിക്കുന്നേയില്ല. പകരം പരമ്പരാഗതമായ ഐതിഹ്യങ്ങൾകൊണ്ടും തങ്ങളുടെ വ്യാമോഹങ്ങൾ കൊണ്ടും തൃപ്തി അടയുകയാണവർ. മൃഗങ്ങൾക്ക് കാര്യം മനസ്സിലാക്കുവാനുള്ള ബുദ്ധിയില്ല. ഇവർക്ക് അതുണ്ട്. അത് ഇവർ ഉപയോഗപ്പെടുത്താതിരിക്കുകയാണ്. ആ നിലക്ക് -മറ്റൊരു സ്ഥലത്ത് അല്ലാഹു പറഞ്ഞതുപോലെ- മൃഗങ്ങളെക്കാൾ പിഴച്ചവരാണ് ഇവർ. (أولئك كالأنعام بل هم أضل) ഗ്രന്ഥക്കെട്ട് വഹിക്കുന്ന ഒട്ടകത്തോടോ മറ്റോ ഉപമിക്കാതെ, കഴുതയോട് ഉപമിച്ചിരിക്കുന്നത് അല്ലാഹുവിന് അവരുടെ നേരെയുള്ള വെറുപ്പിന്റെ കാഠിന്യമാണ് കാണിക്കുന്നത്. വിശുദ്ധ ക്വുർആൻ അനുയായികളുടെ ഇന്നത്തെ പൊതുനിലയും ഈ വചനവും മുമ്പിൽവെച്ചുകൊണ്ട് ഒന്ന് ആലോചിച്ചു നോക്കുക! ഇനിയൊരു വേദഗ്രന്ഥം അവതരിക്കുമായിരുന്നെങ്കിൽ അവരെപ്പറ്റി അല്ലാഹു എങ്ങനെ പറയുമായിരിക്കും? ചിന്തിച്ചുനോക്കുക! والعياذ بالله

قُلْ يَـٰٓأَيُّهَا ٱلَّذِينَ هَادُوٓا۟ إِن زَعَمْتُمْ أَنَّكُمْ أَوْلِيَآءُ لِلَّهِ مِن دُونِ ٱلنَّاسِ فَتَمَنَّوُا۟ ٱلْمَوْتَ إِن كُنتُمْ صَـٰدِقِينَ ﴿٦﴾

﴾6﴿ (നബിയേ) പറയുക: ഹേ, യഹൂദികളായുള്ളവരേ, (മറ്റ്) മനുഷ്യരെക്കൂടാതെ, നിങ്ങൾ (മാത്രം) അല്ലാഹുവിന് മിത്രങ്ങളാണ് എന്ന് നിങ്ങൾ ജല്പിക്കുകയാണെങ്കിൽ എന്നാൽ- നിങ്ങൾ മരണത്തിന് (ഒന്ന്) കൊതിക്കുവിൻ- നിങ്ങൾ സത്യവാൻമാരാണെങ്കിൽ!

وَلَا يَتَمَنَّوْنَهُۥٓ أَبَدًۢا بِمَا قَدَّمَتْ أَيْدِيهِمْ ۚ وَٱللَّهُ عَلِيمٌۢ بِٱلظَّٰلِمِينَ ﴿٧﴾

《7》 തങ്ങളുടെ കരങ്ങള്‍ മുന്‍ചെയ്തു വെച്ചിട്ടുള്ളത് നിമിത്തം, ഒരു കാലത്തും അവര്‍ അതിന് കൊതിക്കുകയില്ല. അല്ലാഹു, അക്രമികളെപ്പറ്റി അറിയുന്നവനാകുന്നു.

《6》 قُلْ നീ പറയുക يَٰٓأَيُّهَا ٱلَّذِينَ هَادُوٓا۟ യഹൂദികളായിട്ടുള്ളവരേ إِن زَعَمْتُمْ നിങ്ങള്‍ ജല്പിക്കുന്ന (വാദിക്കുന്ന)പക്ഷം أَنَّكُمْ أَوْلِيَآءُ നിങ്ങള്‍ മിത്രങ്ങളാണ് (ബന്ധപ്പെട്ടവരാണ്) എന്ന് لِلَّهِ അല്ലാഹുവിന് مِن دُونِ ٱلنَّاسِ മനുഷ്യരെക്കൂടാതെ فَتَمَنَّوُا۟എന്നാല്‍ നിങ്ങള്‍ കൊതിക്കുവിന്‍, മോഹിക്കുക ٱلْمَوْتَ മരണത്തിന് إِن كُنتُمْ നിങ്ങളാണെങ്കില്‍ صَٰدِقِينَ സത്യം പറയുന്നവര്‍ 《7》 وَلَا يَتَمَنَّوْنَهُۥٓ അതിന്നവര്‍ കൊതിക്കുകയില്ല أَبَدًۢا ഒരു കാലത്തും, ഒരിക്കലും بِمَا قَدَّمَتْ മുന്‍ചെയ്തുവെച്ചത് നിമിത്തം أَيْدِيهِمْ അവരുടെ കരങ്ങള്‍, കൈകള്‍ وَٱللَّهُ عَلِيمٌۢ അല്ലാഹു അറിയുന്നവനാണ് بِٱلظَّٰلِمِينَ അക്രമികളെപ്പറ്റി

'ഞങ്ങള്‍ അല്ലാഹുവിന്റെ മക്കളും അവന്റെ ഇഷ്ടക്കാരുമാണ്' (മാഇദഃ 18), 'എണ്ണിക്കണക്കാക്കപ്പെട്ട ചില ദിവസങ്ങളിലല്ലാതെ നരകം ഞങ്ങളെ സ്പര്‍ശിക്കുന്നതല്ല.'(അല്‍ബക്വറഃ 80) എന്നിങ്ങനെ പലതും യഹൂദികള്‍ വാദിച്ചിരുന്നു. ഇതെല്ലാം മനസ്സാക്ഷിയോടെ പറയുന്നതാണെങ്കില്‍, അല്ലാഹുവിന്റെ ഇഷ്ടവും പ്രീതിയും വേഗം ലഭിക്കേണ്ടതിനും, അതിനായി വേഗം മരിക്കുന്നതിനും നിങ്ങള്‍ ആഗ്രഹിക്കണമല്ലോ, ഇതൊക്കെ സത്യമാണെന്നുണ്ടെങ്കില്‍ നിങ്ങള്‍ മരണപ്പെടുവാന്‍ ഒന്ന് കൊതിച്ചുകാണട്ടെ, നിങ്ങളുടെ സത്യത കാണാമല്ലോ എന്നാണ് അല്ലാഹു അവരെ വെല്ലുവിളിക്കുന്നത്. അവരുണ്ടോ അതിന് ധൈര്യപ്പെടുന്നു?! പ്രത്യക്ഷത്തില്‍ വായകൊണ്ടെങ്കിലും ഒരൊറ്റ യഹൂദികളും ആ വെല്ലുവിളി നേരിടുവാന്‍ മുമ്പോട്ട് വന്നില്ല. വെല്ലുവിളിയോടൊപ്പംതന്നെ, അവരതിന് ധൈര്യപ്പെടുന്നതല്ലെന്ന് അല്ലാഹു ഉറപ്പിച്ചു പറയുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിനറിയാമല്ലോ അവരത് വ്യഥാ വ്യാജം പറയുകയാണെന്ന്. ഏതാണ്ട് ഇതുപോലെ മറ്റൊരു വെല്ലുവിളി ക്രിസ്ത്യാനികളോടും നടത്തപ്പെടുകയുണ്ടായിട്ടുണ്ട്. (ആലുഇംറാന്‍ 61 ല്‍ ഇതിനെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നു) ക്രിസ്ത്യാനികള്‍ ഒഴിഞ്ഞുമാറുകയാണുണ്ടായത്. ഇതെല്ലാം ക്വുര്‍ആന്റെ ദിവ്യതയും നബി തിരുമേനി ﷺയുടെ സത്യതയും തെളിയിക്കുന്ന പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാകുന്നു.

قُلْ إِنَّ ٱلْمَوْتَ ٱلَّذِى تَفِرُّونَ مِنْهُ فَإِنَّهُۥ مُلَٰقِيكُمْ

《8》 നീ പറയുക: നിങ്ങള്‍ പേടിച്ചോടിപ്പോകുന്നതായ (ആ) മരണം- നിശ്ചയമായും അത് -നിങ്ങളുമായി കണ്ടുമുട്ടുന്നതാണ്.

ثُمَّ تُرَدُّونَ إِلَىٰ عَـٰلِمِ ٱلْغَيْبِ وَٱلشَّهَـٰدَةِ فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٨﴾

പിന്നീട്, അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതുമാകുന്നു. അപ്പോൾ, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് അവൻ നിങ്ങളെ വൃത്താന്തമറിയിക്കുന്നതാണ്.

﴾**8**﴿ قُلْ നീ പറയുക إِنَّ ٱلْمَوْتَ നിശ്ചയമായും മരണം ٱلَّذِى تَفِرُّونَ നിങ്ങൾ (പേടിച്ചു) ഓടിപ്പോകുന്നതായ مِنْهُ അതിൽനിന്ന് فَإِنَّهُۥ مُلَـٰقِيكُمْ നിശ്ചയമായും അത് നിങ്ങളെ കണ്ടുമുട്ടുന്ന (അഭിമുഖീകരിക്കുന്ന)താണ് ثُمَّ تُرَدُّونَ പിന്നെ നിങ്ങൾ മടക്കപ്പെടും, ആക്കപ്പെടും, തിരിക്കപ്പെടും إِلَىٰ عَـٰلِمِ ٱلْغَيْبِ അദൃശ്യം അറിയുന്നവനിലേക്ക് وَٱلشَّهَـٰدَةِ ദൃശ്യവും فَيُنَبِّئُكُم അപ്പോൾ അവൻ നിങ്ങളെ വൃത്താന്തമറിയിക്കും, ബോധ്യപ്പെടുത്തും بِمَا كُنتُمْ നിങ്ങളായിരുന്നതിനെപ്പറ്റി تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കും

നിങ്ങൾ ആ വെല്ലുവിളി നേരിടാൻ ധൈര്യപ്പെടട്ടെ, ധൈര്യപ്പെടാതിരിക്കട്ടെ, ഇതാണ് നിങ്ങൾ അനുഭവിക്കുവാൻ പോകുന്നത്. ഇത് ഓർമവെച്ചുകൊള്ളുക എന്ന് താൽപര്യം.

വിഭാഗം- 2

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا نُودِىَ لِلصَّلَوٰةِ مِن يَوْمِ ٱلْجُمُعَةِ فَٱسْعَوْا۟ إِلَىٰ ذِكْرِ ٱللَّهِ وَذَرُوا۟ ٱلْبَيْعَ

﴾9﴿ ഹേ, വിശ്വസിച്ചവരേ, ജുമുഅഃ ദിവസത്തെ [വെള്ളിയാഴ്ചയിലെ] നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ, അല്ലാഹുവിന്റെ സ്മരണയിലേക്ക് നിങ്ങൾ ഉത്സാഹിച്ചുവരുവിൻ; കച്ചവടം ഉപേക്ഷിക്കുകയും ചെയ്യുവിൻ.

ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿٩﴾

അത് നിങ്ങൾക്ക് ഗുണകരമാകുന്നു- നിങ്ങൾക്ക് അറിയാവുന്നതാണെങ്കിൽ!

فَإِذَا قُضِيَتِ ٱلصَّلَوٰةُ فَٱنتَشِرُوا۟ فِى
ٱلْأَرْضِ وَٱبْتَغُوا۟ مِن فَضْلِ ٱللَّهِ
وَٱذْكُرُوا۟ ٱللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ ﴿١٠﴾

﴾10﴿ എന്നിട്ട് നമസ്കാരം നിര്‍വ്വഹിക്കപ്പെട്ടാല്‍, നിങ്ങള്‍ ഭൂമിയില്‍ വ്യാപിക്കുകയും, അല്ലാഹുവിന്റെ അനുഗ്രഹത്തില്‍ നിന്ന് അന്വേഷിച്ചു കൊള്ളുകയും ചെയ്യുവിന്‍. അല്ലാഹുവിനെ ധാരാളം ഓര്‍മിക്കുകയും ചെയ്യുക- നിങ്ങള്‍ക്ക് വിജയം ലഭിച്ചേക്കാം.

﴾9﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ ഹേ, വിശ്വസിച്ചവരേ إِذَا نُودِىَ വിളിക്കപ്പെട്ടാല്‍ لِلصَّلَوٰةِ
നമസ്കാരത്തിന് مِن يَوْمِ ٱلْجُمُعَةِ ജുമുഅഃ ദിവസത്തെ, വെള്ളിയാഴ്ചയിലെ فَٱسْعَوْا۟
എന്നാല്‍ നിങ്ങള്‍ ഉത്സാഹിച്ചു (പരിശ്രമിച്ചു- വേഗം) വരുവിന്‍ إِلَىٰ ذِكْرِ ٱللَّهِ അല്ലാ
ഹുവിന്റെ സ്മരണയിലേക്ക് وَذَرُوا۟ നിങ്ങള്‍ ഉപേക്ഷിക്കുകയും ചെയ്യുവിന്‍ ٱلْبَيْعَ
കച്ചവടം ذَٰلِكُمْ അത് خَيْرٌ لَّكُمْ നിങ്ങള്‍ക്ക്ഗുണം (ഉത്തമം)ആകുന്നു إِن كُنتُمْ നിങ്ങ
ളാകുന്നുവെങ്കില്‍ تَعْلَمُونَ അറിയുന്നു (എങ്കില്‍) ﴾10﴿ فَإِذَا قُضِيَتِ എന്നിട്ട് നിര്‍വ
ഹിക്കപ്പെട്ടാല്‍ (തീര്‍ന്നാല്‍) ٱلصَّلَوٰةُ നമസ്കാരം فَٱنتَشِرُوا۟ എന്നാല്‍ നിങ്ങള്‍ വ്യാപി
ക്കുവിന്‍ فِى ٱلْأَرْضِ ഭൂമിയില്‍, നാട്ടില്‍ وَٱبْتَغُوا۟ തേടുകയും (അന്വേഷിക്കയും)
ചെയ്യുക مِن فَضْلِ ٱللَّهِ അല്ലാഹുവിന്റെ അനുഗ്രഹത്തില്‍ (ദയവില്‍)നിന്ന് وَٱذْكُرُوا۟ ٱللَّهَ
അല്ലാഹുവിനെ ഓര്‍മിക്കുക (സ്മരിക്കുക)യും ചെയ്യുവിന്‍ كَثِيرًا വളരെ, ധാരാളം
لَّعَلَّكُمْ നിങ്ങളായേക്കാം, ആകുവാന്‍ تُفْلِحُونَ വിജയിക്കും (വിജയിക്കുന്നവര്‍)

വെള്ളിയാഴ്ച ജുമുഅഃ നമസ്കാരത്തിന് ബാങ്കുവിളി കേട്ടാല്‍, കച്ചവടം തുടങ്ങിയ വ്യാപാരങ്ങളെ നിറുത്തല്‍ ചെയ്ത് ജുമുഅഃയില്‍ പങ്കെടുക്കണം. അതുമൂലം പല നന്മയും ലഭിക്കുവാനുണ്ട്. അത് കഴിഞ്ഞാല്‍ ജീവിത മാര്‍ഗങ്ങളന്വേഷിക്കുന്നതില്‍ പ്രവേശിക്കാം. പക്ഷേ, അല്ലാഹുവിന്റെ സ്മരണ കൈവിടരുത്. എന്നാണ് ഈ വചനങ്ങളുടെ രത്നച്ചുരുക്കം. കൂടുതല്‍ വിവരം സൂറത്തിന്റെ അവസാനം കാണുന്ന വ്യാഖ്യാനക്കുറിപ്പില്‍ നോക്കുക.

وَإِذَا رَأَوْا۟ تِجَـٰرَةً أَوْ لَهْوًا ٱنفَضُّوٓا۟
إِلَيْهَا وَتَرَكُوكَ قَآئِمًا

﴾11﴿ ഒരു കച്ചവടമോ, വിനോദമോ കണ്ടാല്‍ അവര്‍ അതിലേക്ക് പിരിഞ്ഞുപോകുകയും, (നീ) നിന്നുംകൊണ്ടിരിക്കെ നിന്നെ വിട്ടുകളയുകയും ചെയ്യുന്നു!

قُلْ مَا عِندَ ٱللَّهِ خَيْرٌ مِّنَ ٱللَّهْوِ وَمِنَ ٱلتِّجَـٰرَةِ ۚ وَٱللَّهُ خَيْرُ ٱلرَّٰزِقِينَ ﴿١١﴾

നീ പറയുക: അല്ലാഹുവിന്റെ പക്കലുള്ളത്, വിനോദത്തെക്കാളും, കച്ചവടത്തെക്കാളും ഉത്തമമാകുന്നു. അല്ലാഹു, ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനുമാകുന്നു.

﴿11﴾ وَإِذَا رَأَوْا അവർ കണ്ടാൽ تِجَٰرَةً ഒരു കച്ചവടം أَوْ لَهْوًا അല്ലെങ്കിൽ വിനോദം ٱنفَضُّوٓا۟ അവർ പിരിഞ്ഞു (വേറിട്ടു -ചിതറി)പോകും إِلَيْهَا അതിലേക്ക് وَتَرَكُوكَ നിന്നെ വിട്ടു (ഉപേക്ഷിച്ചു)പോകയും ചെയ്യുന്നു قَآئِمًا നിൽക്കുന്നവനായിട്ട് قُلْ നീ പറയുക مَا عِندَ ٱللَّهِ അല്ലാഹുവിന്റെ പക്കലുള്ളത് خَيْرٌ مِّنَ ٱللَّهْوِ വിനോദത്തെക്കാൾ ഉത്തമമാണ് وَمِنَ ٱلتِّجَٰرَةِ കച്ചവടത്തെക്കാളും وَٱللَّهُ അല്ലാഹു خَيْرُ ٱلرَّٰزِقِينَ ഉപജീവനം (ആഹാരം) നൽകുന്നവരിൽ ഏറ്റം ഉത്തമനാണ്

അഹ്മദ്, ബുഖാരി, മുസ്‌ലിം (റ) മുതലായവർ ജാബിർ (റ) പ്രസ്താവിച്ചതായി ഇങ്ങനെ ഉദ്ധരിച്ചിരിക്കുന്നു: ഭക്ഷണസാധനങ്ങൾ വഹിച്ച ഒരു ഒട്ടകസംഘം മദീനഃയിൽ വന്നെത്തി. റസൂൽ ﷺ പ്രസംഗം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ജനങ്ങൾ പുറത്തുപോയി. പന്ത്രണ്ട് പുരുഷൻമാർ ബാക്കിയായി. അപ്പോഴാണ് ഈ (11 -ാം) വചനം അവതരിച്ചത്. ജാബിർ (റ)ൽ നിന്നു തന്നെ അബൂയഅ്ലാ (റ)യും വേറെ ചിലരും ഇങ്ങനെ നിവേദനം ചെയ്യുന്നു: നബിﷺ വെള്ളിയാഴ്ച ദിവസം പ്രസംഗിച്ചു കൊണ്ടിരിക്കുന്നതിനിടയ്ക്ക് മദീനഃയിലേക്ക് ഭക്ഷണസാധനം വഹിച്ചുകൊണ്ടുള്ള ഒരൊട്ടകസംഘം എത്തി. അപ്പോൾ, റസൂൽ തിരുമേനിﷺയുടെ സ്വഹാബികൾ അതിലേക്ക് ദ്രുതഗതിയിൽ പോകുകയായി. ഒടുക്കം പന്ത്രണ്ട് പുരുഷൻമാരല്ലാതെ അവശേഷിച്ചില്ല. അപ്പോൾ റസൂൽﷺ പറഞ്ഞു: 'എന്റെ ദേഹം യാതൊരുവന്റെ കൈവശമാണോ അവൻ തന്നെ സത്യം! നിങ്ങളിൽ ഒരാളും ശേഷിക്കാത്തവിധം നിങ്ങൾ തുടർന്നുപോയിരുന്നെങ്കിൽ നിങ്ങളെയുംകൊണ്ട് (ഈ) താഴ്‌വരയിൽ അഗ്നി ഒഴുകുമായിരുന്നു.'ഇ ൗ (11 -ാം) വചനം അവതരിക്കുകയും ചെയ്തു.പ്രസ്തുത പന്ത്രണ്ടുപേരിൽ താനും, അബൂബക്റും, ഉമറും (റ) ഉൾപ്പെട്ടിരുന്നുവെന്നും ജാബിർ (റ) പ്രസ്താവിച്ചതായും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. 'പന്ത്രണ്ട് പേർ ഒഴികെ'(إلا اثنا عشر رجلا) എന്ന് ബുഖാരിയിൽ പറഞ്ഞതിനെപ്പറ്റി സംസാരിച്ചുകൊണ്ട് ഇമാം അസ്ക്വലാനീ (റ) പറയുന്നു: 'പന്ത്രണ്ട് പുരുഷൻമാരും ഒരു സ്ത്രീയും അല്ലാതെ' എന്ന് ക്വത്താദഃ (റ) വഴി ത്വബ്‌രീ (റ)യുടെ നിവേദനം ഉണ്ട്. 'രണ്ട് പുരുഷൻമാരും ഒരു സ്ത്രീയുമല്ലാതെ അവശേഷിച്ചിട്ടില്ല' എന്ന് അദ്ദേഹം വഴി അബ്ദുറസ്സാക്ക് നിവേദനം ചെയ്തിട്ടുള്ളതിനെക്കാൾ ശരിയായത് ഈ നിവേദനമാണ്.(فتح الباري)

നിന്നുകൊണ്ടിരിക്കെ നിന്നെ വിട്ടുപോയി(وتركوك قائما) എന്ന വാക്യം വ്യാഖ്യാനിച്ചുകൊണ്ട് ഇബ്നു കഥീർ (റ) ഇങ്ങനെ പറയുന്നു: 'നിന്നുകൊണ്ടാ

യിരുന്നു നബിﷺ വെള്ളിയാഴ്ച പ്രസംഗം (ഖുത്വുബഃ) നടത്തിയിരുന്നത് എന്നതിന് ഇതിൽ രേഖയുണ്ട്.നബി ﷺ രണ്ട് പ്രസംഗം ചെയ്യാറുണ്ടായിരുന്നു; രണ്ടിനുമിടയിൽ ഇരിക്കുമായിരുന്നു; ക്വുർആൻ പാരായണം ചെയ്യുകയും ജനങ്ങൾക്ക് ഉപദേശം നൽകുകയും ചെയ്തിരുന്നു'. എന്ന് ജാബിർ (റ)വിൽ നിന്ന് മുസ്‌ലിം (റ) നിവേദനം ചെയ്തിട്ടുമുണ്ട്. പക്ഷേ, ഇവിടെ ഒരു കാര്യം അറിഞ്ഞിരിക്കുന്നത് ആവശ്യമാണ്. അതായത് വെള്ളിയാഴ്ച പ്രസംഗത്തിനുമുമ്പായി നബിﷺ നമസ്കാരം നിർവ്വഹിച്ചിരുന്ന കാലത്താണ് ഇത് സംഭവിച്ചിരിക്കുന്നത് എന്നാണ് പറയപ്പെടുന്നത്.തുടർന്നുകൊണ്ട് ഇതിന്നാസ്പദമായ അബൂദാവൂദ് (റ)ന്റെ 'മുർസലായ'(നിവേദകനായ സ്വഹാബിയുടെ പേരുപറയപ്പെട്ടിട്ടില്ലാത്ത) ഒരു രിവായത്തും ഇബ്നുകഥീർ (റ) ഉദ്ധരിച്ചിരിക്കുന്നു. അതിന്റെ സാരം ഇപ്രകാരമാകുന്നു: പെരുന്നാൾ ദിവസം ചെയ്യുന്നതുപോലെ പ്രസംഗത്തിന് മുമ്പായിരുന്നു നബിﷺ വെള്ളിയാഴ്ച നമസ്കരിച്ചിരുന്നത്. ഒരു ദിവസം അവിടുന്ന് നമസ്കരിച്ചു കഴിഞ്ഞു പ്രസംഗം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരാൾ വന്ന് ദഹിയ്യത്തിന്റെ കച്ചവട സംഘം വന്നിട്ടുണ്ടെന്ന് പറഞ്ഞു. അപ്പോൾ, ഒരു ചെറിയ സംഘം ഒഴിച്ച് മറ്റെല്ലാവരും പിരിഞ്ഞുപോയി.

മേലുദ്ധരിച്ച പ്രസ്താവനകളിൽനിന്ന് സംഭവത്തിന്റെ രൂപം മനസ്സിലായല്ലോ. അറബികളുടെ കച്ചവടസംഘങ്ങൾ വരുകയും പോകുകയും ചെയ്യുമ്പോൾ ചെണ്ട മുതലായ ആർഭാടങ്ങളും വിനോദങ്ങളും നടക്കുക പതിവാണ്. അവരെ യാത്ര അയക്കുന്നതിലും, തിരിച്ചുവരുമ്പോൾ സ്വീകരിക്കുന്നതിലും നാട്ടുകാർ സകുതൂഹലം പങ്കെടുക്കലും പതിവായിരുന്നു. ഒരിക്കൽ അങ്ങനെ ഒരു രംഗം നേരിട്ടപ്പോൾ, സ്വഹാബികൾ ജുമുഅഃ നമസ്കാരം കഴിഞ്ഞു നബിﷺയുടെ പ്രസംഗം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ചിരകാല ശീലത്തിൽ അധികമൊന്നും ആലോചിക്കാതെ പലരും അങ്ങ് എഴുന്നേറ്റുപോയിക്കളഞ്ഞു. ഇതാണ് സംഭവിച്ചത്. പക്ഷേ, നബിﷺയുടെ സദസ്സിൽനിന്ന്– അതും മിമ്പറിൽ നിന്നുകൊണ്ട് തിരുമേനി അവരെ ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ– അവർ എഴുന്നേറ്റുപോയത് ഉചിതമല്ലല്ലോ. അതുകൊണ്ടാണ് ആക്ഷേപരൂപത്തിൽ അല്ലാഹു ഈ സംഭവം ഉദ്ധരിച്ചത്. അതോടുകൂടി, അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുവാനിരിക്കുന്ന നന്മകൾക്കാണ് സത്യവിശ്വാസികൾ പ്രാധാന്യം കൽപ്പിക്കേണ്ടതെന്നും, മേലിൽ ഇങ്ങനെയുള്ള വഴക്കങ്ങൾ ഉണ്ടായിക്കൂടാ എന്നും ഓർമിപ്പിക്കുകയും ചെയ്യുന്നു.

വ്യാഖ്യാനക്കുറിപ്പ്:-

ജുമുഅഃ നമസ്കാരവും, ഖുത്വുബഃയും

(صلاة الجمعة والخطبة)

ഇസ്‌ലാമികാനുഷ്ഠാനകർമങ്ങളിൽ പല നിലക്കും വളരെ പ്രാധാന്യമർഹിക്കുന്ന ഒരു നിർബന്ധകർമമത്രെ ജുമുഅഃ നമസ്കാരവും ഖുത്വുബഃയും. ജുമുഅഃയുടെ അന്തഃസ്സാരങ്ങളും ലക്ഷ്യങ്ങളും മനസ്സിലാക്കി അതർഹിക്കുന്ന രൂപത്തിൽ നടത്തിപ്പോരുന്നപക്ഷം, നാട്ടിൽ ഇസ്‌ലാമികബോധവും, സാമൂഹ്യമര്യാദയും, മതഭക്തിയും നിലനിറുത്തുവാൻ അത് തികച്ചും പര്യാപ്തമാണെന്ന് തീർത്ത് പറയാം. പക്ഷേ, വ്യസനകരം! ഇന്നത്തെ ജുമുഅഃ സമ്പ്രദായങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ മിക്കവാറും ഒരു ചടങ്ങ്, അല്ലെങ്കിൽ ഒരു പൊതു സമ്മേളനം മാത്രമായി അത് അവശേഷിച്ചിരിക്കുകയാണ്! മുസ്‌ലിം സമുദായത്തിൽ നമസ്കാരകർമം പാടെ ഉപേക്ഷിക്കുന്ന നാമമാത്ര മുസ്‌ലിംകൾ ഇന്ന് ധാരാളമാണ്. നമസ്കരിക്കാറുള്ളവരിൽപോലും ജുമുഅഃയിൽ സംബന്ധിക്കണമെന്ന നിർബന്ധം ഇല്ലാത്ത പലരെയും കാണാം. അതുകൊണ്ട് ഈ അദ്ധ്യായത്തിൽ ജുമുഅഃയെ പരാമർശിച്ചുകൊണ്ടുള്ള 9 ഉം 10 ഉം വചനങ്ങളുടെ അർത്ഥോദ്ദേശ്യ വ്യാപ്തിക്കുള്ളിൽ അടങ്ങുന്ന ഒരു ലഘുവിവരണം നൽകുന്നത് ഇവിടെ ഉചിതമായിരിക്കും.

يا أيها الذين آمنوا (ഹേ, വിശ്വസിച്ചവരേ,) എന്ന് വിളിച്ചുകൊണ്ടാണ് അല്ലാഹു ജുമുഅഃയെക്കുറിച്ച് പ്രസ്താവിക്കുന്നത്. അപ്പോൾ, പ്രത്യേക പ്രതിബന്ധമില്ലാത്ത ഓരോ സത്യവിശ്വാസിക്കും താഴെ പറയുന്ന കൽപന ബാധകമാണെന്നുവന്നു. ഇതിൽ സ്ത്രീകൾ ഉൾപ്പെടുമോ ഇല്ലേ? ഇത് ഇന്ന് നമ്മുടെ നാടുകളിൽ ഒരു തർക്കവിഷയമായിട്ടാണിരിക്കുന്നത്. ഇതുപോലെ സത്യവിശ്വാസികളെ സംബോധന ചെയ്തുകൊണ്ടുള്ള കല്പനകളിൽ ചിലത് പുരുഷൻമാരെയും സ്ത്രീകളെയും ഒരുപോലെ ബാധിക്കുന്നതും, പ്രധാനമായും പുരുഷൻമാരെ ബാധിക്കുന്നതും, ചുരുക്കം ചില സന്ദർഭങ്ങളിൽ പുരുഷൻമാരെമാത്രം ബാധിക്കുന്നതും (ഉദാഹരണം: നിസാഉ് 19.) ഉണ്ടായിരിക്കും. നബിവചനങ്ങളിലും തന്നെ സ്ത്രീകൾക്കും പുരുഷൻമാരെപ്പോലെ ജുമുഅഃ നിർബന്ധമാണെന്ന് വ്യക്തമാക്കുന്ന ഒന്നും അറിയപ്പെട്ടിട്ടില്ല. ആ സ്ഥിതിക്ക് നിയമപരമായി പറയുമ്പോൾ സ്ത്രീകൾക്കും ജുമുഅഃ നിർബന്ധമാണെന്ന് പറയുവാൻ- ക്വുർആന്റെയും നബി

വചനങ്ങളുടെയും അടിസ്ഥാനത്തിൽ– നിവൃത്തിയില്ല, പക്ഷേ, നബിﷺയുടെയും സ്വഹാബത്തിന്റെയും കാലത്തെ നടപടിക്രമങ്ങൾ പരിശോധിച്ചാൽ ജുമുഅഃയിലും, അഞ്ചുനേരത്തെ ജമാഅത്ത് നമസ്കാരങ്ങളിലും പെരുന്നാൾ നമസ്കാരങ്ങളിലും അവർ പങ്കെടുക്കാറുണ്ടായിരുന്നുവെന്നും, അതിന് നബിﷺ പ്രോത്സാഹിപ്പിച്ചിരുന്നുവെന്നും, ധാരാളം തെളിവുകളുണ്ട്. അതെല്ലാം ഇവിടെ എടുത്തുദ്ധരിക്കുവാൻ സാധ്യമല്ല. കുറെയെല്ലാം പൊതുവിൽ അറിയപ്പെട്ടതുമാകുന്നു. ഉദാഹരണത്തിന് മാത്രം ചിലത് ചൂണ്ടിക്കാട്ടാം:–

(1) നബിﷺ വെള്ളിയാഴ്ച ഖുത്വുബഃ നടത്തുമ്പോൾ പന്ത്രണ്ട് പുരുഷൻമാരല്ലാത്തവരെല്ലാം എഴുന്നേറ്റുപോയി എന്ന ഹദീഥിന്റെ ചില രിവായത്തുകളിൽ ഒരു സ്ത്രീയും ബാക്കിയായിരുന്നതായി പ്രസ്താവിച്ചത് 11 –ാം വചനത്തിന്റെ വിവരണത്തിൽ നാം ഉദ്ധരിച്ചുവല്ലോ. ഇത് പല പണ്ഡിതൻമാരും അവരുടെ ഗ്രന്ഥങ്ങളിൽ ഉദ്ധരിച്ചു കാണാം.

(2) ഉമ്മുഹിശാം (റ) എന്ന വനിതാ സ്വഹാബി സൂറത്തുക്വാഫ് പാഠമാക്കിയത് വെള്ളിയാഴ്ച ദിവസം മിമ്പറിൽവെച്ച് നബിﷺ അത് ഓതിക്കേട്ടിരുന്നതിൽനിന്നാണ് എന്ന് അവർ പറഞ്ഞതായി ഇമാം മുസ്ലിം (റ) ഉദ്ധരിക്കുന്നു.

(3) 'ഫർദ്വു' (നിർബന്ധ) നമസ്കാരങ്ങൾ കഴിഞ്ഞാൽ സ്ത്രീകൾ എഴുന്നേറ്റു പോകുന്നതുവരെ നബിﷺയും പുരുഷൻമാരും കാത്തിരിക്കുമെന്ന് നബിﷺയുടെ പത്നി ഉമ്മുസലമഃ (റ)യിൽനിന്ന് ബുഖാരി (റ) ഉദ്ധരിക്കുന്നു.

(4) ഞാൻ നമസ്കാരം ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുമ്പോൾ ശിശുക്കളുടെ ശബ്ദം കേൾക്കുകയും അപ്പോൾ അവരുടെ മാതാക്കൾക്ക് വിഷമമുണ്ടാകരുതെന്ന് കരുതി ചുരുക്കുകയും ചെയ്യുമെന്ന് നബിﷺ പ്രസ്താവിച്ചതായി ബുഖാരീ (റ) ഉദ്ധരിച്ചിരിക്കുന്നു. ജുമുഅഃയിലും ജമാഅത്ത് നമസ്കാരങ്ങളിലും സ്ത്രീകൾ അക്കാലത്ത് സാധാരണ പങ്കെടുക്കാറുണ്ടായിരുന്നുവെന്ന് മനസ്സിലാക്കുവാൻ ഈ ഹദീഥുകൾ തന്നെ മതിയാകും. എന്നാൽ, പുരുഷൻമാരെപ്പോലെ എല്ലാ സ്ത്രീകളും നിർബന്ധമായി പങ്കെടുത്തിരുന്നുവെന്ന് കാണിക്കുന്ന തെളിവുകളൊന്നും അറിയപ്പെടുന്നില്ല.

സ്ത്രീകൾ പുരുഷൻമാരുമായി സമ്പർക്കമുണ്ടാകുവാൻ കാരണമാണെന്നതാണ് സ്ത്രീകൾ പങ്കെടുക്കുന്നതിനെതിരിൽ പറയുവാനുള്ള പ്രധാന തടസ്സം. ഈ തടസ്സം, ജുമുഅഃക്കോ ജമാഅത്തിനോ സ്ത്രീകൾ സംബന്ധിക്കുന്നതിനെ മാത്രം ബാധിക്കുന്നതല്ല. എവിടെവെച്ചും, എപ്പോഴും ഗൗനിക്കേണ്ടുന്ന ഒരു നിർബന്ധ വിഷയമാണിത്. ഇക്കാര്യത്തിൽ ഇന്ന് മുസ്ലിം സമുദായം പൊതുവിലും പരിഷ്കൃതരെന്നു കരുതപ്പെടുന്നവർ വിശേഷിച്ചും അല്ലാഹുവിന്റെയും റസൂലിന്റെയും ശാസനകളെ അവഗണിച്ചിരിക്കുകയാണ്. സ്ത്രീകൾ പള്ളിയി

ലേക്ക് പോകുമ്പോഴും, വരുമ്പോഴും, പള്ളിയിൽവെച്ചും ഇസ്‌ലാമിലെ പർദ്ദാനിയമങ്ങൾ പാലിച്ചുകൊണ്ടായിരിക്കണമെന്നും, പള്ളികളിൽ അതിന് വിഘ്നം വരുന്ന പരിതഃസ്ഥിതികൾ ഉണ്ടാകരുതെന്നും മാത്രമേ ചുരുക്കത്തിൽ ഇത് സംബന്ധിച്ചു ഇവിടെ പറയുവാനുള്ളൂ. അതേ സമയത്ത് സ്ത്രീകൾ ജുമുഅഃയിൽ പങ്കെടുക്കാറുള്ള ചില ഇടങ്ങളിലെ സ്ഥിതിഗതികൾ നോക്കുമ്പോൾ, വല്ല കല്യാണാഘോഷങ്ങൾക്കും വേണ്ടി അണിഞ്ഞൊരുങ്ങാറുള്ള ഒരു പ്രതീതിയാണ് കാണപ്പെടുന്നത്. അഥവാ അല്ലാഹുവിന്റെ പള്ളിയിൽ ഒരു ആരാധനാകർമത്തിൽ, സംബന്ധിക്കുന്നതിന് അനുയോജ്യമായ വേഷഭൂഷണങ്ങളും അച്ചടക്കങ്ങളും കുറവായിരിക്കുമെന്നർത്ഥം. ഈ നിലപാട് ഒട്ടും ക്ഷന്തവ്യമല്ല.

إذا نودي للصلاة من يوم الجمعة (ജുമുഅഃ ദിവസത്തിലെ നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ) എന്നാണല്ലോ പിന്നീടുള്ള വാക്യത്തിന്റെ ചുരുക്കം. 'ജുമുഅഃ ദിവസം' (يوم الجمعة)എന്നാണ് അറബിയിൽ വെള്ളിയാഴ്ചക്ക് പേർ. 'ജുമുഅഃ' എന്നാൽ കൂട്ടം, സമ്മേളനം എന്നിങ്ങനെയാണ് അർത്ഥം. അന്ന് ജുമുഅഃ കർമം നടക്കുന്നതുകൊണ്ട് അതിന് ഈ പേർ വന്നു. മുൻകാലത്ത് മറ്റ് ദിവസങ്ങൾക്കുള്ളതുപോലെ ഏതോ ഒരു പേർ അറബിയിൽ വെള്ളിയാഴ്ചക്കും ഉണ്ടായിരുന്നിരിക്കും. الله اعلم. ജുമുഅഃ ദിവസത്തിലെ നമസ്കാരം (للصلاة من يوم الجمعة) എന്ന് പറഞ്ഞിരിക്കകൊണ്ട് ഈ കൽപന വെള്ളിയാഴ്ചയിലെ പ്രത്യേക നമസ്കാരമായ ജുമുഅഃ നമസ്കാരത്തെ ഉദ്ദേശിച്ചാണെന്ന് വ്യക്തം. അപ്പോൾ മറ്റ് നമസ്കാരങ്ങളെ അപേക്ഷിച്ച് ഈ നമസ്കാരത്തിന്റെ വിളിക്ക് പ്രത്യേകം പ്രാധാന്യമുണ്ടെന്ന് മനസ്സിലാക്കാമല്ലോ. വിളി കൊണ്ടുദ്ദേശ്യം ബാങ്കുവിളിയാണെന്നും പറയേണ്ടതില്ല. ഇമാം മിമ്പറിൽ കേറിയ ഉടനെ നടത്തപ്പെടുന്ന ബാങ്കാണ് ഇത്. നബി തിരുമേനിﷺയുടെ കാലത്ത് അത് മാത്രമായിരുന്നു ഉണ്ടായിരുന്നതും.

ഈ ബാങ്കിന് അൽപം മുമ്പായി മറ്റൊരു ബാങ്ക് വിളിക്കുന്ന ഇന്നത്തെ സമ്പ്രദായം ഉഥ്മാൻ (റ)ന്റെ ഖിലാഫത്ത് കാലത്താണ് ആദ്യമായി ഉണ്ടായതെന്നും, ജനങ്ങൾ വളരെ അധികരിച്ചപ്പോൾ അങ്ങനെ ഒരാവശ്യം നേരിട്ടതുകൊണ്ടാണ് അത് ചെയ്തതെന്നും ബുഖാരിയിൽ കാണാം. അതല്ല, മുആവിയഃ (റ) യുടെ കാലത്തുണ്ടാക്കിയതാണെന്നും ഒരഭിപ്രായമുണ്ട്. ഏതായാലും, നബി ﷺ യുടെ കാലശേഷം ഒരു പുതിയ മതാചാരം ഏർപ്പെടുത്തുവാൻ ആർക്കും പാടില്ലെന്നും, സ്വഹാബികൾ വിശേഷിച്ചും അങ്ങനെ ചെയ്യുകയില്ലെന്നുമുള്ളതിൽ തർക്കത്തിനവകാശമില്ല. അപ്പോൾ, അതൊരു അനുകരണീയമായ മതകർമമെന്ന നിലക്കല്ല. ഒരു താൽക്കാലിക ആവശ്യമെന്ന നിലക്ക് ചെയ്തതാണ് എന്നേ അതിനെപ്പറ്റി പറയുവാനുള്ളൂ. കവിഞ്ഞപക്ഷം, അത്യാവശ്യം നേരിടുമ്പോൾ- വേണ്ടി വന്നാൽ -അങ്ങനെ ഒരേർപ്പാട്ചെയ്യാം, അതില്ലാത്തപ്പോൾ അത് കരണീയവുമല്ല എന്നല്ലാതെ, അതിനപ്പുറം ഒരു സ്ഥാനം അതിന് കൽപിക്കുവാൻ യാതൊരു ന്യായവുമില്ല. അതുകൊണ്ടാണ്, ഉഥ്മാൻ (റ), മുആവിയഃ(റ) എന്നിവരിൽ ആരാണത് ഏർപ്പെടുത്തിയതെന്നതിനെക്കുറിച്ച് സംസാരിക്കവെ ഇമാം ശാഫിഈ (റ) അദ്ദേഹത്തിന്റെ പ്രസിദ്ധഗ്രന്ഥമായ 'ഉമ്മിൽ' ഇങ്ങനെ പറഞ്ഞത്:

وأيهما كان فالأمر الذي في عهد رسول الله صلى الله عليه وسلم أحب إلي – كتاب الأم (ആ രണ്ടു പേരിൽ ആരായിരിക്കട്ടെ, റസൂൽ തിരുമേനിﷺയുടെ കാലത്തുള്ള കാര്യമത്രെ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്.) വളരെ ശ്രദ്ധേയമായ ഒരു വാക്യമാണിത്. ശാഫിഈ മദ്ഹബുകാരെന്ന് അവകാശപ്പെടുന്നവർ ഈ വാക്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

നേരത്തെക്കൂട്ടി ഒരു ബാങ്കോ അറിയിപ്പോ ഇല്ലാതെ, ഇമാം മിമ്പറിൽ കേറുമ്പോഴത്തെ ബാങ്കുകൊണ്ട് മതിയാക്കുന്നപക്ഷം ജനങ്ങൾ സമയത്തേക്ക് എത്തിച്ചേരുകയില്ല എന്ന് പറയുന്നത് നിരർത്ഥമാണെന്നുള്ളതിന് അനുഭവം തന്നെ തെളിവാകുന്നു. രണ്ട് ബാങ്ക് പതിവാക്കിയ സ്ഥലങ്ങളിൽ ജനങ്ങൾ അത് പ്രതീക്ഷിക്കുക സ്വാഭാവികം തന്നെ. പക്ഷേ, ഒരു ബാങ്കുകൊണ്ട് മതിയാക്കുന്ന സമ്പ്രദായം നടപ്പിലുള്ള എവിടെയും അക്കാരണത്താൽ ആളുകൾ എത്തിച്ചേരാത്ത ദോഷം കാണുന്നില്ല. ബാങ്ക് ഒന്നോ അധികമോ ആയാലും ചുരുക്കം ചിലർ വൈകിപ്പോയേക്കുന്നത് സാധാരണമാണ്. മറ്റൊരു വസ്തുതകൂടി ഇവിടെ ഓർക്കേണ്ടതുണ്ട്. രണ്ട് ബാങ്ക് നടപ്പുള്ള സ്ഥലങ്ങളിൽ ആദ്യത്തെ (പുതിയ) ബാങ്ക് ഉച്ചത്തിൽ വിളിക്കപ്പെടുന്നു. അതേ സമയത്ത് നബി തിരുമേനിﷺയുടെ കാലത്തുള്ളതും, കേട്ട ഉടനെ വ്യാപാരങ്ങളെല്ലാം നിറുത്തിവെച്ചു; ജുമുഅഃക്കു വന്നുകൊള്ളണമെന്ന് അല്ലാഹു കൽപിച്ചതുമായ സാക്ഷാൽ ബാങ്കാകട്ടെ, സദസ്സിൽ ഹാജറുള്ളവർപോലും മുഴുവനും കേൾക്കരുതാത്തവിധം പതുക്കെയും! ഇതെന്തൊരു വിരോധാഭാസമാണ്? അല്ലാഹുവും റസൂലും നിയമിച്ചതിനെ ഒരു ചടങ്ങുമാത്രമായും, നാം നിയമിക്കുന്നതിനെ ഒഴിച്ചുകൂടാത്ത കൃത്യമായും കരുതുക! അല്ലാഹു നമുക്ക് സത്യം സ്വീകരിക്കുവാനുള്ള ബോധം നൽകട്ടെ. ആമീൻ, എനി, ഉഥ്മാൻ (റ) വർദ്ധിപ്പിച്ച ബാങ്കാകട്ടെ, പള്ളിയുടെ ഉള്ളിൽവെച്ചല്ല, ഒരു ഉയർന്ന സ്ഥലത്ത് (زوراء ഇൽ) വെച്ചായിരുന്നു. ആദ്യത്തെ ബാങ്കിന് വല്ല ന്യായീകരണവും വേണമെങ്കിൽതന്നെ, അത് നാട്ടുകാർ കേൾക്കുവാൻ കൂടുതൽ ഉപയോഗപ്പെടുന്ന ഏതെങ്കിലും ഒരു സ്ഥലത്തുവെച്ചായിരിക്കേണ്ടതും, യഥാർത്ഥ ബാങ്ക് യഥാവിധി നടത്തപ്പെടുന്നതും ആയിരിക്കണമല്ലോ.

ദിവസങ്ങളുടെ കൂട്ടത്തിൽ വെള്ളിയാഴ്ചക്ക് പ്രത്യേക പ്രാധാന്യമുള്ളതായി പല നബി വചനങ്ങളിൽനിന്നും മനസ്സിലാക്കാം. അന്ന് പ്രത്യേകം ഒരു നമസ്കാരവും പ്രസംഗവും നിശ്ചയിക്കപ്പെട്ടതുതന്നെ അതിന്റെ പ്രാധാന്യം കുറിക്കുന്നു. നബിﷺ പറയുന്നു: 'സൂര്യൻ ഉദിക്കുന്ന ദിവസങ്ങളിൽവെച്ച് നല്ല ദിവസം വെള്ളിയാഴ്ചയാകുന്നു. അന്നാണ് ആദം (അ) സൃഷ്ടിക്കപ്പെട്ടത്, അന്നാണ് അദ്ദേഹം സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടതും, അന്നാണ് അദ്ദേഹം അതിൽനിന്ന് പുറത്താക്കപ്പെട്ടതും'. (മു.) മറ്റൊരു ഹദീഥ് ഇപ്രകാരമാകുന്നു: 'അതിൽ– വെള്ളിയാഴ്ചയിൽ– ഒരു നാഴിക സമയമുണ്ട്. മുസ്‌ലിമായ ഒരു അടിയാൻ അല്ലാഹുവിനോട് വല്ലതും ചോദിച്ചുകൊണ്ട് നിന്ന് നമസ്കരിക്കുന്ന നിലയിൽ ആ സമയവുമായി ഒത്തുകൂടിയാൽ, അവന് അല്ലാഹു അത് കൊടുക്കാതിരിക്കുകയില്ല.' എന്ന് തിരുമേനി പറഞ്ഞു: കൈകൊണ്ട് ആംഗ്യം കാണിച്ച് ആ സമയം അല്പനേരമേ

യുള്ളുവെന്ന് അറിയിക്കുകയും ചെയ്തു. (ബു; മു.)

ജുമുഅക്ക് സംബന്ധിക്കുവാൻ അനുഷ്ഠിക്കേണ്ടുന്ന മര്യാദകളെക്കുറിച്ചും നബിﷺയുടെ ഹദീഥുകളിൽ പലതും കാണാം. ഒന്നുരണ്ടെണ്ണം ഉദ്ധരിക്കാം. അവിടുന്ന് പറഞ്ഞിരിക്കുന്നു: 'ഒരു പുരുഷൻ വെള്ളിയാഴ്ച കുളിക്കുകയും, കഴിയുന്നത്ര ശുദ്ധീകരിക്കുകയും, അവന്റെ എണ്ണ ഉപയോഗിക്കുകയോ വീട്ടിലെ സുഗന്ധദ്രവ്യം തൊടുകയോ ചെയ്യുകയും, പിന്നീട് പോയി രണ്ടാളുകൾക്കിടയിൽ (തിരക്കിനടന്നു) വേർപിരിക്കാതിരിക്കുകയും, പിന്നീട് അവന് വിധിക്കപ്പെട്ടത് നമസ്കരിക്കുകയും, പിന്നെ ഇമാം സംസാരം തുടങ്ങിയാൽ മൗനമായിരിക്കുകയും ചെയ്യുന്നപക്ഷം അതിന്റെയും (അടുത്ത) മറ്റേ ജുമുഅഃയുടെയും ഇടക്കുള്ള പാപം പൊറുക്കപ്പെടാതിരിക്കുകയില്ല.'(ബു.) 'നിങ്ങളുടെ ശ്രേഷ്ഠമായ ദിവസങ്ങളിൽപെട്ടതാണ് വെള്ളിയാഴ്ച ദിവസം. അന്ന് നിങ്ങൾ എന്റെ പേരിൽ സ്വലാത്ത് (അനുഗ്രഹം നേരൽ) വർദ്ധിപ്പിക്കുവിൻ.'നിങ്ങളുടെ സ്വലാത്ത്എനിക്ക് പ്രദർശിപ്പിക്കപ്പെടുന്നതാകുന്നു.'(ദാ)

വെള്ളിയാഴ്ചത്തെ നമസ്കാരത്തിന്റെ വിളികേട്ടാൽ അല്ലാഹുവിന്റെ സ്മരണയിലേക്ക് ഉൽസാഹിച്ചുവരണം (فاسعوا إلى ذكر الله) എന്നാണല്ലോ അല്ലാഹു പറഞ്ഞത്. سعي (സഅ്യ്) എന്നാൽ ''യത്നിക്കുക, പരിശ്രമിക്കുക, ഉൽസാഹിക്കുക, വേഗം പോകുക, ഓടുക' എന്നീ അർത്ഥങ്ങളിലെല്ലാം ഉപയോഗിക്കാറുണ്ട്. ബാങ്കുകേട്ടാൽ മറ്റെല്ലാ ജോലിയും ഉടനെ നിർത്തിവെച്ച് പോകണം എന്ന് സാരം. ഓടിപ്പോകണമെന്നർത്ഥത്തിലല്ല ഇത് പറഞ്ഞിരിക്കുന്നതെന്ന് നബിﷺയുടെ ഒരു ഹദീഥിൽ നിന്ന് ഗ്രഹിക്കാം. അവിടുന്ന് പറഞ്ഞിരിക്കുന്നു: 'നിങ്ങൾ ഇക്വാമത്ത് (നമസ്കാരം തുടങ്ങുന്നുവെന്ന് അറിയിക്കുന്ന വിളി)കേട്ടാൽ നമസ്കാരത്തിലേക്ക് നടന്നുപോയ്ക്കൊള്ളുവിൻ. നിങ്ങളിൽ അടക്കവും ഒതുക്കവും ഉണ്ടായിരിക്കണം; ധൃതിപ്പെടരുത്; എന്നിട്ട് (ജമാഅത്തോടൊപ്പം) കിട്ടിയത് നമസ്കരിക്കുകയും, നഷ്ടപ്പെട്ടുപോയ ഭാഗം (സ്വന്തം) പൂർത്തിയാക്കുകയും ചെയ്യുക.'(ബു; മു.) അല്ലാഹുവിന്റെ മുമ്പിൽ ആരാധന നടത്തുവാൻ പോകുന്നത് അടക്കത്തിലും, ഒതുക്കത്തിലുമായിരിക്കണമെന്നതാണ് ഇതിലടങ്ങിയ തത്വം. അബൂക്വത്താദഃ (റ) പറയുന്നു: ഒരിക്കൽ ഞങ്ങൾ നബി ﷺയൊന്നിച്ച് നമസ്കരിക്കുമ്പോൾ ഒരു തിരക്കുകേട്ടു. എന്താ വിഷയം? എന്ന് തിരുമേനി അന്വേഷിച്ചു. ഞങ്ങൾ നമസ്കാരത്തിലേക്ക് ബദ്ധപ്പെട്ടുവന്നതാണ് എന്ന് അവർ മറുപടി പറഞ്ഞു; തിരുമേനി പറഞ്ഞു; എന്നാൽ അങ്ങനെ ചെയ്യരുത്. നമസ്കാരത്തിന് വരുമ്പോൾ (സാധാരണപോലെ) നടന്നുവരണം; നിങ്ങളിൽ അടക്കം വേണം എന്നിട്ട് കിട്ടിയത് നമസ്കരിക്കുക; നഷ്ടമായത് പൂർത്തിയാക്കുകയും ചെയ്യുക. (ബു; മു.)

ഇതെല്ലാം കാരണമായിട്ടാണ് فاسعوا (നിങ്ങൾ ഉൽസാഹിച്ചുവരുവിൻ) എന്ന വാക്കിന്റെ ഉദ്ദേശ്യം أن تسعى بقلبك وعملك (നിന്റെ ഹൃദയംകൊണ്ടും പ്രവൃത്തി

കൊണ്ടും ഉൽസാഹിക്കുക) എന്നാണെന്ന് ക്വത്താദഃ (റ)യും, ما هو بالسعى على الأقدام ولكن بالقلوب والنية والخشوع (അത് കാലുകൊണ്ട് പാഞ്ഞുപോകലല്ല, പക്ഷേ ഹൃദയം കൊണ്ടും ഉദ്ദേശ്യംകൊണ്ടും ഭക്തികൊണ്ടുമാകുന്നു.) എന്ന് ഹസനും (റ) പറഞ്ഞിരിക്കുന്നതും. (كما في أبن كثير) ആരാധനാകർമങ്ങളുടെ അന്തസ്സത്തകളെക്കുറിച്ചും, ആത്മീയവശങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നവർക്കേ ഇതുപോലെയുള്ള ഉപദേശങ്ങളുടെ വില കാൺമാൻ കഴിയൂ.

ബാങ്കുവിളികേട്ടാൽപിന്നെ താമസിക്കുവാൻ പാടില്ലെന്ന് മാത്രമാണ് ഈ ക്വുർആൻ വാക്യത്തിൽ പറയുന്നത്. അഥവാ ജുമുഅഃക്ക് പുറപ്പെടേണ്ടതിന്റെ അവസാനത്തെ അവസരമാണ് ബാങ്ക് കുറിക്കുന്നത്. കഴിവതും നേരത്തെ പോകുകയാണ് വേണ്ടതെന്നും, നേരത്തെ പോകുന്നതിന് കൂടുതൽ പുണ്യം ലഭിക്കുമെന്നും നബിവചനങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഒരാൾ ജനാബത്തു കുളിയെപ്പോലെ (പൂർണമായും) കുളിച്ച് ഒന്നാമത്തെ നാഴികയിൽതന്നെ ജുമുഅഃക്ക് പോയാൽ ഒരു ഒട്ടകത്തെ ബലിനടത്തിയതിന്റെയും, രണ്ടാം നാഴികയിൽ പോയാൽ ഒരു പശുവിനെ ബലികഴിച്ചതിന്റെയും, മൂന്നാമത്തേതിൽ പോയാൽ ഒരു കൊമ്പനാടിനെ ബലികഴിച്ചതിന്റെയും, നാലാമത്തേതിൽ പോയാൽ കോഴിയെ ബലിചെയ്തതിന്റെയും, അഞ്ചാമത്തേതിൽ പോയാൽ ഒരു മുട്ട കൊടുത്തതിന്റെയും അത്ര പ്രതിഫലമുണ്ടെന്നും, ഇമാം (ഖുത്ബഃക്ക്) പുറപ്പെട്ടാൽ ഈ പ്രത്യേക പ്രതിഫലം നിലച്ചുപോകുമെന്നും ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഒരു നബിവചനത്തിൽ വന്നിരിക്കുന്നു. ഇന്നത്തെ പുരോഗമനവാദികളെന്ന് പറയപ്പെടുന്ന ചില പുത്തൻ കൂറ്റുകാർ ഇതുപോലെയുള്ള പല ഹദീഥുകളെയും പുച്ഛഭാവത്തിൽ വീക്ഷിക്കുന്നതും തള്ളിക്കളയുന്നതും കാണാം. അതിനുള്ള കാരണങ്ങളെപ്പറ്റി മതബോധവും ഇസ്‌ലാമിക ചിന്താഗതിയുമുള്ളവരെ പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. ഇസ്‌ലാമിൽ തങ്ങളുടെ ഭൗതിക താൽപര്യങ്ങൾക്ക് നിരക്കാത്തതായി തോന്നുന്നതെല്ലാം യുക്തിവാദം മുഖേന ദുർവ്യാഖ്യാനം ചെയ്യുകയോ തള്ളിക്കളയുകയോ ചെയ്യുക, മതത്തിന്റെ ധാർമികവും ആത്മീയവുമായ വശങ്ങളെ ഇടിച്ചുതാഴ്ത്തുക മുതലായവയാണ് ഇവരുടെ ലക്ഷ്യങ്ങൾ എന്ന് എല്ലാവർക്കും അറിയാം. ആ സ്ഥിതിക്ക് അങ്ങനെയുള്ളവരുടെ പഞ്ചസാര വാക്കുകൾക്ക് സത്യവിശ്വാസികൾ ഒട്ടും വിലകല്പിക്കേണ്ടതില്ല; കല്പിക്കുകയുമില്ല. ജുമുഅഃക്ക് നേരത്തെ പോകൽ, സുന്നത്ത് നമസ്കാരം, സുന്നത്ത് നോമ്പ് മുതലായ കർമങ്ങളെല്ലാം ഇവരുടെ ഭാഷയിൽ 'അദ്ധ്വാനിക്കാത്ത മടിയവർഗത്തിന്റെ സൃഷ്ടി'കളാണ്. വയറ്റിന്റെ പൂരണവും ഭൗതികനേട്ടവും മാത്രമാണല്ലോ ഇവരുടെ അടുക്കൽ 'ജീവിതവിജയം.'

ബാങ്കുകേട്ടാൽ ജോലികൾ വിട്ടേച്ചു ജുമുഅഃക്ക് പോകണമെന്നാണ് അല്ലാഹുവിന്റെ കൽപന. ജുമുഅഃ ഒരു നിർബന്ധകടമയാണ് എന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. നബി ﷺ ഈ കടമയുടെ ഗൗരവം ചൂണ്ടിക്കാട്ടുന്നത് കാണുക: അവിടുന്ന് ഒരിക്കൽ ഇങ്ങനെ പറഞ്ഞു: 'ചില ആളുകൾ ജുമുഅഃകളെ ഉപേ

ക്ഷിച്ചു വരുന്നതിൽനിന്ന് അവർ വിരമിച്ചുകൊള്ളട്ടെ. അല്ലാത്തപക്ഷം, അല്ലാഹു നിശ്ചയമായും അവരുടെ ഹൃദയങ്ങളിൽ മുദ്രവെക്കുക തന്നെ ചെയ്യും. പിന്നീട് അവർ (ഹൃദയങ്ങളിൽ നന്മ പ്രവേശിക്കാത്ത) അശ്രദ്ധൻമാരുടെ കൂട്ടത്തിലായി ത്തീരും' (മുസ്‌ലിം.) മറ്റൊരു നബിവചനത്തിൽ ഇങ്ങനെ കാണാം: 'ആരെങ്കിലും നിസ്സാരഭാവേന മൂന്ന് ജുമുഅഃ ഉപേക്ഷിച്ചാൽ അല്ലാഹു അവന്റെ ഹൃദയത്തിൽ മുദ്രകുത്തുന്നതാകുന്നു.' (ദാ; തി; ജ; ന.) ജുമുഅഃയിൽ സംബന്ധിക്കണമെന്ന നിഷ്കർഷയില്ലാത്ത ആളുകളെക്കുറിച്ച് പരിശോധിക്കുമ്പോൾ ഈ തിരുവചന ങ്ങളുടെ യാഥാർത്ഥ്യം മതബോധമുള്ളവർക്ക് വേഗം മനസ്സിലാകുന്നതാണ്.

'നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ നമസ്കാരത്തിന് വരണം' എന്ന ല്ല, അല്ലാഹുവിന്റെ സ്മരണയാകുന്ന 'ദിക്റി'ലേക്ക് (إلى ذكر الله) വരണം എന്നാണ് പറഞ്ഞിരിക്കുന്നത് ഇതും വളരെ ശ്രദ്ധേയമാകുന്നു. അല്ലാഹുവിന്റെ സ്മരണ ക്കായി അവന്റെ മുമ്പിൽ തലകുനിച്ചും പ്രാർത്ഥനയർപ്പിച്ചും നടത്തപ്പെടുന്ന മഹ ത്തായ ഒരാരാധനയാണ് നമസ്കാരം. ഖുത്വുബഃയാകട്ടെ, അല്ലാഹുവിനെക്കുറി ച്ചുള്ള സ്മരണയും ബോധവും ഭക്തിയും ശ്രോതാക്കളിൽ ഉളവാക്കുകയും, അവയെ പുതുക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഖുത്വുബഃ യെക്കുറിച്ച് തദ്കീർ (التذكير ഉത്ബോധനം) എന്ന് പറയപ്പെടുന്നതും. ഈ രണ്ടും ഉൾപ്പെടുത്തിക്കൊണ്ടുതന്നെയാണ് അല്ലാഹു- രണ്ടിലൊന്നിനെ പ്രത്യേകം എടു ത്തുപറയാതെ- 'ദിക്റി'ലേക്ക് -എന്ന് പറഞ്ഞിരിക്കുന്നതും. അപ്പോൾ, ജുമുഅഃ യിൽ സംബന്ധിക്കാത്ത ആളുകൾ- നബിﷺ അരുളിയതുപോലെ- അല്ലാഹു വിന്റെ സ്മരണയെ സംബന്ധിച്ചിടത്തോളം അശ്രദ്ധൻമാരാണെന്ന് സ്പഷ്ടമാ ണല്ലോ. ഖുത്വുബഃക്ക് ഇസ്‌ലാം കല്പിക്കുന്ന സ്ഥാനം എത്രത്തോളമാണെന്ന് മനസ്സിലാക്കുവാൻ ഒന്നുരണ്ട് നബിവചനങ്ങൾ ധാരാളം മതിയാകും:-

തിരുമേനി പറയുന്നു: 'ഒരാൾ വെള്ളിയാഴ്ച ദിവസം ഇമാം പ്രസംഗി ച്ചുകൊണ്ടിരിക്കെ സംസാരിച്ചാൽ; അവൻ ഗ്രന്ഥങ്ങൾ പേറുന്ന കഴുതയെപ്പോ ലെയാണ്. അവനോട് മിണ്ടാതിരിക്കുക എന്ന് പറയുന്നവനാകട്ടെ അവന് ജുമു അഃയും ഇല്ല.' (അ.) കഴുതകളെപ്പോലുള്ള മൂഢൻമാരേ അത് ചെയ്കയുള്ളൂ. അവരോട് ഉപദേശിച്ചിട്ടു ഫലം കാണുകയില്ല, അവരെ ഉപദേശിക്കുവാൻ മിന ക്കെടുന്നവർക്ക് ആ സമയം ഖുത്വുബഃ കേൾക്കാൻ കഴിയാതെ നഷ്ടപ്പെടുകയും ചെയ്യും'. ഇതൊക്കെയാണ് തിരുമേനി ചൂണ്ടിക്കാട്ടുന്നത്. മറ്റൊരു നബിവചനം നോക്കുക: 'ആരെങ്കിലും വുദ്വൂ ചെയ്തു- നന്നായി വുദ്വൂ ചെയ്തു- എന്നിട്ട് ജുമു അഃക്കു വന്ന് ശ്രദ്ധിച്ചുകേൾക്കുകയും മൗനമായിരിക്കുകയും ചെയ്തു. എന്നാല വന് അതിന്റെയും മറ്റേ ജുമുഅഃയുടെയും, ഇടക്കുള്ളതും, മൂന്ന് ദിവസത്തെ കൂടു തലും (പത്തുദിവസത്തെ പാപങ്ങൾ) പൊറുക്കപ്പെടുന്നതാണ്. ആരെങ്കിലും ഒരു ചരക്കല്ലുതൊട്ടുപോയാൽ, അവൻ വ്യർത്ഥാവിലായിപ്പോയി.' (മു.) അതായത്, ഏതെ ങ്കിലും ഒരു നിസ്സാരകാര്യത്തിലേക്ക് അവൻ ശ്രദ്ധതിരിച്ചാൽ ഉപദേശം കേൾക്കു വാൻ കഴിയാതെ, അവൻ വന്ന കാര്യം നഷ്ടപ്പെട്ടുവെന്ന് സാരം. ഇപ്പറഞ്ഞതെല്ലാം

മനസ്സിരുത്തിക്കൊണ്ട് ഒന്നാലോചിച്ചു നോക്കുക! ജുമുഅഃക്ക് പങ്കെടുക്കുന്നവരിൽ തന്നെ ചിലർ ഖുത്വുബഃവേളയിൽ അന്യോന്യം സംസാരിച്ചും കളിച്ചും ചിരിച്ചും കൊണ്ടിരിക്കുന്നതും, മറ്റ് ചിലർ അന്നേരം കിടന്നും ഉറങ്ങിയും സമയം കഴിക്കുന്നതും നമ്മുടെ നാടുകളിൽ- ഗ്രാമപ്രദേശങ്ങളിൽ വിശേഷിച്ചും- നിത്യാനുഭവങ്ങളാണ്. ഇവരെക്കാൾ ഭേദം ജുമുഅഃക്ക് വരാത്ത മടിയൻമാരും, കപടൻമാരുമാണെന്ന് തോന്നിപ്പോകുന്നു. കാരണം, അവരെ കൊണ്ട് മറ്റുള്ളവർക്ക് ശല്യമില്ലല്ലോ.

എനി, ഖുത്വുബഃ എങ്ങനെയുള്ളതാവണം? ഇതാണല്ലോ ഖുത്വുബഃയുടെ കാതലായ വശം. ഈ വിഷയകമായി സത്യാന്വേഷികൾക്ക് കാര്യം മനസ്സിലാക്കുവാൻ പോരുന്ന ചില ഹദീഥുകൾ ഉദ്ധരിക്കാം:

(1) ജാബിറുബ്നു സമൂറഃ (റ) പറയുന്നു: 'നബി ﷺക്ക് രണ്ട് ഖുത്വുബഃ (പ്രസംഗം) പതിവുണ്ടായിരുന്നു. രണ്ടിനുമിടയിൽ അവിടുന്ന് ഇരിക്കുമായിരുന്നു (ഖുത്വുബഃയിൽ) ക്വുർആൻ പാരായണം ചെയ്യുകയും, ജനങ്ങളെ ഉപദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ അവിടുത്തെ നമസ്കാരവും മിതമായിരുന്നു, അവിടുത്തെ ഖുത്വുബഃയും മിതമായിരുന്നു.' (മു.) അബൂദാവൂദ് (റ)ന്റെ രിവായത്തിൽ ക്വുർആനിൽനിന്നും പല ആയത്തുകൾ പാരായണം ചെയ്യുകയും ജനങ്ങളെ ഉപദേശിക്കുകയും ചെയ്തിരുന്നു എന്നാണുള്ളത്.

(2) ജാബിർ (റ) പറയുന്നു: റസൂൽ ﷺ പ്രസംഗം ചെയ്യുമ്പോൾ അവിടുത്തെ രണ്ട് കണ്ണുകളും ചുവപ്പ് വർണമാകും, ശബ്ദം ഉച്ചത്തിലാകും, കോപം കഠിനമാകും. എത്രത്തോളമെന്നാൽ, അവിടുന്ന് ഒരു സൈന്യത്തെക്കുറിച്ച് താക്കീത് നൽകുന്നവനാണെന്ന് തോന്നും.....! (മു.)

(3) ഉമ്മുഹിശാം (റ) എന്ന വനിതാ സ്വഹാബി പറയുന്നു: 'സൂറത്ത് ക്വാഫ് റസൂൽ തിരുമേനി ﷺയുടെ നാവിൽനിന്നല്ലാതെ ഞാൻ സ്വീകരിച്ചിട്ടില്ല (പഠിച്ചിട്ടില്ല). തിരുമേനി എല്ലാ ജുമുഅഃയിലും ജനങ്ങൾക്ക് പ്രസംഗം ചെയ്യുമ്പോൾ മിമ്പറിൽവെച്ച് അത് ഓതാറുണ്ടായിരുന്നു.' (മു)

ഈ മൂന്ന് ഹദീഥുകളിൽനിന്നുമായി- ഇതിന് ഉപോൽബലകമായ മറ്റ് പലതും ഉണ്ട്താനും- നമുക്ക് താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിയും: (1) വെള്ളിയാഴ്ച നബി ﷺ രണ്ട് പ്രസംഗങ്ങൾ ചെയ്യുകയും രണ്ടിനുമിടയിൽ ഇരിക്കുകയും ചെയ്തിരുന്നു. ഒരു ആശ്വാസമെന്ന നിലക്കും, ഒന്നാമത്തെ പ്രസംഗത്തിൽ ഉദ്ദേശിച്ച കാര്യങ്ങൾ പറഞ്ഞവസാനിച്ചശേഷം അടുത്തതിലേക്കുള്ള വിഷയത്തെപ്പറ്റി അൽപമൊന്ന് ആലോചിക്കുവാനും ഇത് ഉപകരിക്കുന്നു. അതൊക്കെത്തന്നെയായിരിക്കാം അതിന്റെ ഉദ്ദേശ്യവും. الله أعلم. ഏതായാലും ഈ ഇരുത്തത്തിന് അധികസമയം എടുക്കേണ്ടതില്ല. എങ്കിലും ചിലർ ചെയ്യാറു

ളളതുപോലെ, ഇരുന്നു കഴിയും മുമ്പായി എഴുന്നേൽക്കുവാൻ ധൃതികൂട്ടുന്നതും നന്നല്ല. സ്വന്തം യുക്തിയുടെ മാനദണ്ഡം കൊണ്ടുമാത്രം നബിചര്യയെ വിലയിരുത്തുക പതിവുള്ളവർ ഈ ഇരുത്തത്തെ വിമർശിക്കുകയും, രണ്ട് ഖുത്വുബഃയുടെ ആവശ്യത്തെ ചോദ്യം ചെയ്കയും ചെയ്യുന്നതിൽ അതിശയിക്കാനില്ല. അവർ അതും അതിനപ്പുറവും വാദിക്കുവാൻ ഒരുമ്പെട്ടവരാണ്. സത്യവിശ്വാസികൾ അതിൽ വഞ്ചിതരാകേണ്ടതില്ല.

(2) നബിﷺയുടെ ഖുത്വുബഃയിൽ ക്വുർആൻ വചനങ്ങളും ഉപദേശങ്ങളുമായിരുന്നു അടങ്ങിയിരുന്നത്. നാമും അതേ മാതൃക സ്വീകരിക്കേണ്ടതാണ്. സൂ: ഖാഫ് നബിﷺഖുത്വുബഃയിൽ സാധാരണ ഓതാറുണ്ടായിരുന്നതിൽനിന്ന് ഒരു സംഗതികൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിനെക്കുറിച്ചും, പരലോകം, വിചാരണ മുതലായവയെക്കുറിച്ചുമായിരുന്നു അവിടുന്ന് പ്രധാനമായും സ്പർശിച്ചിരുന്നതെന്നുള്ളതാണ് അത്. സൂ: ക്വാഫിന്റെ ഉള്ളടക്കം പരിശോധിച്ചാൽ ഇത് മനസ്സിലാകും. ഉപദേശം എന്ന് പറയുമ്പോൾ, അത് സന്ദർഭത്തിനൊത്തതായിരിക്കണമെന്ന് വ്യക്തമാണ്. സദസ്യരെക്കുറിച്ചും, സന്ദർഭങ്ങളെക്കുറിച്ചും അറിയാവുന്നവനും, ഹൃദയത്തിൽ ഭയഭക്തിയുള്ളവനുമായ ഒരു 'ഖത്വീബു' (പ്രാസംഗികൻ) സംസാരിക്കുമ്പോൾ, അയാളുടെ മനസ്സിൽ വികാരവും ഫലിതവും പറഞ്ഞോ, കുറെ സാഹിത്യക്കസറത്തുകൾ ഉപയോഗിച്ചോ, പൊതുജനങ്ങളെ ആകർഷിക്കുന്ന പുതുവിഷയങ്ങൾ അവതരിപ്പിച്ചോ- ഖുത്വുബഃകൾ നിർവഹിക്കുന്നതായാൽ അതുകൊണ്ട് ജുമുഅഃ ഖുത്വുബയുടെ ലക്ഷ്യം പൂർത്തിയാകുന്നതല്ല. മതബോധവും ദൈവബോധവും ഉണ്ടാക്കുവാൻ അത് ഉപകരിക്കുന്നതുമല്ല, അതുകൊണ്ട് തന്നെയാണ് മനുഷ്യരിൽ വെച്ച് ഏറ്റവും മാർദ്ദവശീലനായ നബി തിരുമേനിﷺ പ്രസംഗിക്കുമ്പോൾ, അവിടുത്തെ തിരുമുഖം ചുവക്കുകയും, അവിടുത്തേക്ക് ദേഷ്യം കഠിനമാകുകയും, ശബ്ദം ഉയരുകയും ചെയ്തിരുന്നത്. സംസാരിക്കുന്ന വിഷയം ഗൗരവപ്പെട്ടതും, അത് പ്രാസംഗികന്റെ ഹൃദയത്തിൽ നിന്ന് പൊന്തിവരുന്നതുമാണെങ്കിൽ മാത്രമേ ഈ വികാരം ഉണ്ടാകുകയുള്ളൂ.

ജുമുഅഃ ഖുത്വുബഃയുടെ ലക്ഷ്യം ഇന്നതാണെന്ന് ഏറെക്കുറെ അറിയാവുന്നവരിൽ നിന്നുപോലും സദസ്യർക്ക് ദൈവഭക്തിയും മതബോധവും ഉണ്ടാക്കുന്ന തരത്തിലുള്ള ഖുത്വുബഃകൾ കേൾക്കുവാനുള്ള ഭാഗ്യം ഇന്ന് വളരെ വിരളമായിട്ടാണിരിക്കുന്നത്. ഏറെക്കുറെ നെടുനീളനും പൊടിപൊടിപ്പനുമായ പ്രസംഗങ്ങൾ കേൾക്കാം. പേരിന് മാത്രം ഒന്ന് രണ്ട് ക്വുർആൻ വാക്യങ്ങളും കേട്ടേക്കാം. പക്ഷേ, വിഷയം വായിൽവന്നതും, ഖുത്വുബഃയുടെ ലക്ഷ്യവുമായി ബന്ധമില്ലാത്തതുമായിരിക്കും. പലരുടെയും പ്രസംഗങ്ങൾ ഇന്നത്തെ രാഷ്ട്രീയ പ്രസംഗങ്ങളിൽനിന്നും വ്യത്യസ്തമായിരിക്കയില്ല. മറ്റ് ചിലരുടെ ഉദ്ദേശംതന്നെ മതത്തിന്റെ നിഴലിൽകൂടി തങ്ങളുടെ ഭൗതികാദർശങ്ങൾ പ്രചരിപ്പിക്കൽ കൂടിയാണെന്ന് പറയേണ്ടിയിരിക്കുന്നു. ഇങ്ങനെയൊക്കെയാണ് ഇന്നത്തെ ഖത്വീബുമാരിൽ ഒരു വിഭാഗത്തിന്റെ നിലയെങ്കിൽ, മറ്റൊരു വിഭാഗക്കാർ ചെയ്യുന്നത് മുൻകാ

ലത്ത് ആരെങ്കിലും രചിച്ചുവെച്ച ഏടുകൾ നോക്കി വായിച്ചു തൃപ്തി അടയലാണ്. അത് അറബിയിൽ തന്നെ വേണമെന്ന് അവർക്ക് നിഷ്കർഷയുമുണ്ട്. സദസ്യരിൽ ആർക്കും, അല്ലെങ്കിൽ ബഹുഭൂരിഭാഗത്തിന് അറബി അറിയുകയില്ല താനും. അത്രയുമല്ല, ആ ഏടുനോക്കി വായിക്കുന്നവന്- അവരുടെ ഭാഷയിൽ ഖത്വീബിന്- തന്നെയും ചിലപ്പോൾ ആ വായിക്കപ്പെടുന്നതിന്റെ അർത്ഥം അറിഞ്ഞിരിക്കയില്ല. ഇത് വാസ്തവത്തിൽ 'ഖുത്വുബഃ' (പ്രസംഗം) അല്ല. കേവലം 'ക്വിറാഅത്ത്' (വായന) മാത്രമാണ്.

ജുമുഅഃ ഖുത്വുബഃ അറബിയിൽതന്നെ ആയിരിക്കൽ നിർബന്ധമാണോ? അതല്ല, അതാതുനാട്ടിലെ ജനങ്ങൾക്കറിയാവുന്ന ഭാഷയിലായിരിക്കയാണോ വേണ്ടത്? ഇന്നത്തെ ഒരു തർക്കവിഷയമാണിത്. അല്പം തന്റേടമുള്ള ഒരു സത്യാന്വേഷിക്ക് ഇതിൽ സംശയത്തിനവകാശമില്ല. ഈ വിഷയകമായി ഇവിടെ കൂടുതൽ സംസാരിച്ചു ദീർഘിപ്പിക്കുവാൻ മുതിരുന്നില്ല. ഖുത്വുബഃയുടെ ലക്ഷ്യം സദസ്യരെ ഉപദേശിക്കലും, അവർക്ക് ബോധമുണ്ടാക്കലുമാണെങ്കിൽ- അതാണ് ലക്ഷ്യം എന്ന് തീർച്ചയുമാണ്- ഖുത്വുബഃ ജനങ്ങൾക്ക് ഗ്രഹിക്കാവുന്ന ഭാഷയിലായിരിക്കണമെന്നുള്ളതിൽ സംശയമില്ലല്ലോ. അറബിയിൽതന്നെ വേണമെന്നുള്ളതിന് പ്രസക്തമായ എന്തെങ്കിലും ഒരു തെളിവ് ഇല്ലതാനും. അതുകൊണ്ടാണ് മറ്റ് പലതിലുമെന്നപോലെ, ഖുത്വുബഃയിലെ 'ഹംദു- തശ്ഹുദ്- സ്വലാത്ത്' മുതലായ ഭാഗങ്ങൾ അറബിയിലായിരിക്കണമെന്നും, ഉപദേശത്തിന്റെ ഭാഗം അറബിയിലായിരിക്കേണ്ടതില്ലെന്നുംകർമശാസ്ത്രപണ്ഡിതൻമാർ (ഫുക്വഹാക്കൾ) പ്രസ്താവിക്കുന്നത്. പക്ഷേ, കക്ഷിപിടിച്ചു തർക്കത്തിന് മിനക്കെടുന്നവർക്കും, സത്യത്തിന് വഴങ്ങിയാൽ സ്വാർത്ഥങ്ങൾ നഷ്ടപ്പെടുമെന്ന് ഭയപ്പെടുന്നവർക്കും തെളിവും ന്യായവും സ്വീകാര്യമായിരിക്കയില്ലല്ലോ.

നബി തിരുമേനിﷺയുടെ സുന്നത്തിനെയാണ് പിൻപറ്റേണ്ടതെന്ന് ബോധ്യമുള്ള ഖത്വീബുമാർ വേണ്ടത് കഴിയുന്നത്ര ക്വുർആൻ വാക്യങ്ങൾ ജനങ്ങളെ ഓതിക്കേൾപ്പിച്ചു മനസ്സിലാക്കുകയും, അതിന്റെ വിവരണത്തിൽ കഴിയുന്നത്ര നബിﷺയുടെ ഹദീഥുകളും ഉൾക്കൊള്ളിക്കുകയുമാണ്. സ്വന്തംവക സമർത്ഥനങ്ങളെക്കാളും, സദസ്യരിൽ മിക്കവർക്കും ഗ്രഹിക്കാൻ കഴിയാത്ത സാഹിത്യപ്രയോഗങ്ങളെക്കാളും, കാമ്യവും ഉപയോഗപ്രദവും അതായിരിക്കും. നാമമാത്രം ഏതെങ്കിലും അരമുറി ക്വുർആൻ വാക്യം ഉദ്ധരിക്കുകയും, പിന്നീട് സ്വന്തം വൈഭവം പ്രകടിപ്പിക്കുകയും, തനിക്ക് താലപര്യമുള്ള ആദർശം പ്രചരിപ്പിക്കുവാൻ കിട്ടിയ അവസരം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നവരെ ഖത്വീബുമാരായി ജനങ്ങൾ സ്വീകരിക്കരുതെന്നും, കുറെയൊക്കെ വിവരവും, ബോധവും, ഭക്തിയുമുള്ളവരെ മാത്രമേ തങ്ങളുടെ ഖത്തീബുമാരായി സ്വീകരിക്കാവൂ എന്നും എല്ലാ പള്ളിമഹല്ലു ഭാരവാഹികളും പൊതുജനങ്ങളും ഓർത്തിരിക്കേണ്ടതാണ്. ഇല്ലാത്തപക്ഷം, ഇസ്ലാമിനെതിരിൽ ഇന്ന് നടമാടിക്കൊണ്ടിരിക്കുന്ന വിവിധ സംരംഭങ്ങൾക്ക് -നാം അറിഞ്ഞോ അറിയാതെയോ- നൽകുന്ന ഒരു മുതൽകൂട്ടായി നമ്മുടെ ഖുത്വുബഃകൾ കലാശിച്ചേക്കുമെന്ന് ഓർക്കേണ്ടതാണ്.

ഖുത്വുബഃ മാതൃഭാഷയിൽ നടത്തപ്പെടുന്നത് ഇത്തരക്കാർക്ക് കൂടുതൽ സൗകര്യം ഉളവാക്കുന്നു. ഈ നിലക്ക് ഇവരുടെ മാതൃഭാഷയിലുള്ള പ്രസംഗങ്ങളെക്കാൾ ഉത്തമം ഇന്നത്തെ അറബിഖുത്വുബഃ വായനയാണെന്ന് പറയേണ്ടിയിരിക്കുന്നു. കാരണം, ഖുത്വുബഃയുടെ ലക്ഷ്യം സാധിക്കാത്ത ദോഷം അതിലുണ്ടെങ്കിലും അത് മൂലം ഇങ്ങനെയുള്ള ആപത്തുകൾ നേരിടാനില്ലല്ലോ.

(3) നബിﷺയുടെ ഖുത്വുബഃയും, നമസ്കാരവും മിതമായിരുന്നു. ഇതുംതന്നെ ഇന്ന് മിക്കവരും അവഗണിച്ചിരിക്കുകയാണ്. ഖുത്വുബഃ കൂടുതൽ നേരം നീട്ടിക്കൊണ്ട് പോകൽ പലരുടെയും പതിവാകുന്നു. സാരവത്തും, കാര്യമാത്രപ്രസക്തവുമായ സംസാരമായിരിക്കുക, ചുരുങ്ങിയ സമയംകൊണ്ടവസാനിപ്പിക്കുക, ഇതാണ് കരണീയമായതും തിരുമേനിയുടെ നടപടിയോട് യോജിച്ചതും. ശ്രോതാക്കളുടെ ശ്രദ്ധയും ക്ഷമയും സജീവമായിരിക്കുവാനും അതാണ് ഉപകരിക്കുക. നബിﷺയുടെ ഒരു തിരുവചനത്തിൽനിന്ന് ഇത് നല്ലപോലെ മനസ്സിലാക്കാം. അവിടുന്ന് പറഞ്ഞിരിക്കുന്നു: 'ഒരു മനുഷ്യന്റെ നമസ്കാരം ദീർഘിക്കലും, അവന്റെ പ്രസംഗം (ദീർഘിക്കാതെ) ചുരുങ്ങലും അവന്റെ വിജ്ഞാനത്തിന്റെ അടയാളമാകുന്നു.' (മു.) പക്ഷേ, നമസ്കാരം സംഘമായിട്ടാകുമ്പോൾ അത് കൂടുതൽ ദീർഘിപ്പിച്ചുകൂടാ എന്ന് ഹദീഥുകളിൽ തന്നെ പ്രസിദ്ധമായി അറിയപ്പെട്ടതാണ്. താരതമ്യേന നോക്കുകയാണെങ്കിൽ പ്രസംഗം കഴിവതും ചുരുങ്ങുകയും, നമസ്കാരം ദീർഘിക്കുകയുമാണ് വേണ്ടത് എന്ന് സാരം. ഇത് ജുമുഅഃയെ സംബന്ധിച്ച് മാത്രം പ്രസ്താവിച്ചതല്ല. പൊതുവിലുള്ള ഒരു വസ്തുതയത്രെ. പ്രസംഗം ചുരുക്കണമെന്ന് പറഞ്ഞതിലടങ്ങിയ തത്വം നബിﷺതന്നെ ചൂണ്ടിക്കാട്ടുന്നത് നോക്കുക: 'ആകയാൽ, നിങ്ങൾ നമസ്കാരം ദീർഘിപ്പിക്കുവിൻ, പ്രസംഗം ചുരുക്കുകയും ചെയ്യുവിൻ. നിശ്ചയമായും വിവരണത്തിൽ ഒരു വശ്യശക്തിയുണ്ട്.' ഇതാണ് ഇ ൗ ഹദീഥിന്റെ ബാക്കിഭാഗം. വിഷയം ശരിക്ക് അവതരിപ്പിക്കുവാൻ കഴിയാത്തതുകൊണ്ടാണ് പ്രസംഗം നീണ്ടുപോകുന്നതെന്ന് ഇതിൽ സൂചന കാണാം.

وذروا البيع (കച്ചവടം ഉപേക്ഷിക്കുകയും ചെയ്യുക.) എന്ന് പറഞ്ഞതിന്റെ താൽപര്യം ജുമുഅഃയിൽ പങ്കെടുക്കുന്നതിന് മുടക്കായിത്തീരുന്ന എല്ലാ ജോലികളും ബാങ്കുവിളി കേട്ടാൽ പിന്നീട് തുടരാതെ നിറുത്തിവെക്കണമെന്നാകുന്നു. എന്നല്ലാതെ, കച്ചവടക്കാർ മാത്രം തങ്ങളുടെ ജോലി നിറുത്തി പങ്കെടുത്താൽ മതി എന്ന് അതിന് അർത്ഥമില്ല. അടുത്ത വചനത്തിൽ നമസ്കാരം നിർവ്വഹിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ കച്ചവടം നടത്തിക്കൊള്ളുവിൻ' എന്ന് പറയാതെ 'ഭൂമിയിൽ വ്യാപിച്ച് ഉപജീവനമാർഗം തേടിക്കൊള്ളുവിൻ' എന്ന് പറഞ്ഞതിൽനിന്നു തന്നെ ഇത് മനസ്സിലാക്കാം. കച്ചവടത്തെ പ്രത്യേകം എടുത്തുപറയുവാനുള്ള കാരണം പലതുമാവാം. സ്വഹാബികളിൽ പലരും കച്ചവടക്കാരായിരുന്നു. കച്ചവടങ്ങൾ മിക്കവാറും പട്ടണങ്ങളിലുമായിരിക്കും നടക്കുന്നത്. ജുമുഅഃ പോലെയുള്ള പൊതുസമ്മേളനങ്ങളിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന ഉൾനാട്ടുകാർ തങ്ങളുടെ ജോലിത്തിരക്കുകൾ നേരത്തേതന്നെ നിറുത്തിവെച്ച് ഒരുങ്ങുന്നതും, അങ്ങാടി

യിൽ വസിക്കുന്നവരും കച്ചവടക്കാരും സമയം അടുക്കുമ്പോൾ മാത്രം ജോലിനിറുത്തിവെച്ച് പുറപ്പെടുന്നതും സാധാരണ പതിവാണല്ലോ. കൂടാതെ ചില വ്യാഖ്യാതക്കൾ സൂചിപ്പിച്ചതുപോലെ (*) വെള്ളിയാഴ്ച മദീനാപരിസരങ്ങളിൽ കൂടുതൽ കച്ചവടം നടക്കുന്ന ദിവസമായിരിക്കുവാനും കാരണമുണ്ട്. മദീനാപരിസരം യഹൂദപ്രദേശമായിരുന്നുവല്ലോ. അവർക്ക് ശനിയാഴ്ച ഒഴിവുദിവസമാണ്. ക്രിസ്ത്യാനികൾക്ക് ഞായറാഴ്ചയും ഒഴിവുദിവസമാണ്. ആ നിലക്ക് വെള്ളിയാഴ്ച അങ്ങാടി കൂടുതൽ സജീവമായിരിക്കുക സ്വാഭാവികമായിരിക്കും. ഈ രണ്ട് ദിവസത്തിനും മുമ്പിലായി വെള്ളിയാഴ്ച ദിവസം വാരാന്തപ്പെരുന്നാളായി ആചരിക്കുവാൻ അല്ലാഹു നിയമിച്ചത് ഈ സമുദായത്തിന് ലഭിച്ച ഒരു ഭാഗ്യമായി ഒരു ഹദീഥിൽ നബിﷺ ചൂണ്ടിക്കാട്ടിയതും സ്മരണീയവുമാകുന്നു. (**) ഏതായാലും ജുമുഅഃക്ക് ബാങ്കുവിളിച്ചാൽ കച്ചവടം നിറുത്തിവെക്കണമെന്ന് അല്ലാഹു കല്പിച്ചിരിക്കെ, ആ കല്പന അനുസരിക്കാതെ നടത്തപ്പെടുന്ന എല്ലാ കച്ചവടവും മുസ്ലിംകൾക്ക് ഹറാം (കുറ്റകരമായ നിഷിദ്ധം) ആണെന്നുള്ളതിൽ സംശയമില്ല. ഹറാമാണെന്ന് മാത്രമല്ല, ആ കൊള്ളക്കൊടുക്കലുകൾ മതദൃഷ്ട്യാ സാധുവാകുകയുമില്ല എന്ന്പോലും പല മഹാൻമാരും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതിന് ന്യായവും ഇല്ലാതില്ല.

തുടർന്നുകൊണ്ട് അല്ലാഹു പറയുന്നു: ذلكم خير لكم ان كنتم تعلمون (അത് നിങ്ങൾക്ക് ഗുണകരമാണ്- നിങ്ങൾക്കറിയാമെങ്കിൽ!) വളരെ അർത്ഥഗർഭമായ ഒരു വാക്യമാണിത്. അൽപ്പനേരം നിങ്ങളുടെ ലൗകിക കാര്യങ്ങളും ജോലിത്തിരക്കുകളും ഒന്ന് നിറുത്തിവെച്ചാലുണ്ടാകുന്ന നഷ്ടവും, ജുമുഅഃയിൽ പങ്കെടുത്താൽ ലഭിക്കുവാനിരിക്കുന്ന നേട്ടങ്ങളും തുലനം ചെയ്യുമ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാം. ഇതാണ് നിങ്ങൾക്ക് ഉത്തമം- ഇതാണ് നിങ്ങൾക്ക് കൂടുതൽ ലാഭകരം- എന്ന് താൽപര്യം. ഖുത്വുബഃയിൽ നിന്ന് ലഭിക്കാവുന്ന അറിവുകൾ, സംഘമായി നമസ്കരിക്കുന്നതിലുള്ള നന്മകൾ, ഒരു നാട്ടിലെ സഹോദരങ്ങൾ ഒരിടത്ത് സമ്മേളിക്കുന്നതിൽ അടങ്ങിയ രഹസ്യങ്ങൾ, സർവ്വോപരി അല്ലാഹുവിന്റെ കൽപ്പന അനുസരിച്ചുകൊണ്ട് അൽപ്പനേരം ഐഹിക കാര്യങ്ങളിൽനിന്ന് സ്വസ്ഥമായി അല്ലാഹുവിന്റെ വീട്ടിൽ അവന്റെ സ്മരണയിലും അവനോടുള്ള പ്രാർത്ഥനയിലും കഴിഞ്ഞുകൂടൽ, ഇവ ഓരോന്നും സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ വിലപിടിച്ച സമ്പാദ്യം തന്നെയാണ്.

ബാങ്കുവിളിയോടുകൂടി നിറുത്തിവെക്കുവാൻ കൽപിച്ചിരുന്ന ഏർപ്പാടുകളെല്ലാം ജുമുഅഃ നമസ്കാരം കഴിഞ്ഞാൽ എല്ലാവർക്കും പുറത്തിറങ്ങി പുനരാരംഭിക്കാമെന്നും, അങ്ങനെ അല്ലാഹു അവന്റെ അനുഗ്രഹത്താൽ ഓരോരുത്തർക്കും സൗകര്യപ്പെടുത്തിക്കൊടുത്തിട്ടുള്ള ഉപജീവനമാർഗങ്ങൾ സ്വീകരിക്കാമെന്നുമാണ് അടുത്ത (فإذا قضيت الصلاة الخ) വചനത്തിൽ അല്ലാഹു അറി

---

* كما في تفسير المدارك

** كما في البخاري ومسلم

യിക്കുന്നത്. നമസ്കാരം കഴിയുന്നതുവരെ എല്ലാ വ്യാപാരങ്ങളും നിറുത്തി വെക്കൽ നിർബന്ധമാണ് എന്ന അർത്ഥത്തിലുള്ള ഒരു കൽപനയല്ല ഇത്. ആദ്യത്തെ നിരോധാജ്ഞയുടെ സമയം നമസ്കാരത്തോടുകൂടി അവസാനിച്ചുവെന്ന അറിയിപ്പും, എനി അത് വീണ്ടും തുടർന്നുകൊള്ളുവാനുള്ള അനുവാദവും, അതോടൊപ്പം അല്ലാഹുവിന്റെ അനുഗ്രഹമാകുന്ന ആഹാരമാർഗം തേടിക്കൊള്ളുവാനുള്ള പ്രോത്സാഹനവുമാണ് അതിൽ അടങ്ങിയിരിക്കുന്നത്.

ഈ സന്ദർഭത്തിൽ ഒരുകാര്യംകൂടി ഇവിടെ ചൂണ്ടിക്കാട്ടുന്നത് അസ്ഥാനത്താവുകയില്ല. ജുമുഅഃയിലാകട്ടെ, മറ്റ് ജമാഅത്ത് നമസ്കാരങ്ങളിലാകട്ടെ, നമസ്കാരം കഴിഞ്ഞാൽ ചില പ്രത്യേക രൂപത്തിലുള്ള കൂട്ടപ്രാർത്ഥനകൾ കഴിഞ്ഞേ എഴുന്നേറ്റ് പോകാവൂ എന്നൊരു അലിഖിത നിയമം പലരും പലേടത്തും ആചരിച്ചുവരുന്നുണ്ടല്ലോ. നമസ്കാരം കഴിഞ്ഞാൽ ഭൂമിയിൽ വ്യാപിക്കാമെന്ന് അനുവദിച്ചുകൊണ്ടുള്ള അല്ലാഹുവിന്റെ കൽപനക്ക് എതിരാണിത്. നബി ﷺ യോ, സ്വഹാബികളോ, അവരെ പിൻതുടർന്നുവന്ന മുൻഗാമികളോ അങ്ങനെ ചെയ്തിരുന്നതുമില്ല. അതേസമയത്ത് നമസ്കാരാനന്തരം പല ദിക്റുകൾ ചൊല്ലുവാനും ദുആ ചെയ്യാനും നബി തിരുമേനി ﷺ ഊന്നിപ്പറയുകയും, പ്രവർത്തനത്തിൽ കാണിച്ചുതരുകയും ചെയ്തിട്ടുണ്ടുതാനും. പക്ഷേ, കൂട്ടായിരുന്നുകൊണ്ടോ, നിർബന്ധമെന്ന നിലക്കോ അല്ല അത്. ഐച്ഛികവും പുണ്യകരവും എന്ന നിലക്കുമാത്രം. മതസംബന്ധമായ മിക്ക അനുഷ്ഠാനകർമങ്ങളും പരിശോധിച്ചാൽ, ഇന്ന് നമ്മുടെ സമുദായത്തിന്റെ പൊതുനില അങ്ങേഅററം വ്യസനകരമാകുന്നു. ഒന്നുകിൽ, അതിൽ വെച്ചുകെട്ടിയും കൂട്ടിച്ചേർത്തും മതത്തിന്റെ അതിർത്തിക്കപ്പുറം കടന്ന ഒരു വിഭാഗത്തെ അല്ലെങ്കിൽ വെട്ടിച്ചുരുക്കിയും തള്ളിക്കളഞ്ഞും മതത്തിന്റെ അതിർത്തിയിൽ എത്തിച്ചേരാത്ത ഒരു വിഭാഗത്തെ, ഇങ്ങനെയാണധികവും കാൺമാൻ കഴിയുന്നത്. നമസ്കാരത്തിന് ശേഷമുള്ള ദിക്ർ, ദുആ മുതലായതും അതിൽ ഉൾപ്പെടുന്നു. ഒരു കൂട്ടർ നമസ്കാരത്തെപ്പോലെയോ നമസ്കാരത്തെക്കാളധികമോ പ്രാധാന്യം അതിന് നൽകുന്നു. മറ്റൊരു കൂട്ടരാകട്ടെ, അതെല്ലാം പഴഞ്ചനും പരിഹാസ്യവുമായി ഗണിക്കുകയും ചെയ്യുന്നു. അല്ലാഹു നമ്മെയെല്ലാം അവന്റെ ഋജുവായ പാതയിൽനിന്ന് ഇടത്തോട്ടും വലത്തോട്ടും തെറ്റാതെ നേർക്കുനേരെ ചരിക്കുവാൻ തൗഫീക് നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

ജുമുഅഃയെ സംബന്ധിച്ച കാര്യങ്ങൾ പ്രസ്താവിച്ചതിനുശേഷം, ജുമുഅഃ കർമങ്ങളിൽ മാത്രമല്ല, എല്ലാ അവസരത്തിലും അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയും ബോധവും സത്യവിശ്വാസികൾക്കുണ്ടായിരിക്കണമെന്നും,ഇങ്ങനെയുള്ള കൽപനകളും ഉപദേശങ്ങളുമെല്ലാം നൽകുന്നത് അവരുടെ വിജയത്തിനും നന്മക്കും വേണ്ടിത്തന്നെയാണെന്നും ഉണർത്തിക്കൊ

ണ്ടാണ് അല്ലാഹു രണ്ടാമത്തെ വചനം അവസാനിപ്പിക്കുന്നത്. അല്ലാഹു പറയുന്നു: واذكرو الله كثيرا لعلكم تفلحون (നിങ്ങൾ അല്ലാഹുവിനെ ധാരാളം സ്മരിക്കുകയും ചെയ്യണം- നിങ്ങൾ വിജയിച്ചേക്കാം.)

അല്ലാഹുവിനെ ധാരാളം സ്മരിക്കുകയും, അങ്ങനെ വിജയം പ്രാപിക്കുകയും ചെയ്യുന്ന സജ്ജനങ്ങളിൽ നമ്മെയെല്ലാം അവൻ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. آمين

سورة المنافقون

63. സൂറത്തുൽ- മുനാഫികൂൻ

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 11 - വിഭാഗം (റുകൂഉ്) 2
(കഴിഞ്ഞ സൂറത്തിന്റെ ആരംഭത്തിൽ ഈ സൂറത്തിനെപ്പററി പ്രസ്താവിച്ചത് ഓർമിക്കുക).

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

إِذَا جَآءَكَ ٱلۡمُنَٰفِقُونَ قَالُواْ نَشۡهَدُ إِنَّكَ لَرَسُولُ ٱللَّهِ وَٱللَّهُ يَعۡلَمُ إِنَّكَ لَرَسُولُهُۥ وَٱللَّهُ يَشۡهَدُ إِنَّ ٱلۡمُنَٰفِقِينَ لَكَٰذِبُونَ ﴿١﴾

﴾1﴿ (നബിയേ) കപടവിശ്വാസികൾ നിന്റെ അടുക്കൽ വരുമ്പോൾ അവർ പറയും: 'താങ്കൾ അല്ലാഹുവിന്റെ റസൂൽ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു എന്ന്.'

അല്ലാഹുവിനറിയാം, നീ അവന്റെ റസൂൽ തന്നെ എന്ന്. നിശ്ചയമായും, കപടവിശ്വാസികൾ കളവുപറയുന്നവരാകുന്നുവെന്ന് അല്ലാഹു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

ٱتَّخَذُوٓاْ أَيۡمَٰنَهُمۡ جُنَّةً فَصَدُّواْ عَن سَبِيلِ ٱللَّهِۚ إِنَّهُمۡ سَآءَ مَا كَانُواْ يَعۡمَلُونَ ﴿٢﴾

﴾2﴿ തങ്ങളുടെ ശപഥങ്ങളെ അവർ ഒരു തടവ് (അഥവാ പരിച) ആക്കിയിരിക്കുന്നു; അങ്ങനെ, അല്ലാഹുവിന്റെ മാർഗത്തിൽനിന്നും അവർ (ജനങ്ങളെ) തടയുകയാണ്, നിശ്ചയമായും, അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എത്രയോ ദുഷിച്ചതത്രെ!

ذَٰلِكَ بِأَنَّهُمْ ءَامَنُوا۟ ثُمَّ كَفَرُوا۟ فَطُبِعَ عَلَىٰ قُلُوبِهِمْ فَهُمْ لَا يَفْقَهُونَ ﴿٣﴾

《3》 അത്, അവര്‍ വിശ്വസിക്കുകയും, പിന്നീട് അവിശ്വസിക്കുകയും ചെയ്തതുകൊണ്ടാകുന്നു. അതിനാല്‍ അവരുടെ ഹൃദയങ്ങള്‍ക്ക് മുദ്രവെക്കപ്പെട്ടിരിക്കുന്നു: ആകയാല്‍, അവര്‍ (കാര്യം) ഗ്രഹിക്കുന്നതല്ല.

《1》 إِذَا جَآءَكَ നിന്റെ അടുക്കല്‍ വരുമ്പോള്‍, വന്നാല്‍ ٱلْمُنَـٰفِقُونَ കപടവിശ്വാസികള്‍ قَالُوا۟ അവര്‍ പറയും إِنَّكَ നിശ്ചയമായും നീ لَرَسُولُ ٱللَّهِ അല്ലാഹുവിന്റെ റസൂല്‍ തന്നെ وَٱللَّهُ يَعْلَمُ അല്ലാഹു അറിയുന്നു إِنَّكَ لَرَسُولُهُۥ നീ അവന്റെ റസൂല്‍ തന്നെ എന്ന് وَٱللَّهُ يَشْهَدُ അല്ലാഹു സാക്ഷ്യപ്പെടുത്തുക (സാക്ഷ്യം വഹിക്കുക)യും ചെയ്യുന്നു إِنَّ ٱلْمُنَـٰفِقِينَ നിശ്ചയമായും കപടവിശ്വാസികള്‍ لَكَـٰذِبُونَ കളവ് പറയുന്നവര്‍ തന്നെ എന്ന് 《2》 ٱتَّخَذُوٓا۟ അവര്‍ ആക്കിയിരിക്കുന്നു أَيْمَـٰنَهُمْ തങ്ങളുടെ ശപഥ (സത്യ)ങ്ങളെ جُنَّةً ഒരു തടവ്, മറവ്, പരിച فَصَدُّوا۟ അങ്ങനെ അവര്‍ തടഞ്ഞു, തട്ടിക്കളഞ്ഞു عَن سَبِيلِ ٱللَّهِ അല്ലാഹുവിന്റെ മാര്‍ഗത്തില്‍നിന്ന് إِنَّهُمْ നിശ്ചയമായും അവര്‍ سَآءَ എത്രയോ (വളരെ) ദുഷിച്ചതാണ് مَا كَانُوا۟ يَعْمَلُونَ അവര്‍ പ്രവര്‍ത്തിച്ചുകൊണ്ടിരിക്കുന്നത് 《3》 ذَٰلِكَ അത് بِأَنَّهُمْ ءَامَنُوا۟ അവര്‍ വിശ്വസിച്ചത് നിമിത്തമാണ് ثُمَّ كَفَرُوا۟ പിന്നീട് അവര്‍ അവിശ്വസിക്കയും ചെയ്തു فَطُبِعَ അതിനാല്‍ മുദ്രയടിക്കപ്പെട്ടു عَلَىٰ قُلُوبِهِمْ അവരുടെ ഹൃദയങ്ങള്‍ക്ക് فَهُمْ എനി അവര്‍ لَا يَفْقَهُونَ ഗ്രഹിക്കുകയില്ല

മുസ്‌ലിം വേഷമണിയുകയും, അതേസമയത്ത് ഉള്ളില്‍ അവിശ്വാസം പുലര്‍ത്തിപ്പോരുകയും, ഇസ്‌ലാമിനെതിരില്‍ ഗൂഢപ്രവര്‍ത്തനങ്ങള്‍ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നവരാണല്ലോ കപടവിശ്വാസികള്‍. നബി ﷺ യുടെ അടുക്കല്‍ വരുമ്പോള്‍ തങ്ങള്‍ സത്യവിശ്വാസികളാണെന്നും, നബി ﷺ യില്‍ വിശ്വസിച്ചിട്ടുണ്ടെന്നും നടിക്കും. അത് സത്യം ചെയ്തു സാക്ഷ്യപ്പെടുത്തുകയും ചെയ്യും. പറയുന്ന കാര്യം യഥാര്‍ത്ഥത്തില്‍ ശരിയാണെങ്കിലും, മനസ്സാക്ഷിക്കെതിരായി ചെയ്യുന്ന കള്ളസത്യമാണതെന്ന് വ്യക്തമാണ്. തങ്ങളുടെ മറ വെളിപ്പെടാതെയും, തങ്ങള്‍ ഇസ്‌ലാമിന്റെ ശത്രുക്കളായി ഗണിക്കപ്പെടാതെയും തങ്ങള്‍ ഇരിക്കുവാനുള്ള ഒരു തടവായിട്ടത്രെ അവരത് ചെയ്യുന്നത്. അവരുടെ ഉള്ളുകള്ളി അറിയാത്ത മുസ്‌ലിംകളെ വഞ്ചിച്ചുകളയുവാനും, അവരുടെ ചില കെണിവലകളില്‍ അവര്‍ അകപ്പെടുവാനും അത് കാരണമായിത്തീരുന്നു. 'അവര്‍ അല്ലാഹുവിന്റെ മാര്‍ഗത്തില്‍നിന്ന് തടയുകയാണ്', എന്ന് പറഞ്ഞത് ഇതുകൊണ്ടാണ്. ആദ്യം എല്ലാ മുസ്‌ലിംകളെയുംപോലെ അവരും സത്യവിശ്വാസം രേഖപ്പെടുത്തി പിന്നീട് അവിശ്വാസത്തില്‍തന്നെ ഉറച്ചു നില്‍ക്കുകയും ചെയ്തു. ഇതിന്റെ ഫലമായി അവരുടെ ഹൃദയങ്ങള്‍ അങ്ങേഅറ്റം

ദുഷിക്കുകയും, മേലിൽ യാതൊരു നന്മയും സത്യവും പ്രവേശിക്കാത്തവിധം അവ ഭദ്രമായി അടച്ചുപൂട്ടി മുദ്ര വെക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഇനി അവർ കാര്യം ഗ്രഹിക്കുമെന്ന് പ്രതീക്ഷിക്കാവതല്ല. ഇതാണ് അവരുടെ നില എന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അല്ലാഹുവിന് ഈ കപടവിശ്വാസികളോടുള്ള വെറുപ്പിന്റെ കാഠിന്യം അടുത്ത വചനത്തിൽ കാണുക:

وَإِذَا رَأَيْتَهُمْ تُعْجِبُكَ أَجْسَامُهُمْ ۖ وَإِن يَقُولُوا۟ تَسْمَعْ لِقَوْلِهِمْ ۖ كَأَنَّهُمْ خُشُبٌ مُّسَنَّدَةٌ ۖ يَحْسَبُونَ كُلَّ صَيْحَةٍ عَلَيْهِمْ ۚ هُمُ ٱلْعَدُوُّ فَٱحْذَرْهُمْ ۚ قَـٰتَلَهُمُ ٱللَّهُ ۖ أَنَّىٰ يُؤْفَكُونَ ﴿٤﴾

﴾4﴿ അവരെ നീ കണ്ടാൽ, അവരുടെ ശരീരങ്ങൾ നിന്നെ ആശ്ചര്യപ്പെടുത്തും; അവർ (വല്ലതും) പറയുന്നപക്ഷം അവരുടെ വാക്കിലേക്ക് നീ ചെവികൊടുത്തു പോകയും ചെയ്യും! ചാരിവെക്കപ്പെട്ട മരത്തിടകളെന്നോണമിരിക്കുന്നു, അവർ.

ഉച്ചത്തിലുള്ള എല്ലാ ശബ്ദങ്ങളും തങ്ങൾക്കെതിരായാണെന്ന് അവർ വിചാരിക്കും. അവരത്രെ ശത്രു; ആകയാൽ, അവരെ സൂക്ഷിച്ചുകൊള്ളുക. അല്ലാഹു അവരെ നശിപ്പിക്കട്ടെ [ശപിക്കട്ടെ]! എങ്ങനെയാണ് അവർ (സത്യംവിട്ടു) തെറ്റിക്കപ്പെടുന്നത്?!

﴾4﴿ وَإِذَا رَأَيْتَهُمْ അവരെ നീ കണ്ടാൽ تُعْجِبُكَ നിന്നെ ആശ്ചര്യപ്പെടുത്തും أَجْسَامُهُمْ അവരുടെ ശരീരങ്ങൾ وَإِن يَقُولُوا۟ അവർ പറയുന്നു (സംസാരിക്കുന്നു) വെങ്കിലോ تَسْمَعْ നീ കേട്ടു (ചെവികൊടുത്തു) പോകും لِقَوْلِهِمْ അവരുടെ വാക്കിലേക്ക്, പറയുന്നതിലേക്ക് كَأَنَّهُمْ خُشُبٌ അവർ മരത്തടികളെ പോലെയുണ്ട് مُّسَنَّدَةٌ ചാരിവെക്കപ്പെട്ട يَحْسَبُونَ അവർ ഗണിക്കും, വിചാരിക്കും كُلَّ صَيْحَةٍ എല്ലാ അട്ടഹാസവും, ഉച്ചത്തിലുള്ള ശബ്ദവും عَلَيْهِمْ തങ്ങൾക്കെതിരാണെന്ന് هُمُ ٱلْعَدُوُّ അവരത്രെ ശത്രു فَٱحْذَرْهُمْ ആകയാൽ അവരെ സൂക്ഷിച്ചുകൊള്ളുക, അവരെപ്പറ്റി ജാഗ്രതയായിരിക്കുക قَـٰتَلَهُمُ ٱللَّهُ അല്ലാഹു അവരോട് യുദ്ധം ചെയ്യട്ടെ, (അവരെ നശിപ്പിക്കട്ടെ- ശപിക്കട്ടെ) أَنَّىٰ എങ്ങനെയാണ്, എവിടെ നിന്നാണ് يُؤْفَكُونَ അവർ തെറ്റിക്കപ്പെടുന്നത്, (അസത്യത്തിലേക്ക് തിരിയുന്നത്)

അഴകും കൊഴുപ്പുമുള്ള ശരീരം, ചൊടിയും ചുണയുമുള്ള സംസാരം, കണ്ടാൽ ആശ്ചര്യം ജനിക്കും, കേട്ടാൽ ചെവിയോർത്തുപോകും. പക്ഷേ, മരത്തടികൾ ചാരിവെച്ചപോലെയാണ്, ഉപകാരമില്ല, ജീവസ്സില്ല. പൗരുഷമോ ധീരതയോ ഉണ്ടോ? അതുമില്ല. ഉച്ചത്തിലൊരു ശബ്ദംകേട്ടാൽ വിറളിയായി, തങ്ങൾക്കെതി

രിൽ എന്തോ ആപത്ത് വരുന്നുവെന്നാണ് ധാരണ. പക്ഷേ, കുസൃതിയിലും, വഞ്ചനയിലും മിടുക്കൻമാരാണ്. അതുകൊണ്ട് അവരെപ്പറ്റി സദാ ജാഗരൂകരായിരിക്കണമെന്ന് അല്ലാഹു നബിﷺയെയും, സത്യവിശ്വാസികളെയും ഉണർത്തുന്നു. അല്ലാഹുവിന് അവരോടുള്ള കഠിനമായ വെറുപ്പ് രേഖപ്പെടുത്തുകയും ചെയ്യുന്നു. قاتل എന്ന വാക്കിന് 'യുദ്ധം ചെയ്തു'വെന്നാണ് ഭാഷാർത്ഥമെങ്കിലും ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ 'നശിപ്പിക്കട്ടെ, ശപിക്കട്ടെ' എന്ന അർത്ഥത്തിലാണ് അത് ഉപയോഗിക്കപ്പെടുന്നത്.

وَإِذَا قِيلَ لَهُمْ تَعَالَوْا۟ يَسْتَغْفِرْ لَكُمْ رَسُولُ ٱللَّهِ لَوَّوْا۟ رُءُوسَهُمْ وَرَأَيْتَهُمْ يَصُدُّونَ وَهُم مُّسْتَكْبِرُونَ ﴿٥﴾

﴿5﴾ വരുവിൻ,'അല്ലാഹുവിന്റെ റസൂൽ നിങ്ങൾക്ക് വേണ്ടി പാപമോചനം തേടിക്കൊള്ളും' എന്ന് അവരോട് പറയപ്പെട്ടാൽ, അവർ തങ്ങളുടെ തലതിരിച്ചുകളയും. അഹംഭാവം നടിക്കുന്നവരായുംകൊണ്ട് അവർ തട്ടിത്തിരിഞ്ഞുപോകുന്നതായി നീ കാണുകയും ചെയ്യും.

سَوَآءٌ عَلَيْهِمْ أَسْتَغْفَرْتَ لَهُمْ أَمْ لَمْ تَسْتَغْفِرْ لَهُمْ لَن يَغْفِرَ ٱللَّهُ لَهُمْ ۚ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ﴿٦﴾

﴿6﴾ അവർക്കുവേണ്ടി നീ പാപമോചനം തേടിയോ, അവർക്കുവേണ്ടി നീ പാപമോചനം തേടിയില്ലയോ (രണ്ടും) അവരിൽ സമമാകുന്നു; അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കുന്നതേയല്ല. നിശ്ചയമായും തോന്നിയവാസികളായ ജനങ്ങളെ അല്ലാഹു സൻമാർഗത്തിലാക്കുകയില്ല.

﴿5﴾ وَإِذَا قِيلَ لَهُمْ അവരോട് പറയപ്പെട്ടാൽ تَعَالَوْا۟ വരുവിൻ يَسْتَغْفِرْ لَكُمْ നിങ്ങൾക്ക് പാപമോചനം (പൊറുതി) തേടും رَسُولُ ٱللَّهِ അല്ലാഹുവിന്റെ റസൂൽ لَوَّوْا۟ അവർ തിരിക്കും, ആട്ടും رُءُوسَهُمْ അവരുടെ തലകളെ وَرَأَيْتَهُمْ നീ അവരെ (നിനക്കവരെ) കാണുകയും ചെയ്യും يَصُدُّونَ തട്ടിത്തിരിച്ചു (വിട്ടു) പോകുന്നതായി وَهُم അവർ ആയിക്കൊണ്ട് مُّسْتَكْبِرُونَ അഹംഭാവം (വലുപ്പം) നടിക്കുന്നവർ ﴿6﴾ سَوَآءٌ عَلَيْهِمْ അവരിൽ സമമാണ് أَسْتَغْفَرْتَ لَهُمْ അവർക്ക് നീ പാപമോചനം തേടിയോ أَمْ لَمْ تَسْتَغْفِرْ അല്ലെങ്കിൽ നീ പാപമോചനം തേടിയില്ലയോ لَهُمْ അവർക്കുവേണ്ടി لَن يَغْفِرَ ٱللَّهُ

لَا يَهْدِى അല്ലാഹു പൊറുക്കുന്നതേയല്ല هُمْ അവർക്ക് إِنَّ ٱللَّهَ നിശ്ചയം അല്ലാഹു
അവൻ സൻമാർഗത്തിലാക്കുകയില്ല ٱلْقَوْمَ ٱلْفَـٰسِقِينَ തോന്നിയവാസികളായ (ദുർന്നടപ്പുകാരായ) ജനങ്ങളെ

തങ്ങളുടെ പാപം പൊറുത്ത് കിട്ടേണമെന്നോ, അതിനായി റസൂൽ ﷺ പ്രാർത്ഥിച്ചാൽ കൊള്ളാമെന്നോ ഒന്നും തന്നെ അവർക്ക് ആഗ്രഹമില്ല. അതെല്ലാം അവർക്ക് പുച്ഛവും പരിഹാസവുമാണ്. എനി, നബിﷺ അവർക്കുവേണ്ടി പാപ മോചനം തേടിയതുകൊണ്ട് വല്ല മെച്ചവും അവർക്ക് ലഭിക്കുവാനുണ്ടോ? അതുമില്ല. കാരണം, അവർ അത്രയും തോന്നിയവാസികളും ദുഷിച്ച ധിക്കാരികളുമാകുന്നു. അവരുടെ ധിക്കാരത്തിന്റെ ഉദാഹരണം ഇതാ:

هُمُ ٱلَّذِينَ يَقُولُونَ لَا تُنفِقُوا۟ عَلَىٰ مَنْ عِندَ رَسُولِ ٱللَّهِ حَتَّىٰ يَنفَضُّوا۟

﴾7﴿ അവരത്രെ പറയുന്നവർ: 'അല്ലാഹുവിന്റെ റസൂലിന്റെ അടുക്കലുള്ളവർക്ക് നിങ്ങൾ (ഒന്നും) ചിലവുചെയ്യരുത്; അങ്ങനെ അവർ വേറിട്ട് പോയിക്കൊള്ളും' എന്ന്!

وَلِلَّهِ خَزَآئِنُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَلَـٰكِنَّ ٱلْمُنَـٰفِقِينَ لَا يَفْقَهُونَ ﴿٧﴾

ആകാശങ്ങളുടെയും, ഭൂമിയുടെയും ഖജനാക്കൾ [ഭണ്ഡാരങ്ങൾ] അല്ലാഹുവിനാണ് താനും. പക്ഷേ, കപടവിശ്വാസികൾ ഗ്രഹിക്കുന്നില്ല.

يَقُولُونَ لَئِن رَّجَعْنَآ إِلَى ٱلْمَدِينَةِ لَيُخْرِجَنَّ ٱلْأَعَزُّ مِنْهَا ٱلْأَذَلَّ

﴾8﴿ അവർ പറയുന്നു: 'നാം മദീനഃയിലേക്ക് മടങ്ങിച്ചെന്നാൽ കൂടുതൽ പ്രതാപമുള്ളവർ കൂടുതൽ നിന്ദ്യരുമായുള്ളവരെ അവിടെനിന്ന് പുറത്താക്കുക തന്നെ ചെയ്യും' എന്ന്!

وَلِلَّهِ ٱلْعِزَّةُ وَلِرَسُولِهِۦ وَلِلْمُؤْمِنِينَ وَلَـٰكِنَّ ٱلْمُنَـٰفِقِينَ لَا يَعْلَمُونَ ﴿٨﴾

പ്രതാപം, അല്ലാഹുവിനും, അവന്റെ റസൂലിനും, സത്യവിശ്വാസികൾക്കുമാണ് താനും. പക്ഷെ, കപടവിശ്വാസികൾ അറിയുന്നില്ല.

﴾7﴿ هُمُ അവരത്രെ ٱلَّذِينَ يَقُولُونَ പറയുന്നവർ لَا تُنفِقُوا۟ നിങ്ങൾ ചിലവ് ചെയ്യരുത് عَلَىٰ مَنْ ചിലർക്ക്, യാതൊരുവരിൽ عِندَ رَسُولِ ٱللَّهِ അല്ലാഹുവിന്റെ റസൂലിന്റെ അടുക്കലുള്ള حَتَّىٰ يَنفَضُّوا۟ അങ്ങനെ അവർ വേറിട്ടുപോയിക്കൊള്ളും, പോകുവാൻവേണ്ടി, പോകുന്നതുവരെ وَلِلَّهِ അല്ലാഹുവിന്നാണുതാനും خَزَآئِنُ ഖജനാവുകൾ, ഭണ്ഡാരങ്ങൾ, നിക്ഷേപങ്ങൾ ٱلسَّمَٰوَٰتِ وَٱلْأَرْضِ ആകാശങ്ങളുടെയും ഭൂമിയുടെയും وَلَٰكِنَّ ٱلْمُنَٰفِقِينَ പക്ഷേ, കപടവിശ്വാസികൾ لَا يَفْقَهُونَ ഗ്രഹിക്കുന്നില്ല, ഗ്രഹിക്കയില്ല ﴾8﴿ يَقُولُونَ അവർ പറയുന്നു لَئِن رَّجَعْنَآ തീർച്ചയായും നാം (ഞങ്ങൾ) മടങ്ങിയാൽ إِلَى ٱلْمَدِينَةِ മദീനഃയിലേക്ക് لَيُخْرِجَنَّ പുറത്താക്കുകതന്നെ ചെയ്യും ٱلْأَعَزُّ കൂടുതൽ പ്രതാപശാലി مِنْهَا അതിൽ (അവിടെ) നിന്ന് ٱلْأَذَلَّ കൂടുതൽ നിന്ദ്യനായവനെ وَلِلَّهِ ٱلْعِزَّةُ പ്രതാപം അല്ലാഹുവിന്നാണുതാനും وَلِرَسُولِهِۦ അവന്റെ റസൂലിനും وَلِلْمُؤْمِنِينَ സത്യവിശ്വാസികൾക്കും وَلَٰكِنَّ ٱلْمُنَٰفِقِينَ പക്ഷേ കപടവിശ്വാസികൾ لَا يَعْلَمُونَ അറിയുന്നില്ല, അറിയുകയില്ല

കപടവിശ്വാസികളുടെ മനസ്സിൽ മുസ്‌ലിംകളോടുള്ള പകയും വിദ്വേഷവും എത്രത്തോളമുണ്ടെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം.'അല്ലാഹുവിന്റെ റസൂലാണെന്ന് പറയുന്ന ഇദ്ദേഹത്തിന്റെ ഒന്നിച്ച് കുറെ ആളുകളുണ്ടല്ലോ. നാം തീറ്റിപ്പോറ്റിയിട്ടാണ് അവർ ഇത്ര അന്തസ്സും പ്രതാപവുമുള്ളവരായിത്തീർന്നത്. എനി അവർക്കുവേണ്ടി നാമൊന്നും ചിലവഴിക്കരുത്. അങ്ങനെ അവരെല്ലാം വിട്ടൊഴിഞ്ഞുപോകട്ടെ.'എന്ന് അവർ തമ്മിൽ പറയുന്നു. മനുഷ്യരുടെ ആഹാരാദികാര്യങ്ങളെല്ലാം അവരുടെ കയ്യിലാണ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നതെന്നാണ് അവരുടെ വാക്കുകേട്ടാൽ തോന്നുക. ആകാശഭൂമികളുടെ സകല ഭണ്ഡാരങ്ങളും അല്ലാഹുവിന്റെ കൈവശമാണെന്ന യാഥാർത്ഥ്യം ആ കപടവിശ്വാസികൾ ഗ്രഹിക്കാത്തതാണ് അതിന് കാരണം. അതുപോലെത്തന്നെ, നബിﷺയും സ്വഹാബികളും മദീനാവിട്ടുപോയ ചില യുദ്ധയാത്രകളിൽ അവർ പറഞ്ഞിരുന്നു; 'നാം നാട്ടിൽ മടങ്ങി എത്തട്ടെ, ഇവരുടെ അന്തസ്സും യോഗ്യതയും കാണിച്ചുകൊടുക്കാം, ആർക്കാണ് അന്തസ്സും പ്രതാപവുമുള്ളതെന്ന് മനസ്സിലാക്കിക്കൊടുക്കാം. നാം അവരെ അവിടെനിന്ന് നിശ്ചയമായും പുറത്താക്കും' എന്നൊക്കെ. പ്രതാപവും അന്തസ്സുമെല്ലാമുള്ളത് അല്ലാഹുവിനും, അവന്റെ കക്ഷിയായ റസൂലിനും സത്യവിശ്വാസികൾക്കുമാണ്. അത് ഇല്ലാതാക്കാനോ പിടിച്ചുപറ്റാനോ ഈ കപടൻമാർക്ക് സാധ്യമല്ല. ഈ വാസ്തവം അവർക്കറിഞ്ഞുകൂടാ. അതാണ് ഈ വീമ്പിളക്കലിന് കാരണം എന്നു സാരം. മുനാഫിഖുകൾ മേൽപറഞ്ഞ പ്രസ്താവനകളും, വീരവാദങ്ങളും പുറപ്പെടുവിച്ച സന്ദർഭങ്ങളെപ്പറ്റി ബുഖാരിയിലും മറ്റും പല രിവായത്തുകളും കാണാം. അതിലെല്ലാം പ്രധാന പങ്കുവഹിച്ചിരുന്നത് അവരുടെ തലവനായിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യു തന്നെയായിരുന്നു.

വിഭാഗം- 2

കപടവിശ്വാസികളെപ്പറ്റി വളരെ ശക്തിയായ ഭാഷയിൽ ആക്ഷേപിച്ചുകൊണ്ട് അവരുടെ അന്തരംഗങ്ങൾ പലതും തുറന്ന് കാട്ടിയശേഷം, സത്യവിശ്വാസികൾ അവരെപ്പോലെ ആകാതിരിക്കുവാൻ സൂക്ഷിക്കേണ്ടത് എങ്ങനെയാണെന്ന് അല്ലാഹു അവരെ ഉൽബോധിപ്പിക്കുന്നു:-

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تُلْهِكُمْ أَمْوَٰلُكُمْ وَلَآ أَوْلَٰدُكُمْ عَن ذِكْرِ ٱللَّهِ ۚ وَمَن يَفْعَلْ ذَٰلِكَ فَأُوْلَٰٓئِكَ هُمُ ٱلْخَٰسِرُونَ ﴿٩﴾

﴾9﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ സ്വത്തുക്കളാകട്ടെ നിങ്ങളുടെ മക്കളാകട്ടെ, അല്ലാഹുവിന്റെ സ്മരണയിൽനിന്ന് നിങ്ങളെ അശ്രദ്ധയിലാക്കാതിരിക്കട്ടെ. ആർ അങ്ങനെ ചെയ്യുന്നുവോ, എന്നാൽ അവർ തന്നെയാണ് നഷ്ടപ്പെട്ടവർ.

وَأَنفِقُواْ مِن مَّا رَزَقْنَٰكُم مِّن قَبْلِ أَن يَأْتِىَ أَحَدَكُمُ ٱلْمَوْتُ فَيَقُولَ رَبِّ لَوْلَآ أَخَّرْتَنِىٓ إِلَىٰٓ أَجَلٍ قَرِيبٍ فَأَصَّدَّقَ وَأَكُن مِّنَ ٱلصَّٰلِحِينَ ﴿١٠﴾

﴾10﴿ നിങ്ങൾക്ക് നാം നൽകിയിട്ടുള്ളതിൽ നിന്ന് നിങ്ങൾ ചിലവഴിക്കുകയും ചെയ്യുവിൻ, നിങ്ങളിൽ ഒരാൾക്ക് [ഓരോരുവനും] മരണം വന്നെത്തുകയും, എന്നിട്ട് അവൻ (ഇങ്ങനെ) പറഞ്ഞേക്കുകയും ചെയ്യുന്നതിനു മുമ്പ്: 'എന്റെ റബ്ബേ, അടുത്ത ഒരവധിവരേക്കും എന്നെ നീ (ഒഴിവാക്കി) പിന്തിച്ചുകൂടേ?-

എന്നാൽ ഞാൻ ദാനധർമം ചെയ്യുകയും, സദ്‌വൃത്തൻമാരുടെ കൂട്ടത്തിലായിത്തീരുകയും ചെയ്യുമായിരുന്നു!'

وَلَن يُؤَخِّرَ ٱللَّهُ نَفْسًا إِذَا جَآءَ أَجَلُهَا ۚ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١١﴾

﴾11﴿ ഒരു ദേഹത്തെയും (ആളെയും) അതിന്റെ അവധി വന്നാൽ അല്ലാഹു പിന്തിക്കുകയില്ലതന്നെ. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മമായി അറിയുന്നവനുമാണ്.

﴿9﴾ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ, വിശ്വസിച്ചവരേ لَا تُلْهِكُمْ നിങ്ങളെ അശ്രദ്ധയിലാക്ക രുത്, മിനക്കെടുത്താതിരിക്കട്ടെ أَمْوَٰلُكُمْ നിങ്ങളുടെ സ്വത്തുക്കൾ وَلَآ أَوْلَٰدُكُمْ നിങ്ങ ളുടെ മക്കളും عَن ذِكْرِ ٱللَّهِ അല്ലാഹുവിന്റെ സ്മരണയിൽനിന്ന് وَمَن يَفْعَلْ ആരെ ങ്കിലും ചെയ്താൽ, ആർ ചെയ്തുവോ ذَٰلِكَ അത് (അപ്രകാരം) فَأُو۟لَٰٓئِكَ هُمُ എന്നാൽ അക്കൂട്ടർ തന്നെ ٱلْخَٰسِرُونَ നഷ്ടപ്പെട്ടവർ ﴿10﴾ وَأَنفِقُوا۟ നിങ്ങൾ ചിലവഴിക്കയും ചെയ്യുവിൻ مِّن مَّا رَزَقْنَٰكُم നിങ്ങൾക്ക് നാം നൽകിയതിൽനിന്ന് مِّن قَبْلِ أَن يَأْتِىَ വരു ന്നതിനുമുമ്പായി أَحَدَكُمُ നിങ്ങളിലൊരാൾക്ക് ٱلْمَوْتُ മരണം فَيَقُولَ അപ്പോളവൻ പറയും رَبِّ എന്റെ റബ്ബേ لَوْلَآ أَخَّرْتَنِىٓ എന്നെ നീ പിന്തിച്ചു (ഒഴിവാക്കി) തന്നുകൂടേ إِلَىٰٓ أَجَلٍ ഒരു അവധിവരെ قَرِيبٍ അടുത്തതായ فَأَصَّدَّقَ എന്നാൽ ഞാൻ ദാന ധർമം ചെയ്യാം, ചെയ്യുമായിരുന്നു وَأَكُن ഞാൻ ആയിത്തീരുകയും مِّنَ ٱلصَّٰلِحِينَ സദ്‌വൃത്തൻമാരിൽപ്പെട്ടവൻ ﴿11﴾ وَلَن يُؤَخِّرَ ٱللَّهُ അല്ലാഹു പിന്തിക്കുന്നതല്ല തന്നെ نَفْسًا ഒരു ദേഹത്തെ (ആത്മാവിനെ- ആളെ)യും إِذَا جَآءَ വന്നാൽ أَجَلُهَا അതിന്റെ അവധി وَٱللَّهُ خَبِيرٌۢ അല്ലാഹു സൂക്ഷ്മമായറിയുന്നവനാണ് بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി

ധനസംബന്ധമായ കാര്യങ്ങളിലും, സന്താനങ്ങളുടെ സുഖസൗകര്യാദികളിലും ബദ്ധശ്രദ്ധരായിക്കൊണ്ട് അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയും ബോധവും നഷ്ടപ്പെടുവാൻ ഇടവരുത്തരുതെന്ന് അല്ലാഹു സത്യവിശ്വാസികളെ താക്കീത് ചെയ്യുന്നു. മനുഷ്യന്റെ നന്മക്കെന്നപോലെ, തിന്മക്കും കാരണമാകുന്ന രണ്ട് വസ്തുക്കളാണ് ധനവും മക്കളും. അടുത്ത അദ്ധ്യായത്തിൽ അല്ലാഹു പറയുന്നു: 'നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ മക്കളും ഒരു പരീക്ഷണം മാത്രമാണ്.'(إنما أموالكم وأولادكم فتنة – التغابن) ഈ പരീക്ഷണത്തിൽ വിജയം നേടിയവരത്രെ ഭാഗ്യവാൻമാർ. ഇതിൽ പരാജയപ്പെട്ടവരത്രെ നഷ്ടപ്പെട്ടവർ. വിജയം നേടുവാനുള്ള മാർഗമാണ് ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കൽ. ധനമാകട്ടെ, അല്ലാഹു തന്ന അനുഗ്രഹമാണ് താനും. മറ്റ് തുറകളിൽ ഏറെക്കുറെ നല്ല നിലക്കാരായ ആളുകൾപോലും മിക്കവാറും ദാനധർമാദികളിലും പൊതു നന്മകളിലും ധനം ചിലവാക്കാൻ മടിക്കുന്നവരായി കാണാം. സത്യവിശ്വാസികളായ ആളുകൾക്കും പിണയുന്ന ഒരു മഹാവിപത്താണിത്. അതുകൊണ്ടാണ് സത്യവിശ്വാസികളെ വിളിച്ച് ഇക്കാര്യം പ്രത്യേകം അല്ലാഹു ഉണർത്തുന്നത്. ജീവിതകാലത്ത് ധനം ചിലവാക്കുവാൻ മുമ്പോട്ട് വരാത്തവർ മരണവേളയിൽ ഖേദിക്കുമെന്നും, ആ ഖേദം കൊണ്ട് യാതൊരു ഫലവും ലഭിക്കുകയില്ലെന്നും അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. സജ്ജനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടേണമെന്ന് ആഗ്രഹിക്കാത്തവർ ദാനധർമാദികളിൽ പിന്നോക്കമായിരിക്കുവാൻ പറ്റുകയില്ലെന്ന്

ഇതിൽനിന്ന് നല്ലപോലെ മനസ്സിലാക്കാമല്ലോ.

ദാനധർമങ്ങളിൽവെച്ച് ഏറ്റവും ഉത്തമമായത് ഏതാണെന്ന് ചോദിക്കപ്പെട്ടപ്പോൾ നബി തിരുമേനിﷺ ഒരവസരത്തിൽ നൽകിയ മറുപടി ഓരോ സത്യവിശ്വാസിയും സദാ ഓർത്തിരിക്കേണ്ടതാണ്. ഇതാണ് ആ മറുപടി: 'നീ ദാരിദ്ര്യത്തെ പേടിച്ചും, ധനത്തിന് മോഹിച്ചുംകൊണ്ട് ആരോഗ്യവാനും പിശുക്കനുമായിരിക്കുമ്പോൾ ദാനധർമം ചെയ്യലാണ്. (ഇതാണ് ഏറ്റവും ഉത്തമമായത്) ജീവൻ തൊണ്ടക്കുഴിയിലെത്തുന്നതുവരേക്കും നീട്ടിവെക്കരുത്. ആ അവസരത്തിൽ നീ പറഞ്ഞേക്കും: 'ഇന്ന ആൾക്ക് ഇത്ര, ഇന്ന ആൾക്ക് ഇത്ര' എന്ന്. അപ്പോഴാകട്ടെ, അത് ഇന്ന ആൾക്ക് (അവകാശികൾക്ക്) ആയിക്കഴിയുകയും ചെയ്തിരിക്കും.' (ബു; മു.)

അവിശ്വാസികളും, സത്യനിഷേധികളും മരണസമയത്ത് ഖേദിച്ചു വിലപിക്കുകയും, തങ്ങളെ അൽപകാലത്തേക്കുകൂടി മടക്കിത്തന്നാൽ തങ്ങൾ മേലിൽ നന്നായിക്കൊള്ളാമെന്ന് അല്ലാഹുവിനോട് കേണപേക്ഷിക്കുകയും ചെയ്യുമെന്ന് സൂ: ഇബ്റാഹീം 44 ലും മറ്റും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, സത്യവിശ്വാസികളിൽതന്നെ, സൽക്കർമങ്ങൾ ചെയ്യുന്നതിൽ വീഴ്ചവരുത്തിയവരും തങ്ങളുടെ വീഴ്ചയെപ്പറ്റി ഖേദിക്കുമെന്നും, ആ വീഴ്ച നികത്തുവാൻ അൽപംകൂടി അവസരം നൽകണേ എന്ന് അല്ലാഹുവിനോട് അപേക്ഷിക്കുമെന്നും ഈ വചനത്തിൽനിന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമ്മെയെല്ലാം അല്ലാഹു അവന്റെ സജ്ജനങ്ങളായ അടിയാൻമാരിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ, ആമീൻ. ومن الله التوفيق

اللهم لك الحمد ولك المنة والفضل

سورة التغابن

64. സൂറത്തുത്തഗാബുൻ

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 18 - വിഭാഗം (റുകൂഉ്) 2

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يُسَبِّحُ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِۖ لَهُ ٱلۡمُلۡكُ وَلَهُ ٱلۡحَمۡدُۖ وَهُوَ عَلَىٰ كُلِّ شَيۡءٖ قَدِيرٌ ١

﴾1﴿ ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അല്ലാഹുവിന് സ്തോത്രകീർത്തനം ചെയ്യുന്നു. അവന്നാണ് രാജാധിപത്യം; അവന്നാണ് സ്തുതിയും. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

﴾1﴿ يُسَبِّحُ لِلَّهِ അല്ലാഹുവിന് സ്തോത്രകീർത്തനം ചെയ്യുന്നു مَا فِي ٱلسَّمَٰوَٰتِ ആകാശങ്ങളിലുള്ളത് وَمَا فِي ٱلۡأَرۡضِ ഭൂമിയിലുള്ളതും لَهُ ٱلۡمُلۡكُ അവനാണ് രാജത്വം, ആധിപത്യം وَلَهُ ٱلۡحَمۡدُ അവനുതന്നെയാണ് സ്തുതിയും وَهُوَ അവൻ عَلَىٰ كُلِّ شَيۡءٖ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവനാണ്

'തസ്ബീഹി'ന്റെ (സ്തോത്രകീർത്തനത്തിന്റെ) വാക്യം കൊണ്ടാരംഭിക്കുന്ന സൂറത്തുകളി (المسبحات)ൽ അവസാനത്തേതാണിത്. 'തസ്ബീഹി'നെക്കുറിച്ച് നാം മുമ്പ് വിവരിച്ചിട്ടുണ്ടല്ലോ. എല്ലാ വസ്തുക്കളും എന്തുകൊണ്ട് അല്ലാഹുവിന് തസ്ബീഹ് ചെയ്യുന്നു, എന്തുകൊണ്ട് ചെയ്യണം? ഇതിനുള്ള കാരണവും ഈ വചനത്തിൽ തന്നെ സംക്ഷിപ്തമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നത് കാണാം. തുടർന്നുള്ള വചനങ്ങളിൽനിന്ന് കൂടുതൽ വിശദീകരണവും ലഭിക്കുന്നു.

هُوَ ٱلَّذِى خَلَقَكُمْ فَمِنكُمْ كَافِرٌ وَمِنكُم مُّؤْمِنٌ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٢﴾

《2》 അവനത്രെ, നിങ്ങളെ സൃഷ്ടിച്ചവന്‍, എന്നിട്ട്, നിങ്ങളില്‍ (ചിലര്‍) അവിശ്വാസിയുണ്ട്; നിങ്ങളില്‍ (ചിലര്‍) സത്യവിശ്വാസിയും ഉണ്ട്. നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി അല്ലാഹു കണ്ടറിയുന്നവനുമാകുന്നു.

خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ وَصَوَّرَكُمْ فَأَحْسَنَ صُوَرَكُمْ ۖ وَإِلَيْهِ ٱلْمَصِيرُ ﴿٣﴾

《3》 ആകാശങ്ങളെയും, ഭൂമിയെയും അവന്‍ മുറപ്രകാരം സൃഷ്ടിച്ചിരിക്കുന്നു. അവന്‍ നിങ്ങളെ രൂപപ്പെടുത്തുകയും അങ്ങനെ, നിങ്ങളുടെ രൂപങ്ങളെ നന്നാക്കിത്തീര്‍ക്കുകയും ചെയ്തിരിക്കുന്നു. അവങ്കലേക്കത്രെ, തിരിച്ചെത്തലും.

يَعْلَمُ مَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَيَعْلَمُ مَا تُسِرُّونَ وَمَا تُعْلِنُونَ ۚ وَٱللَّهُ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٤﴾

《4》 ആകാശങ്ങളിലും ഭൂമിയിലുമുള്ളത് (മുഴുവനും) അവന്‍ അറിയുന്നു; നിങ്ങള്‍ രഹസ്യമാക്കുന്നതും, പരസ്യമാക്കുന്നതും അവന്‍ അറിയുന്നു.

അല്ലാഹു, നെഞ്ചുകളില്‍ [ഹൃദയങ്ങളില്‍] ഉള്ളതിനെപ്പറ്റി അറിയുന്നവനുമാണ്.

《2》 هُوَ അവനത്രെ ٱلَّذِى خَلَقَكُمْ നിങ്ങളെ സൃഷ്ടിച്ചവന്‍ فَمِنكُمْ എന്നിട്ട് നിങ്ങളില്‍നിന്ന് (ചിലര്‍), നിങ്ങളിലുണ്ട് كَافِرٌ അവിശ്വാസി وَمِنكُم നിങ്ങളില്‍നിന്ന്, നിങ്ങളിലുണ്ട് مُّؤْمِنٌ സത്യവിശ്വാസി(യും) وَٱللَّهُ അല്ലാഹു بِمَا تَعْمَلُونَ നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി بَصِيرٌ കണ്ടറിയുന്നവനാണ് 《3》 خَلَقَ ٱلسَّمَٰوَٰتِ ആകാശങ്ങളെ അവന്‍ സൃഷ്ടിച്ചിരിക്കുന്നു وَٱلْأَرْضَ ഭൂമിയെയും بِٱلْحَقِّ യഥാര്‍ത്ഥ (മുറ- ന്യായ- കാര്യ)പ്രകാരം وَصَوَّرَكُمْ നിങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു فَأَحْسَنَ അങ്ങനെ അവന്‍ നന്നാക്കി صُوَرَكُمْ നിങ്ങളുടെ രൂപങ്ങളെ وَإِلَيْهِ അവങ്കലേക്കാണ് ٱلْمَصِيرُ തിരിച്ചെത്തല്‍, ചെന്നുചേരല്‍ 《4》 يَعْلَمُ അവന്‍ അറിയുന്നു مَا فِى ٱلسَّمَٰوَٰتِ ആകാശങ്ങളിലുള്ളത് وَٱلْأَرْضِ ഭൂമിയിലും وَيَعْلَمُ അവന്‍ അറിയുകയും ചെയ്യുന്നു مَا تُسِرُّونَ നിങ്ങള്‍ രഹസ്യമാക്കുന്നത് وَمَا تُعْلِنُونَ നിങ്ങള്‍ പരസ്യമാക്കുന്നതും وَٱللَّهُ عَلِيمٌ

അല്ലാഹു അറിയുന്നവനുമാണ് بِذَاتِ ٱلصُّدُورِ നെഞ്ച് (ഹൃദയം)കളിലുള്ളതിനെ

മേല്‍ വിവരിച്ച യാഥാര്‍ത്ഥ്യങ്ങളെ അവഗണിച്ചുകൊണ്ട് അവിശ്വാസികളായി ത്തീര്‍ന്ന മുന്‍സമുദായങ്ങള്‍ അനുഭവിക്കേണ്ടിവന്ന അതേ ദുരന്തഫലങ്ങള്‍ നില വിലുള്ള ഈ ജനതക്കും ഒരു പാഠമായിരിക്കേണ്ടതുണ്ടെന്ന് അടുത്ത വചനം ചൂണ്ടിക്കാട്ടുന്നു.

أَلَمْ يَأْتِكُمْ نَبَؤُا۟ ٱلَّذِينَ كَفَرُوا۟ مِن قَبْلُ فَذَاقُوا۟ وَبَالَ أَمْرِهِمْ وَلَهُمْ عَذَابٌ أَلِيمٌ ﴿٥﴾

《5》 മുമ്പ് അവിശ്വസിച്ചവരുടെ വൃത്താന്തം നിങ്ങള്‍ക്ക് വന്നിട്ടില്ലേ?- എന്നിട്ട് തങ്ങളുടെ കാര്യത്തിന്റെ ദുരന്തഫലം അവര്‍ ആസ്വദിച്ചു; അവര്‍ക്ക് വേദനയേറിയ ശിക്ഷയും ഉണ്ട്.

ذَٰلِكَ بِأَنَّهُۥ كَانَت تَّأْتِيهِمْ رُسُلُهُم بِٱلْبَيِّنَٰتِ فَقَالُوٓا۟ أَبَشَرٌ يَهْدُونَنَا فَكَفَرُوا۟ وَتَوَلَّوا۟ ۚ وَّٱسْتَغْنَى ٱللَّهُ ۚ وَٱللَّهُ غَنِىٌّ حَمِيدٌ ﴿٦﴾

《6》 അത് ഇതുകൊണ്ടാണ്: (അതായത്) അവരുടെ റസൂലുകള്‍ വ്യക്തമായ തെളിവുകളുമായി അവരുടെ അടുക്കല്‍ ചെന്നിരുന്നു; അപ്പോള്‍ അവര്‍ പറഞ്ഞു: 'മനുഷ്യരോ നമുക്ക് മാര്‍ഗദര്‍ശനം നല്‍കുന്നു?'

അങ്ങനെ, അവര്‍ അവിശ്വസിക്കുകയും, തിരിഞ്ഞുകളയുകയും ചെയ്തു; (അവരില്‍ നിന്ന്) അല്ലാഹുവും ധന്യത കാണിച്ചു. [ഇതാണ് കാരണം]. അല്ലാഹു (പരാശ്രയം വേണ്ടാത്ത) ധന്യനും, സ്തുത്യര്‍ഹനുമാണ്.

《5》 أَلَمْ يَأْتِكُمْ നിങ്ങള്‍ക്ക് വന്നിട്ടില്ലേ نَبَؤُا۟ വൃത്താന്തം, വര്‍ത്തമാനം ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവരുടെ مِن قَبْلُ മുമ്പ് فَذَاقُوا۟ എന്നിട്ടവര്‍ ആസ്വദിച്ചു, രുചിച്ചുനോക്കി وَبَالَ കഠിനഫലം, കെടുതി, ദുരന്തം أَمْرِهِمْ അവരുടെ കാര്യ (വിഷയ)ത്തിന്റെ وَلَهُمْ عَذَابٌ അവര്‍ക്ക് ശിക്ഷയുമുണ്ട് أَلِيمٌ വേദനയേറിയ 《6》 ذَٰلِكَ അത് بِأَنَّهُۥ കാര്യം (ആണ്) എന്നതുകൊണ്ടാണ് كَانَت تَّأْتِيهِمْ അവര്‍ക്ക് വന്നു (ചെന്ന്) കൊണ്ടിരുന്നു رُسُلُهُم അവരുടെ റസൂലുകള്‍ بِٱلْبَيِّنَٰتِ വ്യക്തമായവ (തെളിവുകള്‍) കൊണ്ട് فَقَالُوٓا۟ എന്നിട്ടവര്‍ പറഞ്ഞു أَبَشَرٌ മനുഷ്യരോ يَهْدُونَنَا നമ്മെ സന്‍മാര്‍ഗത്തിലാക്കുന്നു فَكَفَرُوا۟ അങ്ങനെ അവര്‍ അവിശ്വസിച്ചു وَتَوَلَّوا۟ അവര്‍ തിരിഞ്ഞുകളയുകയും ചെയ്തു

وَّٱسۡتَغۡنَى ധന്യത (അനാശ്രയത) കാണിക്കുകയും ചെയ്തു, ഐശ്വര്യമായി ٱللَّهُ അല്ലാഹു وَٱللَّهُ അല്ലാഹുവാകട്ടെ غَنِيٌّ ധന്യനാണ് ഐശ്വര്യവാനാണ്, അനാശ്രയനാണ് حَمِيدٌ സ്തുത്യര്‍ഹനാണ്, സ്തുതിക്കപ്പെടുന്നവനാണ്

റസൂലുകള്‍ വേണ്ടത്ര തെളിവുകളുമായി ചെന്നിട്ടും അതൊന്നും വകവെക്കാതെ, നമ്മെ നേര്‍മാര്‍ഗത്തിലാക്കുവാന്‍ വന്നിരിക്കുന്നത് നമ്മെപ്പോലുള്ള മനുഷ്യരാണോ എന്ന് പറഞ്ഞ് അതെല്ലാം അവര്‍ നിരസിച്ചു. അല്ലാഹുവിന്റെ ആശ്രയവും സഹായവും തങ്ങള്‍ക്കാവശ്യമില്ലാത്ത നിലപാടാണ് അവര്‍ സ്വീകരിച്ചത്. അല്ലാഹുവാകട്ടെ, ആരുടെയും യാതൊരാശ്രയവും ആവശ്യമില്ലാത്ത ധന്യനുമാണ്. അവര്‍ അവരുടെ പാട്ടിനുപോകട്ടെ എന്നുവെച്ച് അല്ലാഹു അവരെ പുറംതള്ളുകയും ചെയ്തു. ഇതാണവര്‍ക്ക് വമ്പിച്ച നാശങ്ങള്‍ പിണയുവാന്‍ കാരണമായത്.

زَعَمَ ٱلَّذِينَ كَفَرُوٓاْ أَن لَّن يُبۡعَثُواْۚ

《7》 അവിശ്വസിച്ചവര്‍ ജല്‍പിക്കുകയാണ്: അവര്‍ (മരണാനന്തരം) എഴുന്നേല്‍പ്പിക്കപ്പെടുന്നതേയല്ല എന്ന്.

قُلۡ بَلَىٰ وَرَبِّي لَتُبۡعَثُنَّ ثُمَّ لَتُنَبَّؤُنَّ بِمَا عَمِلۡتُمۡۚ وَذَٰلِكَ عَلَى ٱللَّهِ يَسِيرٞ ٧

(നബിയേ) പറയുക: ഇല്ലാതേ! എന്റെ റബ്ബ് തന്നെയാണ (സത്യം) നിശ്ചയമായും, നിങ്ങള്‍ എഴുന്നേല്‍പിക്കപ്പെടും; പിന്നീട് നിങ്ങള്‍ പ്രവര്‍ത്തിച്ചതിനെപ്പറ്റി നിങ്ങള്‍ക്ക് വൃത്താന്തമറിയിക്കപ്പെടും. അത് അല്ലാഹുവിന്റെമേല്‍ നിസ്സാരകാര്യമാകുന്നു.

《7》 زَعَمَ ജല്പിച്ചു, വാദിച്ചു, പറഞ്ഞു ٱلَّذِينَ كَفَرُوٓاْ അവിശ്വസിച്ചവര്‍ أَن لَّن يُبۡعَثُواْ അവര്‍ എഴുന്നേല്‍പിക്ക (പുനരെഴുന്നേല്‍പിക്ക)പ്പെടുന്നതേയല്ല എന്ന് قُلۡ നീ പറയുക بَلَىٰ ഇല്ലാതേ, ഉണ്ട്, ഉവ്വ് وَرَبِّي എന്റെ റബ്ബ് തന്നെയാണ لَتُبۡعَثُنَّ നിശ്ചയമായും നിങ്ങള്‍ എഴുന്നേല്‍പിക്കപ്പെടും ثُمَّ لَتُنَبَّؤُنَّ പിന്നീട് നിങ്ങള്‍ക്ക് വൃത്താന്തം അറിയിക്കപ്പെടും നിശ്ചയം بِمَا عَمِلۡتُمۡ നിങ്ങള്‍ പ്രവര്‍ത്തിച്ചതിനെപ്പറ്റി وَذَٰلِكَ അത് عَلَى ٱللَّهِ അല്ലാഹുവിന്റെമേല്‍ يَسِيرٞ നിസ്സാരമാണ്, എളുപ്പമുള്ളതാണ്

മരണാനന്തര ജീവിതത്തെ നിഷേധിക്കുന്നവരോട് ഇങ്ങനെ ശക്തിയായി ആണയിട്ട് ഉറപ്പിച്ച് മറുപടി പറയുവാന്‍ നബിﷺയോട് കല്‍പിക്കുന്ന മൂന്ന് തിരുവചനമുള്ളതില്‍ മൂന്നാമത്തേതാണ് ഈ വചനം. ഒന്നാമത്തേത് സൂ: യൂനുസ് 53 ലും, രണ്ടാമത്തേത് സൂ: സബഉ് 3 ലും കാണാം. വിഷയത്തിന്റെ ഗൗരവത്തെയാണിത്

കുറിക്കുന്നത്. രണ്ടാമതൊരു ജീവിതം നൽകൽ ഒരു അസാധ്യകാര്യമായി നിങ്ങൾക്ക് തോന്നുന്നുണ്ടെങ്കിലും അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അത് ഒട്ടുംതന്നെ പ്രയാസപ്പെട്ടതല്ല- വളരെ നിസ്സാരമാണ്- എന്ന് ഓർമിപ്പിക്കുകയും ചെയ്യുന്നു:

فَـَٔامِنُواْ بِٱللَّهِ وَرَسُولِهِۦ وَٱلنُّورِ ٱلَّذِىٓ أَنزَلْنَا ۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿٨﴾

﴾8﴿ ആകയാൽ, അല്ലാഹുവിലും, അവന്റെ റസൂലിലും. നാം അവതരിപ്പിച്ചിട്ടുള്ള പ്രകാശത്തിലും നിങ്ങൾ വിശ്വസിച്ചുകൊള്ളുക. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാണ്.

﴾8﴿ فَـَٔامِنُوا ആകയാൽ വിശ്വസിക്കുവിൻ بِٱللَّهِ അല്ലാഹുവിൽ وَرَسُولِهِۦ അവന്റെ റസൂലിലും وَٱلنُّورِ പ്രകാശത്തിലും ٱلَّذِىٓ أَنزَلْنَا നാം ഇറക്കിയതായ وَٱللَّهُ അല്ലാഹു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി خَبِيرٌ സൂക്ഷ്മമായറിയുന്നവനാണ്

ക്വുർആനെ ഉദ്ദേശിച്ചാണ് ഇവിടെ പ്രകാശം (النور) എന്ന് പറഞ്ഞിരിക്കുന്നത്. അജ്ഞത, അസത്യം, ദുർമാർഗം ആദിയായ ഇരുട്ടുകളിൽനിന്ന് ജ്ഞാനത്തിലേക്കും, സത്യത്തിലേക്കും, സൻമാർഗത്തിലേക്കും വെളിച്ചം നൽകുന്ന പ്രകാശമാണല്ലോ അത്.

يَوْمَ يَجْمَعُكُمْ لِيَوْمِ ٱلْجَمْعِ ۖ ذَٰلِكَ يَوْمُ ٱلتَّغَابُنِ

﴾9﴿ ഒരുമിച്ചുകൂട്ടുന്ന (ആ) ദിവസത്തേക്ക് നിങ്ങളെ അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം (ഓർമിക്കുക); -അതത്രെ നഷ്ടം വെളിപ്പെടുത്തുന്ന ദിവസം!

وَمَن يُؤْمِنۢ بِٱللَّهِ وَيَعْمَلْ صَـٰلِحًا يُكَفِّرْ عَنْهُ سَيِّـَٔاتِهِۦ وَيُدْخِلْهُ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَآ أَبَدًا

ആർ അല്ലാഹുവിൽ വിശ്വസിക്കുകയും സൽക്കർമം പ്രവർത്തിക്കുകയും ചെയ്യുന്നുവോ അവന് അവന്റെ തിന്മകളെ അവൻ മറച്ച് (പൊറുത്തു) കൊടുക്കുന്നതാണ്; അടിഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളിൽ അവനെ പ്രവേശിപ്പിക്കുകയും ചെയ്യും; അതിൽ എന്നെന്നും സ്ഥിരവാസികളായ നിലയിൽ.

ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿٩﴾

അതത്രെ മഹത്തായ ഭാഗ്യം!

وَٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَٰتِنَآ أُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ خَٰلِدِينَ فِيهَا ۖ وَبِئْسَ ٱلْمَصِيرُ ﴿١٠﴾

﴾10﴿ അവിശ്വസിക്കുകയും നമ്മുടെ ആയത്തുകളെ [ലക്ഷ്യങ്ങളെ] വ്യാജമാക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടര്‍ നരകത്തിന്റെ ആള്‍ക്കാരാകുന്നു- അതില്‍ സ്ഥിരവാസികളായ നിലയില്‍. (ആ) തിരിച്ചെത്തുന്ന സ്ഥാനം എത്രയോ ചീത്ത!

﴾9﴿ يَوْمَ يَجْمَعُكُمْ നിങ്ങളെ അവന്‍ ഒരുമിച്ചുകൂട്ടുന്ന ദിവസം لِيَوْمِ ٱلْجَمْعِ ഒരുമിച്ചുകൂട്ടുന്ന ദിവസത്തേക്ക് ذَٰلِكَ അത്, അതത്രെ يَوْمُ ٱلتَّغَابُنِ നഷ്ടം വെളിപ്പെടുത്തുന്ന (ലാഭ നഷ്ടം നോക്കുന്ന) ദിവസം وَمَن يُؤْمِنۢ بِٱللَّهِ ആര്‍ അല്ലാഹുവില്‍ വിശ്വസിക്കുന്നുവോ, وَيَعْمَلْ പ്രവര്‍ത്തിക്കുകയും صَٰلِحًا സല്‍ക്കര്‍മം, നല്ലത് يُكَفِّرْ عَنْهُ അവനില്‍ നിന്ന് അവന്‍ മറച്ചു (മൂടി) കൊടുക്കും سَيِّـَٔاتِهِۦ അവന്റെ തിന്മകളെ وَيُدْخِلْهُ അവനെ പ്രവേശിപ്പിക്കുകയും ചെയ്യും جَنَّٰتٍ സ്വര്‍ഗങ്ങളില്‍ تَجْرِى ഒഴുകുന്ന, നടക്കുന്ന مِن تَحْتِهَا അതിന്റെ അടിയില്‍കൂടി ٱلْأَنْهَٰرُ അരുവി (നദി)കള്‍ خَٰلِدِينَ فِيهَآ അതില്‍ സ്ഥിര (ശാശ്വത) വാസികളായ നിലക്ക് أَبَدًا എന്നെന്നും, എക്കാലവും ذَٰلِكَ ٱلْفَوْزُ അതത്രെ ഭാഗ്യം, അത് വിജയമത്രെ ٱلْعَظِيمُ മഹത്തായ, വമ്പിച്ച ﴾10﴿ وَٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവര്‍ وَكَذَّبُوا۟ വ്യാജമാക്കുകയും ചെയ്ത بِـَٔايَٰتِنَآ നമ്മുടെ ആയത്തുകളെ أُو۟لَٰٓئِكَ അക്കൂട്ടര്‍ أَصْحَٰبُ ٱلنَّارِ നരകക്കാരാണ് خَٰلِدِينَ فِيهَا അതില്‍ സ്ഥിരവാസികളായ നിലയില്‍ وَبِئْسَ എത്രയോ ചീത്ത, വളരെ മോശമാണ് ٱلْمَصِيرُ (ആ) തിരിച്ചെത്തുന്ന സ്ഥലം, മടക്കം

ഇഹത്തില്‍വെച്ച് ജീവപര്യന്തം നടത്തിയ വ്യാപാരങ്ങളുടെയെല്ലാം കണക്ക് പരിശോധിച്ച് ആര്‍ക്കെല്ലാമാണ് നഷ്ടം പിണഞ്ഞിരിക്കുന്നത്, ആര്‍ക്കെല്ലാമാണ് ലാഭം കിട്ടിയിരിക്കുന്നത് എന്ന് തിട്ടപ്പെടുത്തുന്ന ദിവസം അന്നാണല്ലോ. അതുകൊണ്ടാണ് ആ ദിവസത്തിന് നഷ്ടം വെളിപ്പെടുത്തുന്ന -അഥവാ ലാഭനഷ്ടം കണക്ക് നോക്കുന്ന -ദിവസം (يوم التغابن) എന്ന് പറഞ്ഞത്. ആരാണ് ലാഭം നേടിയവരെന്നും എന്താണ് അവര്‍ക്ക് ലാഭം കിട്ടിയതെന്നും, ആരാണ് നഷ്ടക്കാരെന്നും, എന്താണവര്‍ക്ക് പിണഞ്ഞ നഷ്ടമെന്നും തുടര്‍ന്ന് പറഞ്ഞതില്‍നിന്ന് തന്നെ അത് സ്പഷ്ടമാണ്.

വിഭാഗം- 2

مَآ أَصَابَ مِن مُّصِيبَةٍ إِلَّا بِإِذْنِ ٱللَّهِ ۗ وَمَن يُؤْمِنۢ بِٱللَّهِ يَهْدِ قَلْبَهُۥ ۚ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌ ﴿١١﴾

﴾11﴿ യാതൊരു ബാധയും തന്നെ, അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ ബാധിക്കുന്നതല്ല. ആര്‍ അല്ലാഹുവില്‍ വിശ്വസിക്കുന്നുവോ, അവന്റെ ഹൃദയത്തിന് അവന്‍ മാര്‍ഗദര്‍ശനം നല്‍കുന്നതാണ്. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനാകുന്നു.

وَأَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ ۚ فَإِن تَوَلَّيْتُمْ فَإِنَّمَا عَلَىٰ رَسُولِنَا ٱلْبَلَٰغُ ٱلْمُبِينُ ﴿١٢﴾

﴾12﴿ നിങ്ങള്‍ അല്ലാഹുവിനെ അനുസരിക്കുവിന്‍; റസൂലിനെയും അനുസരിക്കുവിന്‍. എനി, നിങ്ങള്‍ തിരിഞ്ഞുപോകുകയാണെങ്കില്‍ (അറിഞ്ഞേക്കുക), -എന്നാല്‍- നിശ്ചയമായും നമ്മുടെ റസൂലിന്റെ മേല്‍ സ്പഷ്ടമായ പ്രബോധനം മാത്രമാണ് (ബാധ്യത) ഉള്ളത്.

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١٣﴾

﴾13﴿ അല്ലാഹു, അവനല്ലാതെ ആരാധ്യനേയില്ല. അല്ലാഹുവിന്റെ മേല്‍ ഭരമേല്‍പിച്ചുകൊള്ളട്ടെ, സത്യവിശ്വാസികള്‍.

﴾11﴿ مَآ أَصَابَ ബാധിക്കുക (എത്തുക)യില്ല مِن مُّصِيبَةٍ ഒരു ബാധയും, വിപത്തും إِلَّا بِإِذْنِ ٱللَّهِ അല്ലാഹുവിന്റെ അനുമതി പ്രകാരം (സമ്മതംകൊണ്ട്) അല്ലാതെ وَمَن يُؤْمِنۢ ആര്‍ വിശ്വസിക്കുന്നുവോ بِٱللَّهِ അല്ലാഹുവില്‍ يَهْدِ അവന്‍ നേര്‍മാര്‍ഗം (മാര്‍ഗദര്‍ശനം) നല്‍കുന്നു قَلْبَهُۥ അവന്റെ ഹൃദയത്തിന് وَٱللَّهُ അല്ലാഹു بِكُلِّ شَىْءٍ എല്ലാകാര്യത്തെ (വസ്തുവെ)പ്പറ്റിയും عَلِيمٌ അറിയുന്നവനാണ് ﴾12﴿ وَأَطِيعُوا۟ ٱللَّهَ നിങ്ങള്‍ അല്ലാഹുവിനെ അനുസരിക്കയും ചെയ്യുവിന്‍ وَأَطِيعُوا۟ ٱلرَّسُولَ റസൂലിനെ അനുസരിക്കയും ചെയ്യുവിന്‍ فَإِن تَوَلَّيْتُمْ എന്നാല്‍ നിങ്ങള്‍ തിരിഞ്ഞുപോകുന്ന പക്ഷം فَإِنَّمَا عَلَىٰ رَسُولِنَا എന്നാല്‍ നമ്മുടെ റസൂലിന്റെമേല്‍ ഉള്ളത് ٱلْبَلَٰغُ ٱلْمُبِينُ സ്പഷ്ടമായ പ്രബോധനം (എത്തിക്കല്‍) മാത്രമാണ് ﴾13﴿ ٱللَّهُ അല്ലാഹു لَآ إِلَٰهَ

ആരാധ്യനേ ഇല്ല, ദൈവമേ ഇല്ല إِلَّا هُوَ അവന്‍ അല്ലാതെ وَعَلَى ٱللَّهِ അല്ലാഹുവിന്റെ മേല്‍ فَلْيَتَوَكَّلِ ഭരമേല്‍പിച്ചുകൊള്ളട്ടെ ٱلْمُؤْمِنُونَ സത്യവിശ്വാസികള്‍

അല്ലാഹു ഉദ്ദേശിച്ചതും കണക്കാക്കിയതുമല്ലാതെ യാതൊരു കാര്യവും സംഭവിക്കുകയില്ല. ഇത് അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനപരമായ ഒരു വശമത്രെ. അല്ലാഹുവില്‍ ശരിക്കും വിശ്വസിക്കുന്നവരുടെ ഹൃദയങ്ങള്‍ക്ക് അവന്‍ സന്‍മാര്‍ഗം കാണിച്ചുകൊടുക്കുകയും, അതിലേക്ക് നയിക്കുകയും ചെയ്യും. അവന് ബാധിക്കുന്നതെല്ലാം- നന്മയാകട്ടെ, തിന്മയാകട്ടെ- അവന് ഗുണകരമായി കലാശിക്കുകയും ചെയ്യും. അതാണ് ഒരു തിരുവചനത്തില്‍ നബിﷺ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നത്: 'സത്യവിശ്വാസികളുടെ കാര്യം ആശ്ചര്യമാണ്! അവന് അല്ലാഹു ഏതൊന്ന് വിധിച്ചാലും അതവന് ഗുണകരമാകാതിരിക്കുകയില്ല. വല്ല ബുദ്ധിമുട്ടും (കഷ്ടപ്പാടും) അവന് ബാധിച്ചാല്‍ അവന്‍ ക്ഷമിക്കും; അങ്ങനെ, അതവന് ഗുണമായിത്തീരും. വല്ല സന്തോഷവും അവനെ ബാധിച്ചാല്‍ അവന്‍ നന്ദിചെയ്യും; അങ്ങനെ അതും അവന് ഗുണമായിത്തീരും. ഇത് സത്യവിശ്വാസിക്കല്ലാതെ വേറെ ഒരാള്‍ക്കുമുണ്ടാവുകയില്ല.' (ബു; മു.)

അല്ലാഹുവിങ്കല്‍ നിന്ന് ഹിദായത്ത് (സന്‍മാര്‍ഗദര്‍ശനം) ലഭിക്കുവാനുള്ള ഒന്നാമത്തെ ഉപാധി വിശ്വാസം തന്നെ. വിശ്വാസത്തിന്റെ സാക്ഷാല്‍കരണം അല്ലാഹുവിനെയും, റസൂലിനെയും- അവരുടെ വിധിവിലക്കുകളെ- അനുസരിക്കല്‍കൊണ്ടുമാകുന്നു. ഇത് രണ്ടും സ്വീകരിക്കാന്‍ ഒരാള്‍ തയ്യാറില്ലെങ്കില്‍ അതിന്റെ ഉത്തരവാദിത്തം അവനുതന്നെ. റസൂലിന് അതില്‍ ബാധ്യതയൊന്നുമില്ല. അല്ലാഹുവിന്റെ ദൗത്യം ശരിക്കും പ്രബോധനം ചെയ്തു എത്തിച്ചുകൊടുക്കുക മാത്രമേ അദ്ദേഹത്തിന് ചുമതലയുള്ളൂ. അതദ്ദേഹം നിര്‍വ്വഹിച്ചിട്ടുമുണ്ട്. എന്നിട്ട് പിന്നെയും പിന്‍തിരിഞ്ഞു പോകുന്നവര്‍ അവരുടെ കാര്യങ്ങള്‍ ആരിലെങ്കിലും അര്‍പ്പിച്ചു കൊള്ളട്ടെ. തൗഹീദിന്റെ ആള്‍ക്കാരായ സത്യവിശ്വാസികള്‍ അവരുടെ കാര്യങ്ങളെല്ലാം അല്ലാഹുവില്‍ മാത്രം അര്‍പ്പിക്കേണ്ടതാണ്. അവന്‍ മതി അവര്‍ക്ക്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِنَّ مِنْ أَزْوَٰجِكُمْ وَأَوْلَٰدِكُمْ عَدُوًّا لَّكُمْ فَٱحْذَرُوهُمْ ۚ وَإِن تَعْفُواْ وَتَصْفَحُواْ وَتَغْفِرُواْ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٤﴾

﴿14﴾ ഹേ, വിശ്വസിച്ചവരേ, നിശ്ചയമായും നിങ്ങളുടെ ഇണകളിലും നിങ്ങളുടെ മക്കളിലും തന്നെ നിങ്ങള്‍ക്ക് (ഒരുതരം) ശത്രുക്കളുണ്ട്; അതിനാല്‍ നിങ്ങള്‍ അവരെ കാത്തു (സൂക്ഷിച്ചു) കൊള്ളുവിന്‍.

നിങ്ങള്‍ മാപ്പുനല്‍കുകയും, വിട്ടുകൊടുക്കുകയും, പൊറുത്തുകൊടുക്കുകയും ചെയ്യുന്നുവെങ്കിലോ, നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

إِنَّمَآ أَمۡوَٰلُكُمۡ وَأَوۡلَٰدُكُمۡ فِتۡنَةٞۚ وَٱللَّهُ عِندَهُۥٓ أَجۡرٌ عَظِيمٞ ﴿١٥﴾

《15》 നിശ്ചയമായും നിങ്ങളുടെ സ്വത്തുക്കളും, നിങ്ങളുടെ മക്കളും ഒരു പരീക്ഷണം മാത്രമാണ്. അല്ലാഹുവാകട്ടെ, അവന്റെ പക്കൽ വമ്പിച്ച പ്രതിഫലമുണ്ട്താനും.

《14》 يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ ഹേ, വിശ്വസിച്ചവരേ إِنَّ مِنۡ أَزۡوَٰجِكُمۡ നിശ്ചയമായും നിങ്ങളുടെ ഇണകളിലുണ്ട്, ഭാര്യമാരുടെ കൂട്ടത്തിലുണ്ട് وَأَوۡلَٰدِكُمۡ നിങ്ങളുടെ മക്കളിലും عَدُوّٗا ഒരു (തരം) ശത്രു, ചില ശത്രുക്കൾ لَّكُمۡ നിങ്ങൾക്ക് فَٱحۡذَرُوهُمۡ അതുകൊണ്ട് അവരെ നിങ്ങൾ സൂക്ഷിക്കുവിൻ, ജാഗ്രത വെക്കുക وَإِن تَعۡفُواْ നിങ്ങൾ മാപ്പ് നൽകുന്ന പക്ഷം وَتَصۡفَحُواْ നിങ്ങൾ വിട്ടുകൊടുക്കുകയും وَتَغۡفِرُواْ നിങ്ങൾ പൊറുത്തു കൊടുക്കുകയും فَإِنَّ ٱللَّهَ എന്നാൽ അല്ലാഹു غَفُورٞ വളരെ പൊറുക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ് 《15》 إِنَّمَآ أَمۡوَٰلُكُمۡ നിശ്ചയമായും നിങ്ങളുടെ സ്വത്തുക്കൾ وَأَوۡلَٰدُكُمۡ നിങ്ങളുടെ മക്കളും فِتۡنَةٞ ഒരു പരീക്ഷണം (തന്നെ, മാത്രമാണ്) وَٱللَّهُ അല്ലാഹുവാകട്ടെ عِندَهُۥٓ അവന്റെ പക്കലുണ്ട് أَجۡرٌ عَظِيمٞ വമ്പിച്ചപ്രതിഫലം, കൂലി

നിത്യേന നാമെല്ലാവരും ശ്രദ്ധിക്കേണ്ട ചില യാഥാർത്ഥ്യങ്ങളാണ് അല്ലാഹു ഈ വചനങ്ങളിൽ ഉണർത്തുന്നത്. മനുഷ്യൻ അവന്റെ ഐഹികജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന കഷ്ടങ്ങളുടെ സിംഹഭാഗവും തന്റെ ഭാര്യാമക്കളുടെ നിർബന്ധത്തിനും ശാഠ്യത്തിനും വഴങ്ങി, അല്ലെങ്കിൽ അവരോടുള്ള വാത്സല്യം നിമിത്തം, അല്ലെങ്കിൽ അവരുടെ ഏതെങ്കിലും കൊള്ളരുതായ്മമൂലം അവൻ പല അപകടത്തിലും, വേണ്ടാവൃത്തിയിലും ചെന്നുചാടും. അപമാനം സഹിക്കേണ്ടി വരുന്നു, അക്രമത്തിനും വഞ്ചനക്കും ഒരുമ്പെടുന്നു, കുടുംബങ്ങളോടും മിത്രങ്ങളോടും പിണങ്ങേണ്ടിവരുന്നു, ദാനധർമങ്ങൾ മുടങ്ങേണ്ടിവരുന്നു, ദുർവ്യയം ചെയ്യുന്നു, കടം പേറുന്നു, വാഗ്ദത്തം ലംഘിക്കുന്നു, മതപരവും സദാചാരപരവുമായ നിർബന്ധകടമകൾ ഉപേക്ഷിക്കുന്നു, അങ്ങനെ പലതും. ചുരുക്കത്തിൽ ഐഹികവും പാരത്രികവുമായ തുറകളിൽ അവർ നിമിത്തം അവന് നേരിട്ടേക്കാവുന്ന ദോഷങ്ങൾ നിരവധിയാണ്. അതുകൊണ്ട് ഭാര്യാമക്കൾ നിമിത്തം ഇങ്ങനെയുള്ള ദുരവസ്ഥയിൽ പതിക്കുവാൻ കാരണമാകുന്നതിനെക്കുറിച്ച് എപ്പോഴും വളരെ ജാഗ്രതയും സൂക്ഷ്മതയും കൈകൊള്ളണമെന്ന് അല്ലാഹു സത്യവിശ്വാസികളെ താക്കീത് ചെയ്യുന്നു.

അതേ സമയത്ത് മറ്റൊരു വശവും നോക്കേണ്ടതായുണ്ട്. ഒരാളുടെ ഭാര്യാമക്കൾ സ്വാഭാവികമായും അയാളുടെ അത്രതന്നെ പാകത പ്രാപിച്ചവരായിരിക്കയില്ലല്ലോ. അവരെ നന്നാക്കിത്തീർക്കേണ്ടുന്ന ചുമതലയും അവനുണ്ട്. ആകയാൽ, അവരിൽനിന്നുണ്ടാകുന്ന തെറ്റുകുറ്റങ്ങൾക്കെല്ലാം അവർക്കെതിരെ നടപടിയെ

ടുക്കുവാൻ മുതിരുന്നതും ശരിയല്ല. ചില സന്ദർഭങ്ങളിൽ അത് ആവശ്യവും സ്വീകാര്യവുമായിരിക്കാമെന്ന് മാത്രം. കഴിയുന്നതും ക്ഷമിക്കുക, മാപ്പും വിട്ടുവീഴ്ചയും കൈകൊള്ളുക, ഇതാണ് കരണീയമായിട്ടുള്ളത്. ഇതിന് പ്രോത്സാഹനം നൽകുക മാത്രമല്ല അല്ലാഹു ചെയ്തിരിക്കുന്നത്. അത് നിമിത്തം അല്ലാഹുവിന്റെ പക്കൽനിന്നുള്ള പൊറുതിയും കാരുണ്യവും ലഭിക്കുമെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. (14 -ാം വചനത്തിന്റെ അവസാനഭാഗം നോക്കുക.) അപ്പോൾ നല്ലതും ചീത്തയും നോക്കാതെ, ന്യായാന്യായവ്യത്യാസം കൂടാതെ, ഹലാലും ഹറാമും (പാടുള്ളതും പാടില്ലാത്തതും) ആലോചിക്കാതെ കണ്ടമാനം ഭാര്യാമക്കളുടെ ഇഷ്ടത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവർക്കും, നേരെമറിച്ച് വേണ്ടതിനും വേണ്ടാത്തതിനുമെല്ലാം സ്വന്തം ഭാര്യയെയും മക്കളെയും ശാസിച്ചും മർദ്ദിച്ചും വരുന്നവർക്കും ഈ വചനത്തിൽ താക്കീതുണ്ടെന്നുകാണാം.

'നിങ്ങളുടെ സ്വത്തുക്കളും മക്കളും ഒരു പരീക്ഷണം മാത്രമാണ്' (إنما أموالكم وأولادكم فتنة) എന്ന വാക്യവും വളരെ ശ്രദ്ധാർഹമായ ഒരു തത്വമാണ് ഉൾക്കൊള്ളുന്നത്. അതെ, ഐഹികവും പാരത്രികവുമായ നന്മകൾക്ക് കാരണമായിത്തീരുന്നതുപോലെത്തന്നെ ഐഹികവും പാരത്രികവുമായ തിന്മകൾക്കും അത് രണ്ടും കാരണമായേക്കാം. അതുകൊണ്ട് സ്വത്തും മക്കളും ഉള്ളവരെല്ലാം ഭാഗ്യവാൻമാരെന്നോ അല്ലെന്നോ കണക്കാക്കുവാൻ വയ്യ. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലത്തെ ഉന്നംവെച്ചും, അതിന് പ്രാധാന്യം കൽപ്പിച്ചുകൊണ്ടും അവയെ ഉപയോഗപ്പെടുത്തുന്നവർ പരീക്ഷണത്തിൽ വിജയികളും ഭാഗ്യവാൻമാരുമാകുന്നു. അല്ലാത്തവർ പരാജിതരും നിർഭാഗ്യവാൻമാരുംതന്നെ. പലപ്പോഴും ഐഹികനന്മയും, പാരത്രികനന്മയും തമ്മിൽ വൈരുദ്ധ്യവുമായിരിക്കും ഉണ്ടായിരിക്കുക. അങ്ങനെ വരുമ്പോൾ, മുൻഗണന നൽകേണ്ടത് ഏതിനാണ് എന്നും അല്ലാഹു അതോടൊപ്പം ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഈ പരീക്ഷണം വിജയകരമായി കലാശിക്കേണമെങ്കിൽ, സ്വത്തുമൂലവും മക്കൾമൂലവും ലഭിച്ചേക്കുന്ന എല്ലാ ഐഹിക താൽപര്യങ്ങളെയും വർജ്ജിക്കണമെന്നുണ്ടോ? അതില്ല. ولا تنس نصيبك من الدنيا–القصص (ഇഹത്തിൽ നിന്നുള്ള നിന്റെ പങ്ക് വിസ്മരിക്കുകയും വേണ്ടാ) എന്നാൽ, പരീക്ഷണത്തിൽ വിജയിക്കുന്നവർ ആരായിരിക്കുമെന്ന് അടുത്ത വചനത്തിൽനിന്ന് മനസ്സിലാക്കാം.

فَٱتَّقُوا۟ ٱللَّهَ مَا ٱسْتَطَعْتُمْ وَٱسْمَعُوا۟ وَأَطِيعُوا۟ وَأَنفِقُوا۟ خَيْرًا لِّأَنفُسِكُمْ

﴾16﴿ അതുകൊണ്ട് നിങ്ങൾക്ക് സാധ്യമായപ്രകാരം നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; കേൾക്കുകയും, അനുസരിക്കുകയും ചെയ്യുവിൻ; നിങ്ങൾക്ക് സ്വന്തം തന്നെ ഗുണകരമായ നിലക്ക് (ധനം) ചിലവഴിക്കുകയും ചെയ്യുവിൻ.

وَمَن يُوقَ شُحَّ نَفۡسِهِۦ فَأُوْلَٰٓئِكَ هُمُ ٱلۡمُفۡلِحُونَ ﴿١٦﴾

യാതൊരുവന്‍ അവന്റെ മനസ്സിന്റെ പിശുക്കില്‍ (അഥവാ ആര്‍ത്തിയില്‍) നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ, അങ്ങനെയുള്ളവര്‍തന്നെയാണ് വിജയികള്‍.

《16》 فَٱتَّقُواْ ٱللَّهَ അതുകൊണ്ട് നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുവിന്‍ مَا ٱسۡتَطَعۡتُمۡ നിങ്ങള്‍ക്ക് സാധ്യമായത്, കഴിയുന്നത്ര وَٱسۡمَعُواْ കേള്‍ക്കുകയും ചെയ്യുവിന്‍ وَأَطِيعُواْ അനുസരിക്കുകയും ചെയ്യുവിന്‍ وَأَنفِقُواْ ചിലവ് ചെയ്യുകയും ചെയ്യുവിന്‍ خَيۡرًا ഗുണമായിട്ട്, ഗുണമായ നിലക്ക് لِّأَنفُسِكُمۡ നിങ്ങള്‍ക്ക് തന്നെ, നിങ്ങളുടെ ദേഹങ്ങള്‍ (ആത്മാക്കള്‍)ക്കുവേണ്ടി وَمَن يُوقَ ആര്‍ കാക്ക (രക്ഷിക്ക)പ്പെടുന്നുവോ شُحَّ نَفۡسِهِۦ തന്റെ മനസ്സിന്റെ (സ്വദേഹത്തിന്റെ) പിശുക്ക്, ആര്‍ത്തിയില്‍നിന്ന് فَأُوْلَٰٓئِكَ هُمُ എന്നാല്‍ അക്കൂട്ടര്‍ തന്നെ ٱلۡمُفۡلِحُونَ വിജയികള്‍

ധനം മുഖേനയും മക്കള്‍ മുഖേനയുമുള്ള പരീക്ഷണങ്ങളില്‍ വിജയം നേടുവാനുള്ള മാര്‍ഗങ്ങള്‍ ഇവയാണ്:

(1) എല്ലാ വിഷയത്തിലും അവനവന് കഴിയുന്നത്ര അല്ലാഹുവിനെ സൂക്ഷിക്കുക. അഥവാ അവന്റെ വിധിവിലക്കുകളെ അതിലംഘിക്കാതെയും, അവന്റെ ശിക്ഷയെ സൂക്ഷിച്ചും കൊണ്ടിരിക്കുക.

(2) ഓരോ വിഷയത്തിലും അല്ലാഹുവും അവന്റെ റസൂലും കല്‍പ്പിക്കുന്ന കല്‍പ്പനകളും, നിര്‍ദ്ദേശിക്കുന്ന നിര്‍ദ്ദേശങ്ങളും കേട്ടു മനസ്സിലാക്കുകയും സ്വീകരിക്കുകയും ചെയ്യുക.

(3) അതനുസരിച്ച് പ്രവര്‍ത്തിക്കുക.

(4) അവനവന് യഥാര്‍ത്ഥത്തില്‍ ഗുണകരമായി കലാശിക്കുന്ന വിഷയങ്ങളില്‍ പരമാവധി ചിലവ് ചെയ്യുക.

ഈ നാല് കാര്യങ്ങളും വേണ്ടതുപോലെ ഗൗനിക്കുന്നവര്‍ക്ക് തങ്ങളുടെ മക്കളും സ്വത്തുക്കളുമെല്ലാം വമ്പിച്ച അനുഗ്രഹമായിരിക്കും. ഇല്ലെങ്കിലോ? ശാപവും! എന്നാല്‍, ഇക്കാര്യങ്ങള്‍ ഗൗനിക്കപ്പെടുന്നതിന് ഏറ്റവും വലിയ വിഘാതമായിത്തീരുന്നത് മനസ്സിന്റെ അടിത്തട്ടില്‍ ഒളിച്ചുകിടക്കുന്ന ഒരു പൈശാചിക ദുര്‍ഗുണമത്രെ. അതെ, സ്വന്തം കയ്യിലുള്ളത് ചിലവാക്കുവാനുള്ള പിശുക്കും, മറ്റുള്ളവരുടെ പക്കലുള്ളതുകൂടി ലഭിക്കുവാനുള്ള ആര്‍ത്തിയും. ഇതിനാണ് شُحّ

(ശുഹ്ഹ്) എന്ന് പറയുന്നത്. ഏതൊരു ഹൃദയത്തിൽ 'ശുഹ്ഹ്' കുടികൊണ്ടിരിക്കുന്നുവോ ആ ഹൃദയത്തിന് മേൽപ്രസ്താവിച്ച നാല് കാര്യങ്ങളും യഥാവിധി സ്വീകരിക്കുവാൻ കഴിയുന്നതല്ല. അതുകൊണ്ടാണ് 'ശുഹ്ഹി'ൽനിന്ന് രക്ഷപ്പെട്ടവരാണ് വിജയികൾ എന്ന് അല്ലാഹു പ്രത്യേകം ഉണർത്തിയിരിക്കുന്നത്. ('ശുഹ്ഹി'നെപ്പറ്റി സൂ: ഹശ്ർ 9 -ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചത് ഓർക്കുക.)

അല്ലാഹുവിനെ സൂക്ഷിക്കണമെന്ന് പറഞ്ഞപ്പോൾ നിങ്ങൾക്ക് 'സാധ്യമായത്ര' (ما استطعتم) എന്ന് ഉപാധിവെച്ചിട്ടുള്ളത് ശ്രദ്ധേയമാകുന്നു. ഓരോരുത്തന്റെയും പരമാവധി കഴിവുപോലെ അല്ലാഹുവിനെ സൂക്ഷിക്കണം എന്ന് സാരം. സൂ: ആലുഇംറാൻ 102 ൽ 'അല്ലാഹുവിനെ സൂക്ഷിക്കേണ്ടുന്ന മുറപ്രകാരം സൂക്ഷിക്കുവിൻ'(اتقوا الله حق تقاته) എന്ന് പറഞ്ഞിട്ടുള്ളതിന്റെ ഉദ്ദേശ്യവും ഇതുതന്നെ. അല്ലാഹുവിനോടുള്ള കടപ്പാട് പരിപൂർണമായി നിറവേറ്റുവാൻ മനുഷ്യർക്ക് സാധ്യമല്ലെന്നും, സാധ്യതയുള്ള അളവിൽതന്നെ വ്യക്തികളെല്ലാം സമനിലക്കാരല്ലെന്നും വ്യക്തമാണല്ലോ. 'ഒരാളോടുംതന്നെ ആ ആളുടെ കഴിവിനപ്പുറം അല്ലാഹു ശാസിക്കുന്നതല്ല.' (لا يكلف الله نفسا إلا وسعها) എന്ന് അല്ലാഹു അസന്നിഗ്ധമായി പ്രസ്താവിച്ചിട്ടുണ്ട്താനും. അതുകൊണ്ട്തന്നെയാണ് നബിﷺ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നതും:إذا أمرتكم بأمر فاتوا منه ما استطعتم وما نهيتكم عنه فاجتنبوه - متفق عليه (നിങ്ങളോട് ഞാൻ വല്ല കാര്യവും കൽപ്പിച്ചാൽ നിങ്ങൾ അതിൽ നിങ്ങൾക്ക് സാധിക്കുന്നത്ര കൊണ്ടുവരുവിൻ. നിങ്ങളോട് ഞാൻ എന്ത് വിരോധിച്ചുവോ അത് നിങ്ങൾ വർജ്ജിക്കുകയും ചെയ്യുവിൻ. (ബു; മു.) കല്പിച്ചത് മുഴുവൻ ചെയ്യാൻ ചിലപ്പോൾ കഴിഞ്ഞില്ലെന്ന് വരാം. എന്നാൽ വിരോധിച്ചത് വിട്ടുകളയുവാൻ സാധിക്കാതെ വരികയില്ലല്ലോ. അതുകൊണ്ടാണ് വിരോധിച്ചത് അപ്പടി വർജ്ജിക്കുക തന്നെ വേണമെന്ന് തിരുമേനി കൽപ്പിക്കുന്നത്.

إِن تُقْرِضُوا۟ ٱللَّهَ قَرْضًا حَسَنًا يُضَـٰعِفْهُ لَكُمْ وَيَغْفِرْ لَكُمْ ۚ وَٱللَّهُ شَكُورٌ حَلِيمٌ ﴿١٧﴾

﴾17﴿ അല്ലാഹുവിന് നിങ്ങൾ നല്ലതായ കടംകൊടുക്കുന്ന പക്ഷം, അവൻ നിങ്ങൾക്ക് അത് ഇരട്ടിയാക്കിത്തരുന്നതാണ്; നിങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യും. അല്ലാഹു വളരെ നന്ദിയുള്ളവനും, സഹനശീലനുമാകുന്നു.

عَـٰلِمُ ٱلْغَيْبِ وَٱلشَّهَـٰدَةِ ٱلْعَزِيزُ ٱلْحَكِيمُ ﴿١٨﴾

﴾18﴿ (അവൻ) അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവനാണ്; പ്രതാപശാലിയാണ്; അഗാധജ്ഞനാണ്!

قَرۡضًا حَسَنًا നിങ്ങൾ കടം കൊടുക്കുന്നപക്ഷം ٱللَّهَ അല്ലാഹുവിന് إِن تُقۡرِضُواْ ﴿17﴾
നല്ലതായ കടം يُضَٰعِفۡهُ لَكُمۡ അതിനെ അവൻ നിങ്ങൾക്ക് ഇരട്ടിയാക്കിത്തരും
وَيَغۡفِرۡ لَكُمۡ നിങ്ങൾക്കവൻ പൊറുക്കുകയും ചെയ്യും وَٱللَّهُ شَكُورٌ അല്ലാഹു വളരെ
നന്ദിയുള്ളവനാണ് حَلِيمٌ സഹനശീലനാണ് ﴿18﴾ عَٰلِمُ ٱلۡغَيۡبِ അദൃശ്യത്തെ അറി
യുന്നവനാണ് وَٱلشَّهَٰدَةِ ദൃശ്യത്തെ (പരസ്യമായതിനെ)യും ٱلۡعَزِيزُ പ്രതാപശാലി
യാണ് ٱلۡحَكِيمُ അഗാധജ്ഞനാണ്, യുക്തിമാനാണ്

അല്ലാഹുവിന് നല്ല വിധത്തിൽ കടം കൊടുക്കുന്നതിനെപ്പറ്റി സൂ: ഹദീദിൽ വിവരിച്ചിരിക്കുന്നത് ഓർമിക്കുക. നബിﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു: متفق عليه –إن الله تعالى يقول من يقرض غير ظلوم ولا عديم'അക്രമം ചെയ്യുന്നവനോ കൈവല ഞ്ഞവനോ ഒന്നുമല്ലാത്തവന് കടംകൊടുക്കുന്നവർ ആരുണ്ട് എന്നാണ് അല്ലാഹു പറയുന്നത്'എന്ന് സാരം.

اللهم لك الحمد ولك المنة

سورة الطلاق

65. സൂറത്തുത്ത്വലാക്

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 12 - വിഭാഗം (റുകൂഉ്) 2

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَـٰٓأَيُّهَا ٱلنَّبِىُّ

《1》 ഹേ, നബിയേ

إِذَا طَلَّقۡتُمُ ٱلنِّسَآءَ فَطَلِّقُوهُنَّ لِعِدَّتِهِنَّ وَأَحۡصُواْ ٱلۡعِدَّةَ ۖ وَٱتَّقُواْ ٱللَّهَ رَبَّكُمۡ

നിങ്ങൾ സ്ത്രീകളെ [ഭാര്യമാരെ] വിവാഹമോചനം ചെയ്യുന്നതായാൽ, അവരുടെ 'ഇദ്ദഃ' [കാത്തിരിപ്പാൻ നിർദ്ദേശിക്കപ്പെട്ട] സമയത്തേക്ക് അവരെ മോചനം ചെയ്യുവിൻ; 'ഇദ്ദഃ'യെ നിങ്ങൾ (എണ്ണി) കണക്കാക്കുകയും ചെയ്യണം. നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ.

لَا تُخۡرِجُوهُنَّ مِنۢ بُيُوتِهِنَّ وَلَا يَخۡرُجۡنَ إِلَّآ أَن يَأۡتِينَ بِفَـٰحِشَةٍ مُّبَيِّنَةٍ ۚ وَتِلۡكَ حُدُودُ ٱللَّهِ ۚ

അവരുടെ വീടുകളിൽനിന്ന് നിങ്ങളവരെ പുറത്താക്കരുത്; അവർ പുറത്തുപോകുകയും ചെയ്യരുത്; -പ്രത്യക്ഷത്തിലുള്ളതായ വല്ല നീചവൃത്തിയും അവർ കൊണ്ടുവരുന്നതായാലല്ലാതെ, [അപ്പോൾ പുറത്താക്കാവുന്നതാണ്.] അത് (എല്ലാം) അല്ലാഹുവിന്റെ നിയമാതിർത്തികളാകുന്നു.

وَمَن يَتَعَدَّ حُدُودَ ٱللَّهِ فَقَدْ ظَلَمَ نَفْسَهُۥ ۚ

അല്ലാഹുവിന്റെ നിയമാതിർത്തികളെ ആർ വിട്ടു കടക്കുന്നുവോ, തീർച്ചയായും അവൻ തന്നോടു തന്നെ അക്രമം പ്രവൃത്തിച്ചിരിക്കുന്നു.

لَا تَدْرِى لَعَلَّ ٱللَّهَ يُحْدِثُ بَعْدَ ذَٰلِكَ أَمْرًا ﴿١﴾

നിനക്കറിഞ്ഞുകൂടാ- അതിനു ശേഷം അല്ലാഹു വല്ലകാര്യവും പുത്തനായുണ്ടാക്കിയേക്കാം.

﴾1﴿ يَٰٓأَيُّهَا ٱلنَّبِىُّ ഹേ നബിയേ إِذَا طَلَّقْتُمُ നിങ്ങൾ 'ത്വലാക്വ്'(വിവാഹമോചനം) ചെയ്താൽ ٱلنِّسَآءَ സ്ത്രീകളെ فَطَلِّقُوهُنَّ എന്നാലവരെ മോചനം ചെയ്യുവിൻ لِعِدَّتِهِنَّ അവരുടെ ഇദ്ദഃയിലേക്ക് (തക്കവണ്ണം), ഇദ്ദഃസമയത്തേക്ക് وَأَحْصُوا۟ നിങ്ങൾ കണക്കാക്കുക (ക്ലിപ്തപ്പെടുത്തുക)യും ചെയ്യുവിൻ ٱلْعِدَّةَ ഇദ്ദഃയെ وَٱتَّقُوا۟ ٱللَّهَ അല്ലാഹുവിനെ സൂക്ഷിക്കയും ചെയ്യുവിൻ رَبَّكُمْ നിങ്ങളുടെ രക്ഷിതാവായ لَا تُخْرِجُوهُنَّ അവരെ നിങ്ങൾ പുറത്താക്കരുത് مِنۢ بُيُوتِهِنَّ അവരുടെ വീടുകളിൽനിന്ന് وَلَا يَخْرُجْنَ അവർ പുറത്തുപോകയും അരുത് إِلَّآ أَن يَأْتِينَ അവർ വന്നാലല്ലാതെ (ചെയ്യാതെ) بِفَٰحِشَةٍ വല്ല നീചവൃത്തിയുമായി, വഷളവൃത്തിയെ مُّبَيِّنَةٍ ۚ വ്യക്തമാക്കുന്ന, പ്രത്യക്ഷത്തിലുള്ളതായ وَتِلْكَ അത്, അവ حُدُودُ ٱللَّهِ അല്ലാഹുവിന്റെ (നിയമങ്ങളാകുന്ന) അതിർത്തികളാണ് وَمَن يَتَعَدَّ ആർ വിട്ടുകടക്കുന്നുവോ حُدُودَ ٱللَّهِ അല്ലാഹുവിന്റെ അതിർത്തികളെ فَقَدْ ظَلَمَ എന്നാൽ തീർച്ചയായും അവൻ അക്രമം ചെയ്തു نَفْسَهُۥ തന്നോട്, തന്റെ ആത്മാവിനെ لَا تَدْرِى നീ അറിയുകയില്ല, അതിന്നറിഞ്ഞുകൂട لَعَلَّ ٱللَّهَ അല്ലാഹു ആയേക്കാം يُحْدِثُ ഉണ്ടാക്കുക, പുതുതായി കൊണ്ടുവരും بَعْدَ ذَٰلِكَ അതിനുശേഷം أَمْرًا വല്ല കാര്യവും

വിവാഹമോചന വിഷയകമായി മുസ്‌ലിം സമുദായം അനുഷ്ഠിക്കേണ്ടുന്ന പല നിയമങ്ങളും നബി തിരുമേനിﷺയെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു. വിവാഹമോചനം (ത്വലാക്വ്) മൂലമോ മറ്റോ വിവാഹബന്ധം വേർപ്പെടുത്തുമ്പോൾ ആ സ്ത്രീ ഗർഭവതിയാണോ അല്ലേ എന്നറിയുക, വിവാഹമോചനം ചെയ്തു കഴിഞ്ഞശേഷം അതിനെപ്പറ്റി ഖേദിക്കുകയും, പഴയ ബന്ധത്തിലേക്ക് മടങ്ങുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർക്ക് അതിന് അവസരം നൽകുക മുതലായ ആവശ്യങ്ങളെ മുൻനിറുത്തി വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ കുറച്ചുകാലം നിർബന്ധമായി കാത്തിരിക്കേണ്ടതുണ്ട്. ഇക്കാലത്തിന് 'ഇദ്ദഃ'(العدّة) എന്ന് പറയപ്പെടുന്നു. ഇദ്ദഃയെ സംബന്ധിച്ചിടത്തോളം സ്ത്രീകൾ പല തരക്കാരുണ്ട്.

1. ഭർത്താവിന്റെ മരണം കൊണ്ട് വേർപെട്ടവൾ. ഇവളുടെ ഇദ്ദഃകാലം നാല് മാസവും പത്ത് ദിവസവുമാകുന്നു. (2 : 234.)

2. ഭർത്താവുമായി സ്പർശനമുണ്ടാകുന്നതിന് മുമ്പുതന്നെ ത്വലാക്വ് ചെയ്യപ്പെട്ടവൾ. ഇവൾ ഇദ്ദഃ ആചരിക്കേണ്ടതില്ല. (33; 49.)

3. ഗർഭമുണ്ടെന്ന് അറിയപ്പെട്ടവൾ.

4. ആർത്തവരക്തം ഉണ്ടാവാതിരിക്കുകയോ, ഉണ്ടായശേഷം അത് നിലച്ചു പോകുകയോ ചെയ്തവർ. ഈ രണ്ട് കൂട്ടരുടെ ഇദ്ദഃയെക്കുറിച്ചും താഴെ വചനങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്. ഈ നാല് കൂട്ടരുടെയും ഇദ്ദഃകാലങ്ങളിൽ ഏറ്റക്കുറവ് വരുന്ന പ്രശ്നമില്ല.

5. ആർത്തവവും ആർത്തവശുദ്ധിയും ഉണ്ടാകാറുള്ളവൾ. ഇവളുടെ ഇദ്ദഃ മൂന്ന് ആർത്തവശുദ്ധി കഴിയുന്ന കാലമാണ്. (2 : 228.) ഇങ്ങനെയുള്ളവരായിരിക്കുമല്ലോ വിവാഹമോചനം ചെയ്യപ്പെടുന്ന സ്ത്രീകളിൽ അധികഭാഗവും. ഈ വകുപ്പിൽപെട്ടവരുടെ ഇദ്ദഃകാലം ഏറിയും കുറഞ്ഞും വരാൻ സാധ്യതയുള്ളതുകൊണ്ട്- അതിൽ ദൈർഘ്യം വരാതിരിക്കുവാൻ വേണ്ടി- അല്ലാഹു നിശ്ചയിച്ച ഒരു നിയമമാണ് ഈ വചനത്തിന്റെ ആദ്യത്തിൽ കാണുന്നത്.

അതായത്: സ്ത്രീയുടെ ആർത്തവം കഴിഞ്ഞ് ശുദ്ധിയാവുകയും, ആ ശുദ്ധികാലത്ത് ഭർത്താവിന്റെ സ്പർശനം ഉണ്ടാകാതിരിക്കുകയും ചെയ്യുന്ന അവസരത്തിലേ ത്വലാക്വ് നടക്കുവാൻ പാടുള്ളൂ. ഇതാണ് ഇദ്ദഃ സമയത്തേക്കായിരിക്കണം ത്വലാക്വ് (طلقوهن لعدتهن) എന്ന് പറഞ്ഞതിന്റെ താൽപര്യം. ഇങ്ങനെ ചെയ്യുന്നപക്ഷം, ത്വലാക്വ് നടന്ന ആ ശുദ്ധികാലം ഒരെണ്ണമായി കണക്കാക്കപ്പെടുന്നതുകൊണ്ട് പിന്നീട് രണ്ട് ആർത്തവം കഴിഞ്ഞു മൂന്നാമത്തെ ശുദ്ധിയിൽ പ്രവേശിക്കുന്നതോടെ, അവളുടെ ഇദ്ദഃ അവസാനിക്കുന്നതാണ്. നേരെ മറിച്ച് ആർത്തവകാലത്താണ് ത്വലാക്വ് നടന്നതെങ്കിൽ ഇദ്ദഃകാലം ദീർഘിക്കുമല്ലോ. എനി ശുദ്ധികാലത്ത് തന്നെയാണെങ്കിലും അക്കാലത്ത് ഭർത്താവിന്റെ സ്പർശനവുമുണ്ടായിട്ടുണ്ടെങ്കിൽ അതുമൂലം അവൾ ഗർഭവതിയാകുവാനും, അങ്ങനെ, ഇദ്ദഃകാലം ദീർഘിക്കുവാനും കാരണമായിത്തീരുമല്ലോ.

ബുഖാരി, മുസ്ലിം (റ) തുടങ്ങിയ ഹദീഥ്പണ്ഡിതൻമാർ ഉദ്ധരിച്ച ഒരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു; 'അബ്ദുല്ലാഹിബ്നു ഉമർ (റ) തന്റെ ഭാര്യയെ വിവാഹമോചനം ചെയ്തു. ആ സ്ത്രീക്ക് അപ്പോൾ ആർത്തവകാലമായിരുന്നു. ഈ വിവരം ഉമർ (റ) നബി തിരുമേനിﷺയെ അറിയിച്ചു. അവിടുന്ന് ദേഷ്യപ്പെട്ടുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'അവൻ അവളെ മടക്കിയെടുക്കട്ടെ; എന്നിട്ട് അവൾക്ക് ശുദ്ധിയുണ്ടാകുകയും, പിന്നെ ആർത്തവമുണ്ടാകുകയും, പിന്നെ ശുദ്ധി

യാവുകയും ചെയ്യുന്നതുവരെ അവളെ വെച്ചുകൊണ്ടിരിക്കട്ടെ, എന്നിട്ട് അവളെ ത്വലാക്വ് ചെയ്യണമെന്ന് അവന് തോന്നുന്നപക്ഷം (ആ ശുദ്ധികാലത്ത്) അവളെ സ്പർശിക്കുന്നതിന് മുമ്പ് അവൻ ത്വലാക്വ് നടത്തിക്കൊള്ളട്ടെ'. ഇതാണ്, ഇദ്ദഃ സമയത്തേക്ക് ത്വലാക്വ് നടത്തണമെന്ന് അല്ലാഹു കൽപിച്ചിട്ടുള്ള ആ കാലം. ഈ ഹദീഥിൽ നിന്ന് മേൽ വിവരിച്ചത് കൂടുതൽ വ്യക്തമാണല്ലോ.

ഈ ക്വുർആൻ വചനത്തിന്റെയും, നബിവചനത്തിന്റെയും അടിസ്ഥാനത്തിൽ പണ്ഡിതൻമാർ ത്വലാക്വിനെ മൂന്നായി ഭാഗിച്ചിരിക്കുന്നു.

(1) സുന്നത്തിനോട് യോജിക്കുന്ന ശരിയായ ത്വലാക്വ് (طلاق سُنّة). സംയോഗം നടന്നിട്ടില്ലാത്ത ശുദ്ധികാലത്തുണ്ടാകുന്ന ത്വലാക്വും, പ്രത്യക്ഷത്തിൽ ഗർഭവതിയായവളുടെ ത്വലാക്വും ഇതിൽ ഉൾപ്പെടുന്നു.

(2) സുന്നത്തിനെതിരായ ത്വലാക്വ്(طلاق بدعة) ഗർഭവതിയായി അറിയപ്പെടാത്ത സ്ത്രീയെ അവളുടെ ആർത്തവകാലത്തോ, സംയോഗം നടന്നിട്ടുള്ള ശുദ്ധികാലത്തോ നടത്തുന്ന ത്വലാക്വ്.

(3) രണ്ടുമല്ലാത്തത്, ഇതിൽ പലതും ഉൾപ്പെടുന്നു. വിശദവിവരം ഫിക്വ്ഹ് ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്.

ഇദ്ദഃ ആരംഭിക്കുന്നതിന് പറ്റിയ സമയത്തായിരിക്കണം ത്വലാക്വ് നടത്തുന്നതെന്ന് കൽപിച്ചശേഷം, ഇദ്ദഃയെ ശരിയായി എണ്ണിക്കണക്കാക്കുകയും വേണം (احصوا العدة) എന്ന്കൂടി അല്ലാഹു കൽപിക്കുന്നു. തുടക്കവും അവസാനവും ശരിക്ക് കണക്കാക്കപ്പെടാത്തപക്ഷം, അതുമൂലം പല കുഴപ്പങ്ങളും വഴക്കുകളും ഉണ്ടാകുവാൻ സാധ്യതയുള്ളതുകൊണ്ടാണ് ഇക്കാര്യം പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നത്. പഴയ വിവാഹബന്ധത്തിലേക്ക് തന്നെ മടക്കിയെടുക്കൽ, പുതിയ വിവാഹകാര്യം ആലോചിക്കൽ, ഇദ്ദഃകാലത്തെ ഭക്ഷണച്ചിലവും താമസ സൗകര്യവും നൽകൽ മുതലായതെല്ലാം ആ കാലത്തെ ആശ്രയിച്ചു തീരുമാനിക്കപ്പെടേണ്ടതുണ്ടല്ലോ. ഇദ്ദഃ കാലത്തിന്റെ നിർണയത്തിൽ തർക്കം വരുമ്പോൾ ഇത്തരം കാര്യങ്ങളിൽ പലപ്പോഴും വഴക്കും വക്കാണവും നടക്കാറുള്ളത് സാധാരണമാണ് واتقوا الله ربكم (നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെ സൂക്ഷിക്കുകയും വേണം) എന്ന വാക്യം ഇക്കാര്യത്തിന്റെ ഗൗരവത്തെയും, കണിശതയെയും കുറിക്കുന്നു.

നമ്മുടെ നാടുകളിൽ മുസ്‌ലിംകൾക്കിടയിൽ തീരെ വിസ്മരിക്കപ്പെട്ടിരിക്കുന്നതും, അതേ സമയത്ത് അല്ലാഹു ശക്തവും വ്യക്തവുമായ ഭാഷയിൽ ശാസിച്ചിട്ടുള്ളതുമായ ഒരു നിയമമാണ് മറ്റൊന്ന്. അതെ, 'അവരെ അവരുടെ വീടുകളിൽനിന്ന് പുറത്താക്കരുത്, അവർ പുറത്ത് പോകുകയും അരുത്(لا تخرجوهن الخ)'.

വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീ അതുവരെ താമസിച്ചിരുന്ന വീട്ടിൽനിന്ന്- ഭർത്താവിന്റെ വക വീട്ടിൽനിന്ന്- അവളെ ഇറക്കി അയക്കുവാനും, അവൾക്ക് ഇറങ്ങിപ്പോകുവാനും പാടില്ലെന്നുള്ളതിൽ ആർക്കും തർക്കമില്ല. എന്നാൽ, ഇരുകൂട്ടരുടെയും വല്ല ഗുണത്തെയും മുൻനിറുത്തി രണ്ടുകൂട്ടരും- ഭാര്യയും ഭർത്താവും- യോജിച്ച് ഇഷ്ടപ്പെട്ടാൽപോലും അവൾക്ക് മാറിത്താമസിക്കാൻ പാടില്ലെന്നാണ് ഒരു പക്ഷം പണ്ഡിതൻമാരുടെ അഭിപ്രായം.

إلا أن ياتين بفاحشة مبينة (അവർ വ്യക്തമായ വല്ല നീചവൃത്തിയും കൊണ്ടുവന്നാലല്ലാതെ) എന്ന വാക്യം നോക്കുമ്പോൾ ഈ അഭിപ്രായത്തിനാണ് പിൻബലം കാണുന്നതും, الله اعلم വാസ്തവത്തിൽ, അല്ലാഹുവിന്റെ ഈ നിയമം അതർഹിക്കുന്ന വിധത്തിൽ മുസ്ലിംകൾക്കിടയിൽ നടപ്പിലുണ്ടായിരുന്നുവെങ്കിൽ, ഇന്ന് നടക്കുന്ന വിവാഹമോചനങ്ങളിൽ അധികഭാഗവും താനേ ദുർബ്ബലപ്പെട്ടുപോകുമായിരുന്നു. കാരണം, വിവാഹമോചനം ചെയ്യപ്പെട്ടശേഷം ഇദ്ദഃ കഴിയുന്നതുവരെ -ഏറെക്കുറെ മൂന്നുമാസക്കാലം- ആ സ്ത്രീ ഭർത്താവിന്റെ വീട്ടിൽതന്നെ കഴിഞ്ഞുകൂടുമ്പോൾ വിവാഹമോചനത്തിന് ഇടയാക്കിയ അസുഖം ക്രമേണ തീർന്നുപോകുവാനും, രണ്ടുപേർക്കുമിടയിൽ പഴയബന്ധം തുടരുവാനുള്ള ആഗ്രഹം ജനിക്കുവാനും, അങ്ങനെ ഇദ്ദഃകാലം കഴിയുമ്പോഴേക്കും അവൻ അവളെ മടക്കിഎടുക്കുവാനും കാരണമായിത്തീരുന്നു. മനുഷ്യമനസ്സിനെക്കുറിച്ച് മനുഷ്യനെക്കാൾ അറിയാവുന്ന അല്ലാഹുവിന്റെ ഈ നിയമം എത്രകണ്ട് യുക്തിമത്തായ ഒന്നാണെന്ന് ആലോചിച്ച് നോക്കുക! പക്ഷേ, മുസ്ലിംകൾ അത് അവഗണിച്ചുകളഞ്ഞു. കൂട്ടത്തിൽ, ഇദ്ദഃയിലിരിക്കുന്ന സ്ത്രീകൾക്ക് ചിലവുകൊടുക്കേണ്ടതുണ്ടെന്ന നിയമവും വിസ്മരിക്കപ്പെട്ടിരിക്കുകയാണ്. ഇതിന്റെയെല്ലാം തിക്തഫലം സമുദായം അനുഭവിച്ചും വരുന്നു. നിസ്സാരകാര്യത്തെച്ചൊല്ലി വിവാഹമോചനം നടക്കും, അതോടെ- അല്ലെങ്കിൽ അതിന് മുമ്പുതന്നെ- അവൾ വീട്ടിൽനിന്ന് ബഹിഷ്കരിക്കപ്പെടും. അല്ലെങ്കിൽ അവൾ സ്വയം ഇറങ്ങിപ്പോകും. അനന്തരം കുറേനാളുകളോളം പരസ്പരം ആ വൈരമനഃസ്ഥിതി നിലനിൽക്കുകയും ചെയ്യും. അതിനിടക്ക് ഇദ്ദഃയുടെ അവധിയും അവസാനിക്കും. അങ്ങനെ, മടക്കിയെടുക്കാനുള്ള അവസരം നഷ്ടപ്പെട്ടുപോകുന്നു. പിന്നീടാണ് ഭവിഷ്യത്തുകളെപ്പറ്റി ആലോചന വരുന്നതും, അയ്യോ അത് വേണ്ടിയിരുന്നില്ല എന്ന് അനുഭവങ്ങൾ തെളിയിക്കുന്നതും. ഇതൊന്നും കേവലം സങ്കൽപമല്ല, നിത്യേന സമുദായം അനുഭവിച്ചുകൊണ്ടിരിക്കുന്നതാണ്.

വ്യക്തമായ വല്ല നീചവൃത്തിയും ചെയ്താലല്ലാതെ വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ വീട്ടിൽനിന്ന് പുറത്താക്കപ്പെടുവാനോ, പുറത്തുപോവാനോ പാടില്ലെന്ന് പറഞ്ഞതിൽനിന്ന്, അങ്ങനെ വല്ല നീചവൃത്തിയും അവരിൽനിന്ന് വെളിപ്പെട്ടാൽ അതുമുതൽ അവരെ പുറത്താക്കാമെന്ന് വ്യക്തമാകുന്നു. 'വ്യക്തമായ നീചവൃത്തി' (فاحشة مبينة)കൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് വ്യഭിചാരമാണെന്നാണ് ഒരഭിപ്രായം. സദാചാരവിരുദ്ധമായ വ്യഭിചാരം, കളവ് മുതലായവയും

എപ്പോഴും വഴക്കും വക്കാണവും ഉണ്ടാക്കിക്കൊണ്ടിരിക്കല്‍ മുതലായവയും ഇതില്‍ ഉള്‍പ്പെടുമെന്നാണ് പല പണ്ഡിതന്‍മാരുടെയും അഭിപ്രായം. ഏതായാലും, സഹിക്കാവതല്ലാത്ത നീചവൃത്തികളൊന്നും ചെയ്യാത്തകാലത്തോളം വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീ അവള്‍ വസിച്ചിരുന്ന പാര്‍പ്പിടം വിട്ടുപോയിക്കൂടാത്തതാണ്. പാര്‍പ്പിടം മാത്രം പോരാ. അവള്‍ക്ക് ഭക്ഷണത്തിനുള്ള വകകൂടികൊടുക്കേണ്ടതും ഉണ്ട്. ഇതിനെപ്പറ്റി താഴെ പ്രസ്താവിക്കുന്നതാണ്. അപ്പോള്‍, കാര്യം എത്ര ഗൗരവപ്പെട്ടതാണെന്ന് ആലോചിച്ച് നോക്കുക. പോരാ, ഇതെല്ലാം അല്ലാഹുവിന്റെ നിയമാതിര്‍ത്തികളാണെന്നും, അവയെ ലംഘിക്കുന്നവര്‍ തങ്ങളോടു തന്നെയാണ് അനീതി പ്രവര്‍ത്തിക്കുന്നതെന്നുകൂടി അല്ലാഹു താക്കീത് ചെയ്യുന്നു!

ഈ താക്കീതുകൊണ്ടും അല്ലാഹു മതിയാക്കിയിട്ടില്ല. ഹേ, മനുഷ്യാ, തല്‍ക്കാലം നീ വിവാഹമോചനമങ്ങ് നടത്തിയെങ്കിലും, പിന്നീട് എന്തെല്ലാം കാര്യങ്ങളാണ് നടക്കുവാനിരിക്കുന്നത്, അല്ലാഹു എന്തെല്ലാം പുതിയ മാറ്റങ്ങളാണ് സംഭവിപ്പിക്കുവാന്‍ പോകുന്നത് എന്നൊന്നും നിനക്കറിഞ്ഞുകൂടല്ലോ. ഒരു പക്ഷേ, നീ സ്വയം തന്നെ ചോദിച്ചേക്കും, അല്ലെങ്കില്‍ ഭാവിയില്‍ നിങ്ങള്‍ തമ്മില്‍ പൂര്‍വ്വാധികം സ്നേഹത്തില്‍ കഴിഞ്ഞുകൂടാന്‍ അവസരമുണ്ടായേക്കും, അങ്ങനെ പലതും സംഭവിച്ചേക്കാം. (*) അതുകൊണ്ട് അല്ലാഹുവിന്റെ നിയമാതിര്‍ത്തി വിട്ടുകടക്കാതെ അതിന്റെ പരിധിയില്‍ ഒതുങ്ങിനില്‍ക്കുകയാണ് നിനക്ക് നല്ലത്. എന്നൊക്കെയാണ് അല്ലാഹു ആയത്തിന്റെ അവസാനവാക്യത്തില്‍ ഉണര്‍ത്തുന്നത്. (لا تدري لعلّ الله الخ) നിയമപരമായി നോക്കുമ്പോള്‍ മതത്തില്‍ അനുവദിക്കപ്പെട്ട ഒന്നാണ് ത്വലാക്വ്. എങ്കിലും അല്ലാഹുവിന് ഒട്ടും ഇഷ്ടമില്ലാത്തതാണ് അതെന്ന് ഒരു നബിവചനത്തില്‍ വന്നിട്ടുമുണ്ട്. (ദാ.) ത്വലാക്വ് നടന്നാല്‍തന്നെ വീണ്ടും മടക്കി എടുക്കുവാനുള്ള പ്രോത്സാഹനങ്ങളും അവസരങ്ങളും ഇതിന് പുറമെയും. ഇതെല്ലാം മുസ്‌ലിംകള്‍ വളരെ ഗൗരവപൂര്‍വ്വം ചിന്തിക്കേണ്ട വിഷയങ്ങളാകുന്നു. والله الموفق

فَإِذَا بَلَغْنَ أَجَلَهُنَّ فَأَمْسِكُوهُنَّ بِمَعْرُوفٍ أَوْ فَارِقُوهُنَّ بِمَعْرُوفٍ

(2) അങ്ങനെ, അവര്‍ [ആ സ്ത്രീകള്‍] അവരുടെ അവധിക്കലെത്തുമ്പോള്‍, നിങ്ങള്‍ അവരെ (സദാചാര) മര്യാദപ്രകാരം വെച്ചുകൊള്ളുകയോ, അല്ലെങ്കില്‍ (സദാചാര) മര്യാദപ്രകാരം അവരുമായി പിരിയുകയോ ചെയ്യുക.

(*) വിവാഹമോചനം നല്‍കപ്പെട്ടവള്‍ ഭര്‍ത്താവിന്റെ വീട്ടില്‍ താമസിക്കുവാന്‍ കല്‍പിച്ചതിലടങ്ങിയ തത്വം ഇപ്പറഞ്ഞതാണെന്ന അടിസ്ഥാനത്തിലാണ് ഭര്‍ത്താവ് മരണപ്പെട്ടവളുടെയും, മടക്കിയെടുക്കുവാന്‍ പാടില്ലാത്തവിധത്തില്‍ ത്വലാക്വ് ചെയ്യപ്പെട്ടവളുടെയും ഇദ്ദഃകാലത്തിന് ഇത് ബാധകമല്ലെന്ന് ഇമാം അഹ്മദ് (റ) മുതലായവര്‍ അഭിപ്രായപ്പെടുന്നത്.

وَأَشْهِدُوا۟ ذَوَىْ عَدْلٍ مِّنكُمْ
وَأَقِيمُوا۟ ٱلشَّهَـٰدَةَ لِلَّهِ ۚ ذَٰلِكُمْ
يُوعَظُ بِهِۦ مَن كَانَ يُؤْمِنُ بِٱللَّهِ
وَٱلْيَوْمِ ٱلْـَٔاخِرِ ۚ

നിങ്ങളിൽനിന്നുള്ള രണ്ട് നീതിമാൻമാരെ സാക്ഷ്യപ്പെടുത്തുകയും, അല്ലാഹുവിനുവേണ്ടി സാക്ഷ്യം (ശരിക്കും) നിലനിറുത്തുകയും ചെയ്യുക. അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിച്ചുവരുന്നവർക്ക് ഉപദേശം നൽകപ്പെടുന്നതാണ് ഇതൊക്കെ.

وَمَن يَتَّقِ ٱللَّهَ يَجْعَل لَّهُۥ مَخْرَجًا ﴿٢﴾

ആർ അല്ലാഹുവിനെ സൂക്ഷിക്കുന്നുവോ അവന് അവൻ ഒരു പോംവഴി ഏർപ്പെടുത്തിക്കൊടുക്കും;-

وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ ۚ
وَمَن يَتَوَكَّلْ عَلَى ٱللَّهِ فَهُوَ حَسْبُهُۥٓ ۚ
إِنَّ ٱللَّهَ بَـٰلِغُ أَمْرِهِۦ ۚ قَدْ جَعَلَ ٱللَّهُ
لِكُلِّ شَىْءٍ قَدْرًا ﴿٣﴾

﴿3﴾ (മാത്രമല്ല.) അവൻ കണക്കാക്കാത്തവിധത്തിലൂടെ അവന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. ആർ അല്ലാഹുവിന്റെ മേൽ (കാര്യങ്ങളെല്ലാം) ഭരമേൽപിക്കുന്നുവോ അവന് അവൻ (തന്നെ) മതിയാകും.

നിശ്ചയമായും, അല്ലാഹു തന്റെ (ഉദ്ദിഷ്ട) കാര്യം പ്രാപിക്കുന്നവനാണ്. എല്ലാ (ഓരോ) കാര്യത്തിനും അല്ലാഹു ഒരു നിർണയം [വ്യവസ്ഥ] ഏർപ്പെടുത്തിയിട്ടുണ്ട്.

﴿2﴾ فَإِذَا بَلَغْنَ അങ്ങനെ അവർ എത്തുമ്പോൾ, എത്തിയാൽ أَجَلَهُنَّ അവരുടെ അവധിക്കൽ فَأَمْسِكُوهُنَّ എന്നാലവരെവെച്ചുകൊണ്ടിരിക്കുക, നിറുത്തിവെക്കുക بِمَعْرُوفٍ സദാചാരപ്രകാരം, നല്ല മര്യാദക്ക് أَوْ فَارِقُوهُنَّ അല്ലെങ്കിൽ അവരുമായി വേർപിരിയുക بِمَعْرُوفٍ മര്യാദപ്രകാരം, സദാചാരമനുസരിച്ച് وَأَشْهِدُوا۟ നിങ്ങൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യുക ذَوَىْ عَدْلٍ രണ്ട് നീതിമാൻമാരെ, മര്യാദക്കാരെ مِّنكُمْ നിങ്ങളിൽനിന്നുള്ള وَأَقِيمُوا۟ നിങ്ങൾ നിലനിറുത്തുക (നിർവ്വഹിക്കുക)യും ചെയ്യുവിൻ ٱلشَّهَـٰدَةَ സാക്ഷ്യത്തെ لِلَّهِ അല്ലാഹുവിനുവേണ്ടി ذَٰلِكُمْ അത്, അതൊക്കെ بِهِۦ يُوعَظُ അത് മുഖേന ഉപദേശിക്കപ്പെടുന്നു مَن كَانَ يُؤْمِنُ വിശ്വസിച്ചു

വരുന്നവരോട് بِٱللَّهِ അല്ലാഹുവിൽ وَٱلْيَوْمِ ٱلْءَاخِرِ അന്ത്യദിനത്തിലും وَمَن يَتَّقِ ٱللَّهَ ആർ അല്ലാഹുവിനെ സൂക്ഷിക്കുന്നുവോ يَجْعَل لَّهُۥ അവൻ അവന് ആക്കും, ഏർപ്പെടുത്തും مَخْرَجًا പോംവഴി (രക്ഷാമാർഗം) ﴾3﴿ وَيَرْزُقْهُ അവന് (ഉപജീവനം- ആഹാരം) നൽകുകയും ചെയ്യും مِنْ حَيْثُ വിധത്തിൽകൂടി لَا يَحْتَسِبُ അവൻ കണക്കാക്കാത്ത, വിചാരിക്കാത്ത وَمَن يَتَوَكَّلْ ആർ ഭരമേൽപിക്കുന്നുവോ, عَلَى ٱللَّهِ അല്ലാഹുവിന്റെമേൽ فَهُوَ حَسْبُهُۥٓ എന്നാൽ അവൻ അവനു മതി إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു بَٰلِغُ പ്രാപിക്കുന്ന(എത്തിച്ചേരുന്ന)വനാണ് أَمْرِهِۦ തന്റെ കാര്യം, കാര്യത്തിൽ قَدْ جَعَلَ ٱللَّهُ അല്ലാഹു ആക്കി (ഏർപ്പെടുത്തി)യിട്ടുണ്ട് لِكُلِّ شَىْءٍ എല്ലാ കാര്യത്തിനും, വസ്തുവിനും (സംഗതിക്കും) قَدْرًا ഒരു നിർണയം, കണക്ക്, തോത്, വ്യവസ്ഥ

ത്വലാക് നടക്കുന്നത് ഇദ്ദഃ ആരംഭിക്കുവാൻ പറ്റിയ അവസരത്തിൽ ആയിരിക്കണമെന്ന് കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചുവല്ലോ. ഇദ്ദഃകാലത്ത് എപ്പോൾ വേണമെങ്കിലും അവന് അവളെ മടക്കിയെടുക്കാം. അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ, ഇദ്ദഃയുടെ കാലാവധി അവസാനിക്കുന്നതോടെ അവൻ രണ്ടിലൊന്ന് തീരുമാനിക്കാതിരിക്കുവാൻ അവന് നിവൃത്തിയില്ല. ഒന്നുകിൽ, അവളെ വെച്ചുകൊണ്ടിരിക്കുക എന്ന് തീരുമാനിക്കണം. അഥവാ ത്വലാക് നടപ്പിലാക്കുന്നതിൽനിന്ന് പിൻവലിഞ്ഞു അവളെ പഴയ വിവാഹബന്ധത്തിലേക്ക് മടക്കിയെടുക്കണം. അല്ലാത്തപക്ഷം, അവളെ പിരിച്ചുവിടണം. അഥവാ ത്വലാക് നടപ്പിൽ വരുത്തണം. രണ്ടിൽ ഏതായിരുന്നാലും ശരി, അത് സദാചാരമര്യാദയനുസരിച്ചായിരിക്കണം. ഉപദ്രവകരമോ, ദുരുദ്ദേശ്യപൂർവ്വമോ ആയിരിക്കരുത്. ഇരുകൂട്ടരുടെയും നന്മയും സൗകര്യവും കണക്കിലെടുത്തുകൊണ്ടായിരിക്കണം എന്നർത്ഥം. ത്വലാക് സ്ഥിരപ്പെടുത്തുകയാണെങ്കിലും, മടക്കിയെടുക്കുകയാണെങ്കിലും അതിന് മര്യാദക്കാരായ രണ്ട് മുസ്ലിംകളെ സാക്ഷിനിറുത്തുകയും ചെയ്യേണ്ടതുണ്ട്. പിന്നീട് തർക്കമോ വഴക്കോ ഉണ്ടാകാതിരിക്കുവാനും, ഉണ്ടായേക്കുന്നപക്ഷം സത്യം തെളിയിക്കുവാനും അത് ഉപയോഗപ്പെടുന്നു. മടക്കിയെടുക്കുമ്പോൾ സാക്ഷിയുടെ ആവശ്യകത ത്വലാകിനെ അപേക്ഷിച്ച് കൂടുതലായിരിക്കും. ആവശ്യം നേരിടുമ്പോൾ സാക്ഷികൾ അല്ലാഹുവിനെ ഓർത്ത് തങ്ങളുടെ സാക്ഷ്യം യഥാവിധി നിറവേറ്റലും നിർബന്ധമാകുന്നു. എന്നൊക്കെയാണ് ഈ വചനത്തിൽ അല്ലാഹു കൽപിക്കുന്നത്.

ഇതരഗ്രന്ഥങ്ങളെപ്പോലെ, ഒരു വിഷയം ആദ്യംതൊട്ട് അവസാനം വരെ വിവരിക്കുന്ന പതിവല്ല ക്വുർആനിലുള്ളത്. നിയമങ്ങളും കൽപനകളും വിവരിക്കുന്നതിനിടയിൽ തന്നെ ഉപദേശങ്ങളും തത്വങ്ങളും, പ്രോത്സാഹനങ്ങളും, താക്കീതുകളും അടങ്ങിയിരിക്കും. ക്വുർആന്റെ പ്രതിപാദനരീതിയെപ്പറ്റി വിവരിച്ച കൂട്ടത്തിൽ മുഖവുരയിൽ ഈ സംഗതി നാം വിശദീകരിച്ചിട്ടുണ്ട്. 1 -ാം വചനത്തിന്റെ അവസാനത്തിൽ, ഇതെല്ലാം അല്ലാഹുവിന്റെ നിയമാതിർത്തികളാണെന്നും,

അവയെ അതിലംഘിക്കുന്നവർ തങ്ങളോടുതന്നെ അക്രമം ചെയ്കയാണെന്നും പ്രസ്താവിച്ചു. ഭാവിയിൽ വരാനിരിക്കുന്ന കാര്യങ്ങൾ അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ, അതുകൊണ്ട് അവന്റെ നിയമാതിർത്തികൾ പാലിക്കുന്നതിലാണ് മനുഷ്യന്റെ നന്മ സ്ഥിതിചെയ്യുന്നത് എന്ന് ഓർമിപ്പിക്കുകയും ചെയ്തു. ഈ വചനത്തിലാകട്ടെ, ത്വലാകിനെ സംബന്ധിച്ച കൽപനകളെത്തുടർന്നുകൊണ്ട് ഇതെല്ലാം അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന സത്യവിശ്വാസികളോടുള്ള ഉപദേശങ്ങളാണ് എന്ന ഒരു മുഖവുരയോടുകൂടി വളരെ പ്രധാനമായ പല യാഥാർത്ഥ്യങ്ങളും അവരെ ഓർമിപ്പിച്ചിരിക്കുന്നു. സത്യവിശ്വാസികൾ മാത്രമേ ഇങ്ങനെയുള്ള നിയമങ്ങൾ പാലിക്കുകയും വിലവെക്കുകയുമുള്ളൂ, അവയെ അനുസരിക്കാതെയും വിലവെക്കാതെയും ഇരിക്കുന്നവർ- പ്രത്യക്ഷത്തിൽ അവർ മുസ്‌ലിംകളായിരുന്നാലും ശരി- യഥാർത്ഥത്തിൽ അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാത്തവരായിരിക്കും. എന്നൊക്കെയാണ് ആ മുഖവുരയിലടങ്ങിയ സൂചനകൾ.

ഈ മുഖവുരക്കുശേഷം, ഒന്നാമതായി 'തക്‌വയെ'പ്പറ്റി -അഥവാ അല്ലാഹുവിന്റെ വിധിവിലക്കുകളെ അനുസരിക്കുകവഴി അവനെ സൂക്ഷിക്കുന്നതിനെപ്പററി- യാണ് ഉണർത്തിയിരിക്കുന്നത്. അല്ലാഹുവിനെ സൂക്ഷിക്കുന്നവർക്ക് അവരുടെ പ്രശ്നങ്ങൾക്ക് പോംവഴിയും, വിഷമങ്ങൾക്ക് രക്ഷാമാർഗവും അവൻ ഉണ്ടാക്കിക്കൊടുക്കുമെന്നും, അവർ വിചാരിക്കാത്തവിധത്തിലൂടെ ഉപജീവനമാർഗം നൽകുമെന്നുമാണ് അതിന്റെ ചുരുക്കം. ത്വലാക് സംബന്ധമായ കാര്യങ്ങളെ വിവരിക്കുന്ന മദ്ധ്യെയാണ് ഇവിടെ ഇക്കാര്യം ഉണർത്തിയിട്ടുള്ളതെങ്കിലും, അവയടക്കം ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ബാധിക്കുന്ന വിധിവിലക്കുകളെ സൂക്ഷിച്ചുപോരലാണ് തക്‌വാ കൊണ്ട് വിവക്ഷ. അപ്പോൾ മനുഷ്യന്റെ ഐഹികവും പാരത്രികവുമായ എല്ലാ നന്മകൾക്കും എല്ലാവിധ രക്ഷക്കും നിദാനം ഈ സൂക്ഷ്മതയാകുന്ന തക്‌വാതന്നെ. അതുകൊണ്ടാണ് അടിക്കടി തക്‌വാ അനുഷ്ഠിക്കുന്നവർക്ക് അല്ലാഹു അവരുടെ കാര്യങ്ങളിൽ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുമെന്നും, 5 -ാം വചനത്തിൽ അവർക്ക് പാപങ്ങൾ പൊറുത്തുകൊടുക്കുകയും, വമ്പിച്ച പ്രതിഫലം നൽകുകയും ചെയ്യുമെന്നും പ്രസ്താവിക്കുന്നത്.

അല്ലാഹുവിന്റെ മേൽ കാര്യങ്ങളെ ഭരമേൽപിക്കുന്നവർക്ക് അല്ലാഹുതന്നെ മതി എന്നാണ് അടുത്ത വാക്യത്തിൽ ഉണർത്തുന്നത്. ഇതിനുള്ള കാരണവും അതോടൊപ്പം അല്ലാഹു എടുത്തുകാട്ടിയിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ച കാര്യം അവൻ പ്രാപിക്കും. അതിന് യാതൊരു തടസ്സമോ വിഘ്നമോ നേരിടുകയില്ല. അതിൽ ആരും അവനെ പരാജയപ്പെടുത്തുവാനുമില്ല. ഓരോരോ കാര്യത്തിനും- അത് ഇന്നിന്നപ്രകാരം ഇന്നിന്നപോലെ എന്നൊക്കെ അവൻ വ്യവസ്ഥയും നിർണയവും നിശ്ചയിച്ചിട്ടുണ്ട്. അത് അതുപോലെത്തന്നെ സംഭവിക്കും. അങ്ങനെ മാത്രമേ സംഭവിക്കുകയുമുള്ളൂ. ഇതിലൊന്നും മറ്റാരുടെയും കൈകടത്തലിനോ ഉദ്ദേശ്യത്തിനോ യാതൊരു പഴുതുമില്ല. എന്നിരിക്കെ, അവനിൽ കാര്യങ്ങളർപ്പി

ക്കുന്ന അവന്റെ അടിയാന്റെ കാര്യങ്ങൾ വേണ്ടതിൻവണ്ണം ശരിപ്പെടുത്തിക്കൊടുക്കുവാൻ അവൻതന്നെ പോരേ?! (أليس الله بكاف عبده) തീർച്ചയായും മതി!

നബിﷺ ഒരിക്കൽ ഇബ്നു അബ്ബാസ് (റ)ന്ന് നൽകിയ ചില ഉപദേശങ്ങൾ നമുക്ക് ഇവിടെ ഓർമിക്കാം. തിരുമേനി പറഞ്ഞു:'കുട്ടീ, നിനക്ക് ഞാൻ ചില വാക്കുകൾ പഠിപ്പിച്ചുതരാം: 'നീ അല്ലാഹുവിനെ കാത്തുസൂക്ഷിച്ചുകൊള്ളുക, അവൻ നിന്നെയും കാത്തുസൂക്ഷിക്കും. നീ അല്ലാഹുവിനെ കാത്തുസൂക്ഷിക്കുക, അവനെ നിന്റെ മുമ്പിൽ നിനക്ക് കണ്ടെത്താം. നീ (വല്ലതും) ആവശ്യപ്പെടുന്നതായാൽ, അല്ലാഹുവിനോട് ആവശ്യപ്പെടുക. നീ സഹായമഭ്യർത്ഥിക്കുന്നതായാൽ, അല്ലാഹുവിനോട് സഹായമർത്ഥിക്കുക. നീ അറിയണം: നിനക്ക് ഉപകാരം ചെയ്യാൻ വേണ്ടി സമുദായങ്ങൾ എല്ലാം ഒരുമിച്ചുചേർന്നാലും, അല്ലാഹു നിനക്ക് നിശ്ചയിച്ചുവെച്ചതല്ലാത്ത യാതൊന്നുകൊണ്ടും അവർ നിനക്ക് ഉപകാരം ചെയ്കയില്ല. നിനക്ക് ഉപദ്രവം ചെയ്യാൻ അവരെല്ലാം ഒരുമിച്ചുചേർന്നാലും, അല്ലാഹു നിന്റെ പേരിൽ നിശ്ചയിച്ചതല്ലാത്ത യാതൊന്നുകൊണ്ടും, അവർ നിനക്ക് ഉപദ്രവം ചെയ്കയില്ല. പേനകൾ ഉയർത്തപ്പെടുകയും, (*) ഏടുകൾ (മഷി) വറ്റുകയും ചെയ്തിരിക്കുന്നു'. (അ; തി.)

അല്ലാഹുവിനെ സൂക്ഷിച്ചു ജീവിക്കുന്നവർക്ക് (തക്വ്വാ അനുഷ്ഠിക്കുന്നവർക്ക്) അവർ വിചാരിക്കാത്ത വിധത്തിലൂടെ ഉപജീവനം ലഭിക്കുമെന്നും, അല്ലാഹുവിന്റെമേൽ ഭരമേൽപിക്കുന്നവർക്ക് (തവക്കുൽ ചെയ്യുന്നവർക്ക്) അവൻതന്നെ മതി എന്നും പറഞ്ഞതിന്റെ താൽപര്യം, മനുഷ്യൻ ഒന്നും പ്രവർത്തിക്കാതെ ചുമ്മാ ഇരുന്നാലും അവൻ ഉദ്ദേശിച്ചതും ഇച്ഛിച്ചതുമെല്ലാം അങ്ങ് സാധിക്കുമെന്നല്ല. അൽപം തന്റേടവും അൽപം സത്യവിശ്വാസവുമുള്ള ആരും അങ്ങനെ ധരിക്കുകയുമില്ല. അവിശ്വാസികളും യുക്തിവാദികളും പൊതുജനങ്ങളെ മതവിശ്വാസത്തിൽ നിന്ന് അകറ്റിക്കളയുവാൻവേണ്ടി കൽപിച്ചുകൂട്ടി പൊക്കിക്കാട്ടാറുള്ള ഒരു സംശയം മാത്രമാണത്. മനുഷ്യനോട് ഓരോ തുറയിലും ചെയ്യാൻ കൽപിച്ചത് അവന്റെ പരമാവധി കഴിവുപയോഗിച്ച് അവൻ നിർവ്വഹിക്കണം. അപ്പോൾ, അതിലൂടെ അവൻ നിനക്കാത്ത നന്മകൾ അവന് ലഭിച്ചുകൊണ്ടിരിക്കുകയും, അവൻ ഊഹിക്കാത്ത രൂപത്തിൽ അവനിൽ നിന്ന് തിൻമകൾ തട്ടിനീക്കിക്കൊണ്ടിരിക്കുകയും, അവന്റെ കഴിവിനപ്പുറമുള്ള കാര്യങ്ങൾ അവന് നിവൃത്തിയായിക്കൊണ്ടിരിക്കുകയും ചെയ്യും. അങ്ങനെ, ഇഹത്തിൽ അവന് മനസ്സമാധാനവും, പരത്തിൽ ശാശ്വത സുഖവും അല്ലാഹു അവന് കൈവരുത്തും എന്നത്രെ ചുരുക്കം. ധാരാളം ക്വുർആൻ വചനങ്ങളിൽനിന്നും നബിവാക്യങ്ങളിൽനിന്നും അറിയപ്പെട്ടതാണ്

(*) നടക്കുവാനിരിക്കുന്ന കാര്യങ്ങളെല്ലാം അല്ലാഹു തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു എന്ന് സാരം. 'ക്വദാ-ക്വദ്റി'നെ നിഷേധിക്കുന്ന യുക്തിവാദക്കാർ ഇതുപോലുള്ള ഹദീഥുകളെയെല്ലാം തള്ളിക്കളയുക പതിവാണ്. ഇതിനെപ്പറ്റി സൂ: ഹദീദിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ പ്രതിപാദിച്ചിട്ടുള്ളത് ഓർക്കുക.

ഈ വാസ്തവം. സന്ദർഭംപോലെ പലപ്പോഴും നാമത് ചൂണ്ടിക്കാട്ടാറുമുണ്ട്. അല്ലാഹു തുടർന്ന് പറയുന്നു:-

وَٱلَّٰٓـِٔى يَئِسْنَ مِنَ ٱلْمَحِيضِ مِن نِّسَآئِكُمْ إِنِ ٱرْتَبْتُمْ فَعِدَّتُهُنَّ ثَلَـٰثَةُ أَشْهُرٍ وَٱلَّٰٓـِٔى لَمْ يَحِضْنَ ۚ وَأُو۟لَـٰتُ ٱلْأَحْمَالِ أَجَلُهُنَّ أَن يَضَعْنَ حَمْلَهُنَّ ۚ وَمَن يَتَّقِ ٱللَّهَ يَجْعَل لَّهُۥ مِنْ أَمْرِهِۦ يُسْرًا ﴿٤﴾

﴾4﴿ നിങ്ങളുടെ സ്ത്രീകളിൽനിന്ന് ആർത്തവത്തെ സംബന്ധിച്ച് നിരാശപ്പെട്ടവരാകട്ടെ,- നിങ്ങൾ സംശയപ്പെടുകയാണെങ്കിൽ- അവരുടെ 'ഇദ്ദഃ' മൂന്നുമാസമാകുന്നു: -ആർത്തവമുണ്ടായിട്ടില്ലാത്തവരുടേതും (അങ്ങനെ)തന്നെ.

ഗർഭവതികളായ സ്ത്രീകളാകട്ടെ, അവരുടെ അവധി അവർ തങ്ങളുടെ ഗർഭം പ്രസവിക്കലാണ്. അല്ലാഹുവിനെ ആർ സൂക്ഷിക്കുന്നുവോ അവന് തന്റെ കാര്യത്തെക്കുറിച്ച് അവൻ എളുപ്പം [സൗകര്യം] ഉണ്ടാക്കിക്കൊടുക്കുന്നതാണ്.

ذَٰلِكَ أَمْرُ ٱللَّهِ أَنزَلَهُۥٓ إِلَيْكُمْ ۚ وَمَن يَتَّقِ ٱللَّهَ يُكَفِّرْ عَنْهُ سَيِّـَٔاتِهِۦ وَيُعْظِمْ لَهُۥٓ أَجْرًا ﴿٥﴾

﴾5﴿ അത് അല്ലാഹുവിന്റെ കൽപനയാകുന്നു; അവൻ അത് നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുകയാണ്. അല്ലാഹുവിനെ ആർ സൂക്ഷിക്കുന്നുവോ അവന് തന്റെ തിന്മകളെ അവൻ (മാപ്പാക്കി) മറച്ചുവെച്ചുകൊടുക്കുകയും, അവന് പ്രതിഫലം വമ്പിച്ചതാക്കുകയും ചെയ്യും.

﴾4﴿ وَٱلَّٰٓـِٔى യാതൊരു സ്ത്രീകൾ يَئِسْنَ നിരാശപ്പെട്ട مِنَ ٱلْمَحِيضِ ആർത്തവത്തെ സംബന്ധിച്ച് مِن نِّسَآئِكُمْ നിങ്ങളുടെ സ്ത്രീകളിൽ നിന്ന് إِنِ ٱرْتَبْتُمْ നിങ്ങൾ സംശയ (സന്ദേഹ)പ്പെടുന്ന പക്ഷം فَعِدَّتُهُنَّ എന്നാലവരുടെ ഇദ്ദഃ ثَلَـٰثَةُ أَشْهُرٍ മൂന്നുമാസമാണ് وَٱلَّٰٓـِٔى യാതൊരു സ്ത്രീകളും, സ്ത്രീകളുടെയും لَمْ يَحِضْنَ ആർത്തവമുണ്ടാകാത്ത, ഋതുവായിട്ടില്ലാത്ത وَأُو۟لَـٰتُ ٱلْأَحْمَالِ ഗർഭമുള്ള സ്ത്രീകൾ أَجَلُهُنَّ അവരുടെ

അവധി أَن يَضَعْنَ അവർ പ്രസവിക്കലാണ് حَمْلَهُنَّ അവരുടെ ഗർഭം وَمَن يَتَّقِ ആർ സൂക്ഷിക്കുന്നുവോ ٱللَّهَ അല്ലാഹുവിനെ يَجْعَل لَّهُۥ അവൻ അവന് ഉണ്ടാക്കി (ഏർപ്പെടുത്തി)ക്കൊടുക്കും مِنْ أَمْرِهِۦ അവന്റെ കാര്യത്തെ സംബന്ധിച്ച് يُسْرًا എളുപ്പം, സൗകര്യം ﴿5﴾ ذَٰلِكَ അത് أَمْرُ ٱللَّهِ അല്ലാഹുവിന്റെ കൽപനയാണ് أَنزَلَهُۥٓ അതിനെ അവൻ ഇറക്കിയിരിക്കുന്നു إِلَيْكُمْ നിങ്ങളിലേക്ക് وَمَن يَتَّقِ ٱللَّهَ അല്ലാഹുവിനെ ആർ സൂക്ഷിക്കുന്നുവോ يُكَفِّرْ عَنْهُ അവൻ അവന്ന് മറച്ചു (മൂടി) വെച്ചുകൊടുക്കും سَيِّـَٔاتِهِۦ അവന്റെ തിന്മകളെ وَيُعْظِمْ لَهُۥٓ അവന് വമ്പിച്ചതാ (വലുതാ)ക്കുകയും ചെയ്യും أَجْرًا പ്രതിഫലം

ആർത്തവമുണ്ടാകാറുള്ള സ്ത്രീകളുടെ ഇദ്ദഃകാലം മൂന്ന് ആർത്തവശുദ്ധി ഉണ്ടാകലാണെന്ന് മുമ്പ് 1 -ാം വചനത്തിന്റെ വിവരണത്തിൽ പ്രസ്താവിച്ചുവല്ലോ. പ്രായാധിക്യം നിമിത്തം ആർത്തവം നിലച്ചുപോയവളുടെയും, തീരെ ആർത്തവമുണ്ടായിട്ടില്ലാത്തവളുടെയും ഇദ്ദഃ മൂന്ന് മാസക്കാലമാണെന്ന് ഈ വചനത്തിൽ അല്ലാഹു അറിയിക്കുന്നു. ഇവരുടെ ഇദ്ദഃയെപ്പറ്റി നിങ്ങൾ സംശയപ്പെടുന്നപക്ഷം (إن ارتبتم) എന്ന് പറയുവാൻ കാരണം, സൂറത്തുൽ ബക്വറഃയിൽ ആർത്തവമുണ്ടാകാറുള്ള സ്ത്രീകളുടെ ഇദ്ദഃയെപ്പറ്റി പ്രസ്താവിച്ചപ്പോൾ, ആർത്തവം ഉണ്ടാകാത്ത സ്ത്രീകളുടെ ഇദ്ദഃയെക്കുറിച്ച് ചിലർക്ക് സംശയം ഉണ്ടായതാണെന്നും, അതിനെത്തുടർന്നാണ് ഈ വചനം അവതരിച്ചതെന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (ഹാ; ബ.) രക്തം കാണുകയും, അത് ആർത്തവമോ രക്തസ്രാവമോ എന്നറിയപ്പെടാതെ സംശയപ്പെട്ടാൽ എന്നാണ് ആ വാക്കുകൊണ്ട് ഉദ്ദേശ്യം എന്നത്രെ മുജാഹിദ് (റ) മുതലായ ചിലരുടെ അഭിപ്രായം. ആദ്യം പറഞ്ഞതാണ് ഇബ്നുജരീർ (റ) ബലപ്പെടുത്തിയിരിക്കുന്നത്. എനി ബാക്കിയുള്ളത് ത്വലാക്വ് നടക്കുമ്പോൾ ഗർഭവതികളായ സ്ത്രീകളാണ് അവരുടെ ഇദ്ദഃ അവരുടെ പ്രസവം വരെയാണ്. പ്രസവം ഉടനെത്തന്നെ സംഭവിച്ചാലും ശരി, കുറേ മാസങ്ങൾക്കുശേഷമായിരുന്നാലും ശരി, അതോടെ ഇദ്ദഃയും അവസാനിക്കും.

കഴിഞ്ഞ വചനങ്ങളിൽ കണ്ടതുപോലെ, ഈ രണ്ട് വചനങ്ങളിലും തന്നെ അല്ലാഹുവിനെ സൂക്ഷിക്കുന്നതിന്റെ പ്രാധാന്യം ആവർത്തിച്ചുണർത്തിയിരിക്കുന്നതും, 5 -ാം വചനത്തിൽ ഇതൊക്കെ അല്ലാഹു നിങ്ങൾക്ക് ഇറക്കിതന്നെ കൽപനകളാണെന്ന് ഉണർത്തിയിരിക്കുന്നതും ശ്രദ്ധേയമാകുന്നു. ഇങ്ങനെയുള്ള വാക്യങ്ങൾ ഓരോന്നും സശ്രദ്ധം മനസ്സിരുത്തിക്കൊണ്ടായിരിക്കണം നാം ക്വുർആൻ വായിക്കുന്നതും ഗ്രഹിക്കുന്നതും. അല്ലാഹു നമുക്ക് അതിന് തൗഫീക്വ് നൽകട്ടെ. ആമീൻ. അടുത്ത വചനങ്ങളിൽ വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകളോടുള്ള ചില ബാധ്യതകളെക്കുറിച്ചും മറ്റും പ്രസ്താവിക്കുന്നു:-

أَسۡكِنُوهُنَّ مِنۡ حَيۡثُ سَكَنتُم مِّن
وُجۡدِكُمۡ وَلَا تُضَآرُّوهُنَّ لِتُضَيِّقُواْ
عَلَيۡهِنَّۚ
وَإِن كُنَّ أُوْلَٰتِ حَمۡلٖ فَأَنفِقُواْ
عَلَيۡهِنَّ حَتَّىٰ يَضَعۡنَ حَمۡلَهُنَّۚ فَإِنۡ
أَرۡضَعۡنَ لَكُمۡ فَـَٔاتُوهُنَّ أُجُورَهُنَّ
وَأۡتَمِرُواْ بَيۡنَكُم بِمَعۡرُوفٖۖ وَإِن
تَعَاسَرۡتُمۡ فَسَتُرۡضِعُ لَهُۥٓ أُخۡرَىٰ ٦

(6) നിങ്ങൾ താമസിക്കുന്നിടത്തിൽപെട്ട- അതായത്, നിങ്ങളുടെ കഴിവിൽപെട്ട -(ഒരു) സ്ഥലത്ത് നിങ്ങൾ അവരെ താമസിപ്പിക്കുവിൻ. അവരുടെമേൽ ഇടുക്കം [ഞെരുക്കം] ഉണ്ടാക്കുവാൻവേണ്ടി നിങ്ങൾ അവരോട് ഉപദ്രവം പ്രവർത്തിക്കരുത്.

അവർ ഗർഭവതികളാണെങ്കിൽ, അവർ തങ്ങളുടെ ഗർഭം പ്രസവിക്കുന്നതുവരേക്കും നിങ്ങൾ അവർക്ക് ചിലവുകൊടുക്കുകയും ചെയ്യണം. എനി, അവർ നിങ്ങൾക്കുവേണ്ടി (കുട്ടിക്ക്) മുലകൊടുക്കുന്നപക്ഷം നിങ്ങൾ അവർക്ക് അവരുടെ പ്രതിഫലം കൊടുക്കണം.

(സദാചാര) മര്യാദപ്രകാരം നിങ്ങൾ തമ്മിൽ കാര്യാലോചന നടത്തുകയും ചെയ്യുവിൻ. നിങ്ങൾ (അന്യോന്യം) ഞെരുക്കം പ്രകടിപ്പിക്കുകയാണെങ്കിൽ, അപ്പോൾ അവന് [ഭർത്താവിന്] വേണ്ടി വേറൊരുവൾ (കുട്ടിക്ക്) മുലകൊടുത്തേക്കാവുന്നതാണ്

لِيُنفِقۡ ذُو سَعَةٖ مِّن سَعَتِهِۦۖ وَمَن
قُدِرَ عَلَيۡهِ رِزۡقُهُۥ فَلۡيُنفِقۡ مِمَّآ
ءَاتَىٰهُ ٱللَّهُۚ
لَا يُكَلِّفُ ٱللَّهُ نَفۡسًا إِلَّا مَآ ءَاتَىٰهَاۚ
سَيَجۡعَلُ ٱللَّهُ بَعۡدَ عُسۡرٖ يُسۡرٗا ٧

(7) നിവൃത്തിയുള്ളവൻ തന്റെ നിവൃത്തിയിൽനിന്ന് ചിലവഴിച്ചുകൊള്ളട്ടെ; യാതൊരുവന്റെമേൽ അവന്റെ ഉപജീവനം കുടുസ്സാക്കപ്പെട്ടിരിക്കുന്നുവോ അവൻ, തനിക്ക് അല്ലാഹു നൽകിയതിൽനിന്നും ചിലവഴിച്ചുകൊള്ളട്ടെ,

ഒരു ദേഹത്തോടും [ആളോടും] അല്ലാഹു അതിന് നൽകിയതല്ലാതെ (ചിലവാക്കുവാൻ) അവൻ ശാസിക്കുകയില്ല. ഒരു പ്രയാസത്തിനുശേഷം അല്ലാഹു വല്ല എളുപ്പവും ഏർപ്പെടുത്തികൊടുത്തേക്കുന്നതാണ്.

مِنْ حَيْثُ سَكَنتُم നിങ്ങൾ അവരെ താമസിപ്പി(പാർപ്പി)ക്കുവിൻ أَسْكِنُوهُنَّ ﴾6﴿
നിങ്ങൾ താമസിക്കുന്നതിൽപെട്ട സ്ഥലത്ത് وُجْدِكُمْ അതായത് നിങ്ങളുടെ കഴി
വിൽ (നിവൃത്തിയിൽ)പെട്ട وَلَا تُضَآرُّوهُنَّ അവരോട് നിങ്ങൾ ഉപദ്രവം പ്രവർത്തി
ക്കരുത്, ഉപദ്രവനയം കാട്ടരുത് لِتُضَيِّقُوا۟ നിങ്ങൾ ഇടുക്കം (കുടുക്കം- ഞെരു
ക്കം) ഉണ്ടാക്കുവാൻ عَلَيْهِنَّ അവരുടെമേൽ وَإِن كُنَّ അവരാണെങ്കിൽ أُو۟لَـٰتِ حَمْلٍ
ഗർഭവതികൾ فَأَنفِقُوا۟ എന്നാൽ ചിലവഴിക്കുവിൻ, ചിലവുകൊടുക്കണം عَلَيْهِنَّ
അവർക്ക് حَتَّىٰ يَضَعْنَ അവർ പ്രസവിക്കുന്നതുവരെ حَمْلَهُنَّ അവരുടെ ഗർഭം فَإِنْ أَرْضَعْنَ
എനി (എന്നിട്ട്) അവർ മുല (പാൽ) കൊടുത്തെങ്കിൽ لَكُمْ നിങ്ങൾക്കുവേണ്ടി
وَأْتَمِرُوا۟ എന്നാലവർക്ക് കൊടുക്കുവിൻ أُجُورَهُنَّ അവരുടെ പ്രതിഫലങ്ങൾ فَـَٔاتُوهُنَّ
നിങ്ങൾ കാര്യാലോചന നടത്തുകയും ചെയ്യുവിൻ بَيْنَكُم നിങ്ങൾക്കിടയിൽ,
തമ്മിൽ بِمَعْرُوفٍ സദാചാരം (മര്യാദ- നല്ല വഴക്കം) അനുസരിച്ച് وَإِن تَعَاسَرْتُمْ നിങ്ങൾ
അന്യോന്യം ഞെരുക്കം കാട്ടിയാൽ (പ്രകടിപ്പിച്ചാൽ) فَسَتُرْضِعُ അപ്പോൾ മുലകൊ
ടുത്തേക്കാം, മുലകൊടുക്കണം لَهُۥٓ അവനുവേണ്ടി أُخْرَىٰ മറ്റൊരുവൾ ﴾7﴿ لِيُنفِقْ
ചിലവഴിക്കട്ടെ ذُو سَعَةٍ നിവൃത്തിയുള്ളവൻ مِّن سَعَتِهِۦ അവന്റെ നിവൃത്തിയിൽനിന്ന്
وَمَن യാതൊരുവൻ قُدِرَ عَلَيْهِ അവന്റെമേൽ കണക്കാക്കപ്പെട്ടു (കുടുസ്സാക്കപ്പെട്ടു)
എന്നാൽ رِزْقُهُۥ അവന്റെ ആഹാരം, ഉപജീവനം فَلْيُنفِقْ എന്നാലവൻ ചിലവഴിക്കട്ടെ
مِمَّآ ءَاتَىٰهُ അവന്ന് നൽകിയതിൽനിന്ന് الله അല്ലാഹു لَا يُكَلِّفُ ٱللَّهُ അല്ലാഹു ശാസി
ക്കുക (കീർത്തിക്കുക- വിഷമിപ്പിക്കുക)യില്ല نَفْسًا ഒരു ദേഹത്തോടും, ഒരാളെയും,
ഒരു ആത്മാവിനെയും إِلَّا مَآ ءَاتَىٰهَا അതിന് അവൻ നൽകിയത് (നൽകിയതനുസ
രിച്ച്) അല്ലാതെ سَيَجْعَلُ ٱللَّهُ അല്ലാഹു വഴിയെ ഉണ്ടാക്കും, ആക്കിയേക്കും بَعْدَ عُسْرٍ
ഒരു ഞെരുക്കത്തിന് (പ്രയാസത്തിനു)ശേഷം يُسْرًا ഒരു എളുപ്പം, സൗകര്യം

സാരം: വിവാഹമോചനം (ത്വലാക്വ്) ചെയ്യപ്പെട്ട സ്ത്രീകൾക്ക് അവരുടെ ഇദ്ദഃ കാലം കഴിയുന്നതുവരെ ഭർത്താവ് പാർപ്പിടം നൽകേണ്ടതാണ്. അവന്റെ വസതികളിൽ ഏതെങ്കിലും ഒന്നിൽ, ഒരേവസതി മാത്രമാണുള്ളതെങ്കിൽ- ക്വത്താദഃ (റ) പറഞ്ഞതുപോലെ- അതിന്റെ ഒരു വശത്ത് അവളെ താമസിപ്പിക്കണം. വീട്ടിന്റെ നിലവാരവും തോതും കണക്കാക്കുന്നത് അവനവന്റെ സ്ഥിതിയും കഴിവുമനുസരിച്ച് മാത്രമായിരിക്കും. ഏതെങ്കിലും വിധേന അവളെ സ്വൈര്യം കെടുത്തുവാനോ വിഷമിപ്പിക്കുവാനോ പാടുള്ളതല്ല. അവളെ ശല്യപ്പെടുത്തുമാറുള്ള പെരുമാറ്റവും പാടില്ല. അവൾ ഗർഭവതിയാണെന്ന് കണ്ടാൽ പ്രസവം കഴിയുന്നതുവരെ അവളുടെ ചിലവ് നടത്തുകയും വേണം. പ്രസവാനന്തരം കുട്ടിക്ക്

അവൾതന്നെ മുലകൊടുക്കുന്നപക്ഷം– അതാണ് വേണ്ടതും– മുലകുടി മാറ്റുന്നതുവരേക്കും അവൾക്ക് തക്കതായ പ്രതിഫലവും നൽകേണ്ടതുണ്ട്. പ്രതിഫലം എന്തായിരിക്കണമെന്നും, അവൾക്ക് തന്നെ അത് നിർവ്വഹിക്കാമോ എന്നും മറ്റും ഇരുഭാഗക്കാരും അന്യോന്യം കൂടിയാലോചിച്ച് തീരുമാനിക്കേണ്ടതാകുന്നു. കുട്ടിക്കോ, അവൾക്കോ, അവനോ പ്രത്യേക വിഷമമൊന്നും ഏർപ്പെടാത്തവിധം തീരുമാനമെടുക്കണം. എനി, അവൾ മുലകൊടുക്കുന്നത് ഏതെങ്കിലും വിധേന വിഷമകരമാണെന്ന് കാണുന്നപക്ഷം, വേറെ സ്ത്രീകളെ മുലകൊടുക്കുവാൻ ഏൽപ്പിക്കുകയും ചെയ്യാം. വിരോധമില്ല. ഏതായാലും, ചിലവുകൊടുക്കുന്നതിലും, പ്രതിഫലം നൽകുന്നതിലും പാർപ്പിട സൗകര്യം അനുവദിക്കുന്നതിലുമെല്ലാം തന്നെ, ഓരോരുത്തരുടെയും കഴിവും, നിവൃത്തിമാർഗവുമാണ് പരിഗണിക്കപ്പെടേണ്ടത്. കഴിവുള്ളവർ തങ്ങളുടെ കഴിവനുസരിച്ചും, കഴിവില്ലാത്തവർ താന്താങ്ങളുടെ സ്ഥിതിക്കനുസരിച്ചും ചിലവഴിക്കണമെന്നല്ലാതെ, കഴിവിനപ്പുറം വല്ലതും ചെയ്യാൻ ആരോടും നിർബന്ധിക്കുവാൻ പാടില്ല. എന്നൊക്കെയാണ് അല്ലാഹു ഈ വചനങ്ങളിൽ കൽപിക്കുന്നത്. ദാരിദ്ര്യംകൊണ്ടും മറ്റും ഞെരുങ്ങിക്കഴിയുന്നവർ ഒരിക്കലും നിരാശപ്പെടരുതെന്നും, അൽപം കഴിയുമ്പോൾ തങ്ങളുടെ നില അല്ലാഹു ഭേദപ്പെടുത്തി ആശ്വാസം നൽകുമെന്നും, സൽപ്രതീക്ഷ കൈവിടരുതെന്നും, അല്ലാഹുവിന്റെ കൽപനകൾ പാലിക്കുന്നവർക്ക് അവൻ വഴിയെ നൻമ കൈവരുത്തുമെന്നും അവസാനമായി സത്യവിശ്വാസികളെ സമാധാനിപ്പിക്കുകയും ചെയ്യുന്നു.

മടക്കിയെടുക്കാവുന്ന ത്വലാക്വ് (*) മൂലം വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾക്ക് അവർ ഇദ്ദഃയിലിരിക്കുന്ന സമയത്ത് താമസസ്ഥലവും ഭക്ഷണച്ചിലവും ഭർത്താവ് നൽകേണ്ടതാണ് എന്നിരിക്കെ ഗർഭവതികളാണെങ്കിൽ ഗർഭം പ്രസവിക്കുന്നതുവരെ അവൾക്ക് ചിലവുകൊടുക്കണം (وإن كن أولات الحمل الخ) എന്ന് പറഞ്ഞതിന്റെ താൽപര്യം രണ്ടുതരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു.

(1) സ്ത്രീ ഗർഭവതിയാണെങ്കിൽ മടക്കിയെടുക്കാവുന്ന ത്വലാക്വായാലും, മടക്കിയെടുക്കാൻ പാടില്ലാത്ത ത്വലാക്വായാലും അവൾ പ്രസവിക്കുന്നതുവരെ ചിലവ് കൊടുക്കണമെന്നാണ് ഇതിന്റെ താൽപര്യമെന്നത്രെ അധിക പണ്ഡിതന്മാരുടെയും അഭിപ്രായം.

(2) അതല്ല, മടക്കി എടുക്കാവുന്ന ത്വലാക്വിന് വിധേയരായ സ്ത്രീകളെ

(*) ഒരു ഭർത്താവ് തന്റെ ഭാര്യയെ വിവാഹമോചനം (ത്വലാക്വ്) ചെയ്യുന്നത് ഒന്നാമത്തെയോ രണ്ടാമത്തെയോ പ്രാവശ്യമാണെങ്കിൽ അതിന് മടക്കിയെടുക്കാവുന്ന ത്വലാക്വ് (الطلاق الرجعي) എന്ന് പറയപ്പെടുന്നു. അല്ലാത്ത വേർപാടുകളെല്ലാം മടക്കിയെടുക്കുവാൻ പാടില്ലാത്തതും (البائن) ആകുന്നു. ഓരോന്നിനും അതിന്റേതായ ഉപാധികളും നിയമങ്ങളുമുണ്ട്താനും.

ക്കുറിച്ച് തന്നെയാണ് ഈ പ്രസ്താവനയും. പക്ഷേ, അവർക്ക് ഗർഭമുണ്ടെങ്കിൽ സാധാരണ ഗതിയിലുള്ള അവരുടെ ഇദ്ദഃകാലം അവസാനിക്കുന്നതോടെ അവരുടെ ചിലവിന്റെ ബാധ്യത അവസാനിക്കുന്നില്ല. അവർ എപ്പോൾ പ്രസവിക്കുന്നുവോ അതുവരെ ചിലവ് കൊടുക്കണം. പ്രസവം ഒരു പക്ഷേ, പിന്നെയും കുറേ കൂടി ദീർഘിച്ചേക്കാനിടയുണ്ടല്ലോ. അതാണ് ഈ വാക്യത്തിലെ സൂചന എന്നാണ് മറ്റൊരുപക്ഷം. (كما في ابن كثير . والله أعلم) ത്വലാകിന്റെ ചില രൂപങ്ങളെപ്പറ്റി വിശദീകരിക്കുമ്പോൾ പാർപ്പിടത്തിന്റെയും ചിലവിന്റെയും വിഷയത്തിൽ പണ്ഡിതൻമാർക്കിടയിൽ ചില അഭിപ്രായവ്യത്യാസങ്ങൾ കാണാവുന്നതാണ്. പ്രസ്തുത അഭിപ്രായങ്ങളും, ഓരോ വിഭാഗക്കാർക്കും ക്വുർആനിൽ നിന്നും, ഹദീഥിൽ നിന്നും പറയുവാനുള്ള ന്യായങ്ങളും, ഇവിടെ വിവരിച്ചു ദീർഘിപ്പിക്കുന്നില്ല. അതെല്ലാം ഫിക്വ്ഹ് (കർമശാസ്ത്ര) ഗ്രന്ഥങ്ങളിൽനിന്ന് അറിയേണ്ടതാകുന്നു.

ഇദ്ദഃയിലിരിക്കുന്ന സ്ത്രീകൾക്ക് പാർപ്പിടവും ചിലവും നൽകുന്നത് സംബന്ധിച്ച് ഇന്ന് മുസ്ലിം സമുദായം കൈകൊണ്ടുവരുന്ന അലസനയത്തെയും അതിന്റെ ഭവിഷ്യത്തിനെയും കുറിച്ച് നാം മുകളിൽ ചൂണ്ടിക്കാട്ടിയല്ലോ. ഇങ്ങനെയുള്ള ദൈവിക കൽപനകളെ അതിലംഘിച്ച സമുദായങ്ങൾക്ക് ഇഹത്തിലും പരത്തിലും നേരിടുന്ന അനന്തരഫലങ്ങൾ എന്തായിരിക്കുമെന്ന് അടുത്ത വചനങ്ങളിൽനിന്ന് മുസ്ലിംകൾക്ക് മനസ്സിലാക്കാവുന്നതാണ്.

വിഭാഗം- 2

وَكَأَيِّن مِّن قَرْيَةٍ عَتَتْ عَنْ أَمْرِ رَبِّهَا وَرُسُلِهِۦ فَحَاسَبْنَـٰهَا حِسَابًا شَدِيدًا وَعَذَّبْنَـٰهَا عَذَابًا نُّكْرًا ﴿٨﴾

﴾8﴿ എത്രയോ രാജ്യം [രാജ്യക്കാർ] അതിന്റെ റബ്ബിന്റെയും, അവന്റെ റസൂലുകളുടെയും കൽപന ധിക്കരിച്ചു കളഞ്ഞു! അതിനാൽ, നാം അവയെ കഠിനമായ കണക്ക് വിചാരണ നടത്തുകയും, നികൃഷ്ടമായ [കടുത്ത] ശിക്ഷ ശിക്ഷിക്കുകയും ചെയ്തു.

فَذَاقَتْ وَبَالَ أَمْرِهَا وَكَانَ عَـٰقِبَةُ أَمْرِهَا خُسْرًا ﴿٩﴾

﴾9﴿ അങ്ങനെ, അവയുടെ കാര്യത്തിന്റെ ദുഷ്ഫലം അവ ആസ്വദിച്ചു; അവയുടെ കാര്യത്തിന്റെ പര്യവസാനം നഷ്ടം (തന്നെ) ആയിരുന്നുതാനും.

أَعَدَّ ٱللَّهُ لَهُمْ عَذَابًا شَدِيدًا ۖ فَٱتَّقُوا۟ ٱللَّهَ يَٰٓأُو۟لِى ٱلْأَلْبَٰبِ ٱلَّذِينَ ءَامَنُوا۟ ۚ قَدْ أَنزَلَ ٱللَّهُ إِلَيْكُمْ ذِكْرًا ﴿١٠﴾

《10》 അവർക്ക് [ആ രാജ്യക്കാർക്ക്] അല്ലാഹു കഠിനമായ ഒരു ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു. ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ- ബുദ്ധിമാന്മാരേ, (അതെ), വിശ്വസിച്ചവരേ, തീർച്ചയായും നിങ്ങൾക്ക് അല്ലാഹു ഒരു ഉൽബോധനം ഇറക്കിത്തന്നിരിക്കുന്നു;-

رَّسُولًا يَتْلُوا۟ عَلَيْكُمْ ءَايَٰتِ ٱللَّهِ مُبَيِّنَٰتٍ لِّيُخْرِجَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ مِنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ ۚ وَمَن يُؤْمِنۢ بِٱللَّهِ وَيَعْمَلْ صَٰلِحًا يُدْخِلْهُ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۖ قَدْ أَحْسَنَ ٱللَّهُ لَهُۥ رِزْقًا ﴿١١﴾

《11》 (അതെ) ഒരു റസൂലിനെ (അയച്ചിരിക്കുന്നു). വ്യക്തമായി വിവരിക്കുന്നതായുംകൊണ്ട് അല്ലാഹുവിന്റെ ആയത്തുകളെ [വേദലക്ഷ്യങ്ങളെ] അദ്ദേഹം നിങ്ങൾക്ക് ഓതിത്തരുന്നു; വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് വരുത്തുവാൻവേണ്ടി.

അല്ലാഹുവിൽ വിശ്വസിക്കുകയും, സൽക്കർമം പ്രവർത്തിക്കുകയും ചെയ്യുന്നതാരോ അവനെ അവൻ അടിഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗങ്ങളിൽ പ്രവേശിപ്പിക്കുന്നതാണ്; അതിൽ എന്നെന്നും നിത്യവാസികളായ നിലയിൽ. അല്ലാഹു അ(ങ്ങനെയുള്ള)വന് ഉപജീവനം നന്നാ(യി ഒരു)ക്കി വെച്ചിട്ടുണ്ട്.

《8》 وَكَأَيِّن എത്രയോ, എത്രയാണ് مِّن قَرْيَةٍ രാജ്യമായിട്ട്, രാജ്യത്തിൽനിന്ന് عَتَتْ അത് ധിക്കരിച്ചു, അതിരുകടന്നു, അതിലംഘിച്ചു عَنْ أَمْرِ കൽപനവിട്ടു رَبِّهَا അതിന്റെ റബ്ബിന്റെ وَرُسُلِهِ അവന്റെ റസൂലുകളുടെയും فَحَاسَبْنَٰهَا അതിനാൽ നാം അതിനെ വിചാരണ (കണക്ക് നോക്കൽ) നടത്തി حِسَابًا ഒരു വിചാരണ (കണ

ക്കുനോക്കൽ) شَدِيدًا കഠിനമായ وَعَذَّبْنَٰهَا അതിനെ നാം ശിക്ഷിക്കുകയും ചെയ്തു
فَذَاقَتْ ﴾9﴿ ശിക്ഷ (നികൃഷ്ടമായ, വഷളായ, കടുത്ത) വെറുക്കപ്പെട്ട عَذَابًا نُّكْرًا
അങ്ങനെ അത് രുചിനോക്കി, ആസ്വദിച്ചു وَبَالَ ദുഷ്ഫലം, ഭവിഷ്യത്ത്, നാശം
أَمْرِهَا അതിന്റെ കാര്യത്തിന്റെ وَكَانَ ആയിരുന്നു عَٰقِبَةُ أَمْرِهَا അതിന്റെ കാര്യത്തിന്റെ
കലാശം خُسْرًا നഷ്ടം ﴾10﴿ أَعَدَّ ٱللَّهُ അല്ലാഹു ഒരുക്കിയിരിക്കുന്നു لَهُمْ അവർക്ക്
عَذَابًا شَدِيدًا കഠിനശിക്ഷ فَٱتَّقُوا۟ ٱللَّهَ ആകയാൽ അല്ലാഹുവിനെ നിങ്ങൾ സൂക്ഷി
ക്കുവിൻ يَٰٓأُو۟لِى ٱلْأَلْبَٰبِ ബുദ്ധിമാൻമാരേ ٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരായ قَدْ أَنزَلَ ٱللَّهُ
തീർച്ചയായും അല്ലാഹു ഇറക്കിയിരിക്കുന്നു إِلَيْكُمْ നിങ്ങൾക്ക് ذِكْرًا ഒരു ഉൽബോ
ധനം, സ്മരണ, ഉപദേശം ﴾11﴿ رَّسُولًا അതായത് ഒരു റസൂൽ يَتْلُوا۟ عَلَيْكُمْ നിങ്ങൾക്ക്
ഓതി (പാരായണം ചെയ്തു) തരുന്ന ءَايَٰتِ ٱللَّهِ അല്ലാഹുവിന്റെ ആയത്തുകളെ
مُبَيِّنَٰتٍ വ്യക്തമാക്കുന്നു(വിവരിക്കുന്ന)വയായിട്ട് لِّيُخْرِجَ വെളിക്കുവരുത്തുവാൻ (പു
റപ്പെടുവിക്കുവാൻ) വേണ്ടി ٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരെ وَعَمِلُوا۟ ٱلصَّٰلِحَٰتِ സൽക്കർമ
ങ്ങൾ പ്രവർത്തിക്കയും ചെയ്തു مِنَ ٱلظُّلُمَٰتِ ഇരുട്ട് (അന്ധകാരം)കളിൽനിന്ന്
إِلَى ٱلنُّورِ പ്രകാശ (വെളിച്ച)ത്തിലേക്ക് وَمَن يُؤْمِنۢ ആര് വിശ്വസിക്കുന്നുവോ بِٱللَّهِ അല്ലാ
ഹുവിൽ وَيَعْمَلْ صَٰلِحًا സൽക്കർമം പ്രവർത്തിക്കുകയും يُدْخِلْهُ അവനെ അവൻ
പ്രവേശിപ്പിക്കും جَنَّٰتٍ സ്വർഗങ്ങളിൽ تَجْرِى مِن تَحْتِهَا അതിന്റെ അടിയിൽകൂടി ഒഴു
കുന്ന, നടക്കുന്ന ٱلْأَنْهَٰرُ അരുവികൾ, നദികൾ خَٰلِدِينَ فِيهَآ അതിൽ നിത്യവാസിക
ളായിക്കൊണ്ട് أَبَدًا എന്നെന്നും, എക്കാലവും قَدْ أَحْسَنَ ٱللَّهُ അല്ലാഹു തീർച്ചയായും
നന്നാക്കിവെച്ചിട്ടുണ്ട് لَهُۥ അങ്ങനെയുള്ളവന് رِزْقًا ആഹാരം, ഉപജീവനം

അല്ലാഹുവിന്റെയും, അവന്റെ ദൂതൻമാരുടെയും കൽപനകൾ ധിക്കരിച്ച ജനങ്ങൾ ഇഹത്തിൽ അനുഭവിച്ചതും, പരത്തിൽ അനുഭവിക്കാനിരിക്കുന്നതുമായ ദുരന്തഫലങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ട് സത്യവിശ്വാസികളാകുന്ന ബുദ്ധിമാൻമാരെ– അവരാണല്ലോ യഥാർത്ഥബുദ്ധിമാൻമാർ– അല്ലാഹു ഉപദേശിക്കുകയാണ്: നിങ്ങൾ അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ചുകൊണ്ട് അവനെ സൂക്ഷിക്കണം, നിങ്ങൾക്ക് നേർമാർഗം വ്യക്തമായി വിവരിച്ചു തരുന്ന വേദഗ്രന്ഥവും ദൈവദൂതനും ഉണ്ട്, ദുർമാർഗത്തിന്റെ അന്ധകാരങ്ങളിൽനിന്ന് സൻമാർഗത്തിന്റെ വെളിച്ചത്തിലേക്ക് അദ്ദേഹം നിങ്ങളെ കൊണ്ടുവരും, നിങ്ങൾ സത്യവിശ്വാസവും സൽക്കർമവും കൈവിടാതിരിക്കുന്ന പക്ഷം നിങ്ങൾക്ക് ശാശ്വതമായ സ്വർഗീയ ജീവിതം ലഭിക്കും, നിങ്ങൾക്ക് വേണ്ടതെല്ലാം അല്ലാഹു ഒരുക്കിക്കഴിഞ്ഞിട്ടുണ്ട് എന്നൊക്കെ.

8 -ാം വചനത്തിൽ അവരെ കഠിനമായ വിചാരണ നടത്തിയെന്നും ശിക്ഷിച്ചുവെന്നും പറഞ്ഞത് പരലോകത്തുവെച്ച് നിസ്സംശയം നടക്കുവാനിരിക്കുന്ന സംഭവങ്ങളെ ഭൂതകാല രൂപത്തിൽ എടുത്ത് കാട്ടിയിരിക്കുകയാണ് എന്നത്രെ മിക്ക മുഫസ്സിറുകളും പറയുന്നത്. ഈ ലോകത്തുവെച്ച് അവർ അനുഭവിക്കേണ്ടിവന്ന വിചാരണയും, ശിക്ഷയുമാണ് ഉദ്ദേശ്യമെന്നത്രെ മറ്റ് ചില മുഫസ്സിറുകൾ പറയുന്നത്. അപ്പോൾ, വിചാരണചെയ്തു എന്ന് പറഞ്ഞതിന്റെ താൽപര്യം, അവരുടെ കർമങ്ങളെ ശരിക്കും കണക്കുവെച്ച് രേഖപ്പെടുത്തുകയും, ശരിയായ കണക്കിനു തന്നെ അവരുടെമേൽ നടപടിയെടുക്കുകയും ചെയ്തു എന്നായിരിക്കും. 10 -ാം വചനത്തിൽ അവർക്ക് കഠിനമായ ശിക്ഷ ഒരുക്കിയിട്ടുണ്ടെന്ന് പറഞ്ഞത് പരലോകശിക്ഷയെക്കുറിച്ച് തന്നെയാണ് എന്നതിൽ സംശയമില്ല. الله اعلم

ٱللَّهُ ٱلَّذِى خَلَقَ سَبْعَ سَمَٰوَٰتٍ وَمِنَ ٱلْأَرْضِ مِثْلَهُنَّ يَتَنَزَّلُ ٱلْأَمْرُ بَيْنَهُنَّ لِتَعْلَمُوٓا۟ أَنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ وَأَنَّ ٱللَّهَ قَدْ أَحَاطَ بِكُلِّ شَىْءٍ عِلْمًۢا ﴿١٢﴾

﴿12﴾ ഏഴ് ആകാശങ്ങളെ- ഭൂമിയിൽനിന്നും തന്നെ അവയെപ്പോലെ- സൃഷ്ടിച്ചവനത്രെ അല്ലാഹു. അവയ്ക്കിടയിൽ കൽപന ഇറങ്ങിക്കൊണ്ടിരിക്കുന്നു;

അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണെന്നും, അല്ലാഹു അറിവുകൊണ്ട് എല്ലാ വസ്തുവെയും വലയം ചെയ്തിരിക്കുന്നുവെന്നും നിങ്ങൾ അറിയുവാൻവേണ്ടിയത്രെ (ഇതെല്ലാം അറിയിക്കുന്നത്).

﴿12﴾ ٱللَّهُ അല്ലാഹു ٱلَّذِى خَلَقَ സൃഷ്ടിച്ചവനത്രെ سَبْعَ سَمَٰوَٰتٍ ഏഴ് ആകാശങ്ങളെ وَمِنَ ٱلْأَرْضِ ഭൂമിയിൽനിന്നും തന്നെ مِثْلَهُنَّ അവയെപ്പോലെ, അവയുടെ അത്ര يَتَنَزَّلُ ഇറങ്ങിക്കൊണ്ടിരിക്കുന്നു ٱلْأَمْرُ കല്പന, കാര്യം بَيْنَهُنَّ അവയ്ക്കിടയിൽ لِتَعْلَمُوٓا۟ നിങ്ങൾ അറിയുവാൻ വേണ്ടി(യാണ്) أَنَّ ٱللَّهَ അല്ലാഹു (ആകുന്നു) വെന്ന് عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവൻ ആകുന്നു (എന്ന്) وَأَنَّ ٱللَّهَ അല്ലാഹു (ഉണ്ട്) എന്നും قَدْ أَحَاطَ വലയം ചെയ്തിട്ടുണ്ട് (എന്നും) بِكُلِّ شَىْءٍ എല്ലാ കാര്യത്തെക്കുറിച്ചും عِلْمًا അറിവിനാൽ, (അറിവുകൊണ്ട്)

ഏഴ് ആകാശങ്ങൾ (سبع سماوات) എന്ന് ക്വുർആൻ ഒന്നിലധികം സ്ഥലത്ത് പ്രസ്താവിച്ചിട്ടുണ്ട്. ഇതിനെപ്പറ്റി സൂ: മുഅ്മിനൂൻ 17 -ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ നാം വിവരിച്ചത് ഓർക്കുക. അതിന്റെ ചുരുക്കം ഇതാണ്:'ഏഴ് ആകാശ

ങ്ങൾ'ഏതെല്ലാമാണ്, എങ്ങനെയെല്ലാമാണ് എന്നൊന്നും നമുക്കറിഞ്ഞുകൂടാ. അല്ലാഹുവിനറിയാം. ഇന്നേവരെ ശാസ്ത്രജ്ഞൻമാർക്കും അതും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ശാസ്ത്രത്തിന് കണ്ടെത്തുവാൻ കഴിയാത്ത കണക്കറ്റ യാഥാർത്ഥ്യങ്ങൾ നിലവിലുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ഒരിക്കൽ സ്വീകരിക്കപ്പെട്ട ശാസ്ത്രീയ സിദ്ധാന്തം മറ്റൊരിക്കൽ ശാസ്ത്രംതന്നെ തെറ്റാണെന്ന് തെളിയിക്കലും അപൂർവമല്ല. ഇന്നുവരെ ഉപരിമണ്ഡലത്തിൽ ശാസ്ത്രദൃഷ്ടിക്ക് കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുള്ളതത്രയും ഒന്നാമത്തെ ആകാശാതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്നവയാണെന്നും അതിനപ്പുറത്തുള്ള ബാക്കി ആറ് ആകാശങ്ങളെക്കുറിച്ചും ശാസ്ത്രത്തിന് ഊഹിക്കുവാൻപോലും കഴിയാതിരിക്കുകയാണെന്നും വരാം. ഏതായാലും, ആകാശങ്ങളടക്കമുള്ള എല്ലാറ്റിന്റെയും സ്രഷ്ടാവായ അല്ലാഹു അവ ഏഴെണ്ണമാണ് എന്ന് ആവർത്തിച്ചു പറഞ്ഞതിന് മറ്റേതെങ്കിലും അർത്ഥത്തിൽ വ്യാഖ്യാനിച്ചൊപ്പിക്കുവാൻ ആർക്കും അർഹതയും അധികാരവുമില്ലതന്നെ.

ഭൂമിയെക്കുറിച്ച് ഏഴ് ഭൂമികൾ (سبع ارضين) എന്ന് ക്വുർആനിൽ വ്യക്തമായി എവിടെയും പ്രസ്താവിച്ചിട്ടില്ല. എങ്കിലും, ഭൂമിയും ഏഴുണ്ടെന്നാണ് ഈ വചനത്തിൽനിന്ന് മനസ്സിലാകുന്നത്. ومن الأرض مثلهن (ഭൂമിയിൽ നിന്നും അവയെ- ഏഴ് ആകാശങ്ങളെ -പ്പോലെ) എന്ന് പറഞ്ഞതിന്റെ അർത്ഥം അതാണല്ലോ. ചില നബിവചനങ്ങളിൽ ഏഴ് ഭൂമികൾ എന്ന് വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്താനും. അവയിൽ ഒന്ന് ഇതാണ്; من ظلم قيد شبر من الأرض طوقه الله من سبع ارضين – متفق عليه (ഒരാൾ ഭൂമിയിൽനിന്ന് ഒരു ചാൺ സ്ഥലം അക്രമിച്ചെടുത്താൽ, ഏഴ് ഭൂമികളിൽനിന്നുമായി അത് അവന് മാലയിടപ്പെടും. (ബു; മു.) 'ഏഴുഭൂമികളെപ്പറ്റി വന്നിട്ടുള്ള ഹദീഥുകളുടെ അദ്ധ്യായം' (باب ما جاء في سبع ارضين) എന്ന ശീർഷകത്തിൽ ഇതുകൂടാതെയും ഹദീഥ് ബുഖാരി (റ) രേഖപ്പെടുത്തിയിരിക്കുന്നു. ഈ ക്വുർആൻ വചനം അതിൽ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. ഏഴ് ആകാശങ്ങളെക്കുറിച്ച് പറഞ്ഞതുപോലെത്തന്നെയാണ് ഏഴ് ഭൂമികളെക്കുറിച്ചും പറയുവാനുള്ളത്. അതിന്റെ യാഥാർത്ഥ്യവും വിശദവിവരവും അല്ലാഹുവിന് മാത്രം അറിയാം. ചില ക്വുർആൻ വ്യാഖ്യാതാക്കൾ അവരുടെതായ ചില വ്യാഖ്യാനങ്ങൾകൊണ്ട് തൃപ്തിപ്പെടാറുണ്ടെന്നല്ലാതെ, സൂക്ഷ്മമായോ, തെളിവുസഹിതമോ സ്വീകാര്യമായ ഒരു അഭിപ്രായം ഇതേവരെ ആർക്കും രേഖപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. മനുഷ്യന്റെ അറിവിനും, അവന്റെ നിരീക്ഷണങ്ങൾക്കും വിഷയീഭവിച്ചിട്ടില്ലാത്ത ചില ഭൂലോകങ്ങൾ അനന്തവിസ്തൃതമായ ആകാശമണ്ഡലത്തിൽ എവിടെയെങ്കിലും ഉണ്ടായിരിക്കുന്നതിൽ യാതൊരു അസാംഗത്യവുമില്ല.'سبع سماوات ومن الأرض مثلهن(ഏഴ് ആകാശങ്ങളും, ഭൂമിയിൽനിന്നും തന്നെ അതുപോലെ)' എന്ന ആയത്തിന്റെ വ്യാഖ്യാനം ഞാൻ പറഞ്ഞാൽ നിങ്ങൾ അവിശ്വസിച്ചു പോയേക്കും- അഥവാ വ്യാജമാക്കിയേക്കും' എന്നും മറ്റും ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചതായി നിവേദനങ്ങൾ വന്നിട്ടുണ്ട്. അല്ലാഹു അറിയിച്ചുതന്നത് യാതൊരു ഏറ്റക്കുറവും വരുത്താതെ അങ്ങ് വിശ്വസിക്കുക, യാഥാർത്ഥ്യം അവങ്കലേക്ക് വിട്ടേക്കുക, കിട്ടി

ക്കഴിഞ്ഞ അറിവുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അവന്റെ സൃഷ്ടിവൈഭവത്തെപ്പറ്റി ചിന്തിക്കുക, ഇതാണ് നമുക്ക് ചെയ്യാനുള്ളത്.

ആകാശലോകങ്ങളാകട്ടെ, ഭൂമിലോകങ്ങളാകട്ടെ, അവയിലെല്ലാംതന്നെ അല്ലാഹുവിന്റെ കൽപനയനുസരിച്ചാണ് കാര്യങ്ങളെല്ലാം നടമാടിക്കൊണ്ടിരിക്കുന്നത്. അവൻ അറിയാതെയോ, അവന്റെ കൽപനാധികാരങ്ങൾക്കനുസരിച്ചല്ലാതെയോ ഒരു കാര്യവും നടക്കുന്നില്ല. എല്ലാറ്റിന്റെയും സ്രഷ്ടാവെന്നപോലെ എല്ലാറ്റിന്റെയും നിയന്താവും, ഭരണകർത്താവും അവൻതന്നെ. അവൻ സർവ്വശക്തനും, സർവ്വജ്ഞനുമാണ്. ഏറ്റവും അടിസ്ഥാനപരമായ ഈ പരമാർത്ഥങ്ങൾ മനുഷ്യൻ സദാ ഓർത്തും അറിഞ്ഞുമിരിക്കേണ്ടതുണ്ട്. അവന്റെ സകല നന്മയുടെയും അടിത്തറ ഇതത്രെ.

اللهم لك الحمد ولك المنة

سورة التحريم

66. സൂറത്തുത്തഹ്‌രീം

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 12 - വിഭാഗം (റുകൂഉ്) 2

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَٰٓأَيُّهَا ٱلنَّبِيُّ لِمَ تُحَرِّمُ مَآ أَحَلَّ ٱللَّهُ لَكَ

《1》 ഹേ, നബിയേ, അല്ലാഹു നിനക്ക് അനുവദനീയമാക്കിത്തന്നിട്ടുള്ളതിനെ നീ എന്തിന് നിഷിദ്ധമാക്കുന്നു?!

تَبۡتَغِي مَرۡضَاتَ أَزۡوَٰجِكَۚ وَٱللَّهُ غَفُورٞ رَّحِيمٞ ﴿١﴾

നീ നിന്റെ ഭാര്യമാരുടെ പ്രീതിയെ തേടുന്നു. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

《1》 يَٰٓأَيُّهَا ٱلنَّبِيُّ ഹേ, നബിയേ لِمَ تُحَرِّمُ എന്തിനാണ് ഹറാമാ (നിഷിദ്ധമാ)ക്കുന്നത് مَآ أَحَلَّ ٱللَّهُ അല്ലാഹു ഹലാലാ (അനുവദനീയമാ)ക്കിയതിനെ لَكَ നിനക്ക് تَبۡتَغِي നീ ഉദ്ദേശിച്ചു (തേടി)കൊണ്ട്, നീ തേടുന്നു مَرۡضَاتَ പ്രീതി, തൃപ്തി أَزۡوَٰجِكَ നിന്റെ ഇണകളുടെ (ഭാര്യമാരുടെ) وَٱللَّهُ غَفُورٞ അല്ലാഹു പൊറുക്കുന്നവനാണ് رَّحِيمٞ കരുണാനിധിയാണ്

ആഇശഃ (റ) പ്രസ്താവിച്ചതായി ബുഖാരി, മുസ്‌ലിം (റ) മുതലായവർ ഇപ്രകാരം ഉദ്ധരിക്കുന്നു: അസ്വ്ർ നമസ്കാരം കഴിഞ്ഞാൽ നബി ﷺ തന്റെ ഭാര്യമാരുടെ അടുക്കൽ പോകാറുണ്ടായിരുന്നു. (അക്കൂട്ടത്തിൽ) സൈനബഃയുടെ അടുത്ത് പോകുകയും, അവിടെനിന്ന് തേൻ കുടിക്കുകയും ചെയ്തിരുന്നു. ഞാനും ഹഫ്സ്വഃയും കൂടി ഇങ്ങനെ പറഞ്ഞൊത്തു. നബി ﷺ ഞങ്ങൾ രണ്ടു

പേരിൽ ആരുടെ അടുക്കൽ വന്നാലും അവൾ അവിടത്തോട് ഇങ്ങനെ പറയണം. 'തിരുമേനിയിൽനിന്ന് 'മഗാഫീറി'ന്റെ വാസന അനുഭവപ്പെടുന്നുവല്ലോ!' അങ്ങനെ, തിരുമേനി ഒരാളുടെ അടുക്കൽ ചെന്നപ്പോൾ അവൾ അങ്ങനെ പറയുകയും ചെയ്തു. തിരുമേനി പറഞ്ഞു: 'ഇല്ല. ഞാൻ സൈനബയുടെ അടുക്കൽനിന്ന് തേൻ കുടിച്ചതാണ്. എനി, അത് ആവർത്തിക്കുന്നതുമല്ല. ഞാൻ ശപഥം ചെയ്തിരിക്കുന്നു. നീ മറ്റാരോടും ഇതിനെപ്പറ്റി പ്രസ്താവിക്കരുത്.' ('മഗാഫീർ' എന്ന് പറഞ്ഞത് ഏതോ ഒരു വൃക്ഷത്തിന്റെ കറ- അഥവാ ഗൂന്ത്- ആകുന്നു. അതിന്റെ വാസന സുഖകരമല്ല. രുചിയാകട്ടെ മധുരവുമാണ്). ഈ സംഭവത്തെത്തുടർന്നാണ് ഈ വചനങ്ങൾ അവതരിച്ചത് എന്നാണ് ബലമായ അഭിപ്രായം. വേറെയും അഭിപ്രായങ്ങൾ ഉണ്ട്.

ആഇശഃ (റ) അബൂബക്ർ (റ)ന്റെ മകളും, ഹഫ്സ്വഃ (റ) ഉമർ (റ)ന്റെ മകളുമാകുന്നു. തിരുമേനിയുടെ പത്നിമാരിൽ ഇവർ രണ്ടുപേരും തമ്മിൽ പ്രത്യേക സ്നേഹബന്ധമുണ്ടായിരുന്നു. മറ്റുള്ളവരെക്കാൾ അഭിമാനികളുമായിരുന്നു. ആ നിലക്ക് സൈനബ് (റ)യുടെ അടുക്കൽനിന്ന് നബിﷺ തേൻകുടിക്കാറുള്ള വിവരം അറിഞ്ഞപ്പോൾ അവർക്ക് രണ്ടുപേർക്കും അതത്ര രസിച്ചില്ല. മേലിൽ ആ പതിവ് ഇല്ലാതായിത്തീരുവാൻവേണ്ടി രണ്ടുപേരും കൂടി എടുത്ത ഒരു സൂത്രമായിരുന്നു അത്. ഇത് കേവലം സ്ത്രീ സഹജമായ ഒരു സ്വഭാവമാണല്ലോ. നബി തിരുമേനിﷺയാകട്ടെ, തന്നിൽനിന്ന് സുഗന്ധമല്ലാതെ, ദുർഗന്ധം പുറത്ത് വരുത്തുന്നത് ഒട്ടും ഇഷ്ടപ്പെടാത്ത ആളുമാണ്.

അല്ലാഹു ഹലാലാക്കിയ (അനുവദനീയമാക്കിയ) ഒരു ഉത്തമ വസ്തുവാണ് തേൻ. ചില ഭാര്യമാരുടെ അപ്രീതി സമ്പാദിക്കാതിരിക്കുവാൻ വേണ്ടിയാണ് തിരുമേനി മേലിൽ അത് കുടിക്കുകയില്ലെന്ന് ശപഥം ചെയ്തത്. ഇതിനെക്കുറിച്ചാണ് അല്ലാഹു തിരുമേനിയെ ആക്ഷേപിച്ചത്. അത് തിരുമേനിയുടെ പദവിക്ക് യോജിച്ചതായില്ല- അഥവാ, ഭാര്യമാരുടെ പ്രീതിക്കുവേണ്ടി ആ പറഞ്ഞത് നന്നായില്ല- എന്നതാണ് ആക്ഷേപത്തിന് കാരണം. എന്നല്ലാതെ, അല്ലാഹു അനുവദനീയമാണെന്ന് കൽപിച്ച ഒരു കാര്യം തിരുമേനി നിഷിദ്ധമാണെന്ന് (ഹറാമാണെന്ന്) വിധിച്ചുവെന്നോ, അല്ലാഹുവിന്റെ വിധിയെ നബിﷺ അവഗണിച്ചുവെന്നോ അല്ല ഉദ്ദേശ്യം. നബി തിരുമേനിﷺ ഒരിക്കലും അങ്ങനെ ചെയ്കയില്ലെന്ന് സ്പഷ്ടമാണല്ലോ. നബിയേ എന്ന് വിളിച്ചുകൊണ്ടാണ് അല്ലാഹു ആക്ഷേപം ഉന്നയിക്കുന്നത്. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാണ് എന്ന് പറഞ്ഞുകൊണ്ട് അത് സമാപിക്കുകയും ചെയ്തിരിക്കുന്നു. ഇതുപോലെ നന്നല്ലാത്ത വല്ല വിഷയത്തെക്കുറിച്ചും സത്യം ചെയ്തു കഴിഞ്ഞാൽ, പിന്നീട് അതിന് പ്രായശ്ചിത്തം ചെയ്ത് മടങ്ങേണ്ടതുണ്ട് എന്ന് അടുത്ത വചനത്തിൽ ചൂണ്ടിക്കാട്ടുന്നു.

قَدْ فَرَضَ ٱللَّهُ لَكُمْ تَحِلَّةَ أَيْمَـٰنِكُمْ ۚ وَٱللَّهُ مَوْلَىٰكُمْ ۖ وَهُوَ ٱلْعَلِيمُ ٱلْحَكِيمُ ﴿٢﴾

《2》 നിങ്ങളുടെ സത്യങ്ങൾക്കുള്ള പരിഹാരം അല്ലാഹു നിങ്ങൾക്ക് നിയമിച്ചു തന്നിട്ടുമുണ്ട്; അല്ലാഹു നിങ്ങളുടെ 'മൗലാ' [യജമാനൻ] ആകുന്നു; അവനത്രെ അഗാധജ്ഞനായ സർവ്വജ്ഞൻ.

《2》 قَدْ فَرَضَ ٱللَّهُ അല്ലാഹു നിയമിച്ചിട്ടുണ്ട് لَكُمْ നിങ്ങൾക്ക് تَحِلَّةَ أَيْمَـٰنِكُمْ നിങ്ങളുടെ സത്യങ്ങളുടെ പരിഹാരം وَٱللَّهُ അല്ലാഹു مَوْلَىٰكُمْ നിങ്ങളുടെ യജമാനൻ, (രക്ഷാധികാരി, സഹായകൻ, ഉറ്റബന്ധു) ആകുന്നു وَهُوَ അവൻ തന്നെ ٱلْعَلِيمُ സർവ്വജ്ഞൻ ٱلْحَكِيمُ അഗാധജ്ഞനായ, യുക്തിമാൻ

ചെയ്ത സത്യത്തിൽനിന്ന് മടങ്ങുമ്പോൾ അതിന് പ്രായശ്ചിത്തം നൽകേണ്ടതുണ്ടെന്ന നിയമം ഓർമിപ്പിക്കുകയാണ് ഈ വചനം ചെയ്യുന്നത്. പ്രായശ്ചിത്തം എന്താണെന്ന് സൂ: മാഇദഃ 92-ാം വചനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. പത്ത് ദരിദ്രൻമാർക്ക് ഭക്ഷണമോ വസ്ത്രമോ നൽകുക, അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുക,സാധിക്കാത്ത പക്ഷം മൂന്ന് ദിവസം നോമ്പനുഷ്ഠിക്കുക, ഇതാണ് സത്യത്തിന്റെ പ്രായശ്ചിത്തം (الكفارة). നബിﷺ അരുളിച്ചെയ്തതായി അബൂഹുറയ്റഃ ഇങ്ങനെ നിവേദനം ചെയ്തിരിക്കുന്നു: 'ഒരാൾ ഒരു കാര്യം സത്യം ചെയ്തിട്ട് അതിനെക്കാൾ ഉത്തമം മറ്റൊന്നാണെന്നുകണ്ടാൽ, അവൻ തന്റെ സത്യത്തിന് പ്രായശ്ചിത്തം നൽകുകയും, ഉത്തമമായത് ഏതോ അത് ചെയ്യുകയും ചെയ്തുകൊള്ളട്ടെ.' (മു.) ഏതെങ്കിലും നല്ലകാര്യത്തിന് തടസ്സമായേക്കുന്നതോ, നന്നല്ലാത്ത കാര്യത്തിന് കാരണമായേക്കുന്നതോ ആയ വല്ല ശപഥവും ചെയ്തുപോയാൽ അതിന് പ്രായശ്ചിത്തം നൽകികൊണ്ട് അതിൽനിന്ന് മടങ്ങേണ്ടതാണ് എന്ന് സാരം.

وَإِذْ أَسَرَّ ٱلنَّبِىُّ إِلَىٰ بَعْضِ أَزْوَٰجِهِۦ حَدِيثًا فَلَمَّا نَبَّأَتْ بِهِۦ وَأَظْهَرَهُ ٱللَّهُ عَلَيْهِ عَرَّفَ بَعْضَهُۥ وَأَعْرَضَ عَنۢ بَعْضٍ

《3》 തന്റെ ഭാര്യമാരിൽ ചിലരോട് നബി ഒരു വർത്തമാനം രഹസ്യമായിപ്പറഞ്ഞ സന്ദർഭം: എന്നിട്ട് അവൾ അതിനെക്കുറിച്ച് (മറ്റൊരാളോട്) വിവരമറിയിക്കുകയും, അല്ലാഹു അദ്ദേഹത്തിന് [നബിക്ക്] അതിനെപ്പറ്റി വെളിവാക്കിക്കൊടുക്കുകയും ചെയ്തപ്പോൾ, അതിന്റെ ചിലഭാഗം അദ്ദേഹം അറിയിച്ചുകൊടുക്കുകയും, ചിലഭാഗം വിട്ടുകളയുകയും ചെയ്തു.

فَلَمَّا نَبَّأَهَا بِهِۦ قَالَتْ مَنْ أَنۢبَأَكَ هَٰذَا ۖ قَالَ نَبَّأَنِىَ ٱلْعَلِيمُ ٱلْخَبِيرُ ﴿٣﴾

അങ്ങനെ, അദ്ദേഹം അവൾക്ക് അതിനെക്കുറിച്ച് വിവരമറിയിച്ചപ്പോൾ, അവൾ പറഞ്ഞു: 'ഇത് ആരാണ് അങ്ങേക്ക് വിവരമറിയിച്ചു തന്നത്?!' അദ്ദേഹം പറഞ്ഞു: 'എനിക്ക് സൂക്ഷ്മമായി അറിയുന്ന സർവ്വജ്ഞൻ വിവരമറിയിച്ചിരിക്കുന്നു.'

﴾3﴿ وَإِذْ أَسَرَّ രഹസ്യം (സ്വകാര്യം) പറഞ്ഞ സന്ദർഭം ٱلنَّبِىُّ നബി, പ്രവാചകൻ
إِلَىٰ بَعْضِ ചിലരിലേക്ക് أَزْوَٰجِهِۦ തന്റെ ഭാര്യമാരിലെ حَدِيثًا ഒരു വർത്തമാനം فَلَمَّا نَبَّأَتْ
എന്നിട്ടവൾ വിവരമറിയിച്ചപ്പോൾ بِهِۦ അതിനെക്കുറിച്ച് وَأَظْهَرَهُ അദ്ദേഹത്തെ വെളി
വാക്കി (അദ്ദേഹത്തിന് വ്യക്തമാക്കി)ക്കൊടുക്കുകയും ٱللَّهُ അല്ലാഹു عَلَيْهِ അതി
നെപ്പറ്റി عَرَّفَ അദ്ദേഹം അറിയിച്ചു, മനസ്സിലാക്കി بَعْضَهُۥ അതിൽ ചിലത് وَأَعْرَضَ
തിരിഞ്ഞു (വിട്ടു) കളയുകയും ചെയ്തു عَنۢ بَعْضٍ ചിലതിനെ, ചിലതിൽ നിന്ന്
فَلَمَّا نَبَّأَهَا അങ്ങനെ അദ്ദേഹം അവൾക്ക് വിവരമറിയിച്ചപ്പോൾ بِهِۦ അതിനെപ്പറ്റി
قَالَتْ അവൾ പറഞ്ഞു مَنْ أَنۢبَأَكَ അങ്ങേക്ക് (തനിക്ക്) ആർ അറിയിച്ചുതന്നു, هَٰذَا
ഇത് قَالَ അദ്ദേഹം പറഞ്ഞു نَبَّأَنِىَ എനിക്ക് വിവരമറിയിച്ചു ٱلْعَلِيمُ സർവജ്ഞൻ
ٱلْخَبِيرُ സൂക്ഷ്മമായറിയുന്നവനായ

സൈനബഃ (റ)യുടെ വീട്ടിൽനിന്ന് തേൻകുടിച്ചതും, മേലിൽ കുടിക്കുകയില്ലെന്ന് സത്യം ചെയ്തതും തിരുമേനി ഹഫ്സ്വഃ (റ)യോട് പറഞ്ഞപ്പോൾ ഇത് ആരെയും അറിയിക്കരുതെന്നുകൂടി പറഞ്ഞിട്ടുണ്ടായിരുന്നുവല്ലോ. പക്ഷേ, ഹഫ്സ്വഃ (റ) ആ വിവരം ആഇശഃ (റ)യോട് പറഞ്ഞു. ഈ വിവരം വഹ്‌യ് മുഖേന അല്ലാഹു നബിﷺക്ക് വിവരം കൊടുത്തു. തിരുമേനി തന്റെ സ്വകാര്യം പുറത്തായ വിവരം ഹഫ്സ്വഃ (റ)യെ അറിയിച്ചു. എങ്കിലും, ചിലഭാഗം മാത്രമേ തിരുമേനി പ്രസ്താവിച്ചിട്ടുള്ളൂ. കാരണം, മുഴുവൻ ഭാഗം അറിഞ്ഞതായി പ്രസ്താവിച്ചാൽ അത് അവർക്ക് അപമാനമായിരിക്കുമല്ലോ. തങ്ങൾ തമ്മിൽ നടന്ന ഈ രഹസ്യം എങ്ങനെയാണ് തിരുമേനി അറിഞ്ഞത്? ആഇശഃ (റ) നബിﷺയോട് പറഞ്ഞിരിക്കുമോ? എന്നൊന്നും അറിയാതെ അവർക്ക് പരിഭ്രമമായി. ആരാണ് അങ്ങേക്ക് വിവരം അറിയിച്ചുതന്നത് എന്നവർ തിരുമേനിയോട് ചോദിച്ചു. എല്ലാം അറിയുന്ന അല്ലാഹുവാണ് അറിയിച്ചുതന്നെതെന്ന് അവിടുന്ന് ഉത്തരം പറഞ്ഞു. ഇതാണ് ഈ വചനത്തിന്റെ താൽപര്യം. നബിﷺക്കെതിരായി നടന്ന ഈ ഗൂഢപ്രവർത്തനത്തിൽ പങ്കെടുത്ത രണ്ടുപേരുടെയും പേര് വ്യക്തമാക്കാതെ, രണ്ടുപേരെയും അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

إِن تَتُوبَآ إِلَى ٱللَّهِ فَقَدْ صَغَتْ قُلُوبُكُمَا

وَإِن تَظَـٰهَرَا عَلَيْهِ فَإِنَّ ٱللَّهَ هُوَ مَوْلَىٰهُ وَجِبْرِيلُ وَصَـٰلِحُ ٱلْمُؤْمِنِينَ ۖ

وَٱلْمَلَـٰٓئِكَةُ بَعْدَ ذَٰلِكَ ظَهِيرٌ ﴿٤﴾

﴿4﴾ നിങ്ങൾ രണ്ടുപേരും അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിക്കുന്ന പക്ഷം (അത്യാവശ്യംതന്നെ); (കാരണം) നിങ്ങളുടെ ഹൃദയങ്ങൾ ചെരിഞ്ഞുപോയിട്ടുണ്ട്.

നിങ്ങൾ രണ്ടുപേരും അദ്ദേഹത്തിനെതിര പരസ്പരം പിൻതുണ നൽകുകയാണെങ്കിലോ, എന്നാൽ, (അറിഞ്ഞേക്കുക;) അല്ലാഹുവത്രെ അദ്ദേഹത്തിന്റെ മൗലാ സഹായി. ജിബ്‌രീലും, സത്യവിശ്വാസികളിലെ സദ്‌വൃത്തരും (സഹായികളാകുന്നു.) അതിനുപുറമെ, മലക്കുകളും പിൻതുണ നൽകുന്നവരാണ്.

﴿4﴾ إِن تَتُوبَآ നിങ്ങൾ രണ്ടാളും പശ്ചാത്തപിക്കുന്നപക്ഷം, ഖേദിച്ചു മടങ്ങിയാൽ إِلَى ٱللَّهِ അല്ലാഹുവിങ്കലേക്ക് فَقَدْ صَغَتْ എന്നാൽ തെററി (വഴുതി- ചെരിഞ്ഞു) പോയിട്ടുണ്ട് قُلُوبُكُمَا നിങ്ങളുടെ ഹൃദയങ്ങൾ وَإِن تَظَـٰهَرَا നിങ്ങൾ രണ്ടാളും പിൻതുണ (സഹായം) നൽകിയാലോ عَلَيْهِ അദ്ദേഹത്തിന്റെ മേൽ (എതിരായി) فَإِنَّ ٱللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു هُوَ مَوْلَىٰهُ അവനത്രെ അദ്ദേഹത്തിന്റെ മൗലാ وَجِبْرِيلُ ജിബ്‌രീലും وَصَـٰلِحُ ٱلْمُؤْمِنِينَ സത്യവിശ്വാസികളിൽ നല്ല (സദ്‌വൃത്തരായ)വരും وَٱلْمَلَـٰٓئِكَةُ മലക്കുകളും بَعْدَ ذَٰلِكَ അതിനുപുറമെ, അതിന്റെ പുറമെ ظَهِيرٌ പിൻതുണക്കാരാണ്, സഹായം നൽകുന്നവരാണ്

ഏതെങ്കിലും വിധേനയുള്ള അടുത്ത ബന്ധു എന്നാണ് مولى (മൗലാ) എന്ന വാക്കിന്റെ സാക്ഷാൽ അർത്ഥം. അടുപ്പത്തിന്റെ സ്വഭാവമനുസരിച്ച് പല അർത്ഥത്തിലും അത് ഉപയോഗിക്കപ്പെടും. (സൂ: അഹ്സാബ്, 5 -ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ ഇതിനെപ്പററി വിവരിച്ചത് ഓർക്കുക.) 'ക്വാമൂസി'ൽ ഇരുപതിൽപരം അർത്ഥങ്ങൾ ഈ വാക്കിന് നൽകിക്കാണാം. 'യജമാനൻ, അടിമ, ഉററവൻ, ചങ്ങാതി, അതിഥി, രക്ഷാധികാരി, സഹായി, ബന്ധു' മുതലായവ അതിൽപെടുന്നു. അപ്പോൾ, ആരെക്കുറിച്ചാണോ 'മൗലാ' എന്ന് പറയുന്നതെങ്കിൽ ആ ആളുമായുള്ള ബന്ധത്തിന്റെ സ്വഭാവം അനുസരിച്ച് അതിന് അർത്ഥം നൽകാം.

നബിﷺക്കെതിരായ ആ സംരംഭത്തിൽ പരസ്പരം സഹായിച്ച രണ്ട് പത്നിമാർ ആരാണെന്ന് ഉമർ (റ)നോട് ചോദിച്ചറിയുവാൻ തനിക്ക് ആഗ്രഹമുണ്ടായിരുന്നിട്ടും അദ്ദേഹത്തോടുള്ള ബഹുമാനം നിമിത്തം, കുറേകാലത്തോളം

അതിന് ധൈര്യപ്പെട്ടില്ലെന്നും, ഒരു ഹജ്ജ് യാത്രയിൽ നിന്നുള്ള മടക്കത്തിൽ ലഭിച്ച ഒരു സന്ദർഭം താൻ അതിന് ഉപയോഗപ്പെടുത്തിയെന്നും, അത് ഹഫ്‌സ്വഃയും, ആഇശഃ (റ)യും ആയിരുന്നുവെന്ന് ഉമർ (റ) മറുപടി പറഞ്ഞുവെന്നും ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചിരിക്കുന്നു. (ബു; മു.)

عَسَىٰ رَبُّهُۥٓ إِن طَلَّقَكُنَّ أَن يُبْدِلَهُۥٓ
أَزْوَٰجًا خَيْرًا مِّنكُنَّ
مُسْلِمَٰتٍ مُّؤْمِنَٰتٍ قَٰنِتَٰتٍ تَٰٓئِبَٰتٍ
عَٰبِدَٰتٍ سَٰٓئِحَٰتٍ ثَيِّبَٰتٍ وَأَبْكَارًا ﴿٥﴾

﴿5﴾ (നബിയുടെ പത്നിമാരേ) നിങ്ങളെ അദ്ദേഹം വിവാഹമോചനം ചെയ്യുന്നപക്ഷം നിങ്ങളെക്കാൾ ഉത്തമരായ ഭാര്യമാരെ അദ്ദേഹത്തിന് അദ്ദേഹത്തിന്റെ റബ്ബ് പകരം നൽകിയേക്കാം.

അതായത്, മുസ്‌ലിംകളായ, സത്യവിശ്വാസിനികളായ, ഭക്തികാണിക്കുന്നവരായ, പശ്ചാത്തപിക്കുന്നവരായ, ആരാധനക്കാരികളായ, വ്രതം ആചരിക്കുന്നവരായ, വിധവകളും കന്യകകളുമായ സ്ത്രീകളെ.

﴿5﴾ عَسَىٰ رَبُّهُۥٓ അദ്ദേഹത്തിന്റെ റബ്ബ് ആയേക്കാം إِن طَلَّقَكُنَّ നിങ്ങളെ അദ്ദേഹം ത്വലാക്വ് (വിവാഹമോചനം) ചെയ്തെങ്കിൽ أَن يُبْدِلَهُۥٓ അദ്ദേഹത്തിന് പകരം നൽകുക (ആയേക്കാം) أَزْوَٰجًا ഭാര്യമാരെ خَيْرًا مِّنكُنَّ നിങ്ങളെക്കാൾ ഉത്തമരായ مُسْلِمَٰتٍ മുസ്‌ലിം സ്ത്രീകളെ مُّؤْمِنَٰتٍ സത്യവിശ്വാസിനികളായ قَٰنِتَٰتٍ ഭക്തകളായ تَٰٓئِبَٰتٍ പശ്ചാത്തപിക്കുന്നവരായ عَٰبِدَٰتٍ ആരാധന ചെയ്യുന്നവരായ سَٰٓئِحَٰتٍ വ്രതമനുഷ്ഠിക്കുന്നവരായ, സഞ്ചാരം ചെയ്യുന്ന ثَيِّبَٰتٍ വിധവകളായ وَأَبْكَارًا കന്യകകളുമായ

سائحات എന്ന വാക്കിനാണ് വ്രതം ആചരിക്കുന്നവർ- അഥവാ നോമ്പുകാർ -എന്ന് അർത്ഥം കൽപിച്ചത്. സ്വഹാബികളും, താബിഉകളുമായ പല മഹാൻമാരും ആ അർത്ഥമാണ് അതിന് കൽപിച്ചിരിക്കുന്നത്. സ്വഹാബികളും, സഞ്ചാരം ചെയ്യുന്നവർ- അഥവാ മതസംബന്ധമായ ആവശ്യാർത്ഥം ഹിജ്റഃ പോകുവാൻ തയ്യാറുള്ളവർ- എന്നും ചിലർ അതിന് അർത്ഥം കൽപിക്കാറുണ്ട്. الله اعلم നിലവിലുള്ള ഭാര്യമാരെ മുഴുവനും വിവാഹമോചനം നൽകി വിടേണ്ടിവന്നാലും നബി ﷺക്ക് അതുകൊണ്ട് ഒരു ദോഷവും സംഭവിക്കുവാനില്ലെന്നും, അവരെക്കാൾ ഏത് നിലക്കും നല്ലവരായ സ്ത്രീകളെ അവിടുത്തേക്ക് അല്ലാഹു പകരം നൽകിയേക്കുമെന്നുമാണ് ആയത്തിന്റെ സാരം.

മേൽ കഴിഞ്ഞ തിരുവചനങ്ങളിൽനിന്ന് നമുക്ക് പലതും മനസ്സിലാക്കാവുന്നതാണ്. ഉദാഹരണമായി:

(1) നബിﷺയുടെ സ്ഥാനപദവികൾക്ക് അനുയോജ്യമല്ലാത്ത വല്ല നിസ്സാരകാര്യംപോലും തിരുമേനിയിൽനിന്ന് ഉണ്ടായേക്കുന്നപക്ഷം അല്ലാഹു ഉടനെ അത് തിരുത്തിക്കൊടുക്കുന്നതാണ്.

(2) അല്ലാഹു ഹലാലാക്കിയ -അനുവദനീയമാക്കിയ വസ്തുക്കളെ ഉപയോഗിക്കുകയില്ലെന്ന് ആരും ദൃഢനിശ്ചയം ചെയ്തുകൂടാത്തതാണ്

(3) നന്നല്ലാത്ത വിഷയങ്ങളിൽ സത്യം ചെയ്യരുത്.

(4) അങ്ങനെ സത്യം ചെയ്തുപോയാൽ അതിന് പ്രായശ്ചിത്തം (കഫ്ഫാറത്ത്) നൽകി അതിൽനിന്ന് വിരമിക്കേണ്ടതാണ്.

(5) സ്ത്രീകൾ എത്ര ഉന്നത പദവിയുള്ളവരായാലും അവരുടെതായ ചില സ്വഭാവങ്ങൾ അവരിൽനിന്ന് പ്രകടമായേക്കുക സ്വാഭാവികമാണ്

(6) ഒരാളോട് ഒരാൾ ഒരു രഹസ്യവിവരം പറഞ്ഞാൽ അത് മറ്റൊരാളെ അറിയിച്ചുകൂടാ.

(7) നബി തിരുമേനിﷺയുടെ സ്ഥാനപദവി അല്ലാഹുവിങ്കൽ ഉന്നതമായിട്ടുള്ളതാണ്

(8) അല്ലാഹുവിന്റെയും, റസൂലിന്റെയും കൽപനക്കോ, തൃപ്തിക്കോ എതിരായി പ്രവർത്തിക്കുന്നത് ആർതന്നെ ആയാലും അല്ലാഹു അത് ഒട്ടും ഇഷ്ടപ്പെടുന്നതല്ല.

(9) ഭാര്യമാരുടെയോ മറ്റോ ഇഷ്ടത്തെ മുൻനിറുത്തി നന്നല്ലാത്ത കാര്യങ്ങളിൽ പ്രവേശിക്കരുത്. അങ്ങനെ പലതും. ഇതുവരെ പ്രസ്താവിച്ചുവന്നത് നബി തിരുമേനിﷺക്കും അവിടുത്തെ പത്നിമാർക്കുമിടയിൽ നടന്ന ചില ഗാർഹിക കാര്യങ്ങളെക്കുറിച്ചായിരുന്നുവല്ലോ. അടുത്ത വചനത്തിൽ, ഗൃഹനായകൻമാർക്ക് തങ്ങളുടെ കുടുംബത്തിന്റെ വിഷയത്തിലുള്ള ഉത്തരവാദിത്തം അല്ലാഹു ഓർമപ്പെടുത്തുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ قُوٓا۟ أَنفُسَكُمْ
وَأَهْلِيكُمْ نَارًا وَقُودُهَا ٱلنَّاسُ
وَٱلْحِجَارَةُ

﴾6﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ നിങ്ങളുടെ ദേഹങ്ങളെയും, നിങ്ങളുടെ കുടുംബങ്ങളെയും ഒരു (വമ്പിച്ച)അഗ്നിയിൽനിന്ന് കാത്തുകൊള്ളുവിൻ! അതിൽ കത്തിക്കപ്പെടുന്നത് [വിറക്] മനുഷ്യരും, കല്ലുമാകുന്നു.

عَلَيْهَا مَلَٰٓئِكَةٌ غِلَاظٌ شِدَادٌ لَّا يَعْصُونَ ٱللَّهَ مَآ أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ ﴿٦﴾

അതിന്റെ മേൽ(നോട്ടത്തിന്) പരുഷസ്വഭാവക്കാരും കഠിനൻമാരുമായ മലക്കുകളുണ്ടായിരിക്കും. അവരോട് കൽപിച്ചതിൽ അവർ അല്ലാഹുവിനോട് അനുസരണക്കേട് കാട്ടുകയില്ല; അവരോട് കൽപിക്കപ്പെടുന്നത് (ഏതും) അവർ ചെയ്യുകയും ചെയ്യും.

يَٰٓأَيُّهَا ٱلَّذِينَ كَفَرُوا۟ لَا تَعْتَذِرُوا۟ ٱلْيَوْمَ ۖ إِنَّمَا تُجْزَوْنَ مَا كُنتُمْ تَعْمَلُونَ ﴿٧﴾

﴿7﴾(പറയപ്പെടും:) 'ഹേ, അവിശ്വസിച്ചവരേ, ഇന്ന് നിങ്ങൾ ഒഴികഴിവ് പറയേണ്ട നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് മാത്രമേ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നുള്ളൂ.'

﴿6﴾ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ വിശ്വസിച്ചവരേ قُوٓا۟ നിങ്ങൾ കാത്തു (സൂക്ഷിച്ചു) കൊള്ളുവിൻ أَنفُسَكُمْ നിങ്ങളുടെ ദേഹങ്ങളെ, നിങ്ങളെത്തന്നെ وَأَهْلِيكُمْ നിങ്ങളുടെ കുടുംബങ്ങളെ (വീട്ടുകാരെ)യും نَارًا ഒരു അഗ്നി (തീ)യെ وَقُودُهَا അതിലെ വിറക് ٱلنَّاسُ മനുഷ്യരാണ് وَٱلْحِجَارَةُ കല്ലും عَلَيْهَا അതിൻമേലുണ്ട് مَلَٰٓئِكَةٌ ചില മലക്കുകൾ غِلَاظٌ പരുഷ (കടുത്ത) സ്വഭാവികളായ شِدَادٌ കഠിനരായ, ഊക്കൻമാരായ لَّا يَعْصُونَ ٱللَّهَ അല്ലാഹുവിനോട് അവർ അനുസരണക്കേട് കാട്ടുന്നതല്ല مَآ أَمَرَهُمْ അവരോട് കൽപിച്ചതിന് (കൽപിച്ചതിൽ) وَيَفْعَلُونَ അവർ ചെയ്കയും ചെയ്യും مَا يُؤْمَرُونَ അവരോട് കല്പിക്കപ്പെടുന്നത് ﴿7﴾ يَٰٓأَيُّهَا ٱلَّذِينَ كَفَرُوا۟ ഹേ അവിശ്വസിച്ചവരേ لَا تَعْتَذِرُوا۟ നിങ്ങൾ ഒഴികഴിവ് പറയേണ്ടാ ٱلْيَوْمَ ഇന്ന്, ഈ ദിവസം إِنَّمَا تُجْزَوْنَ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നുള്ളൂ مَا كُنتُمْ നിങ്ങൾ ആയിരുന്നതിന് (മാത്രം) تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കും

ഈ ലോകത്തുള്ള അഗ്നിയെക്കാൾ എഴുപത് ഇരട്ടി ഉഷ്ണമേറിയതാണ് നരകാഗ്നി എന്ന് നബിﷺ അരുളിച്ചെയ്തതായി ഹദീഥിൽ വന്നിരിക്കുന്നു. (ബു; മു.) അതിൽ വിറകായി ഉപയോഗിക്കപ്പെടുക മനുഷ്യരും കല്ലുകളുമാണ് എന്ന് അല്ലാഹു പറഞ്ഞുവല്ലോ. ഈ മനുഷ്യർ മഹാപാപികളായുള്ളവരായിക്കുമെന്ന് പറയേണ്ടതില്ല. എന്നാൽ കല്ലുകൾ ഏതുതരം കല്ലുകളായിരിക്കും? അല്ലാഹുവിനറിയാം. കൽകരിയാണ് ഇതുകൊണ്ട് ഉദ്ദേശ്യമെന്നും, കൽകരിയെപ്പറ്റി അറി

യപ്പെടാതിരുന്ന ഒരു കാലത്തുതന്നെ ക്വുർആൻ അതിനെപ്പറ്റി പ്രസ്താവിച്ചത് അതിന്റെ അമാനുഷികതക്ക് ഒരു ദൃഷ്ടാന്തമാണെന്നും ആധുനികരായ ചില ആളുകൾ എഴുതിക്കാണുന്നു. നരകാഗ്നിയും, നമുക്ക് പരിചയപ്പെട്ട ഇവിടത്തെ അഗ്നിയും ഒരുപോലെയാണെന്ന നിഗമനത്തിൽനിന്നും, കൽകരിയെക്കാൾ കടുപ്പമേറിയതും നമുക്ക് അറിയാത്തതുമായ മറ്റേതെങ്കിലും കല്ലുകളാൽ കത്തിക്കപ്പെടാവുന്ന ഏറ്റവും ശക്തിയേറിയ ഒരഗ്നിയെക്കുറിച്ച് വിഭാവനം ചെയ്യാൻ കഴിയാത്തതിൽനിന്നും ഉടലെടുക്കുന്നതാണ് ഈ പ്രസ്താവന എന്ന് പറയേണ്ടിയിരിക്കുന്നു. പതിമൂന്ന് നൂറ്റാണ്ട് കാലത്തോളം ഒരാൾക്കും ഉദ്ദേശ്യം മനസ്സിലാക്കുവാൻ സാധിക്കാത്ത ഒരു വാക്ക് (الحجارة) ക്വുർആനിൽ ഉണ്ടായിരുന്നു, കൽകരി കണ്ടുപിടിച്ചതിനുശേഷം മാത്രമാണ് അതിന്റെ അർത്ഥം മനസ്സിലായത്, അതും ഇവർക്ക് മാത്രമേ മനസ്സിലായുള്ളൂ, എന്നൊക്കെയാണല്ലോ ഇതിന്റെ പിന്നിലുള്ളത്. ഇത് വാസ്തവത്തിൽ, നരകാഗ്നിയെ- അല്ല, ക്വുർആനെത്തന്നെയും- കുറച്ച് കാണിക്കലായിരിക്കും.

കല്ലുകൊണ്ട് വിഗ്രഹമുണ്ടാക്കി ആരാധിച്ചിരുന്നവരെ വഷളാക്കുവാനായി ആ കല്ലുകളും അവരോടൊപ്പം നരകത്തിലിട്ട് കത്തിക്കപ്പെടുമെന്നും, അതാണ് ഇവിടെ കല്ലുകൊണ്ട് ഉദ്ദേശ്യമെന്നും ചില വ്യാഖ്യാതാക്കൾ പറഞ്ഞുകാണാം. വളരെ ദുർഗന്ധം വമിക്കുന്നതും, ശക്തിയായി ആളിക്കത്തുന്നതുമായ ഒരുതരം ഗന്ധകല്ലുകളായിരിക്കും അതെന്ന് മുൻഗാമികളായ ചില മഹാൻമാരും പ്രസ്താവിച്ചു കാണുന്നു. ഈ പ്രസ്താവനകൾ ശരിയാണോ അല്ലേ എന്ന് നമുക്ക് ഉറപ്പിച്ചു പറയുവാൻ തെളിവില്ല. എങ്കിലും ഈ പ്രസ്താവനകൾക്ക് പല നിലക്കും- കൽക്കരിയെക്കാൾ- ന്യായീകരണം കാണാവുന്നതാണ്. الله اعلم ഏതായാലും, നാം വിഭാവനം ചെയ്യുന്നതിനെക്കാളെല്ലാം ശക്തിയേറിയതാണ് നരകത്തിലെ തീ എന്ന് ശരിക്ക് വ്യക്തമാകുന്നു. അല്ലാഹു നമ്മെ കാക്കട്ടെ. ആമീൻ.

നരകാഗ്നിയുടെ കാഠിന്യത്തെക്കുറിച്ച് പറഞ്ഞശേഷം, അതിന്റെ നോട്ടക്കാരും കൈകാര്യക്കാരുമായ മലക്കുകളുടെ സ്വഭാവമാണ് ചൂണ്ടിക്കാട്ടുന്നത്. ഒട്ടും ദയ തോന്നാത്തവരും, അതിശക്തൻമാരും, അല്ലാഹുവിന്റെ ഏത് കൽപനയും അപ്പടി അനുസരിക്കുന്നവരുമായ മലക്കുകളാണവർ. ശിക്ഷയുടെ ഭയങ്കരതയും കഠോരതയും സഹിക്കവയ്യാതെ നരകസ്ഥരായ ആളുകൾ സമർപ്പിക്കുന്ന ഒഴികഴിവുകളോ, അപേക്ഷകളോ അവിടെ ഗൗനിക്കപ്പെടുന്നതുമല്ല. ഇങ്ങനെയുള്ള നരകശിക്ഷയിൽ അകപ്പെടാൻ കാരണമാകാതെ ഓരോ സത്യവിശ്വാസിയും താന്താങ്ങളെയും, താന്താങ്ങളുടെ ഭാര്യാ മക്കൾ മുതലായ കുടുംബാംഗങ്ങളെയും കാത്തുകൊള്ളണം. ഓരോരുത്തനും തന്റെ കാര്യം മാത്രം നോക്കിയാൽ പോര, കുടുംബത്തിന്റെ കാര്യംകൂടി നോക്കേണ്ടുന്ന കട

മയുണ്ട്. എന്നെല്ലാമാണ് അല്ലാഹു അറിയിക്കുന്നത്.

അത്യാവശ്യമായ അറിവുകളെങ്കിലും പഠിപ്പിക്കുക, മതബോധവും സദാചാരബോധവും ഉണ്ടാക്കുക, സദുപദേശം നൽകുക, അല്ലാഹുവിന്റെ വിധി വിലക്കുകൾ അനുസരിച്ച് ജീവിക്കുവാൻ നിർബന്ധം ചെലുത്തുകയും പരി ശീലിപ്പിക്കുകയും ചെയ്യുക, തന്നിഷ്ടത്തിനൊത്ത് ജീവിക്കുവാനും സൻമാർഗ ത്തിൽനിന്ന് വ്യതിചലിക്കുവാനും അനുവദിക്കാതിരിക്കുക, ഇതൊക്കെയാണ് കുടുംബത്തെ നരകാഗ്നിയിൽനിന്ന് രക്ഷിക്കുവാനുള്ള മാർഗങ്ങൾ. ഒരാൾ തന്റെ കുടുംബാംഗങ്ങളെ അവരുടെ പാട്ടിന് വിട്ടേക്കുകയും, അവർക്ക് വേണ്ടുന്ന ഉപദേശങ്ങളും ശിക്ഷണങ്ങളും നൽകാതിരിക്കുകയും ചെയ്യുന്നപക്ഷം- സ്വന്തം നിലക്ക് എത്ര ഭയഭക്തനും സൽക്കർമിയും ആയിരുന്നാലും ശരി- അയാൾ അല്ലാഹുവിന്റെ അടുക്കൽ വമ്പിച്ച കുറ്റക്കാരൻ തന്നെയായിരിക്കും. അല്ലാഹു നമുക്ക് തൗഫീക് നൽകട്ടെ.

വിഭാഗം- 2

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ تُوبُوٓا۟ إِلَى ٱللَّهِ تَوْبَةً نَّصُوحًا

﴾8﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് ആത്മാർത്ഥമായ പശ്ചാത്താപം പശ്ചാത്തപിക്കുവിൻ.

عَسَىٰ رَبُّكُمْ أَن يُكَفِّرَ عَنكُمْ سَيِّـَٔاتِكُمْ وَيُدْخِلَكُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ يَوْمَ لَا يُخْزِى ٱللَّهُ ٱلنَّبِىَّ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ

(എന്നാൽ) നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് നിങ്ങളുടെ തിന്മകളെ മൂടിവെച്ച് (മാപ്പാക്കി) തരുകയും, താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗങ്ങളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം; (അതെ) നബിയെയും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും അല്ലാഹു അപമാനത്തിലാക്കാത്ത ദിവസം.

نُورُهُمْ يَسْعَىٰ بَيْنَ أَيْدِيهِمْ وَبِأَيْمَـٰنِهِمْ يَقُولُونَ رَبَّنَآ أَتْمِمْ لَنَا نُورَنَا وَٱغْفِرْ لَنَآ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٨﴾

തങ്ങളുടെ പ്രകാശം അവരുടെ മുമ്പിലൂടെയും, അവരുടെ വലഭാഗങ്ങളിലൂടെയും പാഞ്ഞു (വ്യാപിച്ചു) കൊണ്ടിരിക്കും. അവർ പറയും: ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് ഞങ്ങളുടെ പ്രകാശം പൂർത്തീകരിച്ചു തരേണമേ! ഞങ്ങൾക്ക് പൊറുത്തുതരുകയും വേണമേ! നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

﴾8﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ, വിശ്വസിച്ചവരേ تُوبُوٓا۟ നിങ്ങൾ പശ്ചാത്തപിക്കു (മടങ്ങു- ഖേദിക്കു)വിൻ إِلَى ٱللَّهِ അല്ലാഹുവിങ്കലേക്ക് تَوْبَةً ഒരു പശ്ചാത്താപം, മടക്കം نَّصُوحًا നിഷ്കളങ്കമായ, ആത്മാർത്ഥമായ عَسَىٰ رَبُّكُمْ നിങ്ങളുടെ റബ്ബ് ആയേക്കാം أَن يُكَفِّرَ عَنكُمْ നിങ്ങളിൽനിന്ന് മൂടിവെക്കുക (മാപ്പാക്കുക) سَيِّـَٔاتِكُمْ നിങ്ങളുടെ തിന്മകളെ وَيُدْخِلَكُمْ നിങ്ങളെ പ്രവേശിപ്പിക്കുകയും جَنَّـٰتٍ സ്വർഗങ്ങളിൽ, തോപ്പുകളിൽ تَجْرِى مِن تَحْتِهَا അതിന്റെ അടിഭാഗത്തൂടെ ഒഴുകുന്ന ٱلْأَنْهَـٰرُ അരുവി (നദി)കൾ يَوْمَ ദിവസം لَا يُخْزِى ٱللَّهُ അല്ലാഹു അപമാനിക്കാത്ത, വഷളാക്കാത്ത ٱلنَّبِىَّ നബിയെ, പ്രവാചകനെ وَٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരെയും مَعَهُۥ അദ്ദേഹത്തോടൊപ്പം نُورُهُمْ അവരുടെ പ്രകാശം يَسْعَىٰ പാഞ്ഞ് (നടന്നു- വ്യാപിച്ചു) കൊണ്ടിരിക്കും بَيْنَ أَيْدِيهِمْ അവരുടെ മുമ്പിലൂടെ وَبِأَيْمَـٰنِهِمْ അവരുടെ വലഭാഗങ്ങളിലും يَقُولُونَ അവർ പറയും رَبَّنَآ ഞങ്ങളുടെ റബ്ബേ, രക്ഷിതാവേ أَتْمِمْ لَنَا ഞങ്ങൾക്ക് നീ പൂർത്തീകരിക്കേണമേ نُورَنَا ഞങ്ങളുടെ പ്രകാശം وَٱغْفِرْ لَنَآ ഞങ്ങൾക്ക് പൊറുക്കുകയും വേണമേ إِنَّكَ നിശ്ചയമായും നീ عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവനാണ്

توبة نصوحا (ആത്മാർത്ഥമായ പശ്ചാത്താപം) എന്നതിന്റെ ഉദ്ദേശ്യം കുറ്റത്തിൽനിന്ന് മനഃപൂർവ്വം ഖേദിച്ചു മടങ്ങുക എന്ന് തന്നെ. ചെയ്തുകഴിഞ്ഞ കുറ്റത്തെപ്പറ്റി ഖേദം, മേലാൽ ചെയ്കയില്ലെന്ന ദൃഢനിശ്ചയം, നിർവ്വഹിക്കുവാൻ ബാക്കിയുള്ള കടമ നിറവേറ്റൽ, അന്യനെ സംബന്ധിക്കുന്ന കുറ്റമാണെങ്കിൽ അവനോട് മാപ്പ് വാങ്ങുകയും അവന്റെ കടപ്പാട് തീർക്കുകയും ചെയ്യൽ, മേലിൽ നല്ല നില കൈകൊള്ളൽ ഇതെല്ലാമാണ് അതിനുള്ള ഉപാധികൾ. ഇങ്ങനെയുള്ള 'തൌബഃ' (പശ്ചാത്താപം) ചെയ്യുന്നവർക്ക് അവരുടെ പാപങ്ങൾ പൊറുക്കപ്പെ

ടുമെന്ന് മാത്രമല്ല, അവർക്ക് വമ്പിച്ച പ്രതിഫലം ലഭിക്കുന്നതുമാണ് എന്നുകൂടി അല്ലാഹു അറിയിക്കുന്നു (സൂ: ഫുർഖാൻ 70 ഉം നോക്കുക.) സത്യവിശ്വാസികളുടെ പ്രകാശത്തെക്കുറിച്ച് സൂ: ഹദീദ് 12 പ്രസ്താവിച്ച സംഗതികൾ ഇവിടെയും ഓർക്കുക. കപടവിശ്വാസികൾ തങ്ങൾക്ക് വെളിച്ചം കിട്ടാതെ കഷ്ടപ്പെടുമ്പോഴാണ് സത്യവിശ്വാസികൾ അല്ലാഹുവിനോട് തങ്ങളുടെ പ്രകാശം പൂർത്തിയാക്കിക്കൊടുക്കുവാൻ പ്രാർത്ഥിക്കുന്നത് എന്ന് മുജാഹിദ്, ദ്വഹ്ഹാക്ക് മുതലായവരിൽനിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

يَـٰٓأَيُّهَا ٱلنَّبِىُّ جَـٰهِدِ ٱلْكُفَّارَ وَٱلْمُنَـٰفِقِينَ وَٱغْلُظْ عَلَيْهِمْ ۚ وَمَأْوَىٰهُمْ جَهَنَّمُ ۖ وَبِئْسَ ٱلْمَصِيرُ ﴿٩﴾

(9) ഹേ, നബിയേ, അവിശ്വാസികളോടും, കപടവിശ്വാസികളോടും സമരം ചെയ്യുക; അവരോട് പരുഷമായി പെരുമാറുകയും ചെയ്യുക.

അവരുടെ സങ്കേതം ജഹന്നം [നരകം] ആകുന്നു. (ആ) തിരിച്ചെത്തുന്ന സ്ഥലം എത്രയോ ചീത്ത!

---

(9) يَـٰٓأَيُّهَا ٱلنَّبِىُّ ഹേ നബിയേ جَـٰهِدِ സമരം ചെയ്യുക ٱلْكُفَّارَ അവിശ്വാസികളോട് وَٱلْمُنَـٰفِقِينَ കപടവിശ്വാസികളോടും وَٱغْلُظْ പരുഷത കാണിക്കുകയും ചെയ്യുക عَلَيْهِمْ അവരോട് وَمَأْوَىٰهُمْ അവരുടെ സങ്കേതം, പ്രാപ്യസ്ഥാനം جَهَنَّمُ ജഹന്നമാകുന്നു وَبِئْسَ എത്രയോ (വളരെ) ചീത്ത ٱلْمَصِيرُ തിരിച്ചെത്തുന്ന സ്ഥലം

അവിശ്വാസികൾ പ്രത്യക്ഷത്തിൽതന്നെ ഇസ്‌ലാമിന്റെ ശത്രുക്കളാകകൊണ്ട് അവരോടുള്ള സമരം ന്യായങ്ങളും തെളിവുകളും മുഖേന മതിയാവുകയില്ല. ആയുധങ്ങളും സംഘട്ടനങ്ങളും ആവശ്യമായിരിക്കും. എന്നാൽ, കപടവിശ്വാസികൾ ബാഹ്യത്തിൽ മുസ്‌ലിംകളാകകൊണ്ട് അവരോടുള്ള സമരം നീതിന്യായങ്ങളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലും, അവരിൽ ഇസ്‌ലാമിക ശിക്ഷാനിയമങ്ങൾ നടപ്പിൽ വരുത്തുന്നത് മുഖേനയും ആയിരിക്കും. രണ്ടുകൂട്ടരോടും സൗമ്യനയവും വിട്ടുവീഴ്ചയും കാണിക്കുന്നപക്ഷം, അവർ ആ തക്കം ഇസ്‌ലാമിന് എതിരായി ഉപയോഗപ്പെടുത്തുകയാണല്ലോ ചെയ്യുക.

ضَرَبَ ٱللَّهُ مَثَلًا لِّلَّذِينَ كَفَرُوا۟ ٱمْرَأَتَ نُوحٍ وَٱمْرَأَتَ لُوطٍ ۖ

(10) അവിശ്വസിച്ചവർക്ക് അല്ലാഹു ഒരു ഉദാഹരണം എടുത്ത് കാട്ടുകയാണ്, നൂഹിന്റെ ഭാര്യയെയും, ലൂത്വിന്റെ ഭാര്യയെയും.

كَانَتَا تَحۡتَ عَبۡدَيۡنِ مِنۡ عِبَادِنَا
صَٰلِحَيۡنِ فَخَانَتَاهُمَا

രണ്ട് സ്ത്രീകളും നമ്മുടെ അടിയാൻമാരിൽപെട്ട രണ്ട് സദ്വൃത്തരായ അടിയാൻമാരുടെ കീഴിലായിരുന്നു; എന്നിട്ട് രണ്ടുപേരും അവരെ വഞ്ചിച്ചു.

فَلَمۡ يُغۡنِيَا عَنۡهُمَا مِنَ ٱللَّهِ شَيۡـٔٗا
وَقِيلَ ٱدۡخُلَا ٱلنَّارَ مَعَ ٱلدَّٰخِلِينَ ١٠

എന്നാൽ, അവർക്ക് [ആ രണ്ട് സ്ത്രീകൾക്കും] അല്ലാഹുവിങ്കൽനിന്ന് (ഉണ്ടാകുന്ന) യാതൊന്നും അവർ രണ്ടാളും ഒഴിവാക്കിക്കൊടുത്തില്ല. (അവരോട്) പറയപ്പെടുകയും ചെയ്തു: 'നരകത്തിൽ പ്രവേശിക്കുന്നവരോടൊപ്പം നിങ്ങൾ രണ്ടുപേരും (അതിൽ) പ്രവേശിച്ചു കൊള്ളുക' എന്ന്!

وَضَرَبَ ٱللَّهُ مَثَلٗا لِّلَّذِينَ
ءَامَنُواْ ٱمۡرَأَتَ فِرۡعَوۡنَ

﴾11﴿ വിശ്വസിച്ചവർക്കും അല്ലാഹു ഒരു ഉദാഹരണം എടുത്തുകാട്ടുന്നു, ഫിർഔന്റെ ഭാര്യയെ,

إِذۡ قَالَتۡ رَبِّ ٱبۡنِ لِي عِندَكَ بَيۡتٗا
فِي ٱلۡجَنَّةِ

അതായത്, അവൾ പറഞ്ഞ സന്ദർഭം: 'എന്റെ റബ്ബേ, എനിക്ക് നിന്റെ അടുക്കൽ സ്വർഗത്തിൽ ഒരു വീട് സ്ഥാപിച്ചുതരേണമേ!'

وَنَجِّنِي مِن فِرۡعَوۡنَ وَعَمَلِهِۦ
وَنَجِّنِي مِنَ ٱلۡقَوۡمِ ٱلظَّٰلِمِينَ ١١

ഫിർഔനിൽനിന്നും, അവന്റെ പ്രവർത്തനത്തിൽനിന്നും നീ എന്നെ രക്ഷിക്കുകയും ചെയ്യേണമേ! അക്രമികളായ ജനങ്ങളിൽനിന്നും എന്നെ നീ രക്ഷിക്കുകയും ചെയ്യേണമേ!

وَمَرْيَمَ ٱبْنَتَ عِمْرَٰنَ ٱلَّتِىٓ أَحْصَنَتْ فَرْجَهَا فَنَفَخْنَا فِيهِ مِن رُّوحِنَا وَصَدَّقَتْ بِكَلِمَٰتِ رَبِّهَا وَكُتُبِهِۦ وَكَانَتْ مِنَ ٱلْقَٰنِتِينَ ﴿١٢﴾

﴾12﴿ ഇംറാന്റെ മകൾ മർയമിനെയും (ഉദാഹരണമാക്കുന്നു); (അതായത്) തന്റെ ഗുഹ്യസ്ഥാനം സൂക്ഷി(ച്ച് ചാരിത്ര്യശുദ്ധി സംരക്ഷി)ക്കുകയും, അങ്ങനെ, നമ്മുടെ (വക) ആത്മാവിൽ നിന്നും അതിൽ നാം ഊതുകയും ചെയ്തവൾ.

തന്റെ റബ്ബിന്റെ വചനങ്ങളുടെയും, അവന്റെ വേദഗ്രന്ഥങ്ങളെയും അവൾ സത്യമാ(യി വിശ്വസി)ക്കുകയും ചെയ്തു. അവൾ ഭക്തരുടെ കൂട്ടത്തിൽ (പെട്ടവൾ) ആയിരുന്നു താനും.

﴾10﴿ ضَرَبَ ٱللَّهُ അല്ലാഹു വിവരിച്ചു, ആക്കി, നിശ്ചയിച്ചു, (എടുത്തുകാട്ടുന്നു) مَثَلًا ഒരു ഉദാഹരണം, ഉപമ لِّلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർക്ക് ٱمْرَأَتَ نُوحٍ നൂഹിന്റെ സ്ത്രീയെ (ഭാര്യയെ) وَٱمْرَأَتَ لُوطٍ ലൂത്വിന്റെ സ്ത്രീ (ഭാര്യയെയും) كَانَتَا രണ്ടുപേരുമായിരുന്നു تَحْتَ عَبْدَيْنِ രണ്ട് അടിയാൻമാരുടെ കീഴിൽ مِنْ عِبَادِنَا നമ്മുടെ അടിയാൻമാരിൽപെട്ട صَٰلِحَيْنِ (രണ്ട്) സദ്‌വൃത്തരായ, നല്ലവരായ فَخَانَتَاهُمَا എന്നിട്ട് രണ്ടുപേരും അവരെ രണ്ടാളെയും വഞ്ചിച്ചു, ചതിച്ചു فَلَمْ يُغْنِيَا എന്നിട്ട് രണ്ടാളും ധന്യമാക്കി (ഒഴിവാക്കി- പര്യാപ്തമാക്കി)യില്ല عَنْهُمَا അവർക്ക് രണ്ടാൾക്കും, അവരിൽനിന്നും مِنَ ٱللَّهِ അല്ലാഹുവിൽനിന്ന് شَيْـًٔا യാതൊന്നും, ഒരു വസ്തുവും وَقِيلَ പറയപ്പെടുകയും ചെയ്തു ٱدْخُلَا ٱلنَّارَ രണ്ടാളും നരകത്തിൽ പ്രവേശിക്കുക مَعَ ٱلدَّٰخِلِينَ പ്രവേശിക്കുന്നവരോടൊപ്പം ﴾11﴿ وَضَرَبَ ٱللَّهُ അല്ലാഹു വിവരിക്കുക (എടുത്തുകാട്ടുക)യും ചെയ്യുന്നു مَثَلًا ഒരു ഉദാഹരണം لِّلَّذِينَ ءَامَنُوا۟ വിശ്വസിച്ചവർക്ക് ٱمْرَأَتَ فِرْعَوْنَ ഫിർഔന്റെ സ്ത്രീയെ, ഭാര്യയെ إِذْ قَالَتْ അവൾ പറഞ്ഞ സന്ദർഭം رَبِّ ٱبْنِ لِى റബ്ബേ എനിക്ക് സ്ഥാപിച്ചു (നിർമിച്ചു) തരണേ عِندَكَ بَيْتًا നിന്റെ അടുക്കൽ ഒരു വീട് فِى ٱلْجَنَّةِ സ്വർഗത്തിൽ وَنَجِّنِى എന്നെ രക്ഷിക്കയും വേണമേ مِن فِرْعَوْنَ ഫിർഔനിൽ നിന്ന് وَعَمَلِهِۦ അവന്റെ പ്രവർത്തനത്തിൽ നിന്നും وَنَجِّنِى എന്നെ രക്ഷപ്പെടുത്തുകയും വേണമേ مِنَ ٱلْقَوْمِ ജനങ്ങളിൽനിന്ന് ٱلظَّٰلِمِينَ അക്രമികളായ ﴾12﴿ وَمَرْيَمَ മർയമിനെയും ٱبْنَتَ عِمْرَٰنَ ഇംറാന്റെ മകൾ, പുത്രി ٱلَّتِىٓ أَحْصَنَتْ സൂക്ഷിച്ച (കാത്ത) വളായ فَرْجَهَا തന്റെ ഗുഹ്യസ്ഥാനം فَنَفَخْنَا فِيهِ

അങ്ങനെ നാം അതിൽ ഊതി مِن رُّوحِنَا നമ്മുടെ ആത്മാവിൽ (ജീവനിൽ) നിന്ന് وَصَدَّقَتْ അവൾ സത്യമാക്കുക (ശരിവെക്കുക)യും ചെയ്തു بِكَلِمَٰتِ വചനങ്ങളെ, വാക്ക് (കൽപന)കളെ رَبِّهَا അവളുടെ റബ്ബിന്റെ وَكُتُبِهِۦ അവന്റെ വേദഗ്രന്ഥങ്ങളെയും وَكَانَتْ അവൾ ആയിരുന്നുതാനും, ആയിത്തീരുകയും مِنَ ٱلْقَٰنِتِينَ ഭക്തന്മാരിൽപെട്ട(വൾ), കീഴ്‌വണക്കമുള്ളവരുടെ കൂട്ടത്തിൽ

സത്യവിശ്വാസവും, സൽക്കർമവും കൊണ്ടല്ലാതെ ആർക്കും രക്ഷയില്ല, പ്രവാചകൻമാരടക്കമുള്ള മഹാൻമാരുടെ സന്ധുബന്ധുക്കൾപോലും ഇതിൽ നിന്ന് ഒഴിവല്ല, അല്ലാഹുവിങ്കൽനിന്നുണ്ടാകുന്ന ശിക്ഷാനടപടികളെ ആർക്കും ആരിൽനിന്നും തടയുവാൻ സാധ്യമല്ല, നേരെമറിച്ച് എത്ര ധിക്കാരികളായ അവിശ്വാസികളുടെ ബന്ധുക്കളായിരുന്നാലും അവർ സത്യവിശ്വാസികളും സൽക്കർമികളുമാണെങ്കിൽ അവർക്ക് അല്ലാഹുവിങ്കൽ രക്ഷയും പ്രതിഫലവുമുണ്ട്. ഇതിൽ ആണും പെണ്ണും എന്ന വ്യത്യാസമില്ല എന്നിങ്ങിനെയുള്ള യാഥാർത്ഥ്യങ്ങൾക്ക് ചില ഉദാഹരണങ്ങളാണ് അല്ലാഹു ഈ വചനങ്ങളിൽ എടുത്തുകാണിക്കുന്നത്.

ആദ്യം പറഞ്ഞതിന് ഉദാഹരണമായി നൂഹ് (അ), ലൂത്വ് (അ) എന്നീ പ്രവാചകൻമാരുടെ ഭാര്യമാരെ അല്ലാഹു എടുത്തുകാട്ടി. രണ്ട് സ്ത്രീകളും അവരുടെ ഭർത്താക്കളായ ആ പ്രവാചകൻമാരെ വഞ്ചിച്ചു. നൂഹ് (അ)ന്റെ ഭാര്യ അദ്ദേഹത്തെക്കുറിച്ച് അദ്ദേഹത്തിന് ഭ്രാന്താണെന്ന് ജനമദ്ധ്യെ പ്രചരിപ്പിച്ചിരുന്നുവെന്നും, ലൂത്വ് (അ)ന്റെ ഭാര്യ അദ്ദേഹത്തിന്റെ അടുക്കൽ വരുന്ന അതിഥികളെക്കുറിച്ച് (അദ്ദേഹത്തിന്റെ നാട്ടുകാർക്ക്- പ്രകൃതിവിരുദ്ധമായ ദുർന്നടപ്പുകളിൽ മുഴുകിയവരായിരുന്നുവല്ലോ) അവർ- ഗൂഢമായി വിവരം കൊടുത്തിരുന്നുവെന്നും മറ്റും പറയപ്പെടുന്നു. അല്ലാഹുവിനറിയാം. ഏതായാലും, രണ്ടുപേരും തങ്ങളുടെ ഭർത്താക്കളായ പ്രവാചകൻമാരുടെ പ്രബോധനങ്ങൾക്കും അദ്ധ്യാപനങ്ങൾക്കും എതിരായി കാപട്യം സ്വീകരിക്കയാണ് ചെയ്തിരുന്നത്. എന്നാൽ, പ്രവാചകൻമാർക്ക് അവരെ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് ഒഴിവാക്കുവാൻ കഴിഞ്ഞില്ല. പ്രവാചകൻമാരുടെ ഭാര്യമാരാണെന്നതുകൊണ്ട് അവർക്ക് എന്തെങ്കിലും രക്ഷ കിട്ടിയതുമില്ല.

വമ്പിച്ച ശക്തിയും പ്രതാപമുള്ളവനും, അങ്ങേ അറ്റത്തെ ധിക്കാരിയുമായിരുന്ന ഫിർഔന്റെ ഭാര്യയുടെ നില- ഇവരുടെ പേർ ആസിയ എന്നാണെന്ന് ഹദീഥിൽ വന്നിട്ടുണ്ട്- ഇതിൽനിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. അവന്റെ അക്രമങ്ങളോ അഭീഷ്ടങ്ങളോ വകവെക്കാതെ, അവർ അല്ലാഹുവിൽ വിശ്വസിക്കുകയും, ആ വിശ്വാസം നിലനിറുത്തുവാൻവേണ്ടി വമ്പിച്ച ത്യാഗങ്ങൾ വരിക്കുകയും, എല്ലാം അല്ലാഹുവിൽ അർപ്പിക്കുകയും ചെയ്തു. അങ്ങനെ അവർക്ക് അല്ലാഹുവിങ്കൽ മഹത്തായ സ്ഥാനമാനങ്ങൾ ലഭിക്കുകയും ചെയ്തു. ഇതു

പോലെ, അല്ലാഹുവിന്റെ വമ്പിച്ച അനുഗ്രഹങ്ങൾക്ക് പാത്രമായ മറ്റൊരു മഹതിയാണ് ഇംറാന്റെ മകളും, ഈസാ നബി (അ)യുടെ മാതാവുമായ മർയം (അ). ഗുണവതിയും സദ്‌വൃത്തയുമായിരുന്ന അവർ തന്റെ ചാരിത്ര്യം കാത്തുരക്ഷിക്കുകയും അല്ലാഹുവിന്റെ കൽപനകളും വേദവാക്യങ്ങളും ശരിക്ക് പാലിച്ചുകൊണ്ട് ഭക്തിപൂർവ്വം ജീവിക്കുകയും ചെയ്തു. അങ്ങനെ, അവർ അല്ലാഹുവിന്റെ മഹത്തായ ആദരവിനും അനുഗ്രഹത്തിനും പാത്രമായിത്തീർന്നു.

ഗുഹ്യസ്ഥാനം സൂക്ഷിച്ചവൾ (التي أحصنت فرجها) എന്ന് പറഞ്ഞതിന്റെ സാരം തന്റെ ചാരിത്ര്യശുദ്ധി സംരക്ഷിച്ചവൾ എന്നത്രെ. ഈ അർത്ഥത്തിന് ക്വുർആൻ ഈ വാക്കുകൾ ഉപയോഗിച്ചതിൽ അടങ്ങിയ ചില സൂചനകളും മറ്റും സൂ: അൻബിയാഉ് 91 ന്റെ വ്യാഖ്യാനത്തിൽ നാം വിവരിച്ചത് ഓർക്കുക. ഈ സൂറത്തിന്റെ അവസാനത്തിൽ രണ്ട് ദുഷിച്ച സ്ത്രീകളുടെ ഉദാഹരണങ്ങളും, രണ്ട് സദ്‌വൃത്തരായ സ്ത്രീകളുടെ ഉദാഹരണങ്ങളും ഉദ്ധരിച്ചതിൽ, നബിﷺ യുടെ പത്നിമാർ ആദ്യത്തെ രണ്ടുപേരെപ്പോലെ ആകാതിരിക്കുവാനും, ഒടുവിലത്തെ രണ്ട് സ്ത്രീകളെപ്പോലെ ആയിരിക്കുവാനും ശ്രദ്ധിക്കേണ്ടതുണ്ട് എന്ന ഒരു സൂചന കാണാം. والله اعلم

اللهم اجعلنا من القانتين واحشرنا مع الذين أنعمت عليهم من النبيين والصديقين

والشهداء والصالحين وحسن أولئك رفيقا